കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

# കോട്ടയം നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് - 2018-19

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# നഗരസഭാ ഓഡിറ്റ് കാര്യാലയം, കോട്ടയം
**e-mail: mlktm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

**ഭരണഭാഷ-മാതൃഭാഷ**

നം. കെ.എസ്.എ-കെ.എം.എം.3/102/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
നഗരസഭാ ഓഡിറ്റ് കാര്യാലയം, കോട്ടയം,
ഇ-മെയിൽ: mlktm.ksad@kerala.gov.in
തീയതി: 13.05.2020.

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ/ചെയർപേഴ്സൺ

കോട്ടയം നഗരസഭ.
(സെക്രട്ടറി മുഖേന)

സർ,

വിഷയം : കോട്ടയം നഗരസഭ - 2018-2019 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,ഭാഗം 2 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ

ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2) നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

3) റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യ വകുപ്പ്,കൊല്ലം.

4) കാര്യാലയ പകർപ്പ്.

## കോട്ടയം ജില്ലയിലെ കോട്ടയം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമം - 295(4) -ാം വകുപ്പ് , 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

നഗരസഭ 01.04.2018 മുതൽ 31.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും, 01.04.18 മുതൽ 30.06.2019 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 78 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 48 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റു നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും. | ശ്രീ.M.N രാധാകൃഷ്ണൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 21.06.2019 മുതൽ 15.03.2020 വരെ |
| ഓഡിറ്റു നടത്തിയ ഉദ്യോഗസ്ഥരുടെർ പേരു വിവരം | ശ്രീമതി. മായ മാധവൻ നായർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി. ശ്രീലത ആർ.ബി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | |
| | ശ്രീ. മഹേഷ് കുമാർ കെ.ആർ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ജ്യോതിലക്ഷ്മി ആർ, ഓഡിറ്റർ. |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| ചെയർപേഴ്സൺ | ഡോ.സോന പി.ആർ, പുത്തൻപറമ്പിൽ, S.H മൌണ്ട് പി.ഒ | 01.04.2018 - 31.03.2019 |
| ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി ബിന്ദു സന്തോഷ് കുമാർ, ഈശ്വരകൃപ, വേളൂർ പി.ഒ, കോട്ടയം | 01.04.2018 - 31.03.2019 |
| ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ.ജോസ് പള്ളിക്കുന്നേൽ, പള്ളിക്കുന്നേൽ വീട്,ചിങ്ങവനം പി.ഒ,കോട്ടയം. | 01.04.2018 - 31.03.2019 |
| ചെയർപേഴ്സൺ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി ലീലാമ്മ ജോസഫ്, വടക്കുമുകളേൽ, പെരുമ്പായിക്കാട്ട് പി.ഒ, കോട്ടയം | 01.04.2018 - 31.03.2019 |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ. കെ.കെ പ്രസാദ്, കുന്നേൽ വീട്, ചിങ്ങവനം പി.ഒ, കോട്ടയം | 01.04.2018 - 31.03.2019 |
| ചെയർപേഴ്സൺ, വിദ്യാഭ്യാസ കലാ കായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി.ലില്ലിക്കുട്ടി മാമ്മൻ, ചെറുകുന്നേൽ പുത്തൻപുരയ്ക്കൽ, മുട്ടമ്പലം പി.ഒ | 01.04.2018 - 31.03.2019 |

| | | |
|---|---|---|
| ചെയർമാൻ, മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ. സനിൽ കെ.ജെ, കാണക്കാരി വീട്, വേളൂർ, കോട്ടയം | 01.04.2018 - 31.03.2019 |
| **സെക്രട്ടറി** | ശ്രീ. P.K സജീവ്, പാറേപുരയ്ക്കൽ, ളുവകണ്ടം പി.ഒ,തൊടുപുഴ,ഇടുക്കി,685588 | 01.04.2018-20.06.2018FN |
| | ശ്രീ.മുഹമ്മദ് ഷാഫി, സബർമതി, ചെറുകായിക്കര, മുരിക്കുംപുഴ | 20.06.2018AN -31.03.2019 |

**മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | ശ്രീമതി.വൈശാഖി എ.എസ്, കൃഷിഭവൻ, നാട്ടകം | 01.04.2018 - 31.03.2019 |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.അജയകുമാർ ബി, മൃഗാശുപത്രി, ചിങ്ങവനം | 01.04.2018 – 31.03.2019 |
| മെഡിക്കൽ ഓഫീസർ,P.H.C | ഡോ.അനുഷ്, P.H.C, നാട്ടകം | 01.04.2018 – 31.03.2019 |
| മെഡിക്കൽ ഓഫീസർ (ISM) | ഡോ.ശ്രീലത C.V, ഗവ.ആയുർവേദ ആശുപത്രി, വേളൂർ | 01.04.2018 – 31.03.2019 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.ഹണി റ്റി, പട്ടികജാതിവികസന ഓഫീസ്, കോട്ടയം നഗരസഭ | 01.04.2018 – 31.03.2019 |

| | | |
|---|---|---|
| പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ | ശ്രീ.സജൻ എസ് നായർ,<br>പ്രിൻസിപ്പൽ, V.H.S.S,<br>മറിയപ്പള്ളി. | 01.04.2018 – 31.03.2019 |
| പ്രോജക്ട് ഓഫീസർ,<br>നഗര ദാരിദ്ര്യ<br>നിർമ്മാർജ്ജന സെൽ | ശ്രീമതി.വിലാസിനി എ.ബി, | 01.04.2018 – 31.10.2018 |
| | ശ്രീമതി.അഞ്ജു കെ തമ്പി | 01.11.2018-31.03.2019 |
| മുനിസിപ്പൽ എഞ്ചിനിയർ | ശ്രീമതി.ലത എം എസ്, | 01.04.2018 – 13.08.2018 |
| | ശ്രീമതി.ബിജിമോൾ E.R | 14.08.2018-31.03.2019 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീമതി.സുമ എസ് | 01.04.2018 – 31.03.2019 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ബീന P.G,ശ്രീ. ലാൽ കുമാർ V.K,<br>ശ്രീമതി.ഡെയ്സി M.P,<br>ശ്രീ.ജോസഫ് വിൽഫ്രഡ്,<br>ശ്രീ.ഗോപാലകൃഷ്ണൻ | 01.04.2018 – 31.03.2019 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.പ്രശാന്ത് ബി | 01.04.2018 – 31.03.2019 |
| ഹെൽത്ത് ഓഫീസർ | ശ്രീ.വിദ്യാധരൻ പി. | 01.04.2018 – 31.03.2019 |
| CDPO | ശ്രീമതി.സാറാമ്മ എബ്രഹാം | 01.04.2018 – 31.03.2019 |

| | | |
|---|---|---|
| | | |

**ഉള്ളടക്കം**



| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം-1** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 |

| | | |
|---|---|---|
| 12 | വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നഗരസഭയ്ക്ക് 10.85ലക്ഷം രൂപയുടെ നഷ്ടം. | 1-12 |
| 13 | ലേല തുക ഈടാക്കുന്നതിൽ ഗുരുതര വീഴ്ച. | 1-13 |
| 14 | ലക്ഷക്കണക്കിനു രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് വർഷങ്ങളായി ഈടാക്കിയിട്ടില്ല. | 1-14 |
| 15 | പ്ലിന്ത് ഏരിയയിലെ സാങ്കേതികവശം ചൂണ്ടിക്കാട്ടി ഫയർ N.O.C ഇല്ലാതെ വലിയ കെട്ടിടങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ് നൽകേണ്ടി വന്നു. | 1-15 |
| 16 | പാർക്കിംഗ് നിബന്ധനകളും മറ്റും പാലിക്കാത്ത കെട്ടിടങ്ങൾക്കു ബിൽഡിംഗ് പെർമിറ്റ് നൽകി. | 1-16 |
| 17 | വലിയ തോതിൽ മണ്ണെടുക്കുന്നതിനു വികസന പെർമിറ്റ് നൽകിയതിനു ശേഷം തുടർ നിരീക്ഷണങ്ങളുണ്ടാകുന്നില്ല. | 1-17 |
| 18 | ഒരു കോടി ഇരുപത്തിയഞ്ചു ലക്ഷം രൂപ മുടക്കിയ ആധുനിക അറവുശാലയുടെ നിർമ്മാണം പൂർത്തിയാക്കാനായില്ല. | 1-18 |
| 19 | മുനിസിപ്പൽ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ അനധികൃത കൈയ്യേറ്റം ഒഴിപ്പിച്ചില്ല. | 1-19 |
| 20 | ലക്ഷങ്ങൾ ചെലവഴിച്ച നഗരസഭയിൽ സ്ഥാപിച്ച ബയോ ബിന്നുകൾ പ്രവർത്തിക്കുന്നില്ല. | 1-20 |

| | | |
|---|---|---|
| 21 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിനായി 9.82ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-21 |
| 22 | സോഡിയം വേപ്പർ ലാമ്പ് മാറ്റി LED ലൈറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയിലെ ടെണ്ടർ നടപടികളിൽ ക്രമക്കേടുകൾ. | 1-22 |
| 23 | ട്യൂബ് സെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയിലെ ടെണ്ടർ നടപടികളിൽ ക്രമക്കേടുകൾ. | 1-23 |
| 24 | അഡ്വാൻസായി 14.48 ലക്ഷം രൂപ നൽകിയെങ്കിലും ജില്ലാ ആശുപത്രി മോർച്ചറിയിൽ ഫ്രീസർ യൂണിറ്റ് സ്ഥാപിച്ചില്ല. | 1-24 |
| 25 | സർക്കാർ മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി നടപ്പാക്കി. | 1-25 |
| 26 | അഡ്വാൻസായി 16.41ലക്ഷം രൂപ നൽകിയെങ്കിലും ഡെസ്ക്ടോപ്പ്, ലാപ്ടോപ്പ്, പ്രിന്റർ എന്നിവ സ്കൂളുകൾക്ക് നൽകാതെ KELTRON കരാർ ലംഘനം നടത്തി. | 1-26 |
| 27 | സ്കൂളുകൾക്ക് വാങ്ങി നൽകിയ ലാബ് ഉപകരണങ്ങൾ പൂർണ്ണമായും ഉപയോഗിക്കുന്നില്ല. | 1-27 |
| 28 | NEET, KEAMഎൻട്രൻസ് പരിശീലനം നടത്തിയതിൽ അപാകതകൾ. | 1-28 |
| 29 | എൺപത്തിയൊന്നു ലക്ഷം രൂപ ചെലവഴിച്ച ഭൂരഹിത പുനരധിവാസം പദ്ധതി ഭൂമി വാങ്ങലിൽ മാത്രമായൊതുങ്ങുന്നു. | 1-29 |

| | | |
|---|---|---|
| 30 | വനിതകൾക്കു സ്കൂട്ടർ വാങ്ങി നൽകുന്ന പദ്ധതിയിൽ സബ്സിഡി തുക അധികമായി നൽകി. | 1-30 |
| 31 | ഭവന നിർമ്മാണം പദ്ധതിയിൽ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-31 |
| 32 | പഠനമുറി നിർമ്മാണം പദ്ധതിയിൽ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-32 |
| 33 | കൃഷിഭവനുകളിലേക്കു ടെണ്ടർ കൂടാതെ ഫർണിച്ചർ വാങ്ങി. | 1-33 |
| 34 | ഭവന നിർമ്മാണം - നാട്ടകം മേഖല -രണ്ടാം ഘട്ടം (എസ്.ഒ 632/18-19) – നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-34 |
| 35 | നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തിയതിനു പിഴ ഈടാക്കിയിട്ടില്ല. | 1-35 |
| 36 | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ചുമത്തിയില്ല. | 1-36 |
| 37 | ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലുകൾ ഹാജരാക്കാത്ത കരാറുകാർക്ക് ഫൈനൽ ബിൽ തുക നൽകി. | 1-37 |
| 38 | പ്രൊജക്റ്റുകളുടെ ബാഹുല്യം-മരാമത്ത് പ്രവൃത്തികളിൽ 19.97കോടിയുടെ സർക്കാർ ഗ്രാന്റ് ലാപ്സാക്കി. | 1-38 |

| | | |
|---|---|---|
| 39 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് (CMDRF) തുക യഥാസമയം ഒടുക്കുന്നതിൽ വീഴ്ച സംഭവിച്ചു. | 1-39 |
| 40 | നഗരസഭയുടെ പിരിവ് തുകകൾ ഹെഡ് ഓഫ് അക്കൗണ്ടുകൾ മാറ്റി ഒടുക്കുന്നു. | 1-40 |
| 41 | നഗരസഭയിലെ ഓൺലൈൻ പണമിടപാടുകൾ സംബന്ധിച്ച അപാകതകൾ. | 1-41 |
| 42 | നഗരസഭയുടെ പേ ആൻഡ് പാർക്ക് സംവിധാനത്തിൽ വരുമാന നഷ്ടം. | 1-42 |
| 43 | ചെക്കുകൾ മടങ്ങുന്നത് തനത് ഫണ്ടിനു നഷ്ടമുണ്ടാക്കുന്നു. | 1-43 |
| 44 | ടെണ്ടർ നടപടികൾ ലംഘിച്ച് KMSCL ൽ നിന്ന് കമ്പ്യൂട്ടർ വാങ്ങാൻ പർച്ചേസ് ഓർഡർ നൽകി. | 1-44 |
| 45 | നാട്ടകം പി എച്ച് സിയ്ക്ക് മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകാനവശേഷിക്കുന്നു. | 1-45 |
| 46 | ക്യാൻസൽ ചെയ്ത ചെക്ക് ഹാജരാക്കിയില്ല. | 1-46 |
| 47 | ബാങ്കുമായി കരാർ ചമയ്ക്കാതെ നഗരസഭ POS മെഷീനുകൾ വാടകയ്ക്ക് എടുത്തു. | 1-47 |
| 48 | 1986 മുതൽ 1998 വരെ അനുവദിച്ച മുൻകൂർ തുകകൾ ദീർഘകാലങ്ങളായിട്ടും ക്രമീകരിക്കുകയോ തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല. | 1-48 |

| | | |
|---|---|---|
| 49 | പത്രപരസ്യം - അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല. | 1-49 |
| 50 | ഇൻഷ്വറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തേണ്ടതാണ്. | 1-50 |
| 51 | വാഹനങ്ങളുടെ ലോഗ് ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | 1-51 |
| 52 | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-52 |
| 53 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നില്ല. | 1-53 |
| 54 | ക്രമീകരിക്കുവാൻ ശേഷിക്കുന്ന മുൻകൂർ തുക- 722712 രൂപ. | 1-54 |
| 55 | സേവനപുസ്തക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ. | 1-55 |
| 56 | പങ്കാളിത്ത പെൻഷൻ വിഹിതം അടവാക്കുന്നതിൽ വീഴ്ച. | 1-56 |
| 57 | പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. | 1-57 |
| 58 | സേവനപുസ്തക പരിശോധന:- വിരമിക്കൽ തീയതിക്കു ശേഷവും സേവനത്തിൽ തുടർന്നു. | 1-58 |
| 59 | സേവനപുസ്തക പരിശോധന:- ശൂന്യവേതനാവധിക്കാലം പരിഗണിക്കാതെ തെറ്റായി ശമ്പളനിർണ്ണയം നടത്തി. | 1-59 |
| 60 | തൊഴിൽ നികുതി അപാകതകൾ | 1-60 |

| | | |
|---|---|---|
| 61 | കോട്ടയം നഗരസഭയിലെ ജീവനക്കാരുടെ എസ്.എൽ.ഐ, ജി.ഐ.എസ്, എന്നിവയുടെ പോളിസി വിഹിതങ്ങൾ അടയ്ക്കുന്നില്ല. | 1-61 |
| 62 | ആദായനികുതി ഒടുക്കുന്നതിൽ വീഴ്ച. | 1-62 |
| 63 | ജി.എസ്.ടി - ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നഷ്ടപ്പെട്ടു. | 1-63 |
| 64 | വസ്തുനികുതി പരിഷ്കരണം - ഓൺലൈൻ പേയ്മെന്റ് സംവിധാനം നടപ്പാക്കിയിട്ടില്ല. | 1-64 |
| 65 | പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. | 1-65 |
| | **ഭാഗം - 2- വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ.** | |
| 66 | കൌൺസിൽ തീരുമാനം നടപ്പായില്ല. 3 ലക്ഷം രൂപയുടെ ബീഫ് സ്റ്റാൾ ലേല തുക ഈടാക്കാതെ ഗുരുതര ക്രമക്കേട് നടത്തി. | 2-1 |
| | **ഭാഗം - 3- ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ.** | |
| | ഇല്ല | |
| | **ഭാഗം- 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 67 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| | | |
| 68 | സംയുക്തപ്രൊജക്ടുകളുടെ വിവരങ്ങൾ | 4-2 |
| 69 | ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകകളുടെ വിവരം | 4-3 |
| 70 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 71 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 72 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 73 | ഓഡിറ്റ് റിക്കവറി | 4-7 |
| 74 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 75 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-9 |
| 76 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 77 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബഡ്ജറ്റ്

2018-19വർഷത്തെ ബഡ്ജറ്റ് 24-03-18 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| ഇനം | ബജറ്റിൽ പ്രതീക്ഷിച്ചത് | യഥാർത്ഥ തുക (AFS പ്രകാരമുള്ളത്) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 50,02,17,187 | 26,45,01,846 | | 23,57,15,341 |

| | | | | |
|---|---|---|---|---|
| വരവ് | 161,54,67,426 | 89,48,02,563 | | 72,06,64,863 |
| ആകെ | 211,56,84,613 | 115,93,04,409 | | 95,63,80,204 |
| ചെലവ് | 191,45,95,528 | 78,79,24,610 | | 112,66,70,918 |
| നീക്കിയിരിപ്പ് | 20,10,89,085 | 37,13,79,799 | 17,02,90,714 | |

പ്രതീക്ഷിത ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ വലിയ അന്തരം ഉണ്ട്. പ്രതീക്ഷിത ബജറ്റ് വാസ്തവികവും യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കിയതും ആയിരിക്കേണ്ടതാണ്. ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേ ണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 29.07.2019 |

നം.കെ.എസ്.എ/കെ.എം.എം.3/335/2019;22.08.2019 പ്രകാരം വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 264,50,18,46 |
| വരവ് | 894,80,25,63 |
| ആകെ | 115,93,04,409 |
| ചെലവ് | 78,79,24,610 |
| നീക്കിയിരിപ്പ് | 37,13,79,799 |

## 1-4 ഫണ്ട് വിനിയോഗം

**ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | *തൻവർഷ വരവ് (അലോട്ട്മെന്റ് പ്രകാരമുള്ളത്)* | ആകെ | *ചെലവ്* | *ചെലവഴിക്കാൻ കഴിയാത്ത തുക* | *നീക്കി ബാക്കി* |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14,28,14,164 | 14,28,14,164 | 10,50,05,507 | 3,78,08,657 | 0 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 3,83,61,000 | 3,83,61,000 | 2,59,66,314 | 1,23,94,686 | 0 |
| വികസന | 0 | 22,04,000 | 22,04,000 | 15,61,756 | 6,42,244 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട്(റ്റ്.എസ്സ്.പി) | | | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7,95,09,000 | 7,95,09,000 | 6,63,09,839 | 1,31,99,161 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 2,96,10,000 | 2,96,10,000 | 1,87,75,709 | 1,08,34,291 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 19,55,70,415 | 19,55,70,415 | 11,47,17,200 | 8,08,53,215 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2018-19 | 814 | 66,65,44,527 | 527 | 33,52,01,919 | 287 | 64.74 |

ക്രമ നം

| | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം(%) |
|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 24,29,000 | 2 | 24,28,766 | 99.99 |
| 2 | അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | 7 | 1,06,86,300 | 7 | 1,00,28,485 | 93.84 |
| 3 | സീനിയർ വെറ്ററിനറി സർജൻ | 7 | 85,28,000 | 4 | 13,05,200 | 15.30 |
| 4 | മെഡിക്കൽ ഓഫീസർ,P.H.C | 9 | 41,13,720 | 7 | 34,34,270 | 83.48 |
| 5 | പട്ടികജാതി വികസന ഓഫീസർ | 29 | 3,81,82,560 | 26 | 2,29,26,956 | 60.04 |
| 6 | പ്രിൻസിപ്പൽ/ഹെഡ് മാസ്റ്റർ | 10 | 1,03,81,778 | 10 | 94,28,870 | 90.82 |
| 7 | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 11 | 3,73,72,325 | 11 | 2,21,55,619 | 59.28 |
| 8 | മുനിസിപ്പൽ എഞ്ചിനിയർ | 101 | 7,74,66,457 | 64 | 3,57,86,994 | 46.20 |
| 9 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 35 | 8,85,04,106 | 15 | 2,76,44,364 | 31.24 |
| 10 | അസിസ്റ്റന്റ് എൻജിനീയർ | 552 | 20,75,04,276 | 350 | 11,02,85,327 | 53.15 |
| 11 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 4 | 34,60,000 | 3 | 4,40,000 | 12.72 |
| 12 | ഹെൽത്ത് ഓഫീസർ | 13 | 6,21,97,751 | 4 | 26,67,790 | 4.29 |
| 13 | CDPO | 4 | 1,54,19,320 | 4 | 1,42,21,274 | 92.23 |
| 14 | സെക്രട്ടറി | 30 | 10,02,98,934 | 20 | 72,4,48,004 | 72.23 |

| | | | | | | |
|---|---|---|---|---|---|---|
| | **ആകെ** | **814** | **66,65,44,527** | **527** | **33,52,01,919** | **50.29** |

## 1-6 തൊഴിലുറപ്പ് പദ്ധതി

ലഭിച്ച ഫണ്ടിന്റെയും ചെലവിന്റെയും വിവരം

| വർഷം | പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|
| | | | | വേതനം | വാടക | ഭരണ ചെലവ് | ആകെ | |
| 2018-19 | 63,78,395 | 50,00,000 | 1,13,78,395 + 2,44,196 (പലിശ) = 1,16,22,591 | 45,90,293 | 41,459 | 4,53,275 | 50,85,027 | 65,37,564 |

നീക്കി ബാക്കി തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് തുക 68,07,172/- എന്നാണ് കാണിച്ചിട്ടുള്ളത്.

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1511 | 2,41,30,900 |
| വിധവാ പെൻഷൻ | 3381 | 5,40,94,900 |
| വാർദ്ധക്യകാല പെൻഷൻ | 8326 | 12,37,00,900 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടു ന്നവർക്കുള്ള പെൻഷൻ | 1150 | 1,91,71,800 |
| 50വയസ്സിന് മുകളിലുള്ള അവിവാഹി തരായ സ്ത്രീകൾക്കുള്ള പെൻഷൻ | 171 | 28,47,900 |

| | | |
|---|---|---|
| | | |

പെൻഷൻ - പുതുതായി അനുവദിച്ചത്-2018-19

| ക്രമ നം | പെൻഷൻ ഇനം | പുതിയ പെൻഷൻ അപേക്ഷകളുടെ എണ്ണം | പെൻഷൻ അനുവദിച്ചത് | അപേക്ഷ നിരസിച്ചത് | അപ്പീൽവഴി അനുവദിച്ചത് |
|---|---|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 20 | 14 | 6 | 0 |
| 2 | വാർദ്ധക്യകാല പെൻഷൻ | 296 | 185 | 111 | 0 |
| 3 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 26 | 20 | 6 | 0 |
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4 | 4 | 0 | 0 |
| 5 | വിധവാ പെൻഷൻ | 72 | 49 | 23 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും നടത്തി റിപ്പോർട്ട് മുഖ്യ ഓഫീസിലേക്ക് അയച്ചിട്ടുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം (നഗരസഭയിൽ നിന്നും ലഭ്യമായ വിവരം)

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | **നടത്തിയ തീയതി** | | |
| പെർഫോമൻസ് ഓഡിറ്റ് | 12.01.2012 മുതൽ 22.01.2012 വരെ | 2010-2011 | ഇല്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.10.2019 | 2017-18 മുതൽ 2018-19 വരെ | 29.10.2019<br>(LBA/HQ/II/8A-59/2019-20/396) |

## 1-10 വാർഷിക കണക്കുകളിലെ അപാകതകൾ

2018-19സാമ്പത്തിക വർഷത്തിലെ കോട്ടയം നഗരസഭയുടെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.വാർഷിക ധനകാര്യ പത്രികയിൽ കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്, അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

2.മുൻ വർഷത്തെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-3 പ്രകാരമുള്ള തുക തന്നെയാണ് തൻ വർഷവും B-3 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്നത്.ആസ്തി നിർമ്മാണത്തിനായി തൻ വർഷം ചെലവഴിച്ച തുക ബാലൻസ് ഷീറ്റിൽ വന്നിട്ടില്ല.

3.ആസ്തി നിർമ്മാണത്തിനായി പാർട്ട് ബിൽ പ്രകാരം ചെലവഴിച്ച തുകയാണ് B-11(a) ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടത്.എന്നാൽ ഈ ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.പകരം B-11 ഷെഡ്യൂളിന്റെ അവസാന ഭാഗത്ത് Capital work in progress ആയി നാലു ഹെഡുകളിൽ തുകകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

4.Capital work in progress -Municipal Fund(412010100), Other Specific Grant(412109900) എന്നീ ഹെഡിലെ തുകകൾ മുൻ വർഷത്തെ AFS ലെ തുകകൾ തന്നെയാണ്. Development Fund, Funds for transferred institution എന്നീ ഹെഡിലെ തുകകളിൽ മുൻ വർഷത്തെ തുകയിൽ നിന്നും യഥാക്രമം ₹17635227,₹580000 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.തൻ വർഷത്തെ പാർട്ട് ബിൽ തുകകൾ എത്രയാണെന്ന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. മുൻ വർഷത്തെ പാർട് ബിൽ തുകയിൽ പൂർത്തിയായത് Fixed asset ലേക്കു മാറ്റിയിട്ടില്ല.

5.ഷെഡ്യൂൾ B-17 ൽ SBT of Kumaranallor & Nattakom എന്ന അക്കൗണ്ടിലെ Closing Balance തുകയായ ₹32821389 രൂപ കാണിച്ചിട്ടില്ല.

6.ബാലൻസ് ഷീറ്റിലെ ലയബിലിറ്റി ഹെഡ് ആയ B-4 ഷെഡ്യൂളിൽ Grants for projects,other grants for specific purpose എന്നിവ മുൻ വർഷത്തെ തുക തന്നെയാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീയിനങ്ങളിൽ ബാദ്ധ്യത കാണിച്ചിരിക്കുന്നതും ക്രമപ്രകാരമല്ല.

7.B-4 ഷെഡ്യൂളിൽ കേന്ദ്ര ഗവൺമെന്റ് ഗ്രാന്റായി (320100100) ₹178658310 രൂപ ബാദ്ധ്യത കാണിച്ചിരിക്കു ന്നു. ഇത് മുൻ വർഷത്തെ തുകയിൽ നിന്നും ₹146357322 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.ഇത്രയും വലിയ തുകയുടെ ഗ്രാന്റ് ഏതിനത്തിൽ ലഭിച്ചതാണെന്നും ഈ തുക ഏത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കിയിട്ടില്ല.

8.ഷെഡ്യൂൾ B-12 ൽ സ്റ്റേറ്റ് ഗവ: സെക്യൂരിറ്റീസ്, ഇക്വിറ്റി ഷെയേഴ്സ് എന്നീ ഹെഡിൽ ആകെ ₹5873530 രൂപ നിക്ഷേപിച്ചിട്ടുള്ളതായി കാണിച്ചിരിക്കുന്നു. എന്നാൽ ഈ നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

9.B-9 ഷെഡ്യൂളിലെ അപാകതകൾ.

a) Contractor's Control Account ൽ (350100301) RP-29 Payment പ്രകാരം ₹29,91,996 രൂപയുടെ ചെലവു

കാണിച്ചിരിക്കുന്നു. എന്നാൽ മുൻ വർഷത്തെ B-9 ഷെഡ്യൂളിൽ ഈ ഹെഡിൽ ബാദ്ധ്യത തുക കാണിച്ചിട്ടില്ല.

b) Other Creiditor's (350109900) RP-29 Payment പ്രകാരം ₹28,91,107 രൂപയുടെ ചെലവ് കാണിച്ചിരിക്കുന്നു. എന്നാൽ മുൻ വർഷത്തെ B-9 ഷെഡ്യൂളിൽ ഈ ഹെഡിൽ ബാദ്ധ്യത തുക കാണിച്ചിട്ടില്ല.

c) PF payable(350110400), Pension& Gratuity Payable (350110500) എന്നീ ഹെഡുകളിലെ മുൻ വർഷ തുകകളും തൻ വർഷത്തെ വരവ് ചെലവുകളും (RP-29) തൻ വർഷത്തെ ബാലൻസ് തുകകളുമായി (B-9) പൊരുത്തപ്പെടുന്നില്ല.

d) B-9 ഷെഡ്യൂളിലെ ഭൂരിഭാഗം ഹെഡിലെ തുകകളും മുൻ വർഷത്തെ Closing Balance മായി പൊരുത്തപ്പെടുന്നില്ല.

| A/C ഹെഡ്/ഇനം | O.B | RP-29 (Receipt) | RP-29 (Payment) | C.B (B-9) |
|---|---|---|---|---|
| 350110600/ Contribution to central pension Fund | 3,89,34,015 | 0 | 5,67,268 | 4,52,06,892 |
| 350200101, Regular employees | (-) 37,07,23 | 0 | 1,25,13,747 | 17,97,377 |
| 350200106 Cooperative | 80,190 | 0 | 38,04,720 | 17,770 |
| 350300700 CGST | (-)2,59,706 | 0 | 40,95,525 | (-)5,83,504 |
| 350300800 SGST | 3,17,595 | 36,07,895 | 40,94,692 | (-)2,853 |

മേൽ വിവരിച്ച അപാകതകളുള്ളതിനാൽ B-9 ഷെഡ്യൂളിൽ നെഗറ്റീവ് തുകയാണ് വന്നിട്ടുള്ളത് .(-2335237.25)

10. B-11 Fixed Asset ഷെഡ്യൂളിലെ അപാകതകൾ.

a) Office & Other equipments-Transferred Institutions (410600200) എന്ന ഹെഡിൽ ₹3011767 രൂപയുടെ വർദ്ധനവ് മാത്രമാണ് വന്നിട്ടുള്ളത്. മുൻ വർഷത്തെ ആസ്തിയിൽ നിന്നും ഈ ഇനത്തിൽ Depreciation കുറവ് ചെയ്തിട്ടില്ല. എന്നാൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ വഴി കൈമാറിക്കിട്ടിയ ആസ്തികൾക്ക് ലക്ഷക്കണക്കിനു രൂപയുടെ ആസ്തികൾ ഈ ഇനത്തിൽ സൃഷ്ടിച്ചിട്ടുണ്ട്.ഉദാ:ഹെഡ് മാസ്റ്റർ നിർവ്വഹിച്ച പദ്ധതികൾ പ്രകാരം (Proj No:613,614,615,618, 620,621,645) ₹89,54,120 രൂപയുടെ ആസ്തികൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്.

b) Fixed Asset ൽ മുൻ വർഷത്തെ തുക തന്നെയാണ് ഭൂരിഭാഗം ഹെഡിലും തൻവർഷവും കാണിച്ചിട്ടുള്ളത്.ഉദാ:land, market/Marriage Hall buildings, Furniture-Municipality etc. ഇവയ്ക്ക് Depreciation ഉം കണക്കാക്കിയിട്ടില്ല.

c) Sewerage, Public lighting എന്നിവയ്ക്ക് മുൻ വർഷം യഥാക്രമം ₹10098555, ₹30507800 എന്നീ തുകകൾ ആസ്തിയായി കാണിച്ചിരുന്നു. എന്നാൽ തൻവർഷം ഇവ ആസ്തിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. എന്നാൽ തൻവർഷത്തെ Depreciation കണക്കാക്കിയപ്പോൾ ഈ ഹെഡുകൾ എടുത്തിട്ടുമുണ്ട്.

d) കോൺക്രീറ്റ് റോഡിനു മുൻവർഷത്തെ തുക തന്നെയായ ₹729420 രൂപയാണ് തൻ വർഷവും എടുത്തിട്ടുള്ളത്.

ഇത് വളരെ കുറവായ തുകയാണ്. തൻ വർഷം റോഡ് കോൺക്രീറ്റിംഗിനായി കോടിക്കണക്കിനു രൂപ ചെലവഴിച്ചത് ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

e) Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങളായ rate of depreciation ,book value of asset,life time of asset എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

11. B-18 Loan,Deposits ഷെഡ്യൂളിലെ അപാകതകൾ.

a) Festival Advance to employees എന്ന ഹെഡിലെ തുക നെഗറ്റീവ് ആണ് .(-) 2319966.

b) Advance to implementing Agencies-Specific Grants ൽ മുൻ വർഷത്തെ തുക തന്നെയാണ് (₹1625347) തൻ വർഷവും കാണിച്ചിരിക്കുന്നത്. എന്നാൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം താഴെ പറയുന്ന പദ്ധതികളിലൂടെ K.W.A, K.S.E.B,G.W.D എന്നീ ഏജൻസികൾക്ക് 1.35 കോടി രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തികളിൽ യൂട്ടിലൈസേഷൻ കിട്ടിയ തുക Fixed Asset ലേക്കു മാറ്റിയിട്ടുമില്ല.

| **പ്രൊജക്ട് നമ്പർ** | **പ്രൊജക്ടിന്റെ പേര്** | **ഏജൻസി** | **ഡെപ്പോസിറ്റ് തുക** |
|---|---|---|---|
| 403/18-19 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | K.W.A | 50,00,000 |
| 405/18-19 | സ്ട്രീറ്റ് ലൈൻ വലിക്കൽ | K.S.E.B | 36,15,944 |
| 406/18-19 | കുഴൽക്കിണർ സ്ഥാപിക്കൽ | G.W.D | 49,30,000 |
| **ആകെ** | | | **1,35,45,944** |

12. Receipt & Payment ഷെഡ്യൂളിലെ മുൻ വർഷത്തെ Closing Balance മായും (RP-40(b)) തൻ വർഷത്തെ Opening Balance മായും (RP-40(a)) 7.34 കോടി രൂപയുടെ വ്യത്യാസം ഉണ്ട്.

2017-18 (RP-40(b)) പ്രകാരമുള്ള Closing Balance :18,96,32,640

2018-19 (RP-40(a)) പ്രകാരമുള്ള Opening Balance :26,30,79,223

വ്യത്യാസം :7,34,46,583

Opening Balance ൽ വന്ന വ്യത്യാസം ചുവടെ ചേർക്കുന്നു.

| കോഡ് | ഹെഡ് ഓഫ് അക്കൗണ്ട് | 2017-18 (RP-40(b)) തുക | 2018-19 (RP-40(a)) തുക | വ്യത്യാസം |
|---|---|---|---|---|
| 450210100 | SBT Own Fund | 65,00,000 | 0 | (-)65,00,000 |
| 450210200 | Bank Of Maharashtra (Own) | 8,85,33,249 | 8,80,02,113 | (-)5,31,136 |
| 450210300 | Bank Of Maharashtra (SD) | 3,66,63,320 | 3,64,95,114 | (-)1,68,206 |
| 450210400 | Bank Of Maharashtra (LC) | 21,85,782 | 26,40,561 | 4,54,779 |
| 450210700 | SBT-LC-Kumaranalloor& Nattakom | 3,11,043 | 5,43,263 | 2,32,220 |
| 450210800 | SBT-Of-Kumaranalloor& Nattakom | (-)1,56,62,297 | 7,36,98,772 | 8,93,61,069 |
| 450420100 | Bank Of Maharashtra | 1,25,68,958 | 1,30,29,243 | 4,60,285 |

| | | | | |
|---|---|---|---|---|
| | (Suchithwa Mission) | | | |
| 450420400 | Panjab National Bank-NULM | (-)9,66,456 | 16,48,182 | 26,14,638 |
| 450450100 | Treasury Spl.Fund-1 (Regu.pension) | 11,24,751 | 5,3,023 | (-)10,71,728 |
| 450450200 | Treasury Spl.Fund-2 (Contig.pension) | 1,27,64,321 | 13,58,983 | (-)1,14,05,338 |
| **ആകെ** | | **1,44,02,2671** | **2,17,469,254** | **7,34,46,583** |

13. ബാങ്ക് പാസ്സ്ബുക്കുകൾ,ട്രഷറി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ നീക്കിയിരുപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

14. ഡി.സി.ബി പത്രിക തയ്യാറാക്കിയിട്ടില്ലാത്തതിനാലും രജിസ്റ്ററുകൾ ഹാജരാക്കാത്തതിനാലും വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

## 1-11 ആഭ്യന്തര നിയന്ത്രണം

നഗരസഭയിലെ ആഭ്യന്തര നിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

**നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തുമ്പോൾ ആവശ്യമായ മുന്നൊരുക്കങ്ങൾ ഉണ്ടാകുന്നില്ല.**

പണരഹിത ഇടപാടുകൾ നടത്തുന്നതിനായി POS മെഷീൻ ഉപയോഗിച്ചപ്പോൾ ആവശ്യമായ നടപടികൾ സ്വീകരിച്ചില്ല. ബാങ്കുമായി കരാർ ചമയ്ക്കാതെ നികുതി പിരിവിനായി ബാങ്ക് നൽകിയ POS മെഷീൻ ഉപയോഗിച്ചു. മെഷീൻ ഉപയോഗത്തിന് ചാർജ്ജോ വാടകയോ ഈടാക്കില്ലെന്ന് ബാങ്ക് അറിയിച്ചുവെങ്കിലും വാടകയും ചാർജ്ജും ഈടാക്കിയിരുന്നു. മാത്രമല്ല ലഭിച്ചതിൽ ഭൂരിഭാഗവും ഉപയോഗശൂന്യമായ മെഷീനുകളാണ്. മെഷീൻ ഉപയോഗം സംബന്ധിച്ച് ബാങ്കുമായി കരാറിൽ ഏർപ്പെടാത്തതിനാൽ ഇത്തരം അപാകതകളെ ചോദ്യം ചെയ്യാൻ കഴിയാതെ വരുന്നു. ഫലത്തിൽ, നിർവ്വഹണത്തിലുണ്ടാകുന്ന പാളിച്ചകൾ കൊണ്ട് നൂതന ആശയങ്ങൾ പരാജയപ്പെടുന്നു.

**സമയബന്ധിതമായി ലക്ഷ്യം കൈവരിക്കുന്നില്ല.**

നഗരസഭയുടെ തനത് വരുമാനത്തിലെ മുഖ്യ ഇനമായ വസ്തുനികുതി പിരിവ് കൃത്യമാക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച സഞ്ചയ സോഫ്റ്റ്‌വെയറിൽ നഗരസഭയുടെ പരിധിയിൽ വരുന്ന എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ നാളിതുവരെ ചേർത്തിട്ടില്ല. 2011 ലെ വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കുന്ന മുറയ്ക്ക് നികുതിദായകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ നികുതി ഒടുക്കുവാൻ കഴിയണം എന്ന ലക്ഷ്യത്തോടെയാണ് വസ്തുനികുതി കംപ്യൂട്ടറൈസേഷൻ സംവിധാനം ആവിഷ്കരിച്ചത്. എന്നാൽ ഫോറം 6 എൻട്രി പോലും പൂർത്തീകരിക്കാൻ സാധി ക്കാഞ്ഞതിനാൽ ഓൺലൈൻ പേയ്മെന്റ് സംവിധാനം നടപ്പിലായില്ല.

**രജിസ്റ്ററുകൾ**

രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. പ്രധാന നികുതി ഇനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ/കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. നിലവിൽ വസ്തുനികുതികൾ ഉൾപ്പെടെയുള്ള എല്ലാ വരവിനങ്ങളുടെയും യഥാർത്ഥത്തിൽ ലഭിക്കേണ്ടതും, ലഭിച്ചതും, ലഭിക്കാൻ ശേഷിക്കുന്നതുമായ തുകയുടെ കൃത്യത നിർണ്ണയിക്കാൻ സാധിക്കാതെ വരുന്നു.

**വൗച്ചറുകൾ**

ഓരോമാസത്തെയും വൗച്ചറുകൾ ക്രമമായി നമ്പരിട്ട് അടുക്കി വയ്ക്കുന്നില്ല. വൗച്ചറുകൾക്കൊപ്പം ബന്ധപ്പെട്ട ബില്ലുകൾ, രേഖകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. തന്മൂലം നഗരസഭ നടത്തിയ എല്ലാ പണമിടപാടുകളും ആധികാരികമായിട്ടാണോ നിർവ്വഹി ക്കപ്പെടുന്നതെന്ന് നിർണ്ണയിക്കുന്നതിന് സാധിക്കാതെവരുന്നു.

## 1-12 വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നഗരസഭയ്ക്ക് 10.85ലക്ഷം രൂപയുടെ നഷ്ടം.

1) കോട്ടയം നഗരസഭയിലെ 13-ാം വാർഡിലെ തങ്കമണി വരദരാജലു, ശ്രീഗുണ വരദരാജലു, ഗുണ നിവാസ് ന്റെ ഉടമസ്ഥതയിലുള്ള 535A, 535B എന്നീ നമ്പരുകളിൽ 2286.36 ച.മീ വീതം (Grond floor + First floor= 2286.36, Second floor + Third Floor = 2286.36) വിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളിന് 100 ച.മീ ന് മുകളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 90 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. 2016 - 17 രണ്ടാം അർദ്ധവർഷം മുതൽ ഇത്തരത്തിൽ തെറ്റായി നികുതി ഈടാക്കിയതിനാൽ വസ്തുനികുതി ഇനത്തിൽ നഗരസഭയ്ക്ക് 10.26ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.14.01.2011-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 17/2011/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിനെ തുടർന്ന് കോട്ടയം നഗരസഭാ പ്രദേശത്ത് ബാധകമാകുന്ന വസ്തുനികുതി നിരക്ക് നഗരസഭ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതു പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്ക് ചുവടെ ചേർക്കുന്നു.

| ഇനം | നികുതി നിരക്ക് | |
|---|---|---|
| വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 100ച.മീ വരെ - 60 രൂപ /ച.മീ | 100 ച.മീ ന് മുകളിൽ - 90 രൂപ /ച.മീ |
| സൂപ്പർമാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 200 ച.മീ വരെ - 70 രൂപ /ച.മീ | 200 ച.മീ ന് മുകളിൽ -140 രൂപ /ച.മീ |

പുതുക്കിയ വസ്തുനികുതി പരിഷ്കരണ ചട്ടങ്ങൾ അനുസരിച്ച് 200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് നഗരസഭ നിശ്ചയച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 140 രൂപയാണ്. ടി നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയിക്കാത്തതിനാൽ നഗരസഭയ്ക്ക് 293223 രൂപ നഷ്ടം ഉണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം./ കെട്ടിട നം/തറ വിസ്തീർണ്ണം/ ഉടമയുടെ പേര് | കെട്ടിടത്തിന് നിശ്ചയിച്ച നികുതി | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി | | | | കുറവ് |
|---|---|---|---|---|---|---|---|---|---|
| | **നികുതി (നിരക്ക് 90 രൂപ)** | **വർദ്ധന** | **ആകെ** | **ചട്ടം 9 പ്രകാരം പ്രത്യേക ഇളവിന് ശേഷം നികുതി** | **നികുതി (നിരക്ക് 140 രൂപ)** | **വർദ്ധന** | **ആകെ** | **ചട്ടം 9 പ്രകാരം പ്രത്യേക ഇളവിന് ശേഷം നികുതി** | |
| XIII, 535A, 2286.36 ച.മീ (GF,FF) തങ്കമണി വരദരാജലു, ശ്രീഗുണ വരദരാജലു, ഗുണനിവാസ് | 2,05,773 | 72021 (റോഡിന്റെ തരം 20%+ തറ വിസ്തീർണ്ണം 15%)=**ആകെ 35%** | 2,77,794 | ഇല്ല | 3,20,090 | 112032 (35%) (റോഡിന്റെ തരം 20%+ തറ വിസ്തീർണ്ണം 15%)=**ആകെ 35%** | 432122 | ഇല്ല | 1,54,328 |
| XIII, 535B, 2286.36 ച.മീ | 2,05,773 | 72,021 (35%) | 2,77,794 | 2,50,015 (10% ഇളവിനു | 3,20,090 | 1,12,032 (35%) | 4,32,122 | 3,88,910 (10% ഇളവിനു | 1,38,895 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| (FF, SF)<br>തങ്കമണി വരദരാജലു,<br>ശ്രീഗുണ വരദരാജലു,<br>ഗുണനിവാസ് | | (റോഡിന്റെ തരം 20%+ തറ വിസ്തീർണ്ണം 15%)=**ആകെ 35%** | | ശേഷം)<br>(ഫോറം 6, 28D,<br>രണ്ടാം നില) | | (റോഡിന്റെ തരം 20%+ തറ വിസ്തീർണ്ണം 15%)=**ആകെ 35%** | | ശേഷം)<br>(ഫോറം 6, 28D,<br>രണ്ടാം നില) | | |
| **ആകെ** | | | | | | | | | | **2,93,223** |

2016 -17 രണ്ടാം അർദ്ധവർഷം മുതൽക്കാണ് ടി കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി തുടങ്ങിയത്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം 1026281 രൂപ വസ്തു നികുതി ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടമുണ്ടായിട്ടുണ്ട്.

| **സാമ്പത്തികവർഷം** | **വസ്തുനികുതി നഷ്ടം** |
|---|---|
| 2016 – 2017<br>(രണ്ടാം അർദ്ധ വർഷം) | 1,46,612 |
| 2017 - 2018 | 2,93,223 |
| 2018 -2019 | 293223 |
| 2019 - 2020 | 2,93,223 |
| **ആകെ** | **10,26,281** |

കൂടാതെ രജിസ്റ്ററിൽ ടി കെട്ടിടത്തിലെ എയർകണ്ടീഷൻ സൗകര്യം സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. ടി സൗകര്യമുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിലും വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2) കേരള കാത്തലിക് ട്രസ്റ്റ്, മുട്ടമ്പലം ന്റെ ഉടമസ്ഥതയിലുള്ളതും നിലവിൽ നോബി.റ്റി.ഫ്രാൻസിസ് എന്നയാളുടെ 'അൽഫോൺസ' സൂപ്പർമാർക്കറ്റ് (2018 – 19 കാലയളവിലേയ്ക്ക് 28.02.18 ൽ അനുവദിച്ച 43931-ാം നമ്പർ വ്യാപാര ലൈസൻസ് പ്രകാരം) പ്രവർത്തിക്കുന്ന 919.73 ച.മീ.വിസ്തീർണ്ണമുള്ള കെട്ടിടത്തിന് [പഴയ വാർഡ് നമ്പർ - VIൽ കെട്ടിട നമ്പർ 62F (പുതിയ വാർഡ് നം. XV, കെട്ടിട നം. 667 B)] 100 ച. മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 90 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. 200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾക്ക് നഗരസഭ നിശ്ചയച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 140 രൂപയാണ്. ടി നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയിക്കാത്തതിനാൽ നഗരസഭയ്ക്ക് 58976രൂപ നഷ്ടം ഉണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **വാർഡ് നം./ കെട്ടിട നം/തറ വിസ്തീർണ്ണം/ ഉടമയുടെ പേര്** | **കെട്ടിടത്തിന് നിശ്ചയിച്ച നികുതി** | | | | **കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി** | | | | **കുറവ്** |
|---|---|---|---|---|---|---|---|---|---|
| | **നികുതി (നിരക്ക് 90 രൂപ)** | **വർദ്ധന** | **ആകെ** | **ചട്ടം 9(5) പ്രകാരം 5% പ്രത്യേക ഇളവിന്** | **നികുതി (നിരക്ക് 140 രൂപ)** | **വർദ്ധന** | **ആകെ** | **ചട്ടം 9(5) പ്രകാരം 5% പ്രത്യേക ഇളവിന്** | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | **ശേഷം നികുതി** | | | | **ശേഷം നികുതി** | |
| VI, 62F,<br>919.73 ച.മീ<br>സെക്രട്ടറി, കേരള കാത്തലിക് ട്രസ്റ്റ്, മുട്ടമ്പലം | 82776 | 2,8,972<br>(35 %)(റോഡിന്റെ തരം 20%+ തറ നിർമ്മിതി 15%)=**ആകെ 35%** | 111748 | 1,06,161<br>(ഫോറം 6, 28 C ഒന്നാം നില) | 128762 | 45067 | 173829 | 1,65,137<br>(ഫോറം 6, 28 C ഒന്നാം നില) | 58,976 |

വസ്തുനികുതി ഇനത്തിൽ നഷ്ടമായ തുക പൂർണ്ണമായി പിരിച്ചെടുക്കുന്നതിനായി നടപടികൾ സ്വീകരിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതയുള്ളതിനാൽ ഈടാക്കിയ ലൈബ്രറി സെസ്സിലും കുറവ് സംഭവിച്ചിട്ടുണ്ട്. വസ്തു നികുതിയ്ക്ക് ആനുപാതികമായി ലൈബ്രറി സെസ്സും ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **വാർഡ് നം./ കെട്ടിട നം/തറ വിസ്തീർണ്ണം/ ഉടമയുടെ പേര്** | **കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന വസ്തു നികുതി** | **ഈടാക്കേണ്ടിയിരുന്ന ലൈബ്രറി സെസ്സ്** | **ഈടാക്കിയ ലൈബ്രറി സെസ്സ്** | **കുറവ്** |
|---|---|---|---|---|---|
| 1 | XIII, 535A,<br>2286.36 ച.മീ (GF,FF)<br>തങ്കമണി വരദരാജലു,<br>ശ്രീഗുണ വരദരാജലു, ഗുണനിവാസ് | 4,32,122 | 21,606 | 13,890 | 7,716 |
| 2 | XIII, 535B,<br>2286.36 ച.മീ<br>(FF, SF)<br>തങ്കമണി വരദരാജലു,<br>ശ്രീഗുണ വരദരാജലു, ഗുണനിവാസ് | 3,88,910 | 19,446 | 12,501 | 6,945 |
| 3 | VI, 62F,<br>919.73 ച.മീ<br>സെക്രട്ടറി,<br>കേരള കാത്തലിക് ട്രസ്റ്റ്, മുട്ടമ്പലം | 1,65,137 | 8,257 | 5,308 | 2,949 |
| | **ആകെ** | | | | 17,610 |

വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം ലൈബ്രറി സെസ്സിൽ കുറവ് വന്ന തുക ചുവടെ ചേർക്കുന്നു.

| വാർഡ് നം./ കെട്ടിട നം/തറ വിസ്തീർണ്ണം/ ഉടമയുടെ പേര് | സാമ്പത്തിക വർഷം | | | | ആകെ |
|---|---|---|---|---|---|
| | 2016-17 | 2017-18 | 2018-19 | 2019-20 | |
| XIII, 535A,<br>2286.36 ച.മീ (GF,FF)<br>തങ്കമണി വരദരാജലു,<br>ശ്രീഗുണ വരദരാജലു, ഗുണനിവാസ് | 3858<br>(രണ്ടാം അർദ്ധവർഷം മുതൽ) | 7,716 | 7,716 | 7,716 | 27,006 |
| XIII, 535B,<br>2286.36 ച.മീ<br>(FF, SF)<br>തങ്കമണി വരദരാജലു,<br>ശ്രീഗുണ വരദരാജലു, ഗുണനിവാസ് | 3473<br>(രണ്ടാം അർദ്ധവർഷം മുതൽ) | 6,945 | 6,945 | 6,945 | 24308 |
| VI, 62F,<br>919.73 ച.മീ<br>സെക്രട്ടറി,<br>കേരള കാത്തലിക് ട്രസ്റ്റ്, മുട്ടമ്പലം | - | - | 2,949 | - | 2,949 |
| | | | | | 54,263 |

ലൈബ്രറി സെസ്സ് ഇനത്തിൽ കുറവ് വന്ന തുക54263രൂപ ഈടാക്കി ലൈബ്രറി കൗൺസിൽ ഒടുക്കേണ്ടതാണ്.

4) വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടപ്രകാരം 2018-19സാമ്പത്തികവർഷം ലൈസൻസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിലാണെന്ന് വസ്തുനികുതി രജിസ്റ്റർ പ്രകാരം കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **വാർഡ് / കെട്ടിട നമ്പർ** | **കെട്ടിട ഉടമയുടെ പേര്** | **സ്ഥാപനം** | **അനുവദിച്ച ലൈസൻസ് നമ്പരും തീയതിയും** |
|---|---|---|---|---|
| 1 | IX, 327 B | തോമസ് ജോസഫ് | അന്ന കേറ്റേഴ്സ് | 33718/15.02.18 |
| 2 | XII, 1021A | വേണുക്കുട്ടൻ.കെ. ആർ | രേവതി ടീ ഷോപ്പ് | 45623/27.02.18 |
| 3 | XII, 1435 | റോയി.എം.ജേക്കബ് | വുമൺസ് ടെയ്‌ലറിംഗ് ഷോപ്പ് | 45747/02.03.18 |
| 4 | XII, 855 | സലിംകുട്ടി.കെ.എം | ടീ ഷോപ്പ് | 39055/15.02.18 |

14.01.2011-ലെ സർക്കാർ ഉത്തരവ് (അച്ചടി)നം.17/2011/ത.സ്വ.ഭ.വ.നമ്പർ ഉത്തരവിലെ 17(1) ഉപവകുപ്പ് പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമമത്തിൽ മാറ്റം വരുത്തുന്ന പക്ഷം കെട്ടിടഉടമ 30 ദിവസത്തിനകം രേഖമൂലം

സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. 17(3) ഉപവകുപ്പ് പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഉപയോഗക്രമമനുസരിച്ച് പുതുക്കിയ നിരക്കിലുള്ള നികുതി പിഴ സഹിതം ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-13 ലേല തുക ഈടാക്കുന്നതിൽ ഗുരുതര വീഴ്ച.

2018-19 സാമ്പത്തികവർഷത്തിലേക്കു നടത്തിയ ലേലത്തിന്റെ ഫയലുകളും ലേല രജിസ്റ്ററും പരിശോധിച്ചതിൽ നിന്നും ആട്ടിറച്ചിക്കടകളുടെ ലേല തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല എന്നു കണ്ടു.ശ്രീ വി.സി ചാണ്ടി എന്ന വ്യക്തിയ്ക്ക് 04-05-2018 ലെ R6-32705/17 ാം നമ്പർ തീരുമാന പ്രകാരം 387500 രൂപയുടെ ലേലം നഗരസഭ കൗൺസിൽ അംഗീകരിച്ചു നൽകിയിരുന്നു.

| ഇനം | പേര്, വിലാസം | ലേല തുക | അടവാക്കിയ തുക | ബാലൻസ് |
|---|---|---|---|---|
| ആട്ടിറച്ചിക്കടകൾ | V.C ചാണ്ടി,<br>വടമറ്റത്തിൽ,<br>വടവാതൂർ | 3,87,500 | 3,57,500 | 30,000 |

ശ്രീ V.C ചാണ്ടി ബാലൻസ് തുക അടവാക്കിയതിന്റെയോ അല്ലാത്ത പക്ഷം ലേല വ്യവസ്ഥയിലെ 15 ാം ഇന പ്രകാരം ജാമ്യ തുകയിൽ നിന്നും തുക ഈടാക്കിയതിന്റെയോ വിശദാംശങ്ങൾ ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ എൻക്വയറിയ്ക്ക് (നം:70/2018-19; 10.03.2020.) നഗരസഭ അധികൃതർ മറുപടിയിൽ തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. തുക ഈടാക്കാത്ത പക്ഷം നഷ്ട തുക ഈടാക്കുവാൻ ഉത്തരവാദിക ളായവർക്കെതിരെ ചാർജ് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 1-14 ലക്ഷക്കണക്കിനു രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് വർഷങ്ങളായി ഈടാക്കിയിട്ടില്ല.

നഗരസഭയുടെ കോടിമത പച്ചക്കറി മാർക്കറ്റിൽ ആകെ 76 മുറികളാണുള്ളത്. 13.03.2012 ലെ കൗൺസിൽ ശുപാർശ യെത്തുടർന്ന് താഴെ പറയുന്ന നിരക്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റും വാടകയും നിശ്ചയിച്ചിരുന്നു.

| സെക്യൂരിറ്റി ഡെപ്പോസിറ്റ് (₹) | വാടക (₹) | മുറികളുടെ എണ്ണം |
|---|---|---|
| 2,25,000 | 13/sq.ft | 10 |
| 1,50,000 | 11/sq.ft | 36 |
| 1,00,000 | 10/sq.ft | 12 |
| 75,000 | 9/sq.ft | 18 |
| ആകെ | | 76 മുറികൾ |

ഇതിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 25 വ്യാപാരികൾക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ 1\3 തുക എഗ്രിമെന്റ് വയ്ക്കുമ്പോഴും ബാക്കി രണ്ടു ഗഡുക്കൾ 9 മാസത്തിനകവും ഈടാക്കണം എന്നായിരുന്നു കമ്മിറ്റി തീരുമാനം. ഫയലുകളും ബന്ധപ്പെട്ട രജിസ്റ്ററും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**A)വ്യാപാരികളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് 8വർഷത്തിനു ശേഷവും ഈടാക്കാനായിട്ടില്ല.**

ഫയലുകൾ പരിശോധിച്ചതിൽ മിക്ക വ്യാപാരികളുടേയും സെക്യൂരിറ്റി ഡെപ്പോസിറ്റ് പൂർണ്ണമായി ഈടാക്കിയിട്ടില്ലാത്തതായും എഗ്രിമെന്റ് പുതുക്കിയിട്ടില്ലാത്തതായും കണ്ടു. 31.03.2014 ൽ എഗ്രിമെന്റ് അവസാനിച്ചതിനു ശേഷം ഭൂരിഭാഗം വ്യാപാരികളുടേയും എഗ്രിമെന്റ് പുതുക്കാതെ തുടർന്നു വരുന്നത് നഗരസഭയ്ക്കു വൻ സാമ്പത്തിക നഷ്ടം വന്നിട്ടുള്ളതായി കണ്ടു. ഓഡിറ്റ് പരിശോധിച്ച ഫയലുകളിൽ നിന്നുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വ്യാപാരിയുടെ പേര് | സ്റ്റാൾ നം | സെക്യൂരിറ്റി ഡെപ്പോസിറ്റ് | അടവാക്കിയ തുക | ബാലൻസ് തുക |
|---|---|---|---|---|---|
| 1 | R. ചെല്ലയ്യൻ, | 39 | 75,000 | 44,620 | 30,380 |
| 2 | V.K ജയൻ | 42 | 75,000 | 54,430 | 20,570 |
| 3 | A കുമാർ | 41 | 75,000 | 44,620 | 30,380 |
| 4 | സുനീർ പി.(ഉമ്മർകുട്ടി) | 33 | 1,50,000 | 73,980 | 76,020 |
| 5 | C.A ഹംസ | 29 | 1,50,000 | 61,990 | 88,010 |
| 6 | നജീർ B | 32 | 1,50,000 | 73,980 | 76,020 |
| 7 | T.K സജീവ് | 27 | 2,25,000 | 1,03,340 | 1,21,660 |
| 8 | തോമസ് അഗസ്റ്റിൻ | 25 | 2,25,000 | 1,03,340 | 1,21,660 |
| 9 | K.T അഗസ്റ്റിൻ | 23 | 1,50,000 | 69,184 | 80,816 |
| 10 | പൊന്നച്ചൻ | 02 | 2,25,000 | 75,000 | 1,50,000 |
| 11 | M കൃഷ്ണകുമാർ | 14 | 75,000 | 50,961 | 2,4,039 |
| | **ആകെ** | | | | **8,19,555** |

25 വ്യാപാരികളിൽ താഴെ പറയുന്നവരുടെ 13 പേരുടെ ഫയലുകൾ പരിശോധനയ്ക്കു ലഭ്യമാക്കിയില്ല.ഒരു വ്യാപാരി സെക്യൂരിറ്റി തുക പൂർണ്ണമായി അടവാക്കിയിരുന്നു.

| ക്രമ നം | പേര് | സ്റ്റാൾ നം |
|---|---|---|
| 1 | സുരേഷ് P.A | 73 |
| 2 | ഇട്ടിര ഗോപാലൻ | 52 |
| 3 | ബെന്നി വർഗീസ് | 72 |

| | | |
|---|---|---|
| 4 | വാസൻ എസ് | 66 |
| 5 | രാജേഷ് എസ് | 98 |
| 6 | ദാസ് P | 68 |
| 7 | T.M കൃഷ്ണൻ | 31 |
| 8 | A അരശ്ശ | 62 |
| 9 | K രാജ | 16 |
| 10 | T രാജേഷ് | 71 |
| 11 | ജോസു കുട്ടി | 30 |
| 12 | എൽ അനിൽ കുമാർ | 05 |
| 13 | T രാജരത്നൻ | 17 |

മേൽ പറഞ്ഞ 13 വ്യാപാരികൾക്കും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഗഡുക്കളായി അടയ്ക്കുവാൻ നഗരസഭ സാവകാശം നൽകിയിരുന്നു. ഇവർ മുഴുവൻ തുകയും അടവാക്കിയിട്ടുണ്ടോയെന്ന പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മേൽ ഡെപ്പോസിറ്റ് തുകയ്ക്ക് പുറമേ 06/2012 മുതൽ മാസം 1% പലിശയും അടവാക്കിയിട്ടില്ല.

**B) 10% വാടക വർദ്ധനവ് എന്ന കൗൺസിൽ തീരുമാനം യഥാസമയം നടപ്പാക്കിയില്ല. 2019 ലും 2012ലെയും 2014 ലേയും വാടക ഈടാക്കിവരുന്നു.**

2012 ലെ ലേലം നടത്തിയതിനെത്തുടർന്നുള്ള വാടകയാണ് നിലവിലും പല വ്യാപാരികളിൽ നിന്നും വാങ്ങുന്നതെന്ന ഗുരുതരമായ സ്ഥിതിവിശേഷം ഓഡിറ്റിൽ കണ്ടു. ആദ്യ കരാർ കാലാവധി 2 വർഷത്തേക്കായിരുന്നു (01.04.2012 മുതൽ 31.03.2014 വരെ). 01.04.2014 മുതൽ 31.03.2016 വരെ 10% വാടക വർദ്ധനവും തുടർന്ന് 01.04.2018 മുതൽ വീണ്ടും 10% വാടക വർദ്ധനവും ഉണ്ടാകേണ്ടിയിരുന്നു.എന്നാൽ കൗൺസിൽ തീരുമാനം നടപ്പാക്കാതെ 2012 ലെ ആദ്യ വാടക മാത്രം ഈടാക്കിയത് ഗുരുതരമായ ക്രമക്കേടാണ്. സമയബന്ധിതമായ എഗ്രിമെന്റ് പുതുക്കാത്തതു മൂലമാണ് ഈ സ്ഥിതിവിശേഷം ഉണ്ടായത്. ലൈസൻസ് ഫീസ് വർഷങ്ങളായി അടയ്ക്കാത്തവർക്ക പോലും കുടിശ്ശിക നിലനിൽക്കെ എഗ്രിമെന്റ് പുതുക്കി നൽകുന്ന തെറ്റായ പ്രവണതയും നഗരസഭയിൽ കണ്ടു വരുന്നു. ഇതിനുത്തരവാദികളായ സെക്ഷൻ ക്ലർക്കുമാരിൽ നിന്നും റവന്യൂ ഓഫീസർമ്മാരിൽ നിന്നും വിശദീകരണം തേടേണ്ടതും നഷ്ട തുക കണക്കാക്കി ഇവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **വ്യാപാരിയുടെ പേര്,** | **എഗ്രിമെന്റ്** |
|---|---|

| സ്റ്റാൾ നം | അവസാനിച്ച കാലാവധി |
|---|---|
| P.J ജോർജ്ജ്-50 | 31.03.2016 |
| V.I ജോർജ്ജ്-49 | 31.03.2018 |
| R. ചെല്ലയ്യൻ-39 | 31.03.2014 |
| V.T ജോസഫ്-48 | 31.03.2018 |
| P.P വർഗീസ്-44 | 31.03.2018 |
| ഇന്ദിരാമ്മ-43 | 31.03.2016 |
| V.K ജയൻ-42 | 31.03.2014 |
| A കുമാർ-41 | 31.03.2014 |
| തോമസ് മാത്യു-40 | 31.03.2018 |
| സുനീർ പി.(ഉമ്മർകുട്ടി)-33 | 31.03.2014 |
| C.A ഹംസ-29 | 31.03.2016 |
| തോമസ് P.M-30 | 31.03.2014 |
| നജീർ B-32 | 31.03.2014 |
| T.M രാജു-28 | 31.03.2018 |
| T.K സജീവ്-27 | 31.03.2014 |
| p.p റുഖിയാ അഹമ്മദ്-26 | 31.03.2016 |

| | |
|---|---|
| K.T അഗസ്റ്റിൻ-23 | 31.03.2016 |
| P.V റെജിമോൻ-22 | 31.03.2016 |
| C.S കുരുവിള-20 | 31.03.2016 |
| പൊന്നച്ചൻ-2 | 31.03.2016 |
| K രാജു-16 | 31.03.2016 |
| T.ചാക്കോ-9 | 31.03.2016 |
| നസീയത്ത് ബഷീർ-3 | 31.03.2018 |
| P.K രാജേഷ് കുമാർ-04 | 31.03.2016 |
| K.A മാത്യു-07 | 31.03.2016 |
| N.M ജമാൽ-11 | 31.03.2014 |
| M കൃഷ്ണകുമാർ-14 | 31.03.2014 |
| ലക്ഷ്മണപിള്ള-15 | 31.03.2016 |

**C) എഗ്രിമെന്റ് പുതുക്കാത്തതുമൂലമുള്ള ലക്ഷങ്ങളുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.**

ഓഡിറ്റിൽ ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ നിന്നും യഥാസമയം എഗ്രിമെന്റ് പുതുക്കാത്തതുമൂലം ലക്ഷങ്ങളുടെ വാടക കുടിശ്ശികയായതായി കണ്ടു. പല ഫയലുകളിലും 2016 ന ശേഷം യാതൊരു നടപടികളും സ്വീകരിക്കാതെയിരുന്നതായും കണ്ടു. പിന്നീട് 2019 ലാണ് ഫയലുകളിൽ തുടർനടപടികൾ സ്വീകരിച്ചത്. 3 വർഷം ഫയലിൽ തുടർനടപടികൾ സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | വ്യാപാരിയുടെ പേര് , സ്റ്റാൾ നം | 01.04.2012 മുതൽ 31.03.2014 വരെയും നിലവിലും ഈടാക്കുന്ന വാടക | 01.04.2014 മുതൽ 31.03.2016 വരെ ഈടാക്കേണ്ട വാടക | 01.04.2016 മുതൽ 31.03.2018 വരെ ഈടാക്കേണ്ട വാടക | 01.04.2018 മുതൽ 31.03.2020 വരെ ഈടാക്കേണ്ട വാടക | 31.03.2020 വരെയുള്ള വാടക ഇനത്തിലുള്ള നഷ്ടം |
|---|---|---|---|---|---|---|
| 1 | P.J ജോർജ്ജ്-50 | 2134 | 2347 | 2582 | 2840 | 213x12x2+ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 448x12x2+<br>706x12x2<br>=32808 |
| 2 | V.I ജോർജ്ജ്-49 | 2134 | 2347<br>ഈടാക്കി. | 2582<br>ഈടാക്കി. | 2840<br>(* 2582<br>തുടരുന്നു) | 258x12x2<br>=6192 |
| 3 | V.T ജോസഫ്-48 | 2134 | 2347<br>ഈടാക്കി. | 2582<br>ഈടാക്കി. | 2840<br>(* 2582<br>തുടരുന്നു) | 258x12x2<br>=6192 |
| 4 | P.P വർഗീസ്-48 | 1910 | 2101<br>ഈടാക്കി. | 2311<br>ഈടാക്കി. | 2542<br>(* 2311<br>തുടരുന്നു) | 231x12x2<br>=5544 |
| 5 | ഇന്ദിരാമ്മ-43 | 1910 | 2101<br>ഈടാക്കി. | 2311<br>(* 2101<br>തുടരുന്നു) | 2542<br>(* 2101<br>തുടരുന്നു) | 210x12x2+<br>441x12x2<br>=15624 |
| 6 | V.K ജയൻ-42 | 1746 | 1921 | 2113 | 2324<br>(08/2019വരെ ₹1746 വീതമാണ് ഈടാക്കിയിട്ടുള്ളത്.തുടർന്ന് വാടക ഈടാക്കിയിട്ടില്ല.) | 175x12x2+<br>367x12x2+<br>578x12x2<br>=26880 |
| 7 | A കുമാർ-41 | 1746 | 1921 | 2113 | 2324<br>(04/2015വരെ ₹1746 വീതമാണ് ഈടാക്കിയിട്ടുള്ളത്.അതിനു ശേഷമുള്ള വാടക അടവാക്കിയിട്ടില്ല) | 175x12x1+<br>(04/14മുതൽ 03/15 വരെയുള്ള വാടക കുടിശ്ശിക)<br>1921x23+<br>2113x12x2+<br>2324x12x2<br>=152771 |
| 8 | സുനീർ പി.(ഉമ്മർകുട്ടി)-33 | 2134 | 2347 | 2582 | 2840<br>(07/2019വരെ ₹2134 വീതമാണ് ഈടാക്കിയിട്ടുള്ളത്.തുടർന്ന് ഈടാക്കിയിട്ടില്ല.) | 213x12x2+<br>448x12x2+<br>706x12x2<br>=32808 |
| 9 | C.A ഹംസ-<br>29 | 2134 | 2347<br>ഈടാക്കി. | 2582<br>(* 2347<br>തുടരുന്നു) | 2840<br>(* 2347<br>തുടരുന്നു) | 235x12x2+<br>493x12x2<br>=17472 |

| | | | | | | |
|---|---|---|---|---|---|---|
| 10 | തോമസ് P.M-30 | 2134 | 2347 (* 2134 തുടരുന്നു) | 2582 (* 2134 തുടരുന്നു) | 2840 (* 2134 തുടരുന്നു) | 213x12x2+ 448x12x2+ 706x12x2 =32808 |
| 11 | നജീർ B-32 | 2134 | 2347 ഈടാക്കി. | 2582 (* 2347 തുടരുന്നു) | 2840 (* 2347 തുടരുന്നു) | 235x12x2+ 493x12x2 =17472 |
| 12 | T.M രാജു-28 | 2522 | 2774 ഈടാക്കി. | 3051 ഈടാക്കി. | 3356 (* 3051 തുടരുന്നു) | 305x12x2 =7320 |
| 13 | T.K സജീവ്-27 | 2522 | 2774 (* 2522 തുടരുന്നു) | 3051 (* 2522 തുടരുന്നു) | 3356 (* 2522 തുടരുന്നു) | 252x12x2+ 529x12x2+ 834x12x2 =38760 |
| 14 | p.p റുഖിയാ അഹമ്മദ്-26 | 2522 | 2774 ഈടാക്കി. | 3051 (* 2774 തുടരുന്നു) | 3356 (* 2774 തുടരുന്നു) | 277x12x2+ 582x12x2 =20616 |
| 15 | തോമസ് അഗസ്റ്റിൻ-25 | 2522 | 2744 (*2522 തുടർന്നു) | 3051 (*2522 തുടർന്നു) | 3356 (01/2019 വരെ*2522 തുടർന്നു) 02/2019 മുതൽ 3051തുടരുന്നു. | 222x12x2+ 529x12x2+ 834x10+305x14=30634 |
| 16 | K.T അഗസ്റ്റിൻ-23 | 2134 | 2347 ഈടാക്കി. | 2582 (* 2347 തുടരുന്നു) | 2840 (* 2347 തുടരുന്നു) | 235x12x2+ 493x12x2 =17472 |
| 17 | P.V റെജിമോൻ-22 | 2134 | 2347 ഈടാക്കി. | 2582 (* 2347 തുടരുന്നു) | 2840 (*01/2020 വരെ 2347 തുടർന്നു.) | 235x12x2+ 493x22 Months =16486 |
| 18 | C.S കുരുവിള-20 | 2134 | 2347 ഈടാക്കി. | 2582 (* 2347 തുടരുന്നു) | 2840 (* 2347 തുടരുന്നു) | 235x12x2+ 493x12x2 =17472 |
| 19 | പൊന്നച്ചൻ-2 | 2522 | 2744 (*2522 തുടർന്നു) | 3051 (*2522 തുടർന്നു) | 3356 (03/2019 വരെ*2522 തുടർന്നു) 04/2019 മുതൽ 3051തുടരുന്നു. | 222x12x2+ 529x12x2+ 834x12+305x12=31692 |

| | | | | | | |
|---|---|---|---|---|---|---|
| 20 | K രാജു-16 | 1746 | 1921 ഈടാക്കി. | 2113 (*1921 തുടർന്നു) | 2324 (*1921 തുടർന്നു) | 192x12x2+ 403x12x2 =14280 |
| 21 | T.ചാക്കോ-9 | 1910 | 2101 ഈടാക്കി. | 2311 (* 2101 തുടരുന്നു) | 2542 (*11/2019 വരെ 2101 തുടർന്നു.12/2019 മുതൽ 2311) | 210x12x2+ 441x20months+231x4 =14784 |
| 22 | നസീയത്ത് ബഷീർ-3 | 2134 | 2347 ഈടാക്കി. | 2582 ഈടാക്കി. | 2840 (* 2582 തുടരുന്നു) | 258x12x2 =6192 |
| 23 | P.K രാജേഷ് കുമാർ-04 | 2134 | 2347 ഈടാക്കി. | 2582 (* 2347 തുടരുന്നു) | 2840 (* 2347 തുടരുന്നു) | 235x12x2+ 493x12x2 =17472 |
| 24 | K.A മാത്യു-07 | 2134 | 2347 ഈടാക്കി. | 2582 (* 2347 തുടരുന്നു) | 2840 (*11/2019 വരെ 2347 തുടർന്നു.12/2019 മുതൽ 2582) | 235x12x2+ 493x20 months+ 258x4 Months =16532 |
| 25 | N.M ജമാൽ-11 | 1746 | 1921 (*1746 തുടർന്നു) | 2113 (*1746 തുടർന്നു) | 2324 (*1746 തുടർന്നു) | 175x24+ 367x24+ 578x24 =26880 |
| 26 | M കൃഷ്ണകുമാർ-14 | 1746 | 1921 (*1746 തുടർന്നു) | 2113 (*1746 11/2017വരെ തുടർന്നു) | 2324 അടവാക്കിയിട്ടില്ല. | 175x24+ 367x20 Months+ 2113x4+ 2324x24 =75768 |
| 27 | ലക്ഷ്മണപിള്ള-15 | 1746 | 1921 ഈടാക്കി. | 2113 (*1921 തുടർന്നു) | 2324 (*1921 തുടർന്നു) | 192x24+ 403x24 =14,280 |
| | **ആകെ** | | | | | **7,13,211** |

ഓഡിറ്റിനു ഹാജരാക്കിയ 50 ഫയലുകളിൽ നിന്നുള്ള വിശദാംശങ്ങൾ ശേഖരിച്ച് 7.11 ലക്ഷം രൂപയുടെ പ്രാഥമിക നഷ്ടം മാത്രമാണ് മേൽ വിവരിച്ചത്. കോടിമത വെജിറ്റബിൾ മാർക്കറ്റിൽ മാത്രം 130 സ്റ്റാളുകളും വെണ്ടർ സ്റ്റാളുകൾ 50 എണ്ണവും ഉണ്ട്. വാടക തുകയ്ക്കു പുറമേ നിയമാനുസൃത നികുതികളും പിഴപ്പലിശയും ഈടാക്കുവാനുണ്ട്. നഗരസഭ ഈ വിഷയത്തിൽ അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്കു (ഓഡിറ്റ് എൻക്വയറി നം:74/2018-19; 17.03.2020.) നഗരസഭ സെക്രട്ടറി മറുപടി നൽകിയിട്ടില്ല. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ

വിഷയത്തിലേക്ക ക്ഷണിക്കുന്നു.

## 1-15 പ്ലിന്ത് ഏരിയയിലെ സാങ്കേതികവശം ചൂണ്ടിക്കാട്ടി ഫയർ N.O.C ഇല്ലാതെ വലിയ കെട്ടിടങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ് നൽകേണ്ടി വന്നു.

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ റൂൾ 53(3)-A1, A2,റൂൾ 54(4a)-B, C, E, റൂൾ 56(3j)-F, റൂൾ 57(11a)-G1, G2, റൂൾ 58(4a)-H എന്നിവ പ്രകാരം മേൽ വിനിയോഗ കെട്ടിടങ്ങളിൽ പ്ലിന്ത് ഏരിയ>1000$m^2$ അല്ലെങ്കിൽ കെട്ടിടത്തിന്റെ ഉയരം 15m-ൽ കൂടുന്ന പക്ഷം അഗ്നിശമന സേനാ വിഭാഗത്തിൽ നിന്നും അനുമതിപത്രം ലഭ്യമാക്കേണ്ടിയിരുന്നു. (G.O.(P.)No.82/2017/LSGD., dtd. 31.10.2017 or S.R.O No:676/217;31.10.2017 പ്രകാരമുള്ള ഭേദഗതി).ഇതു പ്രകാരം ഇത്തരം വിനിയോഗത്തിലുള്ള പല കെട്ടിടങ്ങളുടേയും സുരക്ഷാ പ്ലാൻ നഗരസഭ സെക്രട്ടറി , കോട്ടയം അഗ്നിരക്ഷാ നിലയം, സ്റ്റേഷൻ ഓഫീസർക്ക കൈമാറിയിരുന്നു.

ഇതിനുള്ള വിവിധ മറുപടികളിലായി (ഉദാ: C-373/19;10.06.2019) കെട്ടിടത്തിന്റെ ആകെ പ്ലിന്ത് ഏരിയ കണക്കിലെടുക്കാതെ താഴത്തെ നിലയുടെ (Ground Floor) മാത്രം പ്ലിന്ത് ഏരിയ കണക്കിലെടുക്കുകയും ആയത് 1000$m^2$ വരെയെ ഉള്ളൂവെങ്കിൽ കെട്ടിടത്തിനു ഫയർ N.O.C ആവശ്യമില്ലാ എന്ന തെറ്റായ മറുപടികളാണ് ഫയർ & റസ്ക്യൂ വകുപ്പ് ലഭ്യമാക്കിയത്. ഇത് അംഗീകരിക്കാനാവില്ല. നഗരസഭ, പെർമിറ്റ് ഫീസ് കണക്കാക്കുന്നത് കെട്ടിടത്തിന്റെ ആകെ ഏരിയ ആയ 'പ്ലിന്ത് ഏരിയ' യിലാണ്. ഉദാഹരണത്തിനു താഴെ കൊടുത്ത ടേബിളിലെ ആദ്യ കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ എന്നത് 3182.52$m^2$ ആണെന്നിരിക്കെ Cellar Floor ന്റെ ഏരിയ മാത്രം (610.58$m^2$) കണക്കിലെടുത്ത ഫയർ & റസ്ക്യൂ വിഭാഗം ഉദ്യോഗസ്ഥരുടെ നടപടി അംഗീകരിക്കാനാവില്ല.

ഫയർ & റസ്ക്യൂ വിഭാഗം ഉദ്യോഗസ്ഥരുടെ ഇത്തരം സമീപനം മൂലം ജനങ്ങൾ കൂട്ടമായി എത്താൻ സാധ്യതയുള്ള വലിയ കെട്ടിടങ്ങളുടെ സുരക്ഷ സർക്കാർ തലത്തിൽ ഉറപ്പാക്കാൻ കഴിയുകയില്ല. 15m താഴെയുള്ള കെട്ടിടം എന്നു വരുമ്പോൾ നാലു നില വരെ നിർമ്മിക്കുകയും ചെയ്യാം. അതായത് Ground Floor ൽ 1000$m^2$ വച്ച് പരമാവധി നാലു നിലകൾ വരെയാകുമ്പോൾ 4000$m^2$ വരെയുള്ള കെട്ടിടങ്ങൾക്ക് ഇത്തരം സമീപനം മൂലം Fire N.O.C യിൽ നിന്നും ഒഴിവാകാൻ കഴിഞ്ഞു.

ടി വിഷയം സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ഇത്തരം കെട്ടിടങ്ങൾക്ക് ഭാവിയിൽ അഗ്നിശമന ഉപകരണങ്ങളുടെ അഭാവത്തിൽ ജീവഹാനിയോ സ്വത്തു നഷ്ടമോ ഉണ്ടാകാതിരിക്കാൻ ഫയർ&റസ്ക്യൂ വകുപ്പിന്റെ ഫൈനൽ N.O.C ഹാജരാക്കാൻ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. G.O(P) No.77/2019/LSGD; 02.11.2019 ആയി വിജ്ഞാപനം ചെയ്ത പുതുക്കിയ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ റൂൾ -5 പ്രകാരം 1000$m^2$ ൽ മുകളിൽ നിർമ്മിത വിസ്തീർണ്ണം (Builtup area) കവിയുന്ന മേൽ വിഭാഗം കെട്ടിടങ്ങൾക്ക് Fire & Rescue വിഭാഗത്തിന്റെ N.O.C ആവശ്യമാണെന്നുള്ളത് ഓഡിറ്റിന്റെ വാദത്തെ സാധൂകരിക്കുന്നുണ്ട്. പുതിയ ചട്ടത്തിൽ പ്ലിന്ത് ഏരിയ എന്നത് മാറ്റി നിർമ്മിത വിസ്തീർണ്ണം (built up area) എന്നാക്കിയപ്പോൾ കെട്ടിടത്തിന്റെ എല്ലാ നിലയുടേയും ഏരിയ കണക്കിലെടുക്കേണ്ടി വരുന്നു. അപ്പോഴും സർക്കാർ 1000$m^2$ എന്ന നിബന്ധന മാറ്റിയിട്ടില്ല.

സർക്കാർ ഉത്തരവു വന്ന 31.102017 നു ശേഷം പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വന്നതു വരെ നഗരസഭയിൽ നിന്നും Fire N.O.C ലഭ്യമാക്കാത്ത 1000 $m^2$ ൽ കൂടുതൽ പ്ലിന്ത് ഏരിയയുള്ള കെട്ടിടങ്ങളുടെ കണക്ക് എടുക്കേണ്ടതും അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത്തരം കെട്ടിടങ്ങളിലെത്തുന്ന ജനങ്ങളുടെ സുരക്ഷ മുൻനിർത്തി Fire Final N.O.C നിർബന്ധമാക്കാൻ ഉടമസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഓഡിറ്റിനു ലഭിച്ച ഫയലുകളിൽ നിന്നും ഇത്തരത്തിൽ Fire N.O.C യിൽ നിന്നും ഒഴിവായ ഏതാനും കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽഡിംഗ് പെർമിറ്റ് നം/തീയതി | PW4/BA /729/18-19; 13.08.2019 | PW7/BA /730/18-19; 21.05.2019 | PW7/BA /270/18-19; 14.03.2019 |
|---|---|---|---|
| കെട്ടിട ഉടമസ്ഥന്റെ | അരുൺ സെബാസ്റ്റ്യൻ | ഷാജിമോൻ മാത്യു, | കുര്യൻ ജോസഫ്, |

| | | | |
|---|---|---|---|
| പേരും വിലാസവും | ജോസഫ്, കാരിപ്പറമ്പിൽ, മൂലവട്ടം പി.ഒ, കോട്ടയം | ഐക്കരപറമ്പിൽ, കോട്ടയം | വട്ടക്കുന്നേൽ വീട്, മുട്ടമ്പലം |
| കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ | വാണിജ്യം-3182.52m$^2$ | A2-1264.86 | വാണിജ്യം-2186.46 |

ഈ വിഷയത്തിൽ മുനിസിപ്പൽ എഞ്ചിനീയറോട് മറുപടി ലഭ്യമാക്കണമെന്ന് (ഓഡിറ്റ് എൻക്വയറി നം:76/2018-19; 21.04.2020.) ഓഡിറ്റ് ആവശ്യപ്പെട്ടിരുന്നു. അല്ലാത്ത പക്ഷം എതിരഭിപ്രായമില്ലായെന്ന നിഗമനത്തിൽ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭരണവകുപ്പിന്റെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക ക്ഷണിക്കുന്നു.

## 1-16 പാർക്കിംഗ് നിബന്ധനകളും മറ്റും പാലിക്കാത്ത കെട്ടിടങ്ങൾക്ക ബിൽഡിംഗ് പെർമിറ്റ് നൽകി.

2018-19 ൽ കോട്ടയം നഗരസഭയിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയ കെട്ടിടങ്ങളുടെ ഫയലുകൾ പരിശോധിച്ചതിൽ പാർക്കിംഗ് നിബന്ധനകളും മറ്റും പാലിക്കാത്ത കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയതായി കണ്ടു. താഴെ വിവരിച്ച ഓഡിറ്റ് അപാകതകളിന്മേൽ 7 ദിവസത്തിനകം ഓഡിറ്റിനു മറുപടി നൽകേണ്ടതാണെന്നും അല്ലാത്തപക്ഷം അവ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതും തുടർ നിയമനടപടികൾ സ്വീകരിക്കുന്നതുമാണെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം: 78/2018-19; 21.04.2020.) നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1)പാർക്കിംഗ് നിബന്ധനകൾ പാലിക്കാത്ത കെട്ടിടത്തിനു ബിൽഡിംഗ് പെർമിറ്റ് നൽകി.**

| | |
|---|---|
| ഫയൽ നം | PW4-BA(224501)/2019 |
| ബിൽഡിംഗ് പെർമിറ്റ് നം/തീയതി | PW4/BA/729/18-19; 13.08.2019 |
| കെട്ടിട ഉടമസ്ഥന്റെ പേരും വിലാസവും | അരുൺ സെബാസ്റ്റ്യൻ ജോസഫ്, കാരിപ്പറമ്പിൽ, മൂലവട്ടം പി.ഒ, കോട്ടയം |
| ഭൂമിയുടെ ഏരിയ,സർവ്വെ നമ്പരുകൾ | സർവ്വെ നം- ഏരിയ<br>S-53, 11.35ആർ |
| കെട്ടിടം | വാണിജ്യം-3182.52M2 |
| പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥൻ | J. മുഹമ്മദ് ഷാഫി, മുനിസിപ്പൽ സെക്രട്ടറി.<br>ബിജിമോൾ E.R, എക്സിക്യൂട്ടീവ് എഞ്ചിനീയർ. |

ഫയൽ പരിശോധിച്ചതിൽ നിന്നും പാർക്കിംഗ് നിബന്ധനകൾ പാലിക്കാത്ത കെട്ടിടത്തിനു ബിൽഡിംഗ് പെർമിറ്റ് നൽകിയ തായി കണ്ടു. ടി ഉടമസ്ഥന്റെ സ്ഥലം കോട്ടയം മുനിസിപ്പാലിറ്റി 9 ാം വാർഡിലെ ഗുഡ് ഷെപ്പേർഡ് റോഡിനരികിലാണ് കിടക്കുന്നത്. ഫയൽ പ്രകാരം ആകെ ഭൂമിയുടെ ഏരിയ 11.35ആർ ആണ്.

a) പാർക്കിംഗ് നിബന്ധനകൾ പാലിക്കുന്നില്ല.

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 34(2) പ്രകാരം F(വാണിജ്യം) വിനിയോഗത്തിൽ ഉൾപ്പെട്ട കെട്ടിടത്തിന 1000$m^2$ന മുകളിൽ കാർപ്പറ്റ് ഏരിയ വരുന്ന പക്ഷം ഓരോ 50$m^2$ നം ഓരോ കാർ സ്ഥലം വേണം. ഇവിടെ സെല്ലാർ ഭാഗമാണ് കാർ പാർക്കിംഗിനായി കാണിച്ചിരിക്കുന്നത്. അവശേഷിക്കുന്ന കെട്ടിട ഭാഗത്തിന്റെ കാർപ്പറ്റ് ഏരിയ കണക്കിലെടുത്താൽ ആകെ 38 കാറുകൾക്കുള്ള സ്ഥലം സൈറ്റിലുണ്ടാകേണ്ടതാണ്.

പാർക്കിംഗ് = 1826.82/50=36.53=37 കാറുകൾ

KMBR-1999 റൂൾ 40A(5) പ്രകാരം ശാരീരിക അവശതയുള്ളവർക്ക് ഉണ്ടായിരിക്കേണ്ട പാർക്കിംഗിന്റെ 2% കുറഞ്ഞത് ഒരു കാറിനുള്ള സ്ഥലം അധികമായി സൈറ്റിലുണ്ടാകണം. അപ്രകാരം 38 കാറുകൾക്കുള്ള സ്ഥലം (38x14.85 =564.3$m^2$) സ്ഥലവും ഇതിന്റെ 25% ഇരുചക്ര വാഹനങ്ങൾക്കും സൈറ്റിലുണ്ടാകേണ്ടതാണ്. എന്നാൽ സെല്ലാർ ഫ്ലോറിൽ ആകെ 28 കാറുകൾക്കുള്ള സ്ഥലം മാത്രമാണ് മാറ്റിയിട്ടുള്ളത്. ഇതിൽ 7 കാറുകൾ മെക്കാനിക്കൽ പാർക്കിംഗ് ആയിട്ടാണ് കാണിച്ചിരിക്കുന്നത്. അതിനാൽ 10 കാറുകൾക്കുള്ള സ്ഥലവും അതിനാനുപാതികമായി സ്കൂട്ടർ വയ്ക്കുന്നതിനുള്ള സ്ഥലവും സൈറ്റിലില്ല എന്നു വ്യക്തമാണ്.

KMBR റൂൾ 34(6) പ്രകാരം കാർ പാർക്കിംഗിനുള്ള സ്ഥലത്തിന പുറമേ ആദ്യ 700$m^2$ കഴിഞ്ഞുള്ള ഓരോ 1000$m^2$-നം അതിന്റെ ഭാഗത്തിനും 30$m^2$ കയറ്റിറക്ക സ്ഥലം (loading & unloading space) പ്ലോട്ടിൽ ലഭ്യമാക്കേണ്ടതാണ്. ഇതു പ്രകാരം 1826.82$m^2$ കാർപ്പറ്റ് ഏരിയയുള്ള ഈ വാണിജ്യ കെട്ടിടത്തിന് 60$m^2$ Loading & Unloading space വേണ്ടിയിരുന്നു.എന്നാൽ പ്ലാൻ പ്രകാരം സെല്ലാർ ഫ്ലോറിൽ 41.92$m^2$ (28.70+13.22) സ്ഥലം മാത്രമാണ് മാറ്റിയിട്ടിരിക്കുന്നത്.

**2) കവറേജും പാർക്കിംഗ് നിബന്ധനകളും പാലിക്കാത്ത കെട്ടിടത്തിന ബിൽഡിംഗ് പെർമിറ്റ് നൽകി.**

| | |
|---|---|
| ഫയൽ നം | PW4-BA(20171)/2019 |
| ബിൽഡിംഗ് പെർമിറ്റ് നം/തീയതി | PW4/BA/102/18-19; 29.01.2019 |
| കെട്ടിട ഉടമസ്ഥന്റെ പേരും വിലാസവും | P.A നൗഷാദ്, പുതുക്കാട്ട്, കുമാരനല്ലൂർ P.O, കോട്ടയം |
| ഭൂമിയുടെ ഏരിയ,സർവ്വെ നമ്പരുകൾ | സർവ്വെ നം-ഏരിയ<br>03/55-03.79<br>7.81 ആർ |
| കെട്ടിടം | വാണിജ്യം-179.61$m^2$ |
| പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥൻ | V.K ലാൽ കുമാർ,<br>അസിസ്റ്റന്റ് എഞ്ചിനീയർ. |

ഫയൽ പരിശോധിച്ചതിൽ നിന്നും കവറേജും പാർക്കിംഗ് നിബന്ധനകളും പാലിക്കാത്ത കെട്ടിടത്തിന ബിൽഡിംഗ് പെർമിറ്റ് നൽകിയതായി കണ്ടു. ടി ഉടമസ്ഥന്റെ സ്ഥലം കോട്ടയം മുനിസിപ്പാലിറ്റി ഓഫീസ് കെട്ടിടത്തിനോടു ചേർന്നാണ് (തെക്കു ഭാഗം) കിടക്കുന്നത്. ഫയൽ പ്രകാരം ആകെ ഭൂമിയുടെ ഏരിയ 7.81ആർ എന്നു രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 3.79 ആർ സ്ഥലത്തിന്റെ റവന്യൂ രേഖകളെ ഫയലിൽ ഹാജരാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 4.02 ആർ സ്ഥലത്തിന്റെ റവന്യൂ രേഖകൾ ഫയലിൽ ഇല്ല.

a) കവറേജ് നിബന്ധന പാലിക്കുന്നില്ല.

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 3(d)പ്രകാരം കവറേജും പാർക്കിംഗും നിലവിലുള്ള കെട്ടിടത്തിന്റെയും നിർദ്ദിഷ്ടമായ കെട്ടിടത്തിന്റേയും അളവുകളെ അടിസ്ഥാനമാക്കി എടുക്കണം. പ്ലാൻ പരിശോധിച്ചതിൽ ടി ഭൂമിയിൽ ഒരു കെട്ടിടം നിലവിലുണ്ട് (കെട്ടിട നം:IX/828, 829, 830, പ്ലിന്ത്

ഏരിയ-441.70m$^2$). എന്നാൽ പ്ലാനിൽ ഇത് ഒരു നിലയാണോ അതോ രണ്ടു നിലയാണോ എന്നു കാണിച്ചിട്ടില്ല. നിലവിലുണ്ടായിരുന്ന ഈ കെട്ടിടത്തിന്റെ അളവുകൾ പരിഗണിക്കുമ്പോൾ നിലവിൽ പെർമിറ്റ് നൽകിയ പുതിയ ബിൽഡിംഗ് (പ്ലിന്ത് ഏരിയ-179.61m) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നില്ല എന്നു കാണുന്നു.

കവറേജ്- (441.70+179.61/7.89)100%=78.74%

KMBR റൂൾ 31(2) പ്രകാരം വാണിജ്യ വിഭാഗത്തിലുള്ള F Occupancy കെട്ടിടത്തിന് അനുവദിക്കാവുന്ന പരമാവധി കവറേജ് എന്നത് 70% ആണ്. അതിനാൽ മേൽ കെട്ടിട നിർമ്മാണം മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നില്ല.

b) പാർക്കിംഗ് നിബന്ധനകൾ പാലിക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 3(d) പ്രകാരം കവറേജും പാർക്കിംഗും നിലവിലുള്ള കെട്ടിടത്തിന്റെയും നിർദ്ദിഷ്ട മായ കെട്ടിടത്തിന്റേയും അളവുകളെ അടിസ്ഥാനമാക്കി എടുക്കണം. സമർപ്പിച്ച പ്ലാനിൽ പാർക്കിംഗ് പ്ലാൻ രേഖപ്പെടു ത്തിയിട്ടില്ല. നിലവിലുള്ള കെട്ടിടത്തിന്റെ കാർപ്പറ്റ് ഏരിയ കണക്കാക്കിയിട്ടില്ല. പ്ലിന്ത് ഏരിയയുടെ 80% കണക്കാക്കിയാൽ നിലവിലുള്ള കെട്ടിടത്തിനുള്ള കാർപ്പറ്റ് ഏരിയ എന്നത് 353.36m$^2$ആണ്.

KMBR റൂൾ 34(2) പ്രകാരം വാണിജ്യ വിഭാഗം കെട്ടിടത്തിനു (F) കാർപ്പറ്റ് ഏരിയയുടെ 75m$^2$ ഒരു കാർ സ്ഥലം സൈറ്റിൽ ആവശ്യമാണ്.

കാർപ്പറ്റ് ഏരിയ = 353.36+130.46=483.82

483.82/75 = 6.45= 7 കാറുകൾ

KMBR-1999 റൂൾ 40A(5) പ്രകാരം ശാരീരിക അവശതയുള്ളവർക്ക് ഉണ്ടായിരിക്കേണ്ട പാർക്കിംഗിന്റെ 2% കുറഞ്ഞത് ഒരു കാറിനുള്ള സ്ഥലം അധികമായി സൈറ്റിലുണ്ടാകണം.

ഇപ്രകാരം എട്ടു കാറുകൾക്കുള്ള സ്ഥലം (8x14.85=118.8m$^2$ സ്ഥലം സൈറ്റിൽ ആവശ്യമാണ്. എന്നാൽ അപ്രകാരം കാർ പാർക്കിംഗിനുള്ള സ്ഥലം സൈറ്റിൽ ലഭ്യമല്ല എന്നു നേരിട്ടു നടത്തിയ പരിശോധനയിലും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പ്ലാൻ പ്രകാരം 3 കാറുകൾക്കുള്ള സ്ഥലമാണ് കാണിച്ചിട്ടുള്ളത്. ഇതു തന്നെ കെട്ടിടത്തിനകത്ത് ഒരെണ്ണവും തുറന്ന സ്ഥലത്ത് (Open Space) രണ്ടെണ്ണവുമായിട്ടാണ് കാണിച്ചിരിക്കുന്നത്. റൂൾ 34(7) പ്രകാരം തുറസ്സായ സ്ഥലത്തിനു(Open Space) മതിയായ വാഹന പ്രവേശനമാർഗ്ഗവും വാഹനങ്ങൾക്കു വളഞ്ഞു തിരിയുന്നതിനുള്ള സഞ്ചാരസൌകര്യവുമുള്ളപക്ഷം തുറസ്സായ സ്ഥലത്തിന്റ പരമാവധി 50% മാത്രമാണ് കാർ പാർക്കിംഗിനു അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം ടി കെട്ടിട നിർമ്മാണത്തിനു ആവശ്യമായ കാർ പാർക്കിംഗ് ലഭ്യമല്ലാ എന്നിരിക്കെ പുതിയ കെട്ടിട നിർമ്മാണത്തിനു അനുമതി നൽകിയത് ക്രമപ്രകാരമല്ല.

**3) പാർക്കിംഗ് നിബന്ധനകൾ പാലിക്കാത്ത കെട്ടിടത്തിനു ഒക്യുപൻസി നൽകി.**

| | |
|---|---|
| ഫയൽ നം | PW7-BA(73688)/2019 |
| ബിൽഡിംഗ് പെർമിറ്റ് നം/തീയതി | PW7/BA/328/18-19; 29.12.2019 |
| കെട്ടിട ഉടമസ്ഥന്റെ പേരും വിലാസവും | ഉമ്മൻ പി കോര, വരതറപള്ളത്ത്, കൊല്ലാട് പി.ഒ, കോട്ടയം. |
| ഭൂമിയുടെ ഏരിയ,സർവ്വെ നമ്പരുകൾ | സർവ്വെ നം-ഏരിയ<br>S-10/9, 06.05ആർ |
| കെട്ടിടം | വാണിജ്യം-1253.73m$^2$ |

| | |
|---|---|
| പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥൻ | ബിജിമോൾ E.R, എക്സിക്യൂട്ടീവ് എഞ്ചിനീയർ. |

ഫയൽ പരിശോധിച്ചതിൽ നിന്നും പാർക്കിംഗ് നിബന്ധനകൾ പാലിക്കാത്ത കെട്ടിടത്തിനു ബിൽഡിംഗ് പെർമിറ്റ് നൽകിയ തായി കണ്ടു. ടി ഉടമസ്ഥന്റെ സ്ഥലം കോട്ടയം മുനിസിപ്പാലിറ്റിയിലെ TB റോഡ്-KSRTCറോഡിനരികിലാണ് കിടക്കുന്നത്. ഫയൽ പ്രകാരം ആകെ ഭൂമിയുടെ ഏരിയ 06.05ആർ ആണ്.

a) പാർക്കിംഗ് നിബന്ധനകൾ പാലിക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 34(2) പ്രകാരം F(വാണിജ്യം) വിനിയോഗത്തിൽ ഉൾപ്പെട്ട കെട്ടിടത്തിനു 1000$m^2$നു താഴെ കാർപ്പറ്റ് ഏരിയ വരുന്ന പക്ഷം ഓരോ 75$m^2$ നും ഓരോ കാർ സ്ഥലം സൈറ്റിലോ കെട്ടിടത്തിലോ വേണം. ഇവിടെ സെല്ലാർ ഭാഗമാണ് കാർ പാർക്കിംഗിനായി (8 എണ്ണം) കാണിച്ചിരിക്കുന്നത്. പിന്നീട് കെട്ടിടത്തിന്റെ ഫ്രണ്ട് യാർഡിലും കാർപാർക്കിംഗ് (3 എണ്ണം) കാണിച്ചിട്ടുണ്ട്. കെട്ടിട ഭാഗത്തിന്റെ കാർപ്പറ്റ് ഏരിയ (696.29$m^2$) കണക്കി ലെടുത്താൽ ആകെ 11കാറുകൾക്കുള്ള സ്ഥലം സൈറ്റിലുണ്ടാകേണ്ടതാണ്.

പാർക്കിംഗ് = 696.29/75=9.28=10 കാറുകൾ

KMBR-1999 റൂൾ 40A(5) പ്രകാരം ശാരീരിക അവശതയുള്ളവർക്ക് ഉണ്ടായിരിക്കേണ്ട പാർക്കിംഗിന്റെ 2% കുറഞ്ഞത് ഒരു കാറിനുള്ള സ്ഥലം അധികമായി സൈറ്റിലുണ്ടാകണം. അപ്രകാരം 11 കാറുകൾക്കുള്ള സ്ഥലവും ഇതിന്റെ 25% ഇരുചക്ര വാഹനങ്ങൾക്കും (റൂൾ 34(4)) സൈറ്റിലുണ്ടാകേണ്ടതാണ്. എന്നാൽ ഇവിടെ 3കാറുകൾക്കുള്ള സ്ഥലം മുൻ വശത്തുള്ള തുറന്ന സ്ഥലത്താണ് കാണിച്ചിരിക്കുന്നത്.

റൂൾ 34(7) പ്രകാരം തുറസ്സായ സ്ഥലത്തിനു(Open Space) മതിയായ വാഹന പ്രവേശനമാർഗ്ഗവും വാഹനങ്ങൾക്കു വളഞ്ഞു തിരിയുന്നതിനുള്ള സഞ്ചാരസൌകര്യവുമുള്ളപക്ഷം തുറസ്സായ സ്ഥലത്തിന്റ പരമാവധി 50% മാത്രമാണ് കാർ പാർക്കിംഗിനു അനുവദിച്ചിട്ടുള്ളത്. ഇതു പ്രകാരം ടി സൈറ്റിന്റെ ഫ്രണ്ട് യാർഡിന്റെ 100% സ്ഥലവും കാർ പാർക്കിംഗിനായി കാണിച്ചത് അംഗീകരിക്കാനാവില്ല. മാത്രമല്ല സൈറ്റിന്റെ ഫ്രണ്ട് യാർഡിൽ ടൗൺ പ്ലാനിംഗ് സ്കീം പ്രകാരം 2.5m റോഡ് വൈഡനിംഗും ഉണ്ട്. ഇതു പ്രകാരം ഫ്രണ്ട് യാർഡിന്റെ ഈ ഭാഗം (12.80mx2.5m) കണക്കിലെടുക്കാനുമാകില്ല. ഇത്തരത്തിൽ KMBR നു വിരുദ്ധമായ പ്ലാനിനു അംഗീകാരം നൽകിയതിനു ബന്ധപ്പെട്ട എഞ്ചിനീയർ വിശദീകരണം നൽകേണ്ടതാണ്.

**4) കാർ പാർക്കിംഗ് ഏരിയ ഇല്ലാത്ത ചെറു പ്ലോട്ടിൽ കെട്ടിടം നിർമ്മിക്കുന്നതിനു പെർമിറ്റ് നൽകി.**

| | |
|---|---|
| ഫയൽ നം | PW4-BA(30964)/2019 |
| ബിൽഡിംഗ് പെർമിറ്റ് നം/തീയതി | PW4/BA/509/18-19; 12.02.2019 |
| കെട്ടിട ഉടമസ്ഥന്റെ പേരും വിലാസവും | P.T ഷിബു, നന്ദനം, തിരുവാതുക്കൽ, കോട്ടയം വെസ്റ്റ് |
| ഭൂമിയുടെ ഏരിയ,സർവ്വെ നമ്പരുകൾ | സർവ്വെ നം-ഏരിയ<br>32/2, 64/1, 02.10ആർ |
| കെട്ടിടം | വാണിജ്യം-79.57<br>ഡോർമിറ്ററി-193.22 |
| പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥൻ | V.K ലാൽ കുമാർ, അസിസ്റ്റന്റ എഞ്ചിനീയർ. |

ഉടമസ്ഥന്റെ സ്ഥലം കോട്ടയം മുനിസിപ്പാലിറ്റിയിലെ റയിൽവേ സ്റ്റേഷൻ-ലോഗോസ് ജംഗ്ഷൻ റോഡിൽ

നിന്നുമുള്ള സ്വകാര്യ റോഡിനരികിലാണ് കിടക്കുന്നത്. ഫയൽ പ്രകാരം ആകെ ഭൂമിയുടെ ഏരിയ 2.10ആർ മാത്രമാണ്.

a) പാർക്കിംഗ് നിബന്ധനകൾ പാലിക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 34(2) പ്രകാരം F(വാണിജ്യം) വിനിയോഗത്തിൽ ഉൾപ്പെട്ട കെട്ടിടത്തിനു $1000m^2$നു താഴെ കാർപ്പറ്റ് ഏരിയ വരുന്ന പക്ഷം ഓരോ $75m^2$ നം ഓരോ കാർ സ്ഥലം വേണം. അതേ പോലെ A2 വിനിയോഗത്തിൽ പ്ലാൻ പ്രകാരം $12m^2$ ൽ കൂടുതലുള്ള ഓരോ 1.5 മുറികൾക്കും ഒരു കാർ സ്ഥലവും സൈറ്റിലുണ്ടാകണം. പ്ലാൻ പ്രകാരം $12m^2$ ൽ കൂടുതലുള്ള നാല്ല മുറികളും $12m^2$ ൽ താഴെയുള്ള 4 ഏരിയകളും ഡോർമെറ്ററിയായി കാണിച്ചിട്ടുണ്ട്.KMBR റൂൾ 34(2) പ്രകാരം 5 കാറുകൾക്കുള്ള സ്ഥലവും (4/1.5= 3 Car,4/4=1 car,For disables-1 car) അതിനനുസരിച്ചുള്ള ഇരുചക്രവാഹനങ്ങൾക്കുള്ള സ്ഥലവും സൈറ്റിലുണ്ടാകേണ്ടതാണ്. വാണിജ്യ കെട്ടിടത്തിനാവശ്യമായ കാർ സ്പേസും സൈറ്റിലില്ല (79.57/75=2). സൈറ്റിൽ ഫ്രണ്ട് യാർഡിൽ 3 കാറുകൾക്കുള്ള സ്ഥലം മാത്രമാണ് കാണിച്ചിട്ടുള്ളത്. ഇത് അംഗീകരിക്കാനാവില്ല.

റൂൾ 34(7) പ്രകാരം തുറസ്സായ സ്ഥലത്തിനു(Open Space) മതിയായ വാഹന പ്രവേശനമാർഗ്ഗവും വാഹനങ്ങൾക്കു വളഞ്ഞു തിരിയുന്നതിനുള്ള സഞ്ചാരസൌകര്യവുമുള്ളപക്ഷം തുറസ്സായ സ്ഥലത്തിന്റെ പരമാവധി 50% മാത്രമാണ് കാർ പാർക്കിംഗിനു അനുവദിച്ചിട്ടുള്ളത്.എന്നാൽ ടി സൈറ്റിന്റെ ഫ്രണ്ട് യാർഡിന്റെ 100% സ്ഥലവും കാർ പാർക്കിംഗിനായി കാണിച്ചത് അംഗീകരിക്കാനാവില്ല.മാത്രമല്ല നിലവിലെ പ്ലാൻ പ്രകാരം 5 കാറുകൾക്കുള്ള സ്ഥലവും സൈറ്റിലില്ല. ഇത്തരത്തിൽ KMBR നു വിരുദ്ധമായ പ്ലാനിനു അംഗീകാരം നൽകിയതിനു ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരണം നൽകേണ്ടതാണ്. ടി പ്ലാൻ പ്രകാരം ഡോർമിറ്ററിയായിട്ടാണോ അതോ വാണിജ്യ വിഭാഗമായിട്ടാണോ കെട്ടിടം പ്രവർത്തി ക്കുന്നതെന്ന് പിന്നീട് നഗരസഭ പരിശോധിക്കേണ്ടതും തുടർ നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**5) പാർക്കിംഗ് നിബന്ധനകൾ പാലിക്കാത്ത കെട്ടിടത്തിനു ബിൽഡിംഗ് പെർമിറ്റ് നൽകി.**

| | |
|---|---|
| ഫയൽ നം | PW3-BA(281274)/2018 |
| ബിൽഡിംഗ് പെർമിറ്റ് നം/തീയതി | PW3/BA/158/18-19; 04.12.2018 |
| ഡെവലപ്പ്മെന്റ് പെർമിറ്റ് നം/തീയതി | PW3/BA/494/18-19; 22.01.2019 |
| കെട്ടിട ഉടമസ്ഥന്റെ പേരും വിലാസവും | ജോർജ് T.J & റാണി ജോർജ്, തുമ്പശ്ശേരിൽ വീട്, കുരോപ്പട പി.ഒ, കോട്ടയം |
| ഭൂമിയുടെ ഏരിയ,സർവ്വെ നമ്പരുകൾ | സർവ്വെ നം-ഏരിയ<br>S-9R-17, 15/2, 15/3, 15, 16-47.18ആർ |
| കെട്ടിടം | വാണിജ്യം-A-$1071.64m^2$, B-$168m^2$,<br>C-$1171.46m^2$, D-$5031.35m^2$<br>Total-$7442.45m^2$ |
| പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥൻ | J. മൂഹമ്മദ് ഷാഫി, മുനിസിപ്പൽ സെക്രട്ടറി. |

| | |
|---|---|
| | ബിജിമോൾ E.R, എക്സിക്യൂട്ടീവ് എഞ്ചിനീയർ. |

ഫയൽ പരിശോധിച്ചതിൽ നിന്നും പാർക്കിംഗ് നിബന്ധനകൾ പാലിക്കാത്ത കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് നൽകി യതായി കണ്ടു. വിവിധ വകുപ്പുകളിൽ നിന്നും വേണ്ട അനുമതികളും ലഭ്യമാക്കിയില്ല. ടി ഉടമസ്ഥന്റെ സ്ഥലം കോട്ടയം മുനിസിപ്പാലിറ്റിയിലെ കളക്ടറേറ്റ്-കഞ്ഞിക്കുഴി K.K റോഡിൽ (N.H) ഈസ്റ്റ് പോലീസ് സ്റ്റേഷന് എതിർവശത്തായാണ് കിടക്കുന്നത്. ഫയൽ പ്രകാരം ആകെ ഭൂമിയുടെ ഏരിയ 47.18ആർ ആണ്.

a) National Highway,Pollution Control Board എന്നിവയുടെ N.O.C കൾ ഹാജരാക്കിയിട്ടില്ല.

16.08.2018 ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ National Highway,Pollution Control Board എന്നിവ യുടെ N.O.C കൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഫയലിൽ ഈ വകുപ്പുകളുടെ യാതൊരു അനുമതിപത്രങ്ങളും ലഭ്യമല്ല.ആയത് അടിയന്തിരമായി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേൽ വകുപ്പുകളുടെ അനുമതികളില്ലാതെ ബിൽഡിംഗ് പെർമിറ്റ് നൽകിയതായി കണക്കാക്കുന്നതാണ്. K.K റോഡ് നാഷണൽ ഹൈവേ ആയതിനാൽ ഹൈവേ അതോറിറ്റിയുടെ N.O.C ആവശ്യമാണ്. K.K റോഡ് വികസനത്തിനു വേണ്ടി കോട്ടയം ടൗൺ പ്ലാനിംഗ് സ്കീമിൽ ഉൾപ്പെടുത്തിയതു പ്രകാരം ടി പ്ലോട്ടിലേക്ക് നിലവിലുള്ള റോഡിന്റെ അതിരിൽ നിന്നും 8m പ്ലോട്ടിലേക്ക് നിർമ്മാണം അനുവദിക്കില്ല. ടി 8m ൽ നിന്നും 3m സെറ്റ് ബാക്ക് വിട്ടിട്ടാണോ കെട്ടിട നിർമ്മാണം നടത്തുന്നത് എന്നറിയുന്നതിന് NH അതോറിറ്റിയുടെ അതിർത്തി നിർണ്ണയം നടത്തിയതിന്റെയും അനുമതിപത്രത്തിന്റേയും സാക്ഷ്യപത്രങ്ങൾ ഓഡിറ്റിനു ഹാജരാ ക്കിയിട്ടില്ല.

b) പാർക്കിംഗ് നിബന്ധനകൾ പാലിക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 34(2) പ്രകാരം F(വാണിജ്യം) വിനിയോഗത്തിൽ ഉൾപ്പെട്ട കെട്ടിടത്തിനു $1000m^2$നു മുകളിൽ കാർപ്പറ്റ് ഏരിയ വരുന്ന പക്ഷം ഓരോ $50m^2$ നും ഓരോ കാർ സ്ഥലം വേണം. D എന്ന കെട്ടിട ത്തിൽ സെല്ലാർ ഭാഗമാണ് (സെല്ലാർ-1,സെല്ലാർ-2)കാർ പാർക്കിംഗിനായി കാണിച്ചിരിക്കുന്നത്. അവശേഷിക്കുന്ന കെട്ടിട ഭാഗത്തിന്റെ കാർപ്പറ്റ് ഏരിയ കണക്കിലെടുത്താൽ ആകെ 56 കാറുകൾക്കുള്ള സ്ഥലം സൈറ്റിലുണ്ടാകേണ്ടതാണ്.

പാർക്കിംഗ് = 2697.78/50=53.95=54 കാറുകൾ

ആകെ വേണ്ട കാർപാർക്കിഗിന്റെ 25% റൂൾ-34(4) ഇരുചക്ര വാഹനങ്ങൾക്കും സൈറ്റിലുണ്ടാകേണ്ടതാണ്.

KMBR-1999 റൂൾ 40A(5) പ്രകാരം ശാരീരിക അവശതയുള്ളവർക്ക് ഉണ്ടായിരിക്കേണ്ട പാർക്കിംഗിന്റെ 2% കുറഞ്ഞത് ഒരു കാറിനുള്ള സ്ഥലം അധികമായി സൈറ്റിലുണ്ടാകണം.അപ്രകാരം 54 കാറുകൾക്കുള്ള സ്ഥലത്തിന്റെ ($54x14.85 =801.9m^2$) 2% എന്നത് $16m^2$ ആണ്. ഇത് സൈറ്റിൽ കാണിച്ചിട്ടില്ല.

എന്നാൽ സെല്ലാർ ഫ്ലോറിൽ ആകെ 48 കാറുകൾക്കുള്ള സ്ഥലം മാത്രമാണ് മാറ്റിയിട്ടുള്ളത്.അതിനാൽ 7 കാറുകൾക്കുള്ള സ്ഥലവും അതിനാനുപാതികമായി സ്കൂട്ടർ വയ്ക്കുന്നതിനുള്ള സ്ഥലവും സെല്ലാർ ഫ്ലോറിലില്ല എന്നു വ്യക്തമാണ്.

ഇപ്രകാരം ടി കെട്ടിട നിർമ്മാണത്തിനു ആവശ്യമായ കാർ പാർക്കിംഗ് ലഭ്യമല്ലാ എന്നിരിക്കെ പുതിയ കെട്ടിട നിർമ്മാണത്തിനു അനുമതി നൽകിയത് ക്രമപ്രകാരമല്ല.

**6) കൈവശാവകാശ സാക്ഷ്യപത്രത്തിൽ 'നിലം' എന്നു രേഖപ്പെടുത്തിയ സ്ഥലത്ത് ഹോട്ടൽ നിർമ്മിക്കാൻ പെർമിറ്റ് നൽകി.**

| | |
|---|---|
| ഫയൽ നം | PW4-BA(267766)/2019 |
| ബിൽഡിംഗ് പെർമിറ്റ് നം/തീയതി | PW4/BA/233/18-19; 16.11.2018 |
| കെട്ടിട ഉടമസ്ഥന്റെ | സാജൻ മാണി, ഹോട്ടൽ |

| | |
|---|---|
| പേരും വിലാസവും | സിയേഴ്സ് (P) ലിമിറ്റഡ്. കോട്ടയം. |
| ഭൂമിയുടെ ഏരിയ,സർവ്വെ നമ്പരുകൾ | സർവ്വെ നം-ഏരിയ-ഇനം/തരം<br>36/4-0.53 ആർ-നിലം<br>36/3-09.69 ആർ-നിലം<br>36/1-03.51 ആർ-നിലം<br>**ആകെ-13.73 ആർ നിലം**<br>37-18.21 ആർ-പുരയിടം<br>**ആകെ-31.94 ആര്** |
| കെട്ടിട നിർമ്മാണം-F (വാണിജ്യം) | 3286.66 $m^2$ |
| കെട്ടിട നിർമ്മാണം-A2 (Special Residence) | 4294.54$m^2$<br>ആകെ-7581.2$m^2$ |
| ഭൂവികസനം | PW4/BA/413/18-19; 01.12.2018 |
| പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥൻ | J. മുഹമ്മദ് ഷാഫി, മുനിസിപ്പൽ സെക്രട്ടറി.<br>ബിജിമോൾ E.R, എക്സിക്യൂട്ടീവ് എഞ്ചിനീയർ. |

കൈവശാവകാശ സാക്ഷ്യപത്രത്തിൽ 'നിലം' എന്ന രേഖപ്പെടുത്തിയ സ്ഥലത്ത് ഹോട്ടൽ നിർമ്മി ക്കാൻ പെർമിറ്റ് നൽകി യതായി ഫയൽ പരിശോധിച്ചപ്പോൾ കണ്ടു. മുട്ടമ്പലം വില്ലേജ് ഓഫീസറുടെ 03.07.2018 ലെ 883/2018 നമ്പർ കൈവശാവകാശ സാക്ഷ്യപത്ര പ്രകാരമാണ് ടി സ്ഥലം നിലമാണെന്ന രേഖപ്പെടുത്തിയിട്ടുള്ളത്. ഈ സ്ഥലത്താണ് ഹോട്ടൽ നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് നൽകിയിട്ടുള്ളത്. (0.53 ആർ+09.69 ആർ+03.51ആർ=13.73ആർ) ഈ സ്ഥലത്ത് ഹോട്ടൽ നിർമ്മാണം പൂർത്തിയാക്കുകയും 18.11.2019 ൽ Partial Occupancy മുനിസിപ്പൽ സെക്രട്ടറി നൽകുകയും ചെയ്തു (3286.66$m^2$). ഹോട്ടലിന് XIII/202 A,B എന്നീ നമ്പരുകൾ അനുവദിക്കുകയും ചെയ്തു.

പ്രസ്തുത ഭൂമി ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന വ്യക്തമല്ല. ഡേറ്റാ ബാങ്കിൽ നിലമായോ തണ്ണീർത്തടമായോ ഉൾപ്പെടാത്തതും എന്നാൽ റവന്യൂ രേഖകളിൽ നിലം എന്ന രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി മറ്റ് ആവശ്യങ്ങൾക്ക ഉപയോഗിക്കുന്നതിന അനുമതി നൽകുന്നതിനുള്ള അധികാരം കളക്ടർ/R.D.O യിൽ നിക്ഷിപ്തമായിരിക്കുമെന്നും അപേക്ഷകൾ 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവിന്റെ ക്ലോസ്-6 പ്രകാരം പരിഗണിക്കണമെന്നും ബഹു സുപ്രീം കോടതിയുടെ 2015(1).KLT 984(RDO Fort Kochi Vs Jalaja Dileep) കേസ്സിലെ 10.03.2015 ലെ വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം നിയമനടപടികൾ സ്വീകരിച്ച് ടി സ്ഥലം പരിവർത്തനം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടില്ല. ആയതിനാൽ ഈ വിഷയത്തിൽ വകുപ്പുതലത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

**7) 35% കവറേജ് എന്ന നിബന്ധന പാലിക്കാതെ ചെറിയ പ്ലോട്ടിൽ സ്കൂൾ കെട്ടിടം അധികമായി നിർമ്മിക്കാൻ പെർമിറ്റ് നൽകി.**

| | |
|---|---|
| ഫയൽ നം | PW4-BA(1157033)/2018 |
| ബിൽഡിംഗ് പെർമിറ്റ് നം/തീയതി | PW4/BA/86/18-19; 23.07.2018 |
| കെട്ടിട ഉടമസ്ഥന്റെ പേരും വിലാസവും | കാതോലിക്കേറ്റ് & MD സ്കൂൾ, ദേവലോകം അരമന, മുട്ടമ്പലം P.O |
| ഭൂമിയുടെ ഏരിയ,സർവ്വെ നമ്പരുകൾ | സർവ്വെ നം-ഏരിയ<br>S-124, R-57<br>06.36ആർ |
| പ്ലിന്ത് ഏരിയ | 435.26m$^2$ |
| പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥൻ | M.P ബിനോയ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |

ഉടമസ്ഥന്റെ സ്ഥലം കോട്ടയം മുനിസിപ്പാലിറ്റിയിലെ താഴത്തങ്ങാടി ജില്ലാ സഹകരണ ബാങ്കിനു സമീപം കോട്ടയം-കുമരകം റോഡിനരികിലാണ് കിടക്കുന്നത്. ഫയൽ പ്രകാരം ആകെ ഭൂമിയുടെ ഏരിയ 06.36ആർ മാത്രമാണ്.

a) കവറേജ് നിബന്ധന ലംഘിക്കപ്പെട്ടു.

35% കവറേജ് എന്ന നിബന്ധന പാലിക്കാതെ ചെറിയ പ്ലോട്ടിൽ സ്കൂൾ കെട്ടിടം നിർമ്മിക്കാൻ പെർമിറ്റ് നൽകിയതായി പരിശോധനയിൽ കണ്ടു. ഈ പ്ലോട്ടിൽ നിലവിൽ ഒരു സ്കൂൾ കെട്ടിടം ഉണ്ടായിരുന്നു.(കെട്ടിട നമ്പർ:XXIII/371). ഈ കെട്ടിടം പൊളിച്ചുമാറ്റും എന്നു പ്ലാനിൽ രേഖപ്പെടുത്തിയതു കൊണ്ട് ഇതിന്റെ അളവുകൾ F.A.R, കവറേജ് എന്നിവയ്ക്കു പരിഗണിച്ചിട്ടില്ല. എന്നാൽ പഴയ സ്കൂൾ കെട്ടിടം (30.08.2018) പൊളിച്ചിട്ടില്ലായെന്നു രേഖകളിൽ നിന്നും വ്യക്തമാണ്. ഇത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനമാണ്. സ്കൂൾ കെട്ടിടങ്ങളുടെ വിനിയോഗത്തിനു 35% കവറേജാണ് പരമാവധി സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പഴയ കെട്ടിടം പൊളിക്കാത്തിടത്തോളം കവറേജ് നിബന്ധന പാലിക്കപ്പെടില്ല. നൽകിയ പെർമിറ്റ് പ്രകാരം രണ്ടു നിലയായിട്ടാണ് കെട്ടിടം നിർമ്മിക്കുന്നത്. (217.63x2=435.26m$^2$). നിർമ്മിക്കാനുള്ള കെട്ടിടത്തിന്റെ അളവു മാത്രം കണക്കിലെടുത്താൽ തന്നെ കവറേജ് നിബന്ധനയുടെ പരമാവധിയുടെ പരിധിയിലാണെന്നു കാണാം (217.63/636=34.21%)

പഴയ സ്കൂൾ കെട്ടിടത്തിന്റെ ഒരു ഭാഗം റോഡ് വികസനത്തിനായി വിട്ടുകൊടുക്കേണ്ട സ്ഥലം കൂടിയാണ്. ഇവിടെ 1.5 M ദൂരത്തിൽ റോഡ് വൈഡനിംഗിനു ടൗൺ പ്ലാനിംഗ് സ്കീം ഉണ്ട്. പാർക്കിംഗ് സംബന്ധിച്ച പ്ലാനോ പഴയ സ്കൂൾ കെട്ടിടത്തിന്റെ അളവുകളോ പ്ലാനിൽ കാണിച്ചിരുന്നില്ല. ഈ അപാകത എഞ്ചിനീയറിംഗ് വിഭാഗം ചൂണ്ടിക്കാണിച്ചിട്ടുമില്ല. നിലവിൽ പഴയ സ്കൂൾ കെട്ടിടം പൊളിച്ചുകളഞ്ഞോയെന്നും ഒരു സ്കൂളിനു അത്യാവശ്യം വേണ്ട തുറന്ന സ്ഥലം ഉണ്ടോയെന്നും എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് റിപ്പോർട്ടു ചെയ്യേണ്ടതാണ്.

**8) ഹോസ്റ്റൽ കെട്ടിടത്തിന്റെ ഡൈനിംഗ് ഏരിയ പാർക്കിംഗ് അളവുകൾക്ക് കണക്കിലെടുത്തില്ല.**

| | |
|---|---|
| ഫയൽ നം | PW4-BA(34486)/2019 |
| ബിൽഡിംഗ് പെർമിറ്റ് നം/തീയതി | PW4/BA/416/18-19;15.02.2019 |
| കെട്ടിട ഉടമസ്ഥന്റെ പേരും വിലാസവും | സുരേഷ് പോൾ & ലൂസ് പോൾ,വട്ടുകളത്തിൽ വീട്, |

| | |
|---|---|
| | ചാലിക്കുന്ന്, കോട്ടയം |
| ഭൂമിയുടെ ഏരിയ,സർവ്വെ നമ്പരുകൾ | സർവ്വെ നം-ഏരിയ<br>S-34/3-1, 09.90ആർ |
| കെട്ടിടം | A2-ഹോസ്റ്റൽ-601.56$m^2$ |
| പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥൻ | ബിജിമോൾ E.R, എക്സിക്യൂട്ടീവ് എഞ്ചിനീയർ. |

ഉടമസ്ഥന്റെ സ്ഥലം കോട്ടയം മുനിസിപ്പാലിറ്റിയിലെ കോട്ടയം -ചാലുകുന്ന് റോഡിൽനിന്നുമുള്ള സ്വകാര്യ റോഡിനരികിലാണ് കിടക്കുന്നത്. ഫയൽ പ്രകാരം ആകെ ഭൂമിയുടെ ഏരിയ 09.90ആർ ആണ്.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 34(2) പ്രകാരം A2 വിനിയോഗത്തിൽ ഉൾപ്പെട്ട കെട്ടിടത്തിനു ഭക്ഷണം കഴിയ്ക്കുന്നതിനുള്ള സൗകര്യമുണ്ടെങ്കിൽ നിയമാനുസൃത പാർക്കിംഗിനു പുറമെ ഡൈനിംഗ് ഏരിയയുടെ 20$m^{2-}$ന് 1അല്ലെങ്കിൽ 10 സീറ്റുകൾക്ക് 1എന്ന രീതിയിൽ പാർക്കിംഗിനു സ്ഥലം പ്ലോട്ടിൽ ഉണ്ടാകണം. എന്നാൽ ഇതു കണക്കിലെടുത്തിട്ടില്ല.

പ്ലാൻ പ്രകാരം 6.6x7.25=47.85$m^2$ സ്ഥലം ഈ ഹോസ്റ്റലിന്റെ ഡൈനിംഗ് ഏരിയയാണ്. റൂൾ പ്രകാരം 3 കാറുകൾ ക്കുള്ള സ്ഥലം (47.85/20) അധികമായി സൈറ്റിലുണ്ടാകണം. KMBR റൂൾ 40A(5) പ്രകാരം ശാരീരിക അവശതയു ള്ളവർക്ക് ഒരു കാറിനുള്ള സ്ഥലവും അധികമായി സൈറ്റിലുണ്ടാകണം. ഇപ്രകാരമുള്ള 4 കാറുകൾക്കുള്ള സ്ഥലം പ്ലാനിൽ കാണിച്ചിട്ടില്ല. പ്ലാനിൽ മുറികൾക്കു ആനുപാതികമായ 8 കാറുകൾക്കുള്ള സ്ഥലം മാത്രമേയുള്ളൂ. അധികമായി വേണ്ട 4 കാറുകൾക്കുള്ള സ്ഥലം സൈറ്റിലില്ല എന്നിരിക്കെ പെർമിറ്റ് അനുവദിച്ചതിനു വിശദീകരണം നൽകേണ്ടതാണ്.

മേൽ ചേർത്തിരിക്കുന്ന അപാകതകളിന്മേൽ നഗരസഭ അന്വേഷണം നടത്തേണ്ടതും മറ്റു തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഗൌരവതരമായ പരാമർശങ്ങളിന്മേൽ വകുപ്പുതലത്തിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-17 വലിയ തോതിൽ മണ്ണെടുക്കുന്നതിനു വികസന പെർമിറ്റ് നൽകിയതിനു ശേഷം തുടർ നിരീക്ഷണങ്ങളുണ്ടാകുന്നില്ല.

മുനിസിപ്പാലിറ്റിയിൽ മണ്ണെടുക്കുന്നതിനായി വരുന്ന അപേക്ഷയിന്മേൽ വികസന പെർമിറ്റ് നൽകിയതിനു ശേഷം തുടർ നിരീക്ഷണങ്ങളുണ്ടാകുന്നില്ലായെന്നു കാണുന്നു. വലിയ തോതിലുള്ള മണ്ണെടുക്കുന്നതിനു ഭൂമിയുടെ ഏരിയ കണക്കാക്കി ഫീസ് ഈടാക്കുക എന്നതിൽ കവിഞ്ഞ് യാതൊരു തുടർ നിരീക്ഷണങ്ങളും നഗരസഭ നടത്തുന്നില്ല. പെർമിറ്റിന്റെ പകർപ്പുകൾ ജില്ലാ ജിയോളജിസ്റ്റിനും റവന്യൂ അധികാരികൾക്കും കൈമാറി മണ്ണെടുക്കുന്നതിലെ സുതാര്യത ഉറപ്പുവരുത്തുന്നില്ല.

കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ഖനനം ചെയ്തു കൂട്ടിയിട്ടിരിക്കുന്ന മണ്ണ് ഗതാഗതം ചെയ്യുന്നതിനു മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ട്രാൻസിറ്റ് പാസ്സുകൾ ലഭിക്കണം. പാസ്സുകളില്ലാതെ മണ്ണ് ട്രാൻസ്പോർട്ട് ചെയ്യുന്നത് 2015 ലെ കേരള മിനറൽസ് പ്രിവൻഷൻ (ഇല്ലീഗൽ മൈനിംഗ്,സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരം കുറ്റകരവും ശിക്ഷാർ ഹവുമാണ്. അപ്രകാരം പാസ്സില്ലാതെ മണ്ണു മാറ്റുന്ന വ്യക്തികളിൽ നിന്നും ചട്ടപ്രകാരം റോയൽറ്റിയും പിഴയും ജിയോളജി വകുപ്പ് ചുമത്താറുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് സമ്പാദിച്ച് അതിന്റെ മറവിൽ കുന്നിടിക്കുന്നവരെ നിയന്ത്രിക്കേണ്ടതുണ്ടെന്ന ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തി ലാണ് പ്രസ്തുത ചട്ടത്തിൽ ഭേദഗതികൾ വരുത്തിയത്. 2015 ലെ KMMC ചട്ടങ്ങൾ പ്രകാരം 300$m^2$ വരെ തറവിസ്തീർണ്ണം വരുന്ന കെട്ടിടങ്ങളുടെ നിർമ്മാണത്തിനു മണ്ണ് പുറത്തുകൊണ്ടു പോകേണ്ടതി ല്ലെങ്കിൽ ജില്ലാ ജിയോളജിസ്റ്റിൽ നിന്നും അംഗീകാരം തേടേണ്ടതില്ല. അല്ലാത്ത എല്ലാ ഖനനപ്രവർത്തനങ്ങൾക്കും മറ്റു വകുപ്പു കളുടെ കൂടി സഹകരണം ഉണ്ടാകേണ്ടതുണ്ട്. നഗരസഭയിലുള്ള മണ്ണ് ഖനനപ്രവർത്തനങ്ങൾ സുതാര്യമായി നടക്കുന്നതിന് പെർമിറ്റുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട വകുപ്പുകളെ അറിയിക്കേണ്ടതും തുടർ നിരീക്ഷണങ്ങൾ

നടത്തേണ്ടതുമാണ്.

നഗരസഭയിൽ നിന്നും 2018-19 ൽ നൽകിയ ഏതാനും വികസന പെർമിറ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| ഫയൽ നം | PW4-BA(224501)/2019 |
| ബിൽഡിംഗ് പെർമിറ്റ് നം/തീയതി | PW4/BA/729/18-19; 13.08.2019 |
| കെട്ടിട ഉടമസ്ഥന്റെ പേരും വിലാസവും | അരുൺ സെബാസ്റ്റ്യൻ ജോസഫ്, കാരിപ്പറമ്പിൽ, മൂലവട്ടം പി.ഒ, കോട്ടയം |
| ഭൂമിയുടെ ഏരിയ,സർവ്വെ നമ്പരുകൾ | സർവ്വെ നം- ഏരിയ<br>S-53, 11.35ആർ |
| കെട്ടിടം | വാണിജ്യം- 3182.52$m^2$ |
| പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥൻ | J. മുഹമ്മദ് ഷാഫി, മുനിസിപ്പൽ സെക്രട്ടറി.<br>ബിജിമോൾ E.R, എക്സിക്യൂട്ടീവ് എഞ്ചിനീയർ. |

ഫയൽ പരിശോധിച്ചതിൽ നിന്നും Land Excavation (മണ്ണ് ഉദ്ഘനനം) നടത്തുന്നതിനുള്ള ഡ്രോയിംഗ്സുകളും ഉടമസ്ഥൻ ഹാജരാക്കിയിരുന്നു. പ്ലാൻ പ്രകാരം 3486.80$m^3$ മണ്ണെടുത്തു മാറ്റുന്നുണ്ട് (ഏകദേശം 870 ലോഡ് മണ്ണ്). Land Developmentപ്ലാനിൽ മുനിസിപ്പാലിറ്റി ഓവർസിയർ 02.07.2019 ൽ ഒപ്പിട്ടു അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ലാന്റ് ഡവലപ്പ്മെന്റ് പെർമിറ്റ് നൽകിയതായോ പെർമിറ്റ് ഫീസ് അടവാക്കിയതിന്റെയോ യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല.

2)

| | |
|---|---|
| ഫയൽ നം | PW3-BA(281274)/2018 |
| ബിൽഡിംഗ് പെർമിറ്റ് നം/തീയതി | PW3/BA/158/18-19; 04.12.2018 |
| ഡെവലപ്പ്മെന്റ് പെർമിറ്റ് നം/തീയതി | PW3/BA/494/18-19; 22.01.2019 |
| കെട്ടിട ഉടമസ്ഥന്റെ പേരും വിലാസവും | ജോർജ് T.J & റാണി ജോർജ്, തുമ്പശ്ശേരിൽ വീട്, കുരോപ്പട പി.ഒ, കോട്ടയം |
| ഭൂമിയുടെ ഏരിയ,സർവ്വെ നമ്പരുകൾ | സർവ്വെ നം- ഏരിയ<br>S-9R-17, 15/2, 15/3, 15, 16- 47.18ആർ |

| | |
|---|---|
| കെട്ടിടം | വാണിജ്യം-A-1071.64m$^2$,<br>B-168m$^2$,<br>C-1171.46m$^2$ , D-5031.35m$^2$<br>Total-7442.45m$^2$ |
| പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥൻ | J. മുഹമ്മദ് ഷാഫി, മുനിസിപ്പൽ സെക്രട്ടറി.<br>ബിജിമോൾ E.R, എക്സിക്യൂട്ടീവ് എഞ്ചിനീയർ. |

ടി ഉടമസ്ഥന്റെ സ്ഥലം കോട്ടയം മുനിസിപ്പാലിറ്റിയിലെ കളക്ടറേറ്റ്-കഞ്ഞിക്കുഴി K.K റോഡിൽ (N.H) ഈസ്റ്റ് പോലീസ് സ്റ്റേഷന് എതിർവശത്തായാണ്. കിടക്കുന്നത്. ഫയൽ പ്രകാരം ആകെ ഭൂമിയുടെ ഏരിയ 47.18ആർ ആണ്.ഫയൽ പരിശോധിച്ചതിൽ നിന്നും Land Excavation (മണ്ണ് ഉദ്ഘനനം) നടത്തുന്നതിനുള്ള ഡ്രോയിംഗ്സുകളും ഉടമസ്ഥൻ ഹാജരാക്കിയിരുന്നു. റോഡിനോടു ചേർന്നുള്ള ഭാഗത്ത് D എന്ന വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് 4662.14m$^3$ മണ്ണെടുത്തു മാറ്റുന്നതിനുള്ള പ്ലാൻ കാണിച്ചിരുന്നു. (863.36m$^2$ x 5.4m).

3)

| | |
|---|---|
| ഫയൽ നം | PW4-BA(267766)/2019 |
| ബിൽഡിംഗ് പെർമിറ്റ് നം/തീയതി | PW4/BA/233/18-19; 16.11.2018 |
| കെട്ടിട ഉടമസ്ഥന്റെ പേരും വിലാസവും | സാജൻ മാണി, ഹോട്ടൽ സിയേഴ്സ് (P) ലിമിറ്റഡ്. കോട്ടയം. |
| ഭൂമിയുടെ ഏരിയ,സർവ്വെ നമ്പരുകൾ | സർവ്വെ നം-ഏരിയ-ഇനം/തരം<br>36/4-0.53 ആർ-നിലം<br>36/3-09.69 ആർ-നിലം<br>36/1-03.51 ആർ-നിലം<br>**ആകെ-13.73 ആർ നിലം**<br>37-18.21 ആർ-പുരയിടം<br>**ആകെ-31.94 ആർ** |
| കെട്ടിട നിർമ്മാണം-F (വാണിജ്യം) | 3286.66 m$^2$ |
| കെട്ടിട നിർമ്മാണം-A2 (Special Residence) | 4294.54m$^2$<br>ആകെ-7581.2m$^2$ |
| ഭൂവികസനം | PW4/BA/413/18-19; 01.12.2018 |
| പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥൻ | J. മുഹമ്മദ് ഷാഫി, മുനിസിപ്പൽ സെക്രട്ടറി. |

| | |
|---|---|
| | ബിജിമോൾ E.R,<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ. |

ഫയൽ പരിശോധിച്ചതിൽ നിന്നും Land Excavation (മണ്ണ് ഉദ്ഘനനം) നടത്തുന്നതിനുള്ള ഡ്രോയിംഗ്സുകൾ ഉടമസ്ഥൻ ഹാജരാക്കിയിരുന്നു.പ്ലാൻ പ്രകാരം 1764.4$m^3$ മണ്ണെടുത്തു മാറ്റുന്നതിനായിരുന്നു (ഏകദേശം 441 ലോഡ് മണ്ണ്) പെർമിറ്റ് നൽകിയിട്ടുള്ളത്.

ഈ വിഷയത്തിൽ നഗരസഭ അധികൃതരുടേയും എഞ്ചിനീയറിംഗ് വിഭാഗത്തിന്റേയും മറുപടി 7 ദിവസത്തിനകം ഓഡിറ്റിനു നൽകേണ്ടതാണെന്നുംഅല്ലാത്തപക്ഷം ഇവ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നും അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:77/2018-19; 21.04.2020.)നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിൽ നഗരസഭ ഭരണസമിതി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ഒരു കോടി ഇരുപത്തിയഞ്ചു ലക്ഷം രൂപ മുടക്കിയ ആധുനിക അറവുശാലയുടെ നിർമ്മാണം പൂർത്തിയാക്കാനായില്ല.

2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലായി നഗരസഭയിലെ 29 ാം വാർഡിലുള്ള കോടിമത മാർക്കറ്റിൽ ആധുനിക അറവുശാലയുടെ നവീകരണത്തിനും യന്ത്രങ്ങൾ സ്ഥാപിക്കുന്ന തിനും ലക്ഷക്കണക്കിനു രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ പാതിവഴിയിൽ നിലച്ച ആധുനിക അറവുശാല പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിക്കുന്ന സ്ഥലമായി മാറിയെന്നു ഓഡിറ്റു നേരിട്ടു നടത്തിയ ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഓഡിറ്റിനു ലഭ്യമായ ഫയലുകളിൽ നിന്നുമുള്ള ചെലവു തുകയുടെ വിശദാം ശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്ട് നം/പേര് | ഫണ്ടിനം, വകയിരുത്തിയ തുക | ചെലവഴിച്ച തുക,<br>ബിൽ നം |
|---|---|---|---|
| 2017-18 | 908/17-18, അറവുശാല കെട്ടിടം വൈദ്യുതീകരണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-10,00,000 | ₹6,22,464<br>ബിൽ നം:10223/<br>26.03.2018 |
| 2017-18 | 676/18, അറവുശാല നവീകരണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-10,00,000 | ₹8,83,706<br>ബിൽ നം:12570/<br>19.03.2018 |
| 2017-18 | 865/17-18, അറവുശാലയ്ക്കു ചുറ്റുമതിൽ നിർമ്മാണം. | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-12,75,000 | ₹12,02,139<br>ബിൽ നം:12151/<br>19.03.2018 |
| 2017-18 | 924/17-18, അറവുശാലയിൽ മാംസം വിൽക്കുന്നതിനുള്ള സ്റ്റാൾ നിർമ്മിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-33,00,000 | ₹10,62,868<br>ബിൽ നം:40351/<br>28.03.2018 |

| | | | |
|---|---|---|---|
| | | | ₹19,96,820 ബിൽ നം:77944/ 29.11.2018 ₹26,572 chq no: 2353792/ 16.01.2019 |
| 2018-19,2019-20 | S.O783/18-19,S.O630/19-20ആധുനിക അറവുശാലയിൽ മെക്കാനിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-70,00,000 | ₹67,83,000 ബിൽ നം:64781/ 31.10.2019 |
| 2018-19 | 906/17-18, S.O785/18-19, ആധുനിക അറവുശാലയിൽ ETP സംവിധാനം സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-40,00,000 | 0 |
| | ആകെ | | 1,25,77,569 |

തൃശ്ശൂർ, മണ്ണുത്തിയിലുള്ള കേരള വെറ്റിനറി & ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, മീറ്റ് ടെക്നോളജി യൂണിറ്റ് ഡിപ്പാർട്ട്മെന്റ് പ്രൊഫസർ ആയ ശ്രീ. പി. കുഞ്ഞിനാരാ യണൻ M.Vsc, PhD കോട്ടയം മുനിസിപ്പാലിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 05.05.2016 ൽ (No.MTU/HR/3/1/faculty/15-16) സ്ലോട്ടർ ഹൗസിന്റെ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കിയിരുന്നു. ഇതു പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ മറ്റു ഇൻഫ്രാസ്ട്രക്ച്ചറിനു വേണ്ട ചെലവും മെക്കാനിക്കൽ,E.T.P (Effluent Treatment Plant), ഇൻസിനറേറ്റർ എന്നിവയ്ക്ക് ശരാശരി തുക കണക്കാക്കി മുനിസിപ്പാലിറ്റിയ്ക്ക് ലഭ്യമാക്കിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | മെക്കാനിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കൽ | 3700000 |
| 2 | E.T.P | 15,00,000 |
| 3 | ഇൻസിനറേറ്റർ | 7,00,000 |
| 4 | അധിക സിവിൽ വർക്കുകൾ,ചുറ്റുമതിൽ | രേഖപ്പെടുത്തിയിട്ടില്ല. |
| 5 | ഇലക്ട്രിക്കൽ, പ്ലംബിംങ് വർക്കുകൾ | രേഖപ്പെടുത്തിയിട്ടില്ല. |

**അറവുശാല നിർമ്മാണത്തിലെ അപാകതകൾ.**

**1) ആദ്യ എസ്റ്റിമേറ്റിന്മേലുള്ള തുടർ നടപടികൾക്കു രണ്ടര വർഷം താമസം വന്നതിനാൽ 33 ലക്ഷം രൂപ അധികമായി ചെലവഴിക്കേണ്ടി വന്നു.**

05/2016 ൽ കേരള വെറ്റിനറി & ആനിമൽ സയൻസ് യൂണിവേഴ്സിറ്റി പ്രൊഫസർ ലഭ്യമാക്കിയ എസ്റ്റിമേറ്റിന്മേൽ ടെണ്ടർ ക്ഷണിക്കാനുള്ള നടപടികൾ താമസിക്കുകയും 01/2018 ൽ മെക്കാനിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി മറ്റൊരു എസ്റ്റിമേറ്റ് നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുകയും ചെയ്തു. ഇതു

പ്രകാരം മെക്കാനിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കൽ എന്ന ഒരു ഇനത്തിനു മാത്രമായി 70 ലക്ഷം രൂപ വകയിരുത്തേണ്ടി വന്നു. ആദ്യ എസ്റ്റിമേറ്റിൽ 37 ലക്ഷം രൂപ മാത്രം മതിയെന്നിരിക്കെ, രണ്ടര വർഷം കാലതാമസമെടുത്തപ്പോൾ പുതുക്കിയ എസ്റ്റിമേറ്റിനു 70 ലക്ഷം വകയിരുത്തി. ഇതു പ്രകാരം മുനിസിപ്പാലിറ്റിയ്ക്ക് 33 ലക്ഷം രൂപ അധികമായി ചെലവഴിക്കേണ്ടി വന്നു.

**2) 97% മെക്കാനിക്കൽ ഉപകരണങ്ങൾ മാത്രം സ്ഥാപിച്ചു. യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കിയില്ല.**

15.03.2018 ൽ 70ലക്ഷം രൂപയുടെമെക്കാനിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഇ-ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ 03.07.2018 ൽ റീ-ടെണ്ടർ നടത്തി. തുടർന്ന്, എറണാകുളം, കിഴക്കമ്പലം, DELBERT Industries Pvt.Ltd. എന്ന സ്ഥാപനം 90.275 ലക്ഷം രൂപ ടെണ്ടറിൽ ക്വോട്ട് ചെയ്യുകയും (04.08.2018) തുടർചർച്ചകളെത്തുടർന്ന് 70 ലക്ഷം രൂപയുടെ കരാറിൽ ഏർപ്പെടുകയും ചെയ്തു (കരാർ നം:328/2018-19;11.01.2019).തുടർന്ന് 11.01.2019 ൽ ടി സ്ഥാപനത്തിനു വർക്ക് ഓർഡർ നൽകി. വർക്ക് ഓർഡർ പ്രകാരം മൂന്നു മാസത്തിനകം (11.04.2019) യന്ത്രോപകരണങ്ങൾ പൂർണ്ണമായും സ്ഥാപിക്കണമായിരുന്നു. എന്നാൽ സ്ഥാപനം ഹാജരാക്കിയ ബിൽ പ്രകാരം 67,83,000 രൂപയുടെ ഉപകരണങ്ങൾ മാത്രമെ സ്ഥാപിച്ചിട്ടുള്ളൂ. 2.17 ലക്ഷം രൂപയുടെ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ല. ബില്ലുകളുടെ പരിശോധനയിൽ Electrical Stunning Tool,Trolly made of hot dip galvanised with PVC Tank എന്നിവ സ്ഥാപിച്ചതായി കണ്ടില്ല.സ്ഥാപിച്ച ഉപകരണങ്ങളുടെ ബിൽ തുകയായ 67.83 ലക്ഷം രൂപ സ്ഥാപനത്തിനു 2019-20 ൽ നൽകിയിരുന്നു. അവശേഷിക്കുന്ന ഉപകരണങ്ങൾ സ്ഥാപിച്ച യന്ത്രഭാഗങ്ങൾ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.


(ആധുനിക അറവുശാലയ്ക്കായി സ്ഥാപിച്ച ഉപകരണങ്ങൾ)

**3) E.T.P (Effluent Treatment Plant) നിർമ്മാണം തുടങ്ങാനായിട്ടില്ല. പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ അംഗീകാരമില്ലാത്ത ഏജൻസിയെ ഏൽപ്പിച്ചു. സമർപ്പിച്ച റിപ്പോർട്ടിൽ വലിയ പൊരുത്തക്കേടുകൾ.**

ETP നിർമ്മാണത്തിനായി 2017-18 സാമ്പത്തിക വർഷം പ്രൊജക്ട് നം 906/17 ആയി 40 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 05/2016ലെ കേരള വെറ്റിനറി&ആനിമൽ സയൻസ് യൂണിവേഴ്സിറ്റി പ്രൊഫസർ ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 15 ലക്ഷം രൂപ മാത്രം ചെലവു വരുമായിരുന്ന പ്രസ്തുത പ്ലാന്റിനു കാലതാമസം മൂലം ചെലവു തുക കൂടി വന്നു. 22.06.2018 ലെ Centre for Management Development ന്റെ റിപ്പോർട്ട് പ്രകാരം ETP യുടെ ഏകദേശ മതിപ്പ് ചെലവ് 20-25 ലക്ഷം വരെ ആകുയെന്നും യഥാർത്ഥ ചെലവ് DPR (Detailed Project Report) പൂർത്തിയായാൽ മാത്രമെ അറിയാൻ സാധിക്കൂ എന്നും നഗരസഭയെ അറിയിച്ചു. DPR തുകയുടെ 2% മാത്രം അനുവദിച്ച് കരാർ ഒപ്പിടാൻ തയ്യാറാണെന്നും സ്ഥാപനം അറിയിച്ചിരുന്നു. ഈ സ്ഥാപനം ശുചിത്വമിഷന്റെ അംഗീകൃത ഏജൻസി ആയിരുന്നു. DPR തയ്യാറാക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിക്കുന്നതിന് 28.07.2018 ലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശുപാർശയെത്തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും 05.09.2018 ൽ Centre for Management Development Studies ന്റെ തന്നെ സിംഗിൾ ടെണ്ടർ ലഭിക്കുകയും ചെയ്തു.ആദ്യ ടെണ്ടറിൽ Single Tender അംഗീകരിക്കാൻ കഴിയില്ല എന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർ 11.10.2018ൽ ശുപാർശ ചെയ്തതിനെത്തുടർന്ന് 12.11.2018 ൽ മാനുവൽ ടെണ്ടർ നടത്തി. നാലു സ്ഥാപനത്തിന്റെ ടെണ്ടർ ലഭിച്ചപ്പോൾ DPR തുകയുടെ 1.4% നിരക്കു രേഖപ്പെടുത്തിയ Hi-Tech Bio Fertilizers എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുവാൻ 21.11.2018 ൽ മുനിസിപ്പൽ എഞ്ചിനീയർ ശുപാർശ ചെയ്തു. തുടർന്ന് ടി സ്ഥാപനവുമായി നഗരസഭ കരാറിൽ ഏർപ്പെട്ടു (കരാർ നം:412/18-19;20.02.2019).എന്നാൽ ETP പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ DPR നു പകരം സിവിൽ വർക്കുകൾ,10 വർഷത്തെ തൊഴിലാളികളുടെ ശമ്പളം എന്നിവ ഉൾപ്പെടെ 1.69 കോടി രൂപയുടെ DPR ആണ് ഹാജരാക്കിയത്. ഇതു പ്രകാരം ടി തുകയുടെ 1.4% ആയ 2,37,308 രൂപ സ്ഥാപനത്തിനു നൽകേണ്ടതായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | Civil works | 42,00,000 |
| 2 | Setting up ETP plant | 30,00,000 |
| 3 | Ten year OEM | 97,50,600 |
| | Total | 1,69,50,500 |

തുടർന്ന് സമർപ്പിച്ച DPR ൽ അപാകതകളുള്ളതായി 19.08.2019 ൽ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. പ്രധാന അപാകകതകൾ ചുവടെ ചേർക്കുന്നു.

a) എസ്റ്റിമേറ്റിൽ അളവുകൾ അധികമായി രേഖപ്പെടുത്തിയിരിക്കുന്നു.

b) Operation Charge ഇനത്തിൽ മൂന്ന് ആളുകൾക്ക് 81255 രൂപ നിരക്കിൽ 10 വർഷത്തേക്ക് 97.50 ലക്ഷം രൂപ ഉൾപ്പെടുത്തി.

Centre for Management& Development Studies ന്റെ എസ്റ്റിമേറ്റ് പ്രകാരം 20-25 ലക്ഷം മാത്രം ചെലവു വരുന്ന ETP നിർമ്മാണത്തിനു Hi-Tech Bio Fertilizers എന്ന സ്ഥാപനത്തിന്റെ DPR ൽ 1.69 കോടി രൂപയായത് ക്രമപ്രകാരമല്ല. ഇപ്രകാരം അധികമായി തുക എഴുതിച്ചേർത്ത DPR ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സ്ഥാപനത്തിനു ബിൽ തുക നൽകുമ്പോൾ ടി വിഷയം കണക്കിലെടുക്കേണ്ടതാണ്.

ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.02.2017 ലെ ഉത്തരവു പ്രകാരം (നം.1198/G/2016/ SM) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രൊജക്ട് നിർവ്വഹണ ത്തിനും വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായും എം പാനൽ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ഏജൻസികളേയും രേഖാമൂലം അറിയിച്ച് മത്സരാധിഷ്ഠിത ടെണ്ടർ പ്രക്രിയ പാലിച്ചുകൊണ്ടാവണം ഏജൻസികളെ തെരഞ്ഞെടുക്കേണ്ടത്.എന്നാൽ DPR തയ്യാറാക്കുന്നതിനു ശുചിത്വമിഷൻ തെരഞ്ഞെടുക്കപ്പെട്ട ഏജൻസികളിൽ Hi-Tech bio fertilzers India എന്ന സ്ഥാപനം ഇല്ല. പകരം Sewage Treatment Plant ന്റെ സേവനദാതാക്കളായേ അവരെ അംഗീകരിച്ചിട്ടുള്ളൂ. ETP സേവനദാതാക്കളായോ Liquid waste Management ൽ DPR തയ്യാറാക്കുന്ന ഏജൻസിയായോ ശുചിത്വമിഷൻ അംഗീകരിക്കാത്ത സ്ഥാപനത്തിനു കരാർ നൽകിയത് ക്രമപ്രകാരമല്ല.

മാനുവൽ ടെണ്ടറിൽ Liquid waste Management ൽ DPR തയ്യാറാക്കുന്നതിനു ശുചിത്വമിഷൻ അംഗീകരിച്ച Centre for management Development ന്റെയും Ram biologicals, Ultra tech Environmental Consultancy and Laboratory എന്നീ സ്ഥാപനങ്ങളുടെ ക്വോട്ടുകൾ പരിഗണിച്ചിട്ടില്ല.ഇതിൽ അംഗീകാരമുള്ള RAM Biologicals 22.11.2018 ൽ DPR 60000 രൂപയ്ക്ക് തയ്യാറാക്കി നൽകാമെന്നു മുനിസിപ്പൽ എഞ്ചിനീയർക്കു കത്തു (നം.5058/LSG/KTM/DPR /2018-19) നൽകി യെങ്കിലും ആയതും പരിഗണിച്ചില്ല.

നഗരസഭയുടെ 10 വർഷത്തെ ആവശ്യം മുൻകൂട്ടികണ്ടുകൊണ്ട് 30000 ലിറ്റർ മലിനജലം ശുദ്ധീകരിക്കുന്നതിനാവശ്യമായ പ്ലാന്റ് സ്ഥാപിക്കാമെന്ന് നഗരസഭ ഹെൽത്ത് വിഭാഗം 20.12.2017 ൽ മുനിസിപ്പൽ എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ടി വിവരം മുനിസിപ്പൽ എഞ്ചിനീയർ 29.12.2017 ൽ Centre for Management Development നെ അറിയിക്കുകയും (PW2-16289/17) DPR തയ്യാറാക്കുന്നതിനു നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇതിനുള്ള മറുപടിയിലാണ് ETP സ്ഥാപിക്കു ന്നതിനു 25 ലക്ഷം രൂപ മാത്രമെ മതിപ്പുചിലവ് ആകുകയുള്ളൂ എന്ന് ആ സ്ഥാപനം മുനിസിപ്പൽ എഞ്ചിനീയറെ അറിയിച്ചത്. (CMD.391/2018;22.06.2018)

എന്നാൽ Hi-Tech bio fertilzers India എന്ന സ്ഥാപനം 15000 ലിറ്ററിന്റെ ഒരു പ്ലാനാണ് മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചത്. ശുചിത്വമിഷൻ കൺസൾട്ടന്റിന്റെ ശുപാർശ പ്രകാരം പ്ലാന്റിന്റെ കപ്പാസിറ്റി 15Kld യിൽ നിന്നും 30Kld (30000 ലിറ്റർ) ആയി അവസാന നിമിഷം വർദ്ധിപ്പിച്ചപ്പോൾ കരാർ കാലാവധി പിന്നേയും കൂടി. 13.12.2019 ൽ 60 ദിവസത്തേക്ക് ടി സ്ഥാപനത്തിനു പുതുക്കിയ DPR നൽകുവാൻ മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടു. ഇപ്രകാരം DPR തയ്യാറാക്കുന്നതിലെ കാലതാമസവും ഏജൻസിയെ തെരഞ്ഞെടുത്തതിലെ അപാകതകൾ മൂലവും ETP നിർമ്മാണം മുടങ്ങിക്കിടക്കുന്നു. 2019-20 ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 40 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും മേൽ അപാകതകൾ കാരണം തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

**4) അവശേഷിക്കുന്ന മറ്റു നിർമ്മാണ പ്രവൃത്തികൾ.**

നഗരസഭ ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ 14.10.2019 ൽ കൂടിയ മിനിട്സ് പ്രകാരം (PW2-11647/16) ഇനിയും നിരവധി പ്രവർത്തനങ്ങൾ നടത്തിയാലെ ആധുനിക അറവുശാലാ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കാൻ കഴിയൂ എന്നു ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a) അറവുശാല നടത്തിപ്പിനു P.C.B യിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനു വിവിധ ഡ്രോയിംങ്ങുകൾ തയ്യാറാക്കുന്നതിനു ഏജൻസിയെ നിയമിക്കണം.

b) ഫയർ & റസ്ക്യൂ ഡിപ്പാർട്മെന്റിൽ നിന്നും അനുമതി ലഭ്യമാക്കണം.

c) മണ്ണു പരിശോധന റിപ്പോർട്ട് ലഭ്യമാക്കണം.

d) അറവുശാല കെട്ടിടത്തിനു അനുബന്ധമായി ചില്ലർ റൂം, വാട്ടർ അതോറിറ്റി കണക്ഷൻ,KSEB കണക്ഷൻ,ഓവർഹെഡ് വാട്ടർ ടാങ്ക്, എന്നിവ സ്ഥാപിക്കണം.

e) 2000 Kg ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കണം.

നിലവിൽ അറവുശാല കെട്ടിടത്തിനു സമീപവും കെട്ടിടത്തിന്റെ പല ഭാഗങ്ങളിലും പ്ലാസ്റ്റിക് മാലിന്യം കൂട്ടിയിട്ടിരിക്കുന്നതായി ഓഡിറ്റ് നേരിട്ടു നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.മേൽ പ്രവർത്തനങ്ങൾക്കായി നഗരസഭ സ്വീകരിച്ച നടപടികൾ വിശദീകരിക്കണമെന്നാവശ്യപ്പെട്ടിരുന്നു. അപാകകതകളിന്മേൽ അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം:57/2018-19;17.01.2020.) നിർവ്വഹണ ഉദ്യോഗസ്ഥരായ എഞ്ചിനീയറിംഗ് വിഭാഗം മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിയോടു ഓഡിറ്റ് ശുപാർശ ചെയ്യുന്നു.നിർമ്മാണം പൂർത്തീകരിച്ച് ആധുനിക അറവുശാല പ്രവർത്തനക്ഷമമാകുന്നതു വരെ ഇതിനായി **ചെലവഴിച്ച ₹12,577,569 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

## 1-19 മുനിസിപ്പൽ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ അനധികൃത കൈയ്യേറ്റം ഒഴിപ്പിച്ചില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം/പേര് | S.O 891/18-19,നഗരസഭ മെയിൻ ഓഫീസ് ചുറ്റുമതിൽ,ടൊയ്ലെറ്റ് നിർമ്മാണം. |
| ഫണ്ടിനം, വകയിരുത്തിയ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-9,73,611 |
| ചെലവഴിച്ച തുക, ബിൽ നം | 9,73,277<br>ബിൽ നം:39634/10.01.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിജിമോൾ E.R,എക്സിക്യൂട്ടീവ് എഞ്ചിനീയർ |

മുനിസിപ്പൽ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ തെക്കു ഭാഗത്ത് മതിൽ നിർമ്മിക്കുന്നതിനും ടൊയ്ലെറ്റ് നിർമ്മിക്കുന്നതിനും പദ്ധതി ടെണ്ടർ ചെയ്തതിനെത്തുടർന്ന് കുറഞ്ഞ നിരക്കു ക്വോട്ട് ചെയ്ത ശ്രീ. T.C ചെറിയാനു വർക്ക് ഓർഡർ നൽകിയിരുന്നു. മതിൽ നിർമ്മാണം തുടങ്ങാനിരിക്കെ തെക്കു ഭാഗത്ത് അതിർത്തി തിരിച്ചറിയാൻ കഴിയുന്നില്ലായെന്നും ആയത് സർവ്വെക്കല്ലിട്ട് തിരിച്ചു തരണമെന്നും 14.02.2018കരാറുകാരൻ നഗരസഭയോടു അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് നഗരസഭ ഓഫീസ് കോമ്പൗണ്ടിന്റെ അതിർത്തികൾ റവന്യൂ സ്കെച്ച് പ്രകാരം സർവ്വെ നടത്തി നിർണ്ണയിച്ച് അടയാളം സ്ഥാപിക്കുന്നതിന് സർക്കാർ അംഗീകൃത സർവ്വേയർമ്മാരിൽ നിന്ന് 21.02.2018 ൽ ക്വട്ടേഷൻ ക്ഷണിക്കുകയും ശ്രീ സജിമോൻ കെ.വി എന്ന സർവ്വേയർക്ക് വർക്ക് ഓർഡർ (PW2-3762/17;04.03.2018) നൽകുകയും ചെയ്തു. ശ്രീ സജിമോൻ കെ.വി യുടെ 14000 രൂപയുടെ ക്വട്ടേഷൻ

അംഗീകരിച്ചിരുന്നു. എന്നാൽ ടി തുക ഏതു ഫണ്ടിൽ നിന്നും നൽകിയെന്നുള്ള വിവരം ഫയലിൽ ലഭ്യമല്ല.

കോട്ടയം കളക്ടേറ്റിനു എതിർവശത്തുള്ള മെഷർ ലാന്റ് എന്ന സ്ഥാപനത്തിന്റെ സർവ്വെ സ്കെച്ച് ഫയലിൽ ലഭ്യമാണ്. ഇതിൽ ഔദ്യോഗികമായി ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. ശ്രീ സജിമോൻ കെ.വി എന്ന സർവ്വെയറുടെ പേര് സ്കെച്ചിലുണ്ട്. 20.03.2018 ലെ ഈ സർവ്വെ സ്കെച്ചു പ്രകാരം 25$m^2$ സ്ഥലം അതിർത്തിപ്രദേശത്തെ ഉടമയായ ശ്രീ നൗഷാദിന്റെ സ്ഥലം മുനിസിപ്പൽ കോമ്പൗണ്ടിലുള്ളതായും മുനിസിപ്പാലിറ്റിയുടെ 25 $m^2$ സ്ഥലം ശ്രീ നൗഷാദിന്റെ പക്കൽ ഉള്ളതായും കാണിച്ചിരിക്കുന്നു.ഇതിനെത്തുടർന്ന് അതിർത്തിയിലെ അറേബ്യൻ ഹോട്ടൽ ഉടമ ശ്രീ നൗഷാദ് ടി രണ്ടു സ്ഥലങ്ങളും പരസ്പരം വച്ചുമാറാൻ സമ്മതമാണെന്നു നഗരസഭയെ 02.05.2018 ൽ അറിയിച്ചിരുന്നു. ഇതിനനുകൂലമായ റിപ്പോർട്ടാണ് 18.05.2018 ലെ A.E-II ഫയലിൽ കുറിച്ചിട്ടുള്ളത്.



എന്നാൽ താലൂക്ക് സർവ്വെയറെക്കൊണ്ട് അതിർത്തി നിർണ്ണയിക്കുവാൻ കൗൺസിൽ തീരുമാനിച്ചതിനെത്തുടർന്ന് (തീരുമാനം നം:61;28.05.2018) റവന്യൂ,മുനിസിപ്പൽ ഉദ്യോഗസ്ഥർ സംയുക്തമായി 13.07.2018 ൽ സർവ്വെ നടത്തുകയും തെക്കുഭാഗത്തിന്റെ അതിർത്തി നിർണ്ണയം നടത്തുകയും ചെയ്തു.ഇതു പ്രകാരം സമീപത്തെ വ്യക്തി മുനിസിപ്പൽ ഭൂമി അനധികൃത മായി കൈയ്യേറുകയും ആ ഭാഗത്ത് കെട്ടിടം നിർമ്മിച്ചതായും 28.07.2018 ൽ ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോട്ടയം താലൂക്ക് ഓഫീസ്, ഭൂരേഖ തഹസീൽദാരുടെ 06.08.2018 ലെ G2-7052/18/Kdis കത്തു പ്രകാരം കോട്ടയം നഗരസഭയുടെ ഭൂമിയുടെ 0.0041 ഹെക്ടർ സ്ഥലം (1.02 സെന്റ്) കൈയ്യേറിയതായും (മുട്ടമ്പലം വില്ലേജ്,ബ്ലോക്ക് 55,റീസർവ്വെ നം.2) കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കോട്ടയം നഗരസഭ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു അറിയിപ്പു നൽകിയിട്ടുണ്ട്.

നഗരസഭ കൗൺസിലിന്റെ 20.10.2018 ലെ 36 ാം തീരുമാന പ്രകാരം താലൂക്ക് സർവ്വെയറുടെ റിപ്പോർട്ടിനെത്തുടർന്ന് അനധികൃതമായി നിർമ്മിച്ച കെട്ടിട ഭാഗം ഒഴിപ്പിച്ച് മുനിസിപ്പാലിറ്റിയുടേതാക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു.എന്നാൽ ഇത് അവഗണിക്കപ്പെടുകയും കൈയ്യേറ്റം ഒഴിപ്പിക്കാതെ ചുറ്റുമതിൽ നിർമ്മാണം നടക്കുകയും ചെയ്തു.ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തി വകുപ്പുതല നടപടികൾ സ്വീകരിക്കാൻ നഗരസഭ കൗൺസിലിനോടു ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് നടത്തിയ പരിശോധനയിൽ കൈയ്യേറിയ സ്ഥലത്തിനോടു ചേർന്ന് കെട്ടിടം നിർമ്മിച്ചതായും ഇതിനു നഗരസഭയിൽ നിന്നും കെട്ടിടനിർമ്മാണത്തിനുള്ള പെർമിറ്റ് നൽകിയതായും കണ്ടു. കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നഗരസഭ സ്വീകരിച്ച നടപടികളെ സംബന്ധിച്ച അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (ഓഡിറ്റ് എൻക്വയറി നം:55/2018-19; 17.01.2020.) എഞ്ചിനിയറിംഗ് വിഭാഗം ഉദ്യോഗസ്ഥരോ നഗരസഭ സെക്രട്ടറിയോ മറുപടി നൽകിയിട്ടില്ല. സ്വകാര്യ ഏജൻസി നടത്തിയ സർവ്വെയിൽ വ്യാജമായി സ്കെച്ച് തയ്യാറാക്കിയതിനു മുനിസിപ്പാലിറ്റി തുടർ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ടി ഏജൻസിയ്ക്കു 14000 രൂപ ഫീസായി നൽകിയ തിന്റെ വിശദാംശങ്ങളും ആവശ്യപ്പെട്ടെങ്കിലും ആയതിനും മറുപടി ലഭ്യമാക്കിയില്ല. നഗരസഭ ഭൂമി തിരിച്ചുപിടിക്കാൻ തുടർ നിയമ നടപടികൾ സ്വീകരിക്കാൻ ഭരണ സമിതിയോടു ഓഡിറ്റ് ശുപാർശ ചെയ്യുന്നു. പെർമിറ്റ് നൽകിയതിലും മറ്റു അപാകതകളിലും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ തുടർ നടപടികൾ സ്വീകരിക്കാനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

### 1-20 ലക്ഷങ്ങൾ ചെലവഴിച്ചു നഗരസഭയിൽ സ്ഥാപിച്ച ബയോ ബിന്നുകൾ പ്രവർത്തിക്കുന്നില്ല.

| | |
|---|---|
| പ്രൊജക്ട് നം/പേര് | S.O 830/18-19, വിവിധ വാർഡുകളിൽ ബയോബിന്നുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച്. |
| ഫണ്ടിനം, വകയിരുത്തിയ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 73,48,921 |
| ചെലവഴിച്ച തുക, ബിൽ നം | 26,83,349<br>ബിൽ നം:27130/18.05.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ലത M.S,എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| എം ബുക്ക് നം | 461/17-18,460/17-18 |

നഗരസഭ പരിധിയിൽ വിവിധ വാർഡുകളിൽ ബയോബിന്നുകൾ സ്ഥാപിക്കുന്നതിനായി (തുമ്പൂർമുഴി മോഡൽ) 2016-17 ൽ 61 ലക്ഷം രൂപയുടെ പദ്ധതി (പ്രൊജക്ട് നം:597/17) തയ്യാറാക്കി യിരുന്നു.നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർമാർ കണ്ടെത്തിയ സ്ഥലങ്ങൾ സംബന്ധിച്ച് ആരോഗ്യ കാര്യ സ്ഥിരം സമിതി 04.01.2017 ലെ തീരുമാന പ്രകാരമാണ് ഈ പദ്ധതി തയ്യാറാക്കി യിരുന്നത്.ഇ-ടെണ്ടർ ക്ഷണിച്ചതിനെത്തുടർന്ന് 58,40,607.43 രൂപ ക്വോട്ട് ചെയ്ത ശ്രീ ഷാജി ലാൽ എന്ന വ്യക്തിയ്ക്ക് 31.03.2017 ൽ വർക്ക് ഓർഡർ നൽകി.

5.20മീറ്റർ നീളവും 7.20 മീറ്റർ വീതിയുമുള്ള ഷെഡ്ഡിനകത്ത് 6 ബയോബിൻ യൂണിറ്റുകളടങ്ങുന്ന 16 ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനായിരുന്നു പദ്ധതി തയ്യാറാക്കിയിരുന്നത്. ഇപ്രകാരം 16x6=96 ബയോബിൻ യൂണിറ്റുകൾ നിർമ്മിക്കുന്നതിനായിരുന്നു പദ്ധതി തയ്യാറാക്കിയത്.

വിവിധ ഇടങ്ങളിൽ നിർമ്മാണം തുടങ്ങിയപ്പോൾ നാട്ടുകാർ അത് തടസ്സപ്പെടുത്തിയെന്നു ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫൗണ്ടേഷനു റബ്ൾ കിട്ടാത്തതിനാൽ സോളിഡ് ബ്ലോക്ക് കട്ടകൾ കൊണ്ട് നിർമ്മിക്കാമെന്നുള്ള കരാറുകാരന്റെ അഭ്യർത്ഥനയും ഷെഡിന്റെ തറ ടൈൽ ഇടണമെന്നുള്ള ഹെൽത്ത് വിഭാഗത്തിന്റെ നിർദ്ദേശത്തേയും തുടർന്ന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. വിവിധ സ്ഥലങ്ങളിൽ പല അളവിലുള്ള സ്ഥലങ്ങളാണ് ലഭ്യമാകുന്നതെന്നും അതിനാൽ ഷെഡ്ഡിന്റെ അളവിൽ വ്യത്യാസങ്ങളുണ്ടെന്നും 20.12.2017 ൽ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിന് 25.01.2018 ൽ നഗരസഭ ചെയർപേഴ്സൺ അംഗീകാരം നൽകിയിരുന്നു.

തുടർന്ന് പൂർത്തീകരിച്ച പ്രവൃത്തികളുടെ തുക നൽകാമെന്നുള്ള 28.03.2018 ലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ജയകുമാർ. A യുടെ റിപ്പോർട്ടിനെത്തുടർന്ന് ആദ്യ പാർട്ട് ബിൽ തയ്യാറാക്കുകയും 2018-19 ൽ നൽകുകയും ചെയ്തു. ബിൽ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | പ്രവൃത്തി മൂല്യം | ₹26,83,349 |
| 2 | (-) IT | ₹26,833 |
| 3 | (-) KCWWF | ₹26,940 |
| 4 | (-) Retention 2.5% | ₹67,084 |
| | Balance to contractor | ₹25,62,599 |

50 ബയോബിൻ യൂണിറ്റുകൾ നിർമ്മിച്ചിട്ടുണ്ടെന്നും ആയതിനു പാർട്ട് ബിൽ തുക നൽകിയിട്ടുണ്ടെന്നും 26.06.2018 ൽ എഞ്ചിനീയറിംഗ് വിഭാഗം ഫയലിൽ നോട്ട് എഴുതിയിട്ടുണ്ട്. ടി നോട്ട് പ്രകാരം താഴെ പറയുന്ന ഇടങ്ങളിൽ ബയോബിൻ യൂണിറ്റുകൾ സ്ഥാപിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നം | സ്ഥലം | ഷെഡ്ഡിന്റെ എണ്ണം | ബയോബിൻ യൂണിറ്റുകൾ | ബയോബിൻ യൂണിറ്റുകൾ-ആരോഗ്യ വിഭാഗത്തിനു കൈമാറിയത് |
|---|---|---|---|---|
| 1 | പന്നിമറ്റം നിർമ്മിതി കോളനി | 1 | 8 | 8 |
| 2 | പോർട്ട് റോഡ് വശം,നാട്ടകം | 1 | 6 | 6 |
| 3 | വയസ്കര | 1 | 4 | 4 |
| 4 | നാഗമ്പടം ബസ് സ്റ്റാന്റ് | 1 | 10 | 10 |
| 5 | നാഗമ്പടം മൈതാനം-നോർത്ത് | 1 | 20 | 0 |
| 6 | നാഗമ്പടം മൈതാനം-സൗത്ത് | 1 | 10 | 10 |
| | **ആകെ** | | **58** | **38** |

05.09.2018 ലെ PW-1 സെക്ഷന്റെ കുറിപ്പ് പ്രകാരം നിർമ്മിച്ച 58 യൂണിറ്റുകളിൽ 38 എണ്ണം മാത്രമാണ് ഹെൽത്ത് വിഭാഗത്തിനു കൈമാറിയിട്ടുള്ളതെന്നു കണ്ടു. നാഗമ്പടം മൈതാനം-നോർത്ത് ൽ നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിനു ഇരുത്തം വന്നിട്ടുള്ളതിനാൽ അവ പരിഹരിച്ച ശേഷമേ ഉപയോഗയോഗ്യമാക്കാൻ കഴിയൂ എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

ബയോബിനുകൾ സ്ഥാപിക്കുന്നതിനു സ്ഥലം ലഭ്യമാക്കണമെന്ന കരാറുകാരന്റെ നിരന്തര അഭ്യർത്ഥനയെത്തുടർന്ന് ഹെൽത്ത് വിഭാഗത്തിന്റെ ശുപാർശയോടെ കൗൺസിൽ 02.03.2019 ൽ 11 സ്ഥലത്ത് 60 യൂണിറ്റുകൾ നിർമ്മിക്കുന്നതിനു അംഗീകാരം നൽകി. എന്നാൽ ഈ സ്ഥലങ്ങളിൽ സ്ഥല പരിശോധനയിൽ ഇവ നിർമ്മിക്കാൻ കഴിയുകയില്ലായെന്ന് 06.04.2019 ൽ അസി.എഞ്ചിനീയർ ശ്രീ V.K ലാൽ കുമാർ റിപ്പോർട്ട് നൽകിയതിനെത്തുടർന്ന് നിർമ്മാണം പിന്നേയും താമസിച്ചു. സ്ഥലം കണ്ടെത്തുന്നതിലെ കാല താമസം കാരണം ബയോബിനുകൾ സ്ഥാപിക്കുന്നതിന് കരാറുകാരന് 16.11.2019 ലെ കൗൺസിൽ തീരുമാന പ്രകാരം (നം.28) 31.03.2020 വരെ കാലാവധി ദീർഘിപ്പിച്ചു നൽകി.

SP ഓഫീസ്, റയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 27.12.2019 ൽ റിപ്പോർട്ട് ചെയ്യുകയും 18,05,711 രൂപയുടെ രണ്ടാം പാർട്ട് ബിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പദ്ധതിയിലെ അപാകതകളിന്മേൽ അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കണ മെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം:65/2018-19;18.01.2020.) നഗരസഭ അധികൃതർ മറുപടി നൽകിയിട്ടില്ല.

1. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുമ്പ് അലുമിനിയം ട്രഫോർഡ് ഷീറ്റ് മാറ്റി GS ഷീറ്റ് ഇടുന്നതിനു തീരുമാനമുണ്ടായിരുന്നു. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ അലുമിനിയം ട്രഫോർഡ് ഷീറ്റ് തന്നെയാണ് കാണിച്ചിട്ടുള്ളത്. കരാറുകാരൻ GS ഷീറ്റാണോ അലുമിനിയം ട്രഫോർഡ് ഷീറ്റാണോ ഷെഡ്ഡുകളിൽ ഇട്ടത് എന്നു വ്യക്തമല്ല. (എം ബുക്കുകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.)

2. ആദ്യ പാർട്ട് ബില്ലിൽ 58 ബയോ ബിന്നുകൾ നിർമ്മിച്ചതിനു തുക കരാറുകാരനു നൽകിയിട്ടുണ്ട്. എന്നാൽ 38 എണ്ണം മാത്രമേ ഹെൽത്ത് വിഭാഗത്തിനു കൈമാറിയിട്ടുള്ളൂ. നാഗമ്പടം മൈതാനത്തിലെ നോർത്ത് ഭാഗത്തുള്ള 20 യൂണിറ്റുകൾ കെട്ടിടത്തിന്റെ അപാകതകൾ കാരണം കൈമാറിയിട്ടില്ല. ഇപ്രകാരം അപാകതകൾ നിലനിൽക്കെ, ബിൽ തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

3.നാഗമ്പടം മൈതാനത്തിലെ നോർത്ത് ഭാഗത്തുള്ള 20 യൂണിറ്റുകൾ കെട്ടിടത്തിന്റെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കരാറുകാരനു മുനിസിപ്പൽ എഞ്ചിനീയർ 05.09.2018 ൽ കത്ത്

നൽകിയിരുന്നു. ആയത് ഓഡിറ്റ് കാലയളവു വരേയും പരിഹരിച്ച് ടി യൂണിറ്റുകൾ ഹെൽത്ത് വിഭാഗത്തിനു കൈമാറിയിട്ടില്ല.

4.നാഗമ്പടം മൈതാനത്തിലെ നോർത്ത് ഭാഗത്തുള്ള 20 യൂണിറ്റുകളുള്ള കെട്ടിടം റയിൽവെ ഏറ്റെടുത്തതാണെന്നും ടി പ്ലാന്റ് പൊളിച്ചു നീക്കണമെന്നും ചെല്ലിയൊഴുക്കം റോഡിൽ CPI ഓഫീസിനു സമീപം നിർമ്മിച്ച പ്ലാന്റ് പൊട്ടിപ്പൊളിഞ്ഞു പ്രവർത്തനക്ഷമമല്ലയെന്നും നഗരസഭ ഹെൽത്ത് വിഭാഗം സൂപ്രണ്ട് 09.07.2019 ൽ (H4-16137/19) മുനിസിപ്പൽ എഞ്ചിനീയറെ അറിയിച്ചിരുന്നു. റയിൽവെ ഏറ്റെടുത്ത സ്ഥലത്തു പ്ലാന്റ് നിർമ്മിക്കാനുണ്ടായതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. അതിനാൽ ലക്ഷങ്ങൾ ചെലവഴിച്ച നിർമ്മിച്ച ബയോബിന്നുകൾ ഭാവിയിൽ നഷ്ടമാകാനാണ് സാധ്യത.

5. നിലവിൽ എത്ര പ്ലാന്റുകൾ പ്രവർത്തനക്ഷമമാണെന്നുള്ള റിപ്പോർട്ട് നഗരസഭ ഹെൽത്ത് വിഭാഗത്തിൽ നിന്നും ലഭ്യമാക്കാൻ സെക്രട്ടറിയോടു ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.



(നാഗമ്പടം ബസ് സ്റ്റാന്റിൽ നിർമ്മിച്ച ഉപയോഗശൂന്യമായ ബയോബിൻ യൂണിറ്റ്)

മേൽ വിവരിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ ഇതിനായി ചെലവഴിച്ച **₹26,83,349 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** മേൽ അപാകതകൾ പരിഹരിച്ച വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിനായി 9.82ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നം/പേര് | 585/18-19,പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിലേക്ക് മെഷിനറികൾ വാങ്ങൽ |
| ഫണ്ടിനം, വകയിരുത്തിയ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-16,00,000 |
| ചെലവഴിച്ച തുക, ബിൽ നം | 9,82,943<br>ബിൽ നം:80028/30.11.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സുമ S,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| നിർവ്വഹണ ഏജൻസി | ക്ലീൻ കേരള കമ്പനി. |

2017-18 ൽ രണ്ടു പ്ലാസ്റ്റിക് വെയിസ്റ്റ് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നഗരസഭയിൽ പദ്ധതി തയ്യാറാക്കിയിരുന്നു. എന്നാൽ തൻവർഷം നടപ്പാകാതെ വന്നതിനാൽ 2018-19 ൽ 16 ലക്ഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി പദ്ധതി സ്പിൽ ഓവറാക്കി. ഇതിനായി നഗരസഭയിലെ രണ്ടാം വാർഡിലെ ആധുനിക

അറവുശാലയുടെ അടുത്തായും പച്ചക്കറി മാർക്കറ്റിലെ കാന്റീന്റെ സമീപത്തുമായി രണ്ടു ഷെഡ്ഡുകളുടെ നിർമ്മാണം 2018-19 ൽ പൂർത്തീകരിച്ചിരുന്നു. ഈ ഷെഡ്ഡുകളുടെ നിർമ്മാണത്തിനായി 43.51 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. (പ്രൊജക്ട് നം:796/18-19,മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രം നിർമ്മാണം, ധനകാര്യ കമ്മീഷൻ ഗ്രാന്റ്-4351019).

എന്നാൽ രണ്ടു യൂണിറ്റുകൾക്കായി കെട്ടിടം നിർമ്മിച്ചപ്പോൾ ഒരു യൂണിറ്റിലേക്കാവശ്യമായ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷിനറികൾക്കാണ് നഗരസഭ ക്ലീൻ കേരള കമ്പനിയുമായി കരാർ വച്ചിട്ടുള്ളത്.ക്ലീൻ കേരള കമ്പനി ആദ്യം ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ 15HP യുടെ ഷ്രെഡ്ഡിംഗ് മെഷീനും 2HP യുടെ ഗ്രൈൻഡിംഗ് മെഷീനുമായി 5,19,372 രൂപയാണ് വകയിരുത്തിയിരുന്നത്. എസ്റ്റിമേറ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | Shredding Machine 15 HP | 3,84,552.38 |
| 2 | SGST & CGST | 69,219.42 |
| 3 | Installation Charge | 24,600 |
| 4 | Supervision Charge-One year | 41,000 |
| | Total | 5,19,372 |

ക്ലീൻ കേരള കമ്പനിയുടെ പ്രൊജക്ട് റിപ്പോർട്ട് പ്രകാരം ഒരു ടൺ പ്ലാസ്റ്റിക് ഷ്രെഡ്ഡ് ചെയ്യുന്ന സംവിധാനമാണ് തയ്യാറാക്കിയിരുന്നത്. ഇതിനായി 1000 സ്ക്വയർ ഫീറ്റ് ഏരിയയുള്ള ഷെഡ്ഡ് മാത്രമാണ് അവർ ആവശ്യപ്പെട്ടത്. വൈദ്യുത കണക്ഷനും വെള്ളവും ടി കെട്ടിടത്തിൽ തയ്യാറാക്കേണ്ട ചുമതല നഗരസഭയ്ക്കായിരുന്നു. ഇപ്രകാരം തരികളാക്കുന്ന പ്ലാസ്റ്റിക് കിലോഗ്രാമിനു 15 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനി തന്നെ എടുക്കുമെന്നും അതുപയോഗിച്ച് PWD/LSGD യുടെ റോഡുകളിൽ ടാറിനോടൊപ്പം (പോളിമറൈസ്ഡ്) ചേർക്കുമെന്നും അറിയിച്ചിരുന്നു.

എന്നാൽ ക്ലീൻ കേരള കമ്പനി ലഭ്യമാക്കിയ പുതുക്കിയ കരാറിൽ 7.5 HP യുടെ Bailing Machine കൂടി ഉൾപ്പെട്ടു.ഇതിനായി 463571 രൂപയുടെ എസ്റ്റിമേറ്റു കൂടി ഉൾപ്പെടുത്തി. ഇതു പ്രകാരം മെഷിനറികൾക്ക് ആകെ തുക 982943 രൂപയായി അടവാക്കാൻ ആവശ്യപ്പെട്ടു. ടി തുക തൻ വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും നൽകി.

പദ്ധതിയുടെ പ്രവർത്തനങ്ങൾ ഓഡിറ്റ് പരിശോധിച്ചതിൽ നിന്നും താഴെപറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) നിലവിൽ രണ്ടു ഷെഡ്ഡുകൾ നിർമ്മിച്ചിട്ടുള്ളതിൽ ഒരു ഷെഡ്ഡിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ചതായി കണ്ടു. എന്നാൽ നാളിതുവരേയും യാതൊരു പ്രവർത്തനങ്ങളും തുടങ്ങിയിട്ടില്ല.


(പ്രവർത്തനം തുടങ്ങാത്ത പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്)

2) ക്ലീൻ കേരള കമ്പനി 1000 സ്ക്വയർ ഫിറ്റു മാത്രം ഏരിയയുള്ള കെട്ടിടം മാത്രമാണ് മെഷിനറികൾ

നിർമ്മിക്കാനാവശ്യപ്പെട്ടത്. എന്നാൽ 1500 സ്ക്വയർ ഫീറ്റുള്ള രണ്ട് കെട്ടിടങ്ങൾ നിർമ്മിച്ചു. ഇതിൽ ആധുനിക അറവുശാലയോട്ടു ചേർന്ന കിടക്കുന്ന കെട്ടിടം മുഴുവനായി ഫർണിഷ് ചെയ്യുകയും (ടൈൽ, ടൊയ്‌ലെറ്റ്, ഓഫീസ് മുറി) ചെയ്തിട്ടുണ്ട്. എന്നാൽ ഇവിടം മുഴുവൻ പ്ലാസ്റ്റിക് ചാക്കുകൾ കുന്ന കൂട്ടിയിരിക്കുകയാണ്. ഇവ സ്റ്റോർ ചെയ്യാൻ മാത്രം 20 ലക്ഷത്തോളം രൂപ മുതൽ മുടക്കിൽ (നിർമ്മാണത്തിന്റെ ഫയൽ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല) കെട്ടിടം നിർമ്മിച്ചതിന്റെ കാരണം വ്യക്തമല്ല.

3) ബെയ്‌ലിംഗ് മെഷീൻ സ്ഥാപിച്ചത് നാളിതുവരെ പ്രവർത്തിപ്പിച്ച നോക്കിയിട്ടില്ല. ഈ മെഷീനിൽ കൂടി ബണ്ടിൽ ആക്കുന്ന പ്ലാസ്റ്റിക്, ക്ലീൻ കേരള കമ്പനി വാങ്ങും എന്നതിനോ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് കൈമാറുന്നതിനോ കമ്പനിയുമായി കരാറിൽ നഗരസഭ ഏർപ്പെട്ടിട്ടില്ല.

4) വകയിരുത്തിയ തുകയിൽ അവശേഷിച്ച തുക ഉപയോഗിച്ച് ഡസ്റ്റ് റിമൂവർ മെഷീൻ വാങ്ങുന്നതിന 2019-20 ൽ പദ്ധതി തയ്യാറാക്കുകയും (പ്രൊജക്ട് നം:635/2019-20) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ക്ലീൻ കേരള കമ്പനി 08-03-2019 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാർ പ്രകാരം 15 HP യുള്ള ഈ മെഷീന് നികുതിയും ഇൻസ്റ്റലേഷൻ ചാർജ്ജും ഉൾപ്പെടെ 428300 രൂപ രേഖപ്പെടുത്തിയിരുന്നു. ടി തുക അടവാക്കിയിട്ടില്ല. ആദ്യ എസ്റ്റിമേറ്റിലോ പദ്ധതിയിലോ ഉൾപ്പെടാത്ത ഈ മെഷിന്റെ ആവശ്യകത വ്യക്തമല്ല.


(പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ പ്ലാസ്റ്റിക് സാമഗ്രികൾ അലക്ഷ്യമായി കൂട്ടിയിരിക്കുന്നു.)

5) ടി മെഷിനറികൾ സ്ഥാപിക്കുന്നതല്ലാതെ നഗരസഭയിലെ കുടുംബശ്രീ അംഗങ്ങൾക്കോ മറ്റോ സാങ്കേതിക പരിശീലനം ക്ലീൻ കേരള കമ്പനി നൽകുന്നില്ല. ആയതു സംബന്ധിച്ച് കരാറിൽ യാതൊരു രേഖപ്പെടുത്തലുകളും ഇല്ല. മെഷിനറികൾ പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച് പരിശീലനം ലഭിക്കാതെ ഏപ്രകാരം യൂണിറ്റിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുമെന്ന വ്യക്തമാക്കിയിട്ടില്ല.

6) ഒരു വർഷത്തെ സൂപ്പർ വിഷൻ ചാർജായി 41000 രൂപ 11/2018 ൽ ബിൽ പ്രകാരം ക്ലീൻ കേരള കമ്പനിയ്ക്കു നൽകിയിരുന്നു. പദ്ധതി നടപ്പാകാതെ വന്നതിനാൽ ഈ തുക നഷ്ടമായിട്ടുണ്ട്.

അപാകതകളിന്മേൽ അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (ഓഡിറ്റ് എൻക്വയറി നം:56/2018-19;17.01.2020.) എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടില്ല. ആയതിനാൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിലേക്ക് മെഷിനറികൾ വാങ്ങുന്നതിനു ചെലവഴിച്ച തുക **₹9,82,943 ഓഡിറ്റിൽ തടസ്സപ്പെടു ത്തുന്നു.** ടി യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുകയും ആയത് ഓഡിറ്റിനെ ബോദ്ധ്യപ്പെടു ത്തുകയും ചെയ്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 സോഡിയം വേപ്പർ ലാമ്പ് മാറ്റി LED ലൈറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയിലെ ടെണ്ടർ നടപടികളിൽ ക്രമക്കേടുകൾ.

| | |
|---|---|
| പ്രൊജക്ട് നം/പേര് | S.O 806/18-19, നഗരസഭ പരിധിയിൽ സോഡിയം വേപ്പർ ലാമ്പ് മാറ്റി LED ലൈറ്റുകൾ സ്ഥാപിക്കൽ. |
| ഫണ്ടിനം, വകയിരുത്തിയ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-1251626 |

| | |
|---|---|
| | |
| ചെലവഴിച്ച തുക, ബിൽ നം | 12,49,458 (2018-19)<br>ബിൽ നം:39634/10.01.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിജിമോൾ E.R,<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ |

നഗരസഭ പരിധിയിൽ സോഡിയം വേപ്പർ ലാമ്പ് മാറ്റി 90W LED ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 2017-18 ൽ 50 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി ലഭിച്ചിരുന്നു. 17-02-2018 ലെ ഇ-ടെണ്ടർ പ്രകാരം 9 കരാറുകാർ ടെണ്ടറിൽ പങ്കെടുത്തതിൽ താഴ്ന്ന നിരക്കു ക്വോട്ട് ചെയ്ത നാലു കരാറുകാർക്ക് സാമ്പിളുകൾ ഹാജരാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ (നം.PW.1-32000/17; 20.02.2018) നിർദ്ദേശം നൽകി.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | എണ്ണം | ഒരു LED സെറ്റിന്റെ വില, ബ്രാന്റ് | ആകെ തുക | വാറണ്ടി |
|---|---|---|---|---|---|
| 1 | Elser Electronics, Park Centre, Kakkancherry, Malappuram. | 400 | 7490, സ്വന്തം ബ്രാന്റ് | 2996000 | 3 വർഷം |
| 2 | Sajeev Electricals, Kiliroor P.O, Kottayam | 400 | 8799,<br>Crompton,<br>LSTP-90CDL | 3519600 | 2 വർഷം |
| 3 | Aliph Electrical Agencies, Veloor P.O, Kottayam | 400 | 9399,<br>Crompton,<br>LSTN-90-CDL-A | 3759600 | 38 മാസം |
| 4 | Rose Solar Solutions, Central Junction, KanakkariP.O, Kottayam | 400 | 9476,<br>Havells Endura Plus,<br>LHETBXU7PA6J090 | 3790400<br>+12% gst | 2 വർഷം |

എൽസർ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന്റെ ഒഴികെയുള്ള സാമ്പിളുകൾ കോട്ടയം പാമ്പാടി RIT എഞ്ചിനീയറിംഗ് കോളേജിൽ അയച്ചു കൊടുക്കുകയും (PW1-32000/17; 05.03.2018) ഗുണനിലവാര സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു.R.I.T യുടെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് 08.03.2018 ൽ ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കുകയും Sajeev Electricals,Aliph Electrical എന്നീ സ്ഥാപനങ്ങളുടെ സാമ്പിളുകൾ അംഗീകരിക്കുകയും Rose Solar Solutions എന്ന സ്ഥാപനത്തിന്റെ സാമ്പിൾ പ്രവർത്തിക്കുന്നില്ല എന്ന റിപ്പോർട്ട് നൽകുകയും ചെയ്തു.തുടർന്ന് 13.03.2018 ൽ കൂടിയ പർച്ചേസ് കമ്മിറ്റി Sajeev Electricals ന്റെ ടെണ്ടർ അംഗീകരിക്കുകയും ടെണ്ടർ സേവിംഗ്സ് തുകയ്ക്കു കൂടി ഇതേ നിരക്കിൽ LED ലൈറ്റുകൾ വാങ്ങുന്നതിനു തീരുമാനിക്കുകയും ചെയ്തു. പദ്ധതി നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1) ഏറ്റവും കുറവ് ടെണ്ടറിൽ ക്വോട്ട് ചെയ്ത മലപ്പുറം, കാക്കഞ്ചേരി കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന എൽസർ ഇലക്ട്രോണിക്സ് എന്ന സ്ഥാപനം സാമ്പിളുകൾ ഹാജരാക്കിയില്ല എന്ന കാരണത്താൽ ടെണ്ടർ പർച്ചേസ് കമ്മിറ്റി

നിരാകരിച്ചിരുന്നു. ടി സ്ഥാപനം മുനിസിപ്പാലിറ്റിയിൽ 08.03.2018 ൽ സമർപ്പിച്ച പരാതി പരിഗണിക്കാതെയാണ് ടെണ്ടർ നിരാകരിച്ചിട്ടുള്ളത്. ടി പരാതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

930/2017-18 പദ്ധതി പ്രകാരം 2x36W Streetlight Tubelight സ്ഥാപിക്കുന്ന പദ്ധതിയിൽ ടി സ്ഥാപനം രണ്ടാമത്തെ കുറഞ്ഞ ക്വട്ടേഷനാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ സാമ്പിളുകൾ ലഭ്യമാക്കിയത് RIT യിൽ പരിശോധിച്ചപ്പോൾ അപ്രതീക്ഷിതമായി കേടായത് സംശയമുണ്ടാക്കുന്നുവെന്നും LED കൾ സ്ഥാപിക്കുന്ന ഈ പദ്ധതിയിലും അപ്രകാരം ക്രമക്കേട് സംഭവിക്കുമെന്ന സംശയിക്കുന്നതായും അതിനാൽ മുനിസിപ്പാലിറ്റി നിർദ്ദേശിക്കുന്ന ഏതു സ്ഥാപനത്തിലും ടെസ്റ്റ് ചെയ്ത് റിപ്പോർട്ട് നൽകാൻ തയ്യാറാണെന്നും പരാതിയിൽ ടി സ്ഥാപനം അറിയിച്ചിരുന്നു. ISO 9001-2015 കമ്പനിയാണെന്നുള്ള രേഖകൾ അവർ ഹാജരാക്കിയി രുന്നു.വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച വർക്ക് ഓർഡറുകളുടെ പകർപ്പുകളും ടി സ്ഥാപനം ഹാജരാക്കുകയുണ്ടായി.

എന്നാൽ ഇവയൊന്നും പരിഗണിക്കാതെ Second Lowest ന്റ ടെണ്ടർ നൽകി. കുറഞ്ഞ ടെണ്ടർ അംഗീകരിക്കാതിരുന്നതു മൂലം മുനിസിപ്പാലിറ്റിയ്ക്ക് 7,43,512 രൂപയുടെ നഷ്ടം ഉണ്ടായി (8799x568-7490x568). ടെണ്ടർ ലഭിച്ച സ്ഥാപനത്തേക്കാൾ ഒരു വർഷം അധിക വാറണ്ടിയും ഈ സ്ഥാപനം വാഗ്ദാനം ചെയ്തിരുന്നു.

2) കരാർ ലഭിച്ച സജീവ് ഇലക്ട്രിക്കൽസ് Crompton Greaves Consumer Electricals Ltd. എന്ന കമ്പനിയുടെ O.E.M സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഇതു ടെണ്ടർ നിബന്ധനയുടെ ലംഘനമാണ്.

3) 400 എണ്ണത്തിനാണ് ടെണ്ടർ എങ്കിലും 168 എണ്ണത്തിനു കൂടിയുള്ള തുക വകയിരുത്തി എഗ്രിമെന്റ് വച്ചതായും കരാറുകാരൻ 75% പ്രവൃത്തി പൂർത്തീകരിച്ചതായും 24.03.2018 PWO-2 ഫയൽ നോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആകെ 568 LED സെറ്റുകൾ മുനിസിപ്പാലിറ്റിയിൽ ഹാജരാക്കിയിട്ടുണ്ടെന്നും ഇതിൽ 100 എണ്ണം സ്ഥാപിച്ചതായും അവശേഷിക്കുന്ന 468 എണ്ണം സ്ഥാപിക്കാനുണ്ട് എന്നും 24.03.2018 ൽ തന്നെ അസി.എഞ്ചിനീയർ ശ്രീമതി ശശികല P.R നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ 100 എണ്ണം മാത്രം സ്ഥാപിച്ചതിന് 568 എണ്ണം സ്ഥാപിക്കുന്നതിന്റെ തുകയുടെ 75% പാർട്ട് ബില്ലായി നൽകിയത് ചട്ടലംഘനമാണ്. സോഡിയം വേപ്പർ ലാമ്പുകൾ മാറ്റി പുതിയ LED ലൈറ്റുകൾ സ്ഥാപിക്കുന്നതിനായിരുന്നു തുക നൽകേണ്ടിയിരുന്നത്.

| First Part Bill (2017-18) | Final Bill (2018-19) |
|---|---|
| ആകെ 568x8799=₹4997832 | Total Value of workdone-₹4997832 |
| Amount withheld (25%)-₹1249458 | (-)First and part bill-₹3748374 |
| Balance-₹3748374 | Balance-₹1249458 |
| Deductions-IT 1%-₹37484,KCWWF-1%-<br>₹37484,Retention-10%-₹374837 | Deductions-IT 1%-₹12495,KCWWF-1%-<br>₹12495 |
| Balance to Contractor-₹3298569 (Bill No:) | (+) Retention=₹374837 |
| | Balance to Contractor-₹1599305 |
| | (₹1249458-Bill No: |
| | ₹374837-Cheque No:2353786/15.12.2018) |

5) LED ലൈറ്റുകൾ സ്ഥാപിച്ചതായുള്ള നഗരസഭ കൗൺസിലർമ്മാരുടെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. 30.04.2018 ൽ 568 LED ലൈറ്റുകൾ സ്ഥാപിച്ചതായി പബ്ലിക് വർക്സ് കമ്മിറ്റി ചെയർമാന്റെ സാക്ഷ്യപത്രം മാത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇതിനു ശേഷവും ലൈറ്റുകൾ റസ്റ്റ് ഹൗസിൽ സൂക്ഷിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ സ്ഥാപിച്ചിട്ടുണ്ടെന്നുള്ള കൗൺസിലർമ്മാരുടെ സാക്ഷ്യപത്രം ഓഡിറ്റിനു ഹാജരാക്കിയില്ല.

6) ഇ-ടെണ്ടർ നോട്ടീസ് പ്രകാരം LED ലൈറ്റുകൾ ഗ്യാരന്റി കാലയളവിൽ തെളിയിച്ച് പരിപാലിക്കുന്നതിനുള്ള ചുമതല കരാറുകാരനായിരിക്കുമെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച സജീവ് ഇലക്ട്രിക്കൽസുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടില്ല. ടെണ്ടർ പ്രകാരം രണ്ടു വർഷം

വാറണ്ടിയാണ് സജീവ് ഇലക്ട്രിക്കൽസ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്യാരന്റി സംബന്ധിച്ച കരാർ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. എന്നു മുതലാണ് ഗ്യാരന്റി തുടങ്ങുന്നതെന്നും ഈ കാലയളവിൽ LED വിളക്കുകൾ കേടായിട്ടുണ്ടെങ്കിൽ ആയത് പരിഹരിച്ചതിന്റെ രേഖകളും ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

7) LED വിളക്കുകൾ സ്ഥാപിക്കുന്നതിന് KSEB യിൽ ഇൻസ്റ്റലേഷൻ ചാർജ് അടവാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

8) ഇലക്ട്രിക് പോസ്റ്റുകളിൽ നിന്നും അഴിച്ചെടുത്ത സോഡിയം വേപ്പർ ലാമ്പുകളും ഫിറ്റിംഗ്സും എന്തു ചെയ്തു എന്നതു സംബന്ധിച്ചും ഇവ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്നു സംബന്ധിച്ചും യാതൊരു വിശദാംശങ്ങളും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

9) KSEB കോട്ടയം സെൻട്രൽ/ ഈസ്റ്റ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് മുനിസിപ്പൽ സെക്രട്ടറി 24.01.2019 ൽ വൈദ്യുത ചാർജ് സംബന്ധിച്ച പരാതി നൽകിയിരുന്നു. ടി കത്ത് പ്രകാരം സോഡിയം വേപ്പർ ലാമ്പുകൾ മാറ്റി LED ലൈറ്റുകൾ സ്ഥാപിച്ചെങ്കിലും വൈദ്യുത ചാർജിൽ ആനുപാതിക കുറവു വന്നിട്ടില്ല എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ നിലവിൽ സോഡിയം വേപ്പർ ലാമ്പുകൾക്ക് KSEB വൈദ്യുത ചാർജ് ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ നഗരസഭ സെക്രട്ടറിയോടു ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.

മേൽ അപാകതകളിന്മേൽ അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കണമെന്നാവശ്യ പ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (ഓഡിറ്റ് എൻക്വയറി നം:58/2018-19;17.01.2020.) നിർവ്വഹണ ഉദ്യോഗസ്ഥയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ ഇതിനായി **ചെലവഴിച്ച ₹12,49,458 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** ടെണ്ടർ നടപടികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-23 ട്യൂബ് സെറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയിലെ ടെണ്ടർ നടപടികളിൽ ക്രമക്കേടുകൾ.

| | |
|---|---|
| പ്രൊജക്റ്റ് നം/പേര് | S.O 805/18-19, നഗരസഭ പരിധിയിൽ പുതുതായി വലിച്ച സ്ട്രീറ്റ് ലൈറ്റുകളിലേക്ക് ട്യൂബ് സെറ്റുകൾ സ്ഥാപിക്കൽ |
| ഫണ്ടിനം, വകയിരുത്തിയ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-46,02,000 |
| ചെലവഴിച്ച തുക, ബിൽ നം | 27,60,933<br>ബിൽ നം:66529/29.08.2018<br>15,99,909<br>ബിൽ നം:186965/01.06.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിജിമോൾ E.R,<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | |
|---|---|
| | |

നഗരസഭ പരിധിയിൽ പുതുതായി വലിച്ച സ്ട്രീറ്റ് ലൈറ്റുകളിലേക്ക് ട്യൂബ് സെറ്റുകൾ സ്ഥാപിക്കുന്നതിന് 2017-18 ൽ പദ്ധതി തയ്യാറാക്കിയിരുന്നു. 01-01-2018 ലെ ഇ-ടെണ്ടർ പ്രകാരം 4 കരാറുകാർ ടെണ്ടറിൽ പങ്കെടുക്കുകയും നാല് കരാറുകാർക്കും സാമ്പിളുകൾ ഹാജരാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ (നം.PW.1-29005/17; 11.01.2018) നിർദ്ദേശം നൽകുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | എണ്ണം | ഒരു 2x36W സെറ്റിന്റെ വില, ബ്രാന്റ് | ആകെ തുക | വാറണ്ടി |
|---|---|---|---|---|---|
| 1 | Century Electronics and Electricals, Vanitha Vyavasaya kendram,<br>Ayikkarappady,<br>Malappuram | 1560 | Bajaj/Crompton/wipro /Philips<br>1740 | 27,14,400 | 12 മാസം |
| 2 | Elser Electronics,<br>Park Centre,<br>Kakkancherry,<br>Malappuram. | 1560 | 1990 | 31,04,400 | 15 മാസം |
| 3 | Aliph Electrical Agencies,<br>Veloor P.O,<br>Kottayam | 1560 | 2799<br>Crompton/Hawells | 43,66,440 | 18 മാസം |
| 4 | Sajeev Electricals, Kiliroor P.O,<br>Kottayam | 1560 | 2850<br>Crompton/Hawells | 44,46,000 | 13 മാസം |

സ്ഥാപനങ്ങൾ ഹാജരാക്കിയ സാമ്പിളുകൾ കോട്ടയം പാമ്പാടി RIT എഞ്ചിനീയറിംഗ് കോളേജിൽ അയച്ചു കൊടുക്കുകയും (PW1-29005/17;05.02.2018) ഗുണനിലവാര സാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു.തുടർന്ന് R.I.T യുടെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് 14.02.2018 ൽ ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കുകയും രണ്ട് സാമ്പിളുകൾ അംഗീകരിക്കുകയും ഒരെണ്ണം പ്രവർത്തിക്കുന്നില്ല എന്ന റിപ്പോർട്ട് നൽകുകയും ചെയ്തു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാർ സ്ഥാപനം | ബ്രാന്റ് ,മോഡൽ | ടെസ്റ്റ് റിപ്പോർട്ട് |
|---|---|---|---|
| 1 | Century Electronics and Electricals.<br>Sample T1 | Assembled | പവർ ഫാക്ടർ<br>വളരെ കുറവ് |
| 2 | Elser Electronics<br>Sample T2 | Assembled | പവർ ഫാക്ടർ<br>വളരെ കുറവ്.<br>ഒരു ട്യൂബ്<br>പ്രവർത്തിക്കുന്നില്ല. |
| 3 | Aliph Electrical,<br>Sample T3 | Bajaj 236/240 | അനുയോജ്യം |
| | Sajeev Electricals, | Crompton,SFE1624HSB/AL | അനുയോജ്യം |

| | | | |
|---|---|---|---|
| | Sample T4 | | |

തുടർന്ന് 13.03.2018 ൽ കൂടിയ പർച്ചേസ് കമ്മിറ്റി Aliph Electrical ന്റെ ടെണ്ടർ അംഗീകരിക്കുകയും ടെണ്ടർ സേവിംഗ്സ് തുകയും കൂടി ഇതേ നിരക്കിൽ ട്യൂബ് ലൈറ്റുകൾ (1644 എണ്ണം) വാങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തു. പദ്ധതി നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1) ഏറ്റവും കുറവു ടെണ്ടറിൽ രേഖപ്പെടുത്തിയ Century Electronics and Electricals, മലപ്പുറം എന്ന സ്ഥാപനം ISO 9001-2015 കമ്പനിയാണെന്നുള്ള രേഖകൾ അവർ ഹാജരാക്കിയിരുന്നു. വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച വർക്ക് ഓർഡറുകളുടെ പകർപ്പുകളും ടി സ്ഥാപനം ഹാജരാക്കുകയുണ്ടായി. കോഴിക്കോട് National Institute of Electronics and Information Technology(NIELT) എന്ന ദേശീയ സ്ഥാപനത്തിന്റെ 06.11.2017 ലെ ടെസ്റ്റ് റിപ്പോർട്ടും അവർ ടെണ്ടർ രേഖകളോടൊപ്പം സമർപ്പിച്ചിരുന്നു.രണ്ടാമത് കുറവ് ടെണ്ടറിൽ ക്വോട്ട് ചെയ്ത മലപ്പുറം, കാക്കഞ്ചേരി കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന എൽസർ ഇലക്ട്രോണിക്സ് എന്ന സ്ഥാപനം സാമ്പിളും RIT യിൽ നടത്തിയ ടെസ്റ്റ് റിപ്പോർട്ടിൽ പരാജയപ്പെട്ടിരുന്നു. ഇതിനെതിരെ ടി സ്ഥാപനം മുനിസിപ്പാലിറ്റിയിൽ 08.03.2018 ൽ പരാതി സമർപ്പിച്ചിരുന്നു. ടി പരാതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

930/2017-18 പദ്ധതി പ്രകാരം 2x36W Streetlight Tubelight സ്ഥാപിക്കുന്ന പദ്ധതിയിൽ ടി സ്ഥാപനം രണ്ടാമത്തെ കുറഞ്ഞ ക്വട്ടേഷനാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ സാമ്പിളുകൾ ലഭ്യമാക്കിയത് RIT യിൽ പരിശോധിച്ചപ്പോൾ അപ്രതീക്ഷിതമായി കേടായത് സംശയമുണ്ടാക്കുന്നുവെന്നും LED കൾ സ്ഥാപിക്കുന്ന മറ്റൊരു പദ്ധതിയിലും അപ്രകാരം ക്രമക്കേട് സംഭവിക്കുമെന്നു സംശയിക്കുന്നതായും അതിനാൽ മുനിസിപ്പാലിറ്റി നിർദ്ദേശിക്കുന്ന ഏതു സ്ഥാപനത്തിലും ടെസ്റ്റ് ചെയ്ത് റിപ്പോർട്ട് നൽകാൻ തയ്യാറാണെന്നും പരാതിയിൽ ടി സ്ഥാപനം അറിയിച്ചിരുന്നു. ISO 9001-2015 കമ്പനിയാണെന്നുള്ള രേഖകൾ അവർ ഹാജരാക്കിയി രുന്നു. വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച വർക്ക് ഓർഡറുകളുടെ പകർപ്പുകളും ടി സ്ഥാപനം ഹാജരാക്കുകയുണ്ടായി.

എന്നാൽ ഇവയൊന്നും പരിഗണിക്കാതെ Third Lowest ന് ടെണ്ടർ നൽകിയതിനു വിശദീകരണം നൽകിയിട്ടില്ല. **കുറഞ്ഞ ടെണ്ടർ അംഗീകരിക്കാതിരുന്നതു മൂലം മുനിസിപാലിറ്റിയ്ക്ക് ₹17,40,996രൂപയുടെ നഷ്ടം ഉണ്ടായി. (₹2799x1644-₹1740x1644).**

2) ടെണ്ടർ ലഭിച്ച Aliph Electricals എന്ന സ്ഥാപനം ടെണ്ടർ രേഖകളോടൊപ്പം സമർപ്പിച്ച കത്തിൽ Havells/Crompton ന്റെ 2x36W ട്യൂബ് സെറ്റുകൾ ലഭ്യമാക്കും എന്നാണ് അറിയിച്ചിരുന്നത്. എന്നാൽ സാമ്പിൾ പരിശോധനയിൽ Bajaj എന്ന കമ്പനിയുടെ സെറ്റുകളാണ് ഹാജരാക്കിയിരുന്നത്. ടി സ്ഥാപനം മുനിസിപ്പാലിറ്റിയിൽ 04.06.2018 ൽ ഹാജരാക്കിയ 1644 എണ്ണം ട്യൂബ് സെറ്റുകൾ ഏതു കമ്പനിയുടേതാണ് എന്നു വ്യക്തമല്ല.

3) ആകെ 1644 ട്യൂബ് സെറ്റുകൾ മുനിസിപ്പാലിറ്റിയിൽ ഹാജരാക്കിയിട്ടുണ്ടെന്നും ഇതിൽ 75 എണ്ണം സ്ഥാപിച്ചതായും അവശേഷിക്കുന്ന 1568 എണ്ണം സ്റ്റോക്കിലുണ്ടെന്നും 05.02.2019 ൽ സെക്ഷൻ ക്ലാർക്ക് (PW1-29005/17) നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ സ്റ്റോക്ക് എൻട്രി നടത്തി എന്ന കാരണത്താൽ കരാർ തുകയുടെ 60% (27 ലക്ഷം രൂപ) സ്ഥാപനത്തിനു നൽകാമെന്നുള്ള അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ബീന P.G യുടെ 13.08.2018 ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി തുക നൽകി. ഇത് അംഗീകരിക്കാനാവില്ല. ട്യൂബ് സെറ്റുകൾ സ്ഥാപിക്കാതെ ബിൽ തുക അനുവദിച്ചതു ക്രമപ്രകാരമല്ല.02/2019 വരെയും സ്റ്റോക്കിലുണ്ടായിരുന്ന 1300ട്യൂബ് സെറ്റുകൾ ഒരു മാസത്തിനുള്ളിൽ സ്ഥാപിച്ചുവെന്ന കൗൺസിലർമ്മാരുടെ റിപ്പോർട്ടിനെത്തുടർന്ന് (52ward x 25no) ബാലൻസ് തുക കണക്കാക്കി കരാറുകാരനു നൽകി. സ്റ്റോക്കിലുള്ള 344 ട്യൂബ് സെറ്റുകളുടെ 75% തുകയും പിന്നീട് നൽകി.നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| First Part Bill (2018-19) | Second Part Bill (2018-19) |
|---|---|
| ആകെ 1644x2799=₹46,01,556 | Total Value of workdone-₹43,60,842 |
| Amount withheld (40%)-₹18,40,622.4 | (-)First and part bill-₹27,60,933 |

| | |
|---|---|
| Balance-₹27,60,933 | Balance-₹15,99,909 |
| Deductions-IT 1%-₹27,609,KCWWF-1%-<br>₹27,609,Retention-10%-₹2,76,093 | Deductions-IT 1%-₹15,999,KCWWF-1%-<br>₹15,999,GST-2%-87,216,Retention-10%-1,59,991 |
| Balance to Contractor-₹24,29,622<br>ബിൽ നം:66529/29.08.2018 | Balance to Contractor-₹13,20,704<br>ബിൽ നം:60335/28.03.2019 |

4) അവശേഷിക്കുന്ന 344 ട്യൂബ് സെറ്റുകൾ 15.11.2019 വരേയും സ്ഥാപിച്ചിട്ടില്ല എന്ന നോട്ട് ഫയലിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സ്ഥാപനവുമായി 20.01.2018 ൽ ഒപ്പിട്ട കരാർ വ്യവസ്ഥ 19പ്രകാരം (P-930/17-18) കരാർ ഉടമ്പടിയുടെ കാലാവധി 60 ദിവസം മാത്രമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതേ പോലെ ട്യൂബ് സെറ്റുകൾക്ക് 18 മാസം വാറണ്ടിയുള്ളൂ എന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ട്യൂബ് സെറ്റുകൾ മുനിസിപ്പാലിറ്റിയിൽ എത്തിച്ച 04.06.2018 മുതൽ വാറണ്ടി പീരീഡ് കണക്കാക്കുമെന്ന് സ്ഥാപനവും അറിയിച്ചിട്ടുണ്ട്. ഇതു പ്രകാരം 03.12.2019 ന് ട്യൂബ് സെറ്റുകളുടെ വാറണ്ടി അവസാനിച്ചു. വാറണ്ടി അവസാനിച്ചിട്ടും ഇവ ഗോഡൗണിൽ സൂക്ഷിച്ചതിനു വകുപ്പുതല അന്വേഷണം ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

5) ട്യൂബ് സെറ്റുകൽ സ്ഥാപിക്കുന്നതിന് KSEB യിൽ ഇൻസ്റ്റലേഷൻ ചാർജ് അടവാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകളിന്മേൽ അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കേണമെന്നാ വശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം:59/2018-19;17.01.2020.) നിർവ്വഹണ ഉദ്യോഗസ്ഥയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഡിറ്റിനു മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ ഇതിനായി **ചെലവഴിച്ച ₹4360842 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു(2760933+1599909).** ടെണ്ടർ നടപടികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-24 അഡ്വാൻസായി 14.48 ലക്ഷം രൂപ നൽകിയെങ്കിലും ജില്ലാ ആശുപത്രി മോർച്ചറിയിൽ ഫ്രീസർ യൂണിറ്റ് സ്ഥാപിച്ചില്ല.

| | |
|---|---|
| പ്രൊജക്ട് നം/പേര് | 414/18-19,ജില്ലാ ആശുപത്രി മോർച്ചറിയിൽ ഫ്രീസർ യൂണിറ്റ് സ്ഥാപിക്കൽ |
| ഫണ്ടിനം, വകയിരുത്തിയ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-15,00,000 |
| ചെലവഴിച്ച തുക, ബിൽ നം | 14,48,465<br>ബിൽ നം:55732/25.05.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിനോയി M.P,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ജില്ലാ ആശുപത്രി മോർച്ചറിയിൽ ഫ്രീസർ യൂണിറ്റ് സ്ഥാപിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു 14.48 ലക്ഷം രൂപ നൽകിയിട്ടുണ്ട്. താഴെ പറയുന്ന പ്രഫോർമ ഇൻവോയിസ് പ്രകാരമാണ് തുക

നൽകിയിട്ടുള്ളത്. ഇൻവോയിസ് പ്രകാരം തുക കൈമാറി 6 ആഴ്ചയ്ക്കകം യൂണിറ്റ് സ്ഥാപിക്കേണ്ടതായിരുന്നു.

| ക്രമ നം | ഇനം | സപ്ലൈയർ | എണ്ണം | തുക |
|---|---|---|---|---|
| 1 | 6 body Mortury cabinet | Scientific Medical Equipment(Kerala) Pvt Ltd. | 1 | 6,43,926 |
| 2 | Autopsy Table | Universal Agencies | 1 | 8,04,539 |
| | ആകെ | | | 14,48,465 |

തുക തനതു ഫണ്ടിൽ നിന്നും ചെക്ക് മുഖേന നൽകുകയും പിന്നീട് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും റീക്കൂപ്പ് ചെയ്യുകയും ചെയ്തിരുന്നു (BRN:55732/25.05.2018). എന്നാൽ ഫ്രീസർ യൂണിറ്റ് സ്ഥാപിച്ചതായ യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. ഇവ യഥാസമയം സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ജില്ലാ ആശുപത്രി സൂപ്രണ്ടിന്റെ റിപ്പോർട്ട് അടിയന്തിരമായി ഓഡിറ്റിനു ലഭ്യമാക്കേണമെന്നാവശ്യപ്പെട്ടുകൊണ്ട് അപാകതകളിന്മേൽ അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (ഓഡിറ്റ് എൻക്വയറി നം:61/2018-19;17.01.2020.) എഞ്ചിനിയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടില്ല. ആയതിനാൽ അഡ്വാൻസ് ആയി നൽകിയ തുക **₹14,48,465 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** ടി യൂണിറ്റ് സ്ഥാപിക്കുന്നതിനു നഗരസഭ ഭരണസമിതി അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 സർക്കാർ മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി നടപ്പാക്കി.

| | |
|---|---|
| പ്രൊജക്റ്റ് നം/പേര് | 621/18-19, സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ് റൂം |
| ഫണ്ടിനം,വകയിരുത്തിയ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 24,00,000 |
| ചെലവഴിച്ചത് | ₹3,98,195 (ബിൽ നം.13/18-19;27.03.19)<br>₹3,98,195 (ബിൽ നം.14/18-19;27.03.19)<br>₹3,98,195 (ബിൽ നം.15/18-19;27.03.19)<br>₹3,98,195 (ബിൽ നം.16/18-19;27.03.19)<br>₹3,98,195 (ബിൽ നം.17/18-19;27.03.19)<br>₹3,98,195 (ബിൽ നം.18/18-19;27.03.19)<br>Total-23, 89, 170 |

| | |
|---|---|
| | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സജൻ S നായർ,<br>പ്രിൻസിപ്പാൾ, ഗവ:V.H.S.S, നാട്ടകം. |

നഗരസഭയിലെ 6 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണത്തിന് പ്രിൻസിപ്പാൾ, ഗവ:V.H.S.S, നാട്ടകം നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി നടപ്പിലാക്കിയിരുന്നു. ടി പദ്ധതിയുടെ നിർവ്വഹണത്തിൽ അപാകതകൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

10.12.2018 ലെ ഇ-ടെണ്ടർ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്കു ക്വോട്ട് ചെയ്ത (₹20,27,730) അവ്ലോൺ സിസ്റ്റംസ് & സർവ്വീസ് ലിമിറ്റഡ്, കോട്ടയം എന്ന സ്ഥാപനത്തെ ഒഴിവാക്കി R.J എന്റർപ്രൈസസ് എന്ന സ്ഥാപനത്തിനാണ് (₹23,89,173) സെലക്ഷൻ നോട്ടീസ് നൽകിയത്. അവ്ലോൺ സിസ്റ്റംസ് & സർവ്വീസ് ലിമിറ്റഡ്, കോട്ടയം എന്ന സ്ഥാപനം MSME സ്ഥാപനം ആയതിനാൽ EMD തുക സമർപ്പിച്ചിരുന്നില്ല. എന്നാൽ ഇതിനെതിരെ R.J എന്റർപ്രൈസസ് എന്ന സ്ഥാപനം പരാതി നൽകുകയും 10.01.2019 ലെ പർച്ചേസ് കമ്മിറ്റിയുടെ രണ്ടാം തീരുമാനപ്രകാരം R.J എന്റർപ്രൈസസ് എന്ന സ്ഥാപനം 5 വർഷ വാറണ്ടി നൽകിയിട്ടുണ്ടെന്നും സ്കൂളുകളിൽ മുൻപ് സ്ഥാപിച്ചത് കൃത്യമായി സർവ്വീസ് ചെയ്യുന്നുണ്ട് എന്നും അതുകൊണ്ട് ടി സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകാനും തീരുമാനിച്ചിരുന്നു.

1) ടെണ്ടർ ഷെഡ്യൂളിനു വിരുദ്ധമായി R.J എന്റർപ്രൈസസ് എന്ന സ്ഥാപനം സ്കൂളുകളിൽ ഉപകരണങ്ങൾ സ്ഥാപിച്ചതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1.5 ടൺ 3***എയർ കണ്ടീഷണർ ആയിരുന്നു ടെണ്ടർ ഷെഡ്യൂളിൽ ആവശ്യപ്പെട്ടിരുന്നത്. രണ്ടു സ്കൂളുകളിൽ (ഗവ:V.H.S.S, നാട്ടകം, ഗവ: മോഡൽ H.S.S, കോട്ടയം) ഓഡിറ്റ് നടത്തിയ പരിശോധനയിൽ 2** എയർ കണ്ടീഷനറുകളാണ് വിതരണം നടത്തിയിട്ടുള്ളതെന്നു കണ്ടു. ഇവയ്ക്ക് വില കുറവായതിനാൽ ടെണ്ടർ ചട്ടങ്ങൾ ലംഘിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം:43/2018-19; 19.12.2019.) മറുപടിയായി ടെണ്ടർ സമർപ്പിച്ചപ്പോൾ 2** എയർ കണ്ടീഷനറുകളുടെ വിലയാണ് RJ എന്റർപ്രൈസസ് എന്ന സ്ഥാപനം രേഖപ്പെടുത്തിയത് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. ഇത് അംഗീകരിക്കാനാവില്ല. ടെണ്ടർ ഷെഡ്യൂൾ പ്രകാരമുള്ള സാധനം തന്നെയാണോ ക്വോട്ട് ചെയ്തതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥാൻ ഉറപ്പാക്കേണ്ടതായിരുന്നു. **ഈ ഇനത്തിൽ ചെലവഴിച്ച തുക ₹247380 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

| ക്രമ നം | ഇനം | എണ്ണം | നിരക്ക് (GST ഉൾപ്പെടെ) | തുക |
|---|---|---|---|---|
| 1 | 1.5 T Air conditioner Two Star | 6 | 41,230 | 2,47,380 |

2) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്കൂളുകൾക്കും ആവശ്യമായ ICT Hardware ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ മുഖേന വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. (സ.ഉ (സാധാ) നം.97/ 2018 /പൊ.വി.വ; തീയതി: 06.01.2018). എന്നാൽ സർക്കാർ മാർഗ്ഗരേഖ പ്രകാരം ഈടാക്കാവുന്ന പരമാവധി തുകയേക്കാൾ ചില സാധനങ്ങൾക്ക് തുക നൽകിയതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ഇനം | ബിൽ പ്രകാരം | മാർഗ്ഗരേഖ | വ്യത്യാസം |
|---|---|---|---|---|

| നമ്പർ | | നൽകിയ തുക (₹) (ഒരെണ്ണത്തിന്) | പ്രകാരം നൽകാവുന്ന പരമാവധി തുക (₹) (including GST) (ഒരെണ്ണത്തിന്) | (₹) |
|---|---|---|---|---|
| 1 | Multimedia Projector | 32,800 | 23,860 | 8,940 |
| 2 | Wall Mount kit | 6,853 | 4,900 | 1,953 |
| 3 | White board | 10,229 | 7,900 | 2,329 |
| | ആകെ | | | 13,222 |

ഇപ്രകാരം 6 സ്കൂളുകളിൽ മേൽ ഉപകരണങ്ങൾ സ്ഥാപിച്ചപ്പോൾ ₹79332 രൂപ (6x13222) യുടെ ചെലവ് ക്രമപ്രകാരമല്ല. ആയതിനാൽ **₹79332 രൂപ ഓഡിറ്റിൽ തടസ്സ പ്പെടുത്തുന്നു.**ആയതിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു മറുപടിയായി വാങ്ങിയ ഉപകരണങ്ങൾ സർക്കാർ പറഞ്ഞ ഉപകര ണങ്ങളേക്കാൾ ഗുണനിലവാരം കൂടിയതാണ് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. ഇത് അംഗീകരിക്കാനാവില്ല. സർക്കാർ പറഞ്ഞ ഉപകരണങ്ങളേക്കാൾ വില കൂടിയതു വാങ്ങുന്നത് ചട്ടലംഘനമാണ്. ഇപ്രകാരം ഉയർന്ന നിരക്കിലുള്ളവ നിർവ്വഹണ ഉദ്യോഗസ്ഥർ വാങ്ങുന്നത് തടയുന്നതിനാണ് സർക്കാർ ഉത്തരവിലൂടെ അവയെ നിയന്ത്രി ക്കുന്നത്. അത് അനുസരിക്കാൻ എല്ലാ ഉദ്യോഗസ്ഥരും ബാദ്ധ്യസ്ഥരാണ്.

3) ഡി.പി.ഐ-യുടെ മാർഗ്ഗനിർദ്ദേശ പ്രകാരം സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണവുമായി ബന്ധപ്പെട്ട് യു.പി.എസ്, ലാപ് ടോപ്പ്, മൾട്ടിമീഡിയ പ്രോജക്ടർ, വൈറ്റ് ബോർഡ്, യു.എസ്.ബി സ്പീക്കർ, ഇന്റർനെറ്റ് കണക്ഷൻ എന്നിവയാണ് സ്ഥാപിക്കേണ്ടിയിരുന്നത്.എന്നാൽ ആയതിന് വിരുദ്ധമായി Digital Podium Raptor, Interactive Digital Podium,Portable Amplifier എന്നീ ഉപകരണങ്ങൾ കൂടി സ്ഥാപിച്ചു. ഡി.പി.ഐ-യുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ഇവ സ്മാർട്ട് ക്ലാസ്സ് റൂമുകളിൽ അവശ്യമല്ലാത്ത ഉപകരണങ്ങൾ ആയതിനാൽ ടി ഉപകരണങ്ങൾക്കായി ചെലവിട്ട **₹9,17,485രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

| ക്രമ നം | ഇനം | എണ്ണം | നിരക്ക് (GST ഉൾപ്പെടെ) | തുക |
|---|---|---|---|---|
| 1 | Raptor intractive Board | 6 | 27,456.24 | 1,64,737 |
| 2 | Portable Amplifier five core | 6 | 14,562 | 87,372 |
| 3 | Interactive Digital Podium with inbuilt ups | 6 | 1,10,896 | 6,65,376 |
| | Total | | | 9,17,485 |

മേൽ പരാമർശത്തിനു മറുപടിയായും വാങ്ങിയ ഉപകരണങ്ങളുടെ പ്രവർത്തന മികവാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ വിവരിച്ചത്. ഉപകരണങ്ങളുടെ പ്രവർത്തനക്ഷമതയിൽ ഓഡിറ്റിനും എതിരഭിപ്രായമില്ല.എന്നാൽ ഇവ വാങ്ങാൻ സർക്കാർ അനുവദിച്ചിട്ടില്ലാത്തതിനാൽ വാങ്ങിയ നടപടി ക്രമവിരുദ്ധമാണ്. ഡി.പി.ഐ-യുടെ മാർഗ്ഗനിർദ്ദേശത്തിൽ ഉൾപ്പെടാത്ത ഉപകരണങ്ങൾ വാങ്ങിയത് സർക്കാർ അനുമതിയോടെയല്ല. ആയതിനാൽ ഇതിനായി ചെലവു ചെയ്ത 9,17,485 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

4) ഓഡിറ്റ് ഗവ :മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ നടത്തിയ പരിശോധനയിൽ സ്മാർട്ട് ക്ലാസ്സ് റൂമിനായി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കുന്നതായി കണ്ടു. സ്മാർട്ട് ക്ലാസ്സിനായി വാങ്ങിയ പ്രിന്റർ ഓഡിറ്റ്

പരിശോധന നടത്തുന്ന സമയം വരേയും (10-12-2019) ഉപയോഗിക്കാതെ സ്മാർട്ട് ക്ലാസ്സിന്റെ ഒരു ഭാഗത്ത് കവറിൽ വച്ചിരിക്കുന്നതായും കണ്ടു. ഇത്തരത്തിൽ വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കുന്നത് പൊതുപണത്തിന്റെ ദുർചെലവാണ്.



(ഗവ :മോഡൽ ഹയർ സെക്കണ്ടറി സ്കൂളിലെ സ്മാർട്ട് ക്ലാസ്സ് റൂമിൽ അലക്ഷ്യമായി കൂട്ടിയിട്ടിരിക്കുന്ന ഉപകരണങ്ങൾ.)

ഭരണസമിതിയോ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയോ 6 സ്കൂളുകളിലും പരിശോധന നടത്തി സ്മാർട്ട് ക്ലാസ്സ് റൂം ഫലപ്രദമായി വിനിയോഗിക്കുന്നുവോ എന്നു ഉറപ്പുവരുത്തേണ്ടതാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ അധികരിച്ച ചെലവഴിച്ചതിനാൽ ക്രമ നമ്പർ 1,2,3 എന്നിവ പ്രകാരം ആകെ 12,44,197 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട് (247380+79332+ 917485). ഭരണസമിതി യുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്കു ക്ഷണിക്കുന്നു.

## 1-26 അഡ്വാൻസായി 16.41ലക്ഷം രൂപ നൽകിയെങ്കിലും ഡെസ്ക്ടോപ്പ്, ലാപ്ടോപ്പ്,പ്രിന്റർ എന്നിവ സ്കൂളുകൾക്ക് നൽകാതെ KELTRON കരാർ ലംഘനം നടത്തി.

| | |
|---|---|
| പ്രൊജക്റ്റ് നം/പേര് | 620/18-19, സ്കൂളുകൾക്ക് കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രിന്റർ, സ്കാനർ വാങ്ങൽ. |
| ഫണ്ടിനം,വകയിരുത്തിയ തുക | വികസന ഫണ്ട്-₹2,167,778 |
| ചെലവഴിച്ചത് | ₹2160349 |
| ബിൽ നം/തീയതി | ₹66,604 (4/18-19; 12.10.2018)<br>₹1704447 (3/18-19; 12.10.2018)<br>₹1,29,724 (1/18-19; 12.10.2018)<br>₹1,91,796 (2/18-19; 12.10.2018)<br>₹49,438 (31/18-19; 27.03.2019)<br>₹18,340 (32/18-19; 27.03.2019) |

| | |
|---|---|
| | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സജൻ Sനായർ,<br>പ്രിൻസിപ്പൽ, ഗവ:V.H.S.S, നാട്ടകം. |

നഗരസഭയിലെ വിവിധ സ്കൂളുകളിൽ കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങി നൽകുന്നതിന് വികസന ഫണ്ടിൽ 21.67 ലക്ഷം രൂപ വകയിരുത്തുകയും സർക്കാർ ഏജൻസിയായ KELTRON മുഖേന നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ഗവൺമെന്റ് സൈറ്റായ CPRSC യിൽ ആവശ്യമായ ഉപകരണങ്ങളുടെ വിവരങ്ങൾ ചേർത്തതിനെ തുടർന്ന് താഴെ പറയുന്ന നിരക്കിലുള്ള Invoice കൾ KELTRON ലഭ്യമാക്കി.

| ക്രമ നം | ഇൻവോയിസ് നം | ഇനം | എണ്ണം | നിരക്ക് | ആകെ തുക |
|---|---|---|---|---|---|
| 1 | 3047/ 05-09-2018 | A3-Network Printer | 2 | 64862 | 1,29,724 |
| | | Desktop | 19 | 29488 | 5,60,272 |
| | | 600VA UPS | 23 | 3565 | 81,995 |
| | | Laptop | 28 | 33302 | 9,32,456 |
| 2 | 3048/05.09.2018 | Desktop | 4 | 47949 | 1,91,796 |
| 3 | 3049/05.09.2018 | A3 Network Printer | 2 | 64862 | 1,29,724 |
| 4 | 3046/05.09.2018 | laptop | 2 | 33302 | 66,604 |
| | | **Total** | | | **20,92,571** |

മേൽ ഇൻവോയിസുകൾ പ്രകാരമുള്ള തുക Kerala IT Mission ന്റെ STSB അക്കൌണ്ട് ആയ 799011400003959 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിരുന്നു. കെൽട്രോണിന്റെ ഇൻവോയിസ് പ്രകാരം 100% തുക അടവാക്കിക്കഴിഞ്ഞാൽ 45 ദിവസത്തിനകം ഉപകരണങ്ങൾ വിതരണം നടത്തും എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ KELTRON ഈ വ്യവസ്ഥ ലംഘിച്ചതായി കണ്ടു. 12/10/2018 ൽ തുക ട്രാൻസ്ഫർ ചെയ്തു നൽകിയതിനാൽ 45 ദിവസത്തിനകം (27/11/2018 നകം) ഉപകരണങ്ങൾ വിതരണം നടത്തേണ്ടതാണ്. എന്നാൽ ഇതിനു പകരം 20-12-2018 ൽ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്കായി (ഇൻവോയിസ് നം 3048 പ്രകാരം) ₹18340രൂപ അധികം നൽകാൻ KELTRON ആവശ്യപ്പെട്ടു. അതേ പോലെ ഇൻവോയിസ് നം 3047 പ്രകാരം ₹49438 രൂപയും KELTRON അധികമായി ആവശ്യപ്പെട്ടു. ഈ തുക ബില്ലുകൾ പ്രകാരം 27.03.2019 ൽ മുനിസിപ്പാലിറ്റി ട്രാൻസ്ഫർ ചെയ്തു നൽകി.

എന്നാൽ 18-12-2019 വരേയും ഉപകരണങ്ങൾ പൂർണ്ണമായും വിതരണം നടത്താൻ KELTRON നു കഴിഞ്ഞിട്ടില്ല. 18-03-2019 ൽ വെറും 519553 രൂപയുടെ 17 എണ്ണം Dell Desktop കമ്പ്യൂട്ടറുകൾ മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. 21.60 ലക്ഷം രൂപ KELTRON നു നൽകിയിട്ടും 5.19 ലക്ഷം രൂപയുടെ കമ്പ്യൂട്ടറുകൾ മാത്രമാണ് നാളിതുവരെ ആ സ്ഥാപനത്തിനു വിതരണം നടത്താനായിട്ടുള്ളത്. ലഭ്യമായ കമ്പ്യൂട്ടറുകളുടെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തെങ്കിലും അവ സ്കൂളുകളിൽ വിതരണം നടത്തിയതിന്റെ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

4 നെറ്റ്‌വർക്ക് പ്രിന്ററുകൾ, 6 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, 30 ലാപ്ടോപ്പുകൾ, എന്നിവ നാളിതു വരെ KELTRON വിതരണം നടത്തിയിട്ടില്ല. KELTRON മായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ തയ്യാറാക്കിയതായി കാണുന്നില്ല. ഉപകരണങ്ങൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നിയമ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് (ഓഡിറ്റ് എൻക്വയറി നം:46/2018-19; 19.12.2019.) ഓർഡർ ചെയ്ത ലാപ്ടോപ്പുകളും പ്രിന്ററുകളും ഇപ്പോൾ ലഭ്യമല്ലായെന്നും ഇവയ്ക്കു പകരമായി ഇതേ കോൺഫിഗറേഷനുള്ള വേറെ മോഡലുകൾ നൽകാമെന്നും KELTRON അറിയിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. ഇതിനുള്ള നടപടിക്രമങ്ങൾ നിലവിൽ തുടർന്നു വരുന്നതായും അറിയിച്ചു.

ലക്ഷക്കണക്കിനു രൂപ കൈവശം (16.41 ലക്ഷം രൂപ) വച്ചശേഷം സ്കൂളുകൾക്കു യഥാസമയം ഉപകരണങ്ങൾ കൈമാറാത്ത KELTRON ന്റെ നടപടി അംഗീകരിക്കാനാവില്ല.തുക പലിശ ഉൾപ്പെടെ തിരികെ അടയ്ക്കാൻ നഗരസഭ കെൽട്രോണിനു നിർദ്ദേശം നൽകേണ്ടതാണ്. ഇതിന്മേൽ സർക്കാർ തലത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. പുതുതായി ലഭ്യമാകുന്ന ഉപകരണങ്ങളുടെ നിലവാരവും കോൺഫിഗറേഷനും പരിശോധിക്കാൻ നഗരസഭ ടെക്നിക്കൽ വിഭാഗത്തിനെ ചുമതലപ്പെടുത്തേണ്ടതാണ്.

## 1-27 സ്കൂളുകൾക്ക് വാങ്ങി നൽകിയ ലാബ് ഉപകരണങ്ങൾ പൂർണ്ണമായും ഉപയോഗിക്കുന്നില്ല.

| | |
|---|---|
| പ്രൊജക്ട് നം/പേര് | 618/18-19, സ്കൂളുകളിലെ ലാബ് സൌകര്യം വർദ്ധിപ്പിക്കൽ. |
| ഫണ്ടിനം,വകയിരുത്തിയ തുക | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-10,00,000 |
| ചെലവഴിച്ചത് | 9,96,280 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സജൻ Sനായർ,<br>പ്രിൻസിപ്പൽ, ഗവ:V.H.S.S, നാട്ടകം. |

മേൽ പദ്ധതി പ്രകാരം നാട്ടകം, ഗവ VHSE യിലെ പ്രിന്റിഗ് ടെക്നോളജി ലാബിനു മൾട്ടി ഫംഗ്ഷൻ പ്രിന്ററും അനുബന്ധ ഉപകരണങ്ങളും (₹417800, R.J എന്റർപ്രൈസസ്, കോട്ടയം) രണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിലേക്കും ഏഴ് യൂ പി സ്കൂളുകളിലേക്കും ലാബ് ഉപകരണങ്ങളും (ഡ്രീം ഇന്ത്യ സ്കൂൾ എയ്ഡ്, കാഞ്ഞിരപ്പള്ളി) ടെണ്ടർ മുഖേന വാങ്ങി നൽകിയിരുന്നു.

സ്കൂളുകളിൽ വിതരണം നടത്തിയ ലാബ് ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്കൂളുകളുടെ എണ്ണം | ലാബ് ഉപകരണങ്ങളുടെ വില | ആകെ തുക | ബിൽ നം/തീയതി |
|---|---|---|---|---|
| 1 | 2 ഹയർ സെക്കണ്ടറി സ്കൂളുകൾ | 99,953 | 1,99,906 | 20,21/18-19;27.03.2019 |
| 2 | ഏഴ് യൂ പി സ്കൂളുകൾ | 39,982 | 2,79,874 | 22-28/18-19;27.03.2019 |
| | ആകെ | | 4,79,780 | |



(ഗവ:മോഡൽ ഹയർ സെക്കണ്ടറി സ്കൂളിലെ ലാബിൽ ഉപയോഗിക്കാതിരിക്കുന്ന ലാബ് ഉപകരണങ്ങൾ)

കോട്ടയം, ഗവ മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ പദ്ധതി പ്രകാരം വാങ്ങി നൽകിയ പല ലാബ് ഉപകരണങ്ങളും ഉപയോഗിക്കുന്നില്ല എന്നു കണ്ടു. ബിൽ പ്രകാരം 25900 രൂപയുള്ള Compound Microscope (Olympus) എന്ന ഉപകരണം പരിശോധനാ വേളയിൽപ്പോലും (10-12-2019) കവർ പൊട്ടിച്ചിട്ടില്ല എന്നു വ്യക്തമായി. ഓഡിറ്റിന്റെ സാന്നിദ്ധ്യത്തിലാണ് സ്കൂൾ അധികൃതർ മറ്റു ഉപകരണങ്ങളും തുറന്നു പരിശോധിച്ചത്. നിലവിലുള്ള ഉപകരണങ്ങൾ ഉപയോഗക്ഷമമായതുകൊണ്ടാണ് പുതുതായി ലഭിച്ച ഉപകരണങ്ങൾ ഉപയോഗിക്കാതിരുന്നത് എന്നു സ്കൂൾ അധികൃതർ മറുപടി നൽകി. 5219 രൂപ വിലയുള്ള മറ്റു നാലു Compound Microscope ഉം ഇത്തരത്തിൽ ഉപയോഗിക്കാതിരുന്നതായി കണ്ടു. സ്കൂൾ അധികൃതർ ആവശ്യപ്പെട്ടിട്ടാണോ ഇത്തരം ഉപകരണങ്ങൾ വാങ്ങി നൽകിയതെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു മറുപടിയായി (ഓഡിറ്റ് എൻക്വയറി നം:44/2018-19; 19.12.2019.) സ്കൂളധികൃതർ അപ്രകാരം ഉപകരണങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടു എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്.

പൊതുപണം ഉപയോഗിച്ചു വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കുന്നത് ദുർവ്യയമായി ഓഡിറ്റു കാണുന്നു. ഇത്തരം വീഴ്ചയ്ക്കു ബന്ധപ്പെട്ട സ്കൂൾ അധികൃതരിൽ നിന്നും നഗരസഭ വിശദീകരണം തേടേണ്ടതാണ്. ഭരണസമിതിയോ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയോ മറ്റു സ്കൂളുകളിലും പരിശോധന നടത്തി വാങ്ങിനൽകുന്ന ലാബ് ഉപകരണങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നുവോ എന്നു ഉറപ്പുവരുത്തേണ്ടതാണ്.

## 1-28 NEET, KEAM എൻട്രൻസ് പരിശീലനം നടത്തിയതിൽ അപാകതകൾ.

| | |
|---|---|
| പ്രൊജക്റ്റ് നം/പേര് | 616/18-19, വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കൽ. |
| ഫണ്ടിനം,വകയിരുത്തിയ തുക | വികസന ഫണ്ട്-₹11,29,000 |
| ചെലവഴിച്ചത് | ₹2,90,550 |
| ബിൽ നം/തീയതി | ₹61,850 (5/18-19;28.01.2019)<br>₹39,575 (6/18-19;20.02.2019)<br>₹14,700 (7/18-19;08.03.2019) |

| | |
|---|---|
| | ₹47,900 (8/18-19;08.03.2019)<br>₹76,900 (11/18-19;20.03.2019)<br>₹45,450 (12/18-19;20.03.2019)<br>₹4,175 (43/18-19;23.03 .2019) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സജൻ Sനായർ,<br>പ്രിൻസിപ്പൽ, ഗവ:V.H.S.S, നാട്ടകം. |

നഗരസഭയിലെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി എൻട്രൻസ് കോച്ചിംഗ്, ഉന്നത വിജയം നേടുന്ന കുട്ടികൾക്ക് അവാർഡ്, ഈവനിംഗ് ക്ലാസ്സ്, പ്രവേശനോത്സവം എന്നിവ നടത്തുന്നതിന് വികസന ഫണ്ടിൽ നിന്നും 11.29 ലക്ഷം രൂപ വകയിരുത്തിയിരുന്നു. നാട്ടകം VHSS, ഗവ: മോഡൽ HSS കോട്ടയം, ഗവ HSS കാരാപ്പുഴ എന്നീ മൂന്ന സ്കൂളുകളിൽ സായാഹ്ന ക്ലാസ്സ് നടത്തുന്നതിനായിരുന്നു തൻ വർഷം തുക ചെലവഴച്ചിട്ടുള്ളത്. ഒരു കുട്ടിയ്ക്ക് ലഘുഭക്ഷണത്തിനായി ₹25 രൂപ വച്ച് നൽകിയതിനായിരുന്ന 2.90 ലക്ഷം രൂപയും ചെലവഴിച്ചിട്ടുള്ളത്. ടി സ്കൂളുകളിലെ +1,+2 ക്ലാസ്സുകളിലെ കുട്ടികൾക്ക് സായാഹ്ന ക്ലാസ്സുകൾ നൽകിയതിന്റെ അറ്റൻഡൻസ് പകർപ്പുകൾ ഫയലിൽ ലഭ്യമായിട്ടുണ്ട്.

+2 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് KEAM, NEET എന്നീ എൻട്രൻസ് പരീക്ഷകൾ എഴുതുന്നതിന് പരിശീലനം നൽകുന്നതിനായി 1.5 ലക്ഷം രൂപയും പദ്ധതിയിൽ വകയിരുത്തിയിരുന്നു. ഇതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ വിളിച്ചതിനെത്തുടർന്ന് പെരുമ്പാവൂർ, ജയ് ഭാരത് ഇൻസ്പെയർ അക്കാഡമി എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകി. ടി സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ പ്രകാരം 50 കുട്ടികളുടെ രണ്ടു ബാച്ചുകൾ NEET നും KEAM നും നടത്താമെന്ന രേഖപ്പെടുത്തിയിരുന്നു. ഓരോ ബാച്ചിനും 150 മണിക്കൂർ ക്ലാസ്സ് 24 ദിവസം കൊണ്ട് എടുക്കുമെന്നും കുട്ടികൾക്കു സ്റ്റഡി മെറ്റീരിയൽസ് നൽകുമെന്നും സ്ഥാപനം ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരുന്നു. ഇതിനായി 134900 രൂപയാണ് ക്വട്ടേഷനിൽ തുക രേഖപ്പെടുത്തിയിരുന്നത്. ടി തുക സ്ഥാപനത്തിന് 2019-20 ൽ പ്രൊജക്ട് നം 626/19-20 പ്രകാരം നൽകിയിരുന്നു.(ബിൽ റഫറൻസ് നം:25762/23.10.2019).

എന്നാൽ സ്ഥാപനം ഹാജരാക്കിയ പൂർത്തീകരണ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും 24 ദിവസത്തിനു പകരം 20 ദിവസം മാത്രമാണ് ക്ലാസ്സുകൾ നടത്തിതെന്ന കണ്ടു. ഓരോ ബാച്ചിനും 150 മണിക്കൂർ ക്ലാസ്സ് എടുക്കുമെന്ന് ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരുന്നെങ്കിലും 100 മണിക്കൂർ മാത്രമെ ക്ലാസ്സുകൾ എടുത്തിട്ടുള്ളൂ. (20 ദിവസംx5 മണിക്കൂർ).വിശദീകരണം ആവശ്യപ്പെട്ടതിനുള്ള മറുപടിയായി 30 മണിക്കൂർ റിവിഷൻ നടത്തിയെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. എന്നാൽ ഏതൊക്കെ ദിവസം റിവിഷൻ സ്ഥാപനം

മുഖേന നടത്തി എന്നു വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

ഓരോ ബാച്ചിനും പരമാവധി 50 കുട്ടികൾക്ക് അവസരമുണ്ടെന്നിരിക്കെ പരമാവധി 25 കുട്ടികൾ മാത്രമാണ് KEAM ന്റെ ക്ലാസ്സുകളിൽ ഹാജരായിട്ടുള്ളൂ. ആദ്യ ക്ലാസ്സുകളിൽ 25 കുട്ടികൾ പങ്കെടുത്തപ്പോൾ ഓരോ ദിവസവും കുട്ടികൾ കുറയുകയും അവസാന രണ്ടു ക്ലാസ്സുകളിൽ 8 കുട്ടികൾ മാത്രമായി ചുരുങ്ങുകയും ചെയ്തതായി റിപ്പോർട്ടിൽ നിന്നും വ്യക്തമായി. മൂന്നു ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നുമായി നൂറുകണക്കിനു കുട്ടികൾ ഉണ്ടെന്നിരിക്കെ വളരെക്കുറഞ്ഞ എണ്ണം കുട്ടികൾക്കു മാത്രമായി പരിശീലനം ചുരുങ്ങിപ്പോയതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു മറുപടിയായി ഹയർ സെക്കണ്ടറി സ്കൂളുകളിൽ നൂറിലധികം കുട്ടികൾ ഉണ്ടാകുമെന്നും എൻട്രൻസ് എഴുതാൻ താൽപ്പര്യമുള്ള കുട്ടികൾ കുറവായതു കൊണ്ടാണ് കുട്ടികളുടെ എണ്ണം കുറഞ്ഞതെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ (ഓഡിറ്റ് എൻക്വയറി നം:45/2018-19;19.12.2019.) ഓഡിറ്റിനു നൽകിയത്. ഇത് അംഗീകരിക്കാനാവില്ല. എൻട്രൻസ് എഴുതുന്ന കുട്ടികളുടെ എണ്ണം മുൻകൂട്ടി കണക്കാക്കാമെന്നിരിക്കെ 100 കുട്ടികൾക്ക് പരിശീലനം കൊടുക്കുന്നതിന് തുക സ്ഥാപനത്തിനു നൽകിയത് ക്രമപ്രകാരമല്ല. കുട്ടികളുടെ എണ്ണം കണക്കാക്കാതെ തുക ചെലവഴിച്ചതു ശരിയായ നടപടിക്രമമല്ല.

100 കുട്ടികൾക്ക് സ്റ്റഡി മെറ്റീരിയൽസ് ലഭിക്കേണ്ടയിടത്ത് കുട്ടികളുടെ എണ്ണം കുറഞ്ഞതു കാരണം അവ നൽകേണ്ടി വന്നില്ല. ഹാജരായ കുട്ടികൾക്ക് ഇവ നൽകിയതു സംബന്ധിച്ച രേഖകളൊന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയില്ല. 100 കുട്ടികൾക്കുള്ള സ്റ്റഡി മെറ്റീരിയൽസ് മോഡൽ സ്കൂൾ പ്രിൻസിപ്പൽ കൈവശം ലഭിച്ചുവെന്നും വിതരണം ചെയ്തതിനു ശേഷമുള്ള ബാലൻസ് കൈവശം ഉണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയിൽ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ അവ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്. അതുവരെ എൻട്രൻസ് കോച്ചിംഗിനായി **ചെലവഴിച്ച ₹1,34,900 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

## 1-29 എൺപത്തിയൊന്നു ലക്ഷം രൂപ ചെലവഴിച്ച ഭൂരഹിത പുനരധിവാസം പദ്ധതി ഭൂമി വാങ്ങലിൽ മാത്രമായൊതുങ്ങുന്നു.

| | | |
|---|---|---|
| പ്രൊജക്റ്റ് നം/പേര് | 67/18-19, ഭൂരഹിത പുനരധിവാസം (ഭൂമി വാങ്ങൽ) | 26/18-19, അഗതി ഭൂരഹിത പുനരധിവാസം (പട്ടികവർഗ്ഗം) |
| ഫണ്ടിനം, വകയിരുത്തിയ തുക | വികസന ഫണ്ട് (SCP), 1,01,60,000 | വികസന ഫണ്ട് (TSP), 13,50,000 |
| ചെലവഴിച്ചത് | 69,00,000 | 12,00,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹണി T, പട്ടികജാതി വികസന ഓഫീസർ | |

ചെലവു സംബന്ധിച്ച വിശദാംശങ്ങൾ

| 67/18-19,SCP | | 26/18-19,TSP | |
|---|---|---|---|
| ബിൽ നം/ തീയതി | തുക | ബിൽ നം/ തീയതി | തുക |
| 1593/16.01.2019 | 9,00,000 | 1589/16.01.2019 | 7,50,000 |
| 1590/16.01.2019 | 7,50,000 | 1805/08.03.2019 | 4,50,000 |
| 1694/12.02.2019 | 9,00,000 | | |
| 1806/08.03.2019 | 4,50,000 | | |
| 1807/08.03.2019 | 3,75,000 | | |
| 1808/08.03.2019 | 3,75,000 | | |
| 1809/08.03.2019 | 3,75,000 | | |
| 1810/08.03.2019 | 3,75,000 | | |
| 1811/08.03.2019 | 3,75,000 | | |
| 1812/08.03.2019 | 4,50,000 | | |
| 1813/08.03.2019 | 3,75,000 | | |
| 1876/13.03.2019 | 3,75,000 | | |
| 1911/19.03.2019 | 3,75,000 | | |
| 1913/19.03.2019 | 4,50,000 | | |
| **ആകെ** | **69,00,000** | | **12,00,000** |

2018-19 വർഷം 81 ലക്ഷം രൂപ ചെലവഴിച്ച് ഭൂരഹിത പുനരധിവാസം പദ്ധതിയിൽ പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെട്ട 17 ഗുണഭോക്താക്കൾക്കും പട്ടികവർഗ്ഗത്തിൽ ഉൾപ്പെട്ട 3 ഗുണഭോക്താക്കൾക്കും 3/5 സെന്റ് ഭൂമി വാങ്ങി നൽകിയിരുന്നു. മുനിസിപ്പൽ പ്രദേശത്ത് ഭൂമി വാങ്ങുന്നതിന് 4.5 ലക്ഷം രൂപയും അല്ലാത്തയിടത്ത് 3.75 ലക്ഷം രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. ഭൌതിക പരിശോധനയിൽ ഈ പദ്ധതി വെറും ഭൂമി വാങ്ങൽ മാത്രമായൊതുങ്ങുന്നതായി ഓഡിറ്റ് കാണുന്നു. മേൽ രണ്ടു പദ്ധതികളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഓഡിറ്റ് ചൂണ്ടിക്കാട്ടുന്നു. അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം:34/2018-19; 19.11.2019.) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട് (നം:K.M-266/19; 31.12.2019). ആയതു പരിഗണിച്ചതിനുശേഷമുള്ള നിരീക്ഷണങ്ങളാണ് ചുവടെ ചേർക്കുന്നത്.

1) 31.10.2018 ലെ കൗൺസിലിന്റെ 4 ാം നമ്പർ തീരുമാന പ്രകാരം ടി രണ്ടു പദ്ധതിയിലേയും ഗുണഭോക്താക്കളെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കൗൺസിൽ അനുമതി നൽകി. എന്നാൽ ഓഡിറ്റ് വരേയും ഇവരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അംഗീകാരം ലഭിച്ചിട്ടില്ല.

2) വാർഡ് സഭകൾ/ഊരുകൂട്ടങ്ങൾ ചേർന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ രേഖകളും ഗുണഭോക്തൃ ലിസ്റ്റും ഓഡിറ്റിനു ഹാജരാക്കിയില്ല.

3) P.Sജയചന്ദ്രൻ , പത്തക്കല്ലുങ്കൽ, ശ്രീനിലയം, SN പുരം P.O എന്നയാളുടെ ഭാര്യയുടെ പേരിൽ കുറോപ്പട വില്ലേജിലുള്ള 1 ഏക്കർ 83 സെന്റ് സ്ഥലം കോട്ടയം മുനിസിപ്പാലിറ്റിയുടെ നിർദ്ദേശപ്രകാരം 5 സെന്റ് വീതമുള്ള പ്ലോട്ട് ഡിവിഷൻ നടത്തി 25 പേർക്കു നൽകിയതായുള്ള ടിയാന്റെ സമ്മതപത്രം ഫയലിൽ ഉണ്ട്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഇവിടെ മുനിസിപ്പാലിറ്റിയുടെയോ പട്ടികജാതി വികസന വകുപ്പിന്റെയോ യാതൊരു വിധ ഭവന നിർമ്മാണവും ഈ ഭൂമിയിൽ നടക്കുന്നതായി കണ്ടില്ല. മുൻ വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്കു സ്ഥലം വാങ്ങി

നൽകിയിരുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് മുഖേന നൽകിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങളോ തുകയെ സംബന്ധിച്ചോ വിശദാംശങ്ങൾ ലഭ്യമല്ല. ഗുണഭോക്താക്കൾ പ്രസ്തുത ഭൂമി പേരിൽ കൂട്ടി കരം അടയ്ക്കുന്നുണ്ടോയെന്നും കൈവശാവകാശത്തിന്റെയും കരം അടച്ചതിന്റെയും രേഖകളുടെ പകർപ്പുകൾ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടോ എന്നുമറിയിക്കാനാവശ്യപ്പെട്ടിരിന്നെങ്കിലും ആയത് അറിയിച്ചിട്ടില്ല. ടി സ്ഥലം വാങ്ങി നൽകിയത് നിയമക്കുരുക്കിലകപ്പെട്ടതായി ഓഡിറ്റിനെ ചില ഗുണഭോക്താക്കൾ വാക്കാൽ ഓഡിറ്റിനെ ഭൗതിക പരിശോധനാവേളയിൽ അറിയിച്ചിരുന്നു. ടി 25 ഗുണഭോക്താക്കളെ മറ്റു ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നറിയിക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് അറിയിച്ചിട്ടില്ല.

തൻ വർഷം ശ്രീമതി. അയ്യമ്മാൾ D, ശ്രീ.അജി P.B, ശ്രീമതി.ശ്യാമള ഗോപി എന്നീ ഗുണഭോക്താക്കൾക്കു ശ്രീ.ജയചന്ദ്രന്റെ ഭൂമി മുനിസിപ്പാലിറ്റി വാങ്ങി നൽകുന്നതിനു നഗരസഭയുടെ പദ്ധതി വഴി തുക ചെലവഴിച്ചിട്ടുണ്ട്.



(കുരോപ്പട വില്ലേജിലുള്ള 1 ഏക്കർ 83 സെന്റ് സ്ഥലം)

4) ശ്രീ കോശി പുന്നൂസ്, മണലേൽ വീട്, അമയന്നൂർ പി.ഒ, അയർക്കുന്നം എന്ന വ്യക്തിയുടെ പാമ്പാടി വില്ലേജിലുള്ള 17 ആർ' സ്ഥലവും 5 സെന്റു വീതമുള്ള പ്ലോട്ടാക്കി വില്പന നടത്തിയിട്ടുണ്ട്. ഓഡിറ്റ് വർഷം (2018-19) ശ്രീ വിനോദ് കെ.ആർ, ശ്രീ.ഷിബു C.K, ശ്രീ.അജിൽ P.S എന്നീ മൂന്നു ഗുണഭോക്താക്കൾക്കും 2019-20 ൽ ശ്രീ.പ്രസന്നൻ G, ശ്രീ.ശ്രീരാജ് T.V, ശ്രീമതി.അനില രമേശ് എന്നീ മൂന്നു ഗുണഭോക്താക്കൾക്കും മുനിസിപ്പൽ ഫണ്ട് ഉപയോഗിച്ച് ഭൂമി വാങ്ങി നൽകുന്നതിനു തുക ചെലഴിച്ചിട്ടുണ്ട്. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഇവിടേയും ഭവന നിർമ്മാണമോ മറ്റോ നടക്കുന്നില്ല.



(പാമ്പാടി വില്ലേജിലുള്ള 17 ആർ' സ്ഥലം)

ചുരുക്കത്തിൽ ഭൂരഹിത പുനരധിവാസം പദ്ധതി ഭൂമി വാങ്ങി നൽകുന്നതിനപ്പുറം മറ്റു യാതൊരു പ്രവർത്തനങ്ങളും നടക്കാതെയിരിക്കുകയാണ്. ഭവന നിർമ്മാണം നടക്കാത്തതിനാൽ പദ്ധതിയുടെ ശരിയായ ഉദ്ദേശലക്ഷ്യങ്ങളെ തകിടം മറിക്കുന്നതായാണ് കാണുന്നത്. മുൻ വർഷങ്ങളിൽ ഇതേ പദ്ധതികൾ വഴി നടപ്പാക്കിയ വസ്തു കൈമാറ്റവും മറ്റും അന്വേഷണ വിധേയ മാക്കേണ്ടതാണെന്നു ഓഡിറ്റു വിലയിരുത്തുന്നു. അപാകതകളിന്മേൽ സർക്കാർ തലത്തിൽ അന്വേഷണം നടത്താൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതു വരെ ചെലവു തുകയായ ₹8,100,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 വനിതകൾക്കു സ്കൂട്ടർ വാങ്ങി നൽകുന്ന പദ്ധതിയിൽ സബ്സിഡി തുക അധികമായി നൽകി.

| | |
|---|---|
| പ്രൊജക്ട് നം/പേര് | 89/18-19, സ്വയം തൊഴിലിനായി<br>വനിതകൾക്ക് സ്കൂട്ടർ വാങ്ങൽ. |

| | |
|---|---|
| | |
| ഫണ്ടിനം,വകയിരുത്തിയ തുക | വികസന ഫണ്ട് (SCP), 1,50,000 |
| ചെലവഴിച്ചത് | 1,40,477 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹണി T, പട്ടികജാതി വികസന ഓഫീസർ |

സ്വയം തൊഴിലിനായി നാലു വനിതകൾക്ക് ഈ പദ്ധതി പ്രകാരം സ്കൂട്ടർ വാങ്ങുന്നതിനു തുക ചെലവഴിച്ചിട്ടുണ്ട്. വാഹന ഡീലറുടെ ക്വട്ടേഷൻ പരിഗണിച്ചാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ സബ്സിഡി തുക കൈമാറിയിട്ടുള്ളത്.

നഗരപാലികാ സ്ഥാപനങ്ങളുടെ സബ്സിഡി, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം (സ.ഉ(കൈ) നം.22/2018/തസ്വഭവ; തീയതി: 14.02.2018) സ്കൂട്ടർ വിലയുടെ 50% മാത്രമാണ് സബ്സിഡി തുക നൽകേണ്ടത്. എന്നാൽ സ്കൂട്ടറിന്റെ എക്സ് ഷോറൂം വിലയുടെ കൂടെ ഇൻഷുറൻസ്, റോഡ് ടാക്സ് എന്നിവ ഉൾപ്പെട്ട തുകയുടെ 50% ആണ് സബ്സിഡിയായി നൽകിയിട്ടുള്ളത്. ആയതിനു വിശദീകരണം നൽകേണ്ടതാണ്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താ വിന്റെ പേരും വിലാസവും | സ്കൂട്ടറിന്റെ നികുതി ഉൾപ്പെടെയുള്ള വില | 50% സബ്സിഡി നൽകിയത് | 50% സബ്സിഡി നൽകാവുന്നത് | വ്യത്യാസം |
|---|---|---|---|---|---|
| 1 | ബിന്ദു ഷാനവാസ്, ഉമ്പുക്കാട്ട് മാലി, മൂലവട്ടം P.O | Ex.showroom price-59460<br>Insurance-5432<br>RTO fee-610<br>Road tax-4757<br>Total-70259 | 35129<br>ബിൽ നം: 31/KTM/18-19; 31.12.2018 | 29,730 | 5,399 |
| 2 | ശുഭ സന്തോഷ്,<br>ശ്രീ നിലയം,<br>S.H മൗണ്ട് P.O | Ex.showroom price-57595<br>Insurance-5411<br>RTO fee-610<br>Road tax-4608<br>Total-68224 | 34112<br>ബിൽ നം: 31/KTM/18-19; 31.12.2018 | 28,797 | 5,315 |
| 3 | രഞ്ജു മനോജ്, തോപ്പിൽ വീട്, മനോരമയുടെ തെക്ക് ഭാഗം, കോട്ടയം | Ex.showroom price-68014<br>Insurance-5100<br>RTO fee-610<br>Road tax-5441<br>Total-79165 | 35000<br>ബിൽ നം: 19/KTM/18-19; 17.11.2018 | 34,007 | 993 |

| | | | | | |
|---|---|---|---|---|---|
| 4 | ശ്രീജാ സജി, തേക്കോട്ട പറമ്പിൽ, കുമാരനല്ലൂർ P.O | Ex.showroom price-59460<br>Insurance-7644<br>RTO fee-610<br>Road tax-4757<br>Total-72471 | 36236<br>ബിൽ നം:<br>56/KTM/18-19;<br>13.03.2019 | 29,730 | 6,506 |
| | **ആകെ** | | | | **18,213** |

മൂന്ന ഗുണഭോക്താക്കൾ സ്കൂട്ടർ വാങ്ങിയതിന്റെ രേഖകൾ ഓഡിറ്റിന്ന ഹാജരാക്കേണ്ടതും സബ്സിഡി അധികമായി നൽകിയതിലെ അപാകതയ്ക്ക വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക (ഓഡിറ്റ് എൻക്വയറി നം:33/2018-19;19.11.2019.) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട് (നം:K.M-266/19;31.12.2019). സ്കൂട്ടർ വില എന്നതിൽ എക്സ് ഷോറൂം വിലയുടെ കൂടെ ഇൻഷ്വറൻസ്, ടാക്സ്, RTO ഫീസ് എന്നിവ ഉൾപ്പെടും എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. മാർഗ്ഗരേഖ പ്രകാരം (സ.ഉ(കൈ) നം.22/2018/തസ്വഭവ; തീയതി: 14.02.2018) സ്കൂട്ടർ വിലയുടെ 50% മാത്രമാണ് സബ്സിഡി തുക നൽകേണ്ടത് എന്നതിനാൽ ഈ മറുപടി അംഗീകരിക്കാനാവില്ല. അധികമായി നൽകിയ 18213 രൂപ ഗുണഭോക്താക്കളിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. **₹18,213 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.**

## 1-31 ഭവന നിർമ്മാണം പദ്ധതിയിൽ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് നം/പേര് | 78/18-19, ഭവന നിർമ്മാണം |
| ഫണ്ടിനം,വകയിരുത്തിയ തുക | വികസന ഫണ്ട് (SCP), 60,00,000 |
| ചെലവഴിച്ചത് | 15,00,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹണി T, പട്ടികജാതി വികസന ഓഫീസർ |

ഭവനനിർമ്മാണം പദ്ധതിയിൽ 15 ഗുണഭോക്താക്കൾക്കായി ഒന്നാം ഗഡു 40,000/-രൂപ, രണ്ടാം ഗഡു 1,60,000/- രൂപ മൂന്നാം ഗഡു 1,60,000/-, നാലാം ഗഡു 40,000/- എന്നിങ്ങനെ ആകെ 4 ലക്ഷം രൂപ വീതം വികസനഫണ്ടിൽ നിന്നും നൽകുന്നതിനായിരുന്നു പദ്ധതി തയ്യാറാക്കിയിരുന്നത്. ഇതു പ്രകാരം ആദ്യ ഘട്ടത്തിൽ 15 പേർക്ക് 60000 രൂപ വീതം നൽകിയിരുന്നു. ഇതിൽ ഒരു ഗുണഭോക്താവായ ശ്രീമതി പൊന്നമ്മ കുഞ്ഞുമോൻ PMAY പദ്ധതിയിൽ ഉൾപ്പെട്ടതിനാൽ തുക തിരിച്ചടച്ചിരുന്നു. 2019-20 ൽ പദ്ധതി സ്പിൽ ഓവറായി തുടരുന്നുണ്ട്. പദ്ധതിയിലുൾപ്പെട്ട എല്ലാ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ ഗഡുക്കളുടെ എണ്ണം | ഓരോ ഗുണഭോക്താവും കൈപ്പറ്റിയ തുക | ആകെ തുക (I)*(IV) |
|---|---|---|---|---|

| (I) | (II) | (III) | (IV) | (V) |
|---|---|---|---|---|
| 1 | ബിജു P.T | 1 | 60,000 | 60,000 |
| 2 | സുജമോൾ K.K, പങ്കജാക്ഷി ചെല്ലപ്പൻ, സാബു M.S, സുരേന്ദ്രൻ K.P, ഷിനമോൻ M.P, മാരിയമ്മാൾ, ചെല്ലമ്മ തങ്കപ്പൻ | 2 | 1,80,000 | 1,80,000 |
| 3 | കുഞ്ഞമ്മിണി രാജൻ, രാഘവൻ M.K, സനീഷ് കൃഷ്ണൻ, മധു K.S, ഷിബുരാജ് P.T, പാപ്പച്ചൻ C.C, | 3 | 3,40,000 | 3,40,000 |
| | **ആകെ** | | | **5,80,000** |

ആദ്യ ഗഡുവും രണ്ടാം ഗഡുവും മാത്രം കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീയാക്കാത്ത ഗുണഭോക്താക്കൾക്ക 2018-19 വർഷം നൽകിയ തുക **₹5,80,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** ഈ ഗുണഭോക്താക്കൾക്ക നൽകിയ സബ്സിഡിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക,ബിൽ നം/തീയതി | ആകെ തുക |
|---|---|---|---|
| 1 | സുജമോൾ K.K, ഇടത്തിനകം, S.H മൗണ്ട്. | 40,000, (ബിൽ നം.32/KTM/18-19;31.12.2018) | 40,000 |
| 2 | പങ്കജാക്ഷി ചെല്ലപ്പൻ, കളരിത്തറ, വേളൂർ പി.ഒ | 60,000,(ബിൽ നം.32/KTM/18-19;31.12.2018)) | 60,000 |
| 3 | സാബു M.S, മരങ്ങാട്ടിൽ വീട്, S.H മൗണ്ട് | 60,000,(ബിൽ നം.32/KTM/18-19;31.12.2018)<br>60,000,(ബിൽ നം.82/KTM/18-19;26.03.2019)<br>60,000,(ബിൽ നം.83/KTM/18-19;26.03.2019) | 1,80,000 |
| 4 | സുരേന്ദ്രൻ K.P, നമ്പോലിക്കുന്നം പുരം, മൂലവട്ടം P.O | 60,000,(ബിൽ നം.32/KTM/18-19;31.12.2018) | 60,000 |
| 5 | P.T ബിജു, പറാണിയിൽ, മുട്ടമ്പലം പി.ഒ, കോട്ടയം | 60,000,(ബിൽ നം.39/KTM /18-19;19.01.2019)ആരും | 60,000 |
| 6 | ഷിനമോൻ.M.P, മാലിയിൽച്ചിറ, | 60,000,(ബിൽ നം.39/KTM/18-19;19.01.2019) | 60,000 |

| | | | |
|---|---|---|---|
| | പാക്കിൽ P.O | | |
| 7 | മാരിയമ്മാൾ,<br>നിർമ്മിതി കോളനി | 60,000,(ബിൽ നം.59/KTM/18-19;13.03.2019) | 60,000 |
| 8 | ചെല്ലമ്മ തങ്കപ്പൻ, വട്ടമുകൾ | 60,000,(ബിൽ നം.39/KTM/18-19;19.01.2019) | 60,000 |
| | **ആകെ** | | **5,80,000** |

ഇതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം:30/2018-19; 19.11.2019.) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട് (നം:K.M-266/19; 31.12.2019). നടപടിക്രമങ്ങളിലെ കാലതാമസം മൂലമാണ് പദ്ധതി 2018-19 ൽ പൂർത്തിയാക്കാൻ സാധിക്കാതിരുന്നതെന്നാണ് മറുപടി നൽകിയത്, മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ സ്പിൽഓവറായി ഭവനനിർമ്മാണം പൂർത്തിയാക്കുന്നുണ്ടെന്നും അറിയിച്ചു. നിർമ്മാണം പൂർത്തീകരിക്കുന്നതുവരെ 5,80,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 പഠനമുറി നിർമ്മാണം പദ്ധതിയിൽ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് നം/പേര് | 83/18-19, ഹൈസ്കൂളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കു പഠനമുറി |
| ഫണ്ടിനം,<br>വകയിരുത്തിയ തുക | വികസന ഫണ്ട് (SCP); 40,00,000 |
| ചെലവഴിച്ചത് | 17,00,000 |
| നിർവ്വഹണ<br>ഉദ്യോഗസ്ഥൻ | ഹണി T, പട്ടികജാതി വികസന ഓഫീസർ |

ഹൈസ്കൂളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കു പഠനമുറി എന്ന പദ്ധതിയിൽ 20 ഗുണഭോക്താക്കൾക്കായി 2 ലക്ഷം രൂപ വീതം വികസനഫണ്ടിൽ നിന്നും നൽകുന്നതിനായിരുന്നു വിഭാവനം ചെയ്തിരുന്നു. 2019-20 ൽ പദ്ധതി സ്പിൽ ഓവറായി തുടരുന്നുണ്ട്. 11/2019 വരെയുള്ള രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും രണ്ടു പേരു മാത്രമാണ് നാലു ഗഡുവും വാങ്ങി പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയതായി കണ്ടുള്ളൂ. നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ ഗഡുക്കളുടെ എണ്ണം | ഓരോ ഗുണഭോക്താവും കൈപ്പറ്റിയ തുക | ആകെ തുക (i)*(iv) |
|---|---|---|---|---|
| (i) | (ii) | (iii) | (iv) | (v) |
| 2 | അഭിരാം സുരേഷ്,<br>അർജ്ജുൻ K | 1 | 50,000 | 1,00,000 |

| | | | | |
|---|---|---|---|---|
| | അഭിലാഷ് | | | |
| 7 | മിനിമോൾ C.M, അനീഷ P.K,<br>അനന്ദു, ദീപക് ദാസ്, അക്ഷയ,<br>നന്ദന P.S, രഞ്ജന രാജു. | 2 | 1,00,000 | 7,00,000 |
| 9 | ഐശ്വര്യ പ്രദീപ്, നപിൻ വി മനോജ്, അനഘ പി മോഹനൻ, അമൃത, ലക്ഷ്മി,<br>നന്ദന മനോഷ്, അമീഷ, അഭിജിത്ത്, ആദർശ് | 3 | 1,50,000 | 13,50,000 |
| | **ആകെ** | | | **2,150,000** |

ആദ്യ ഗഡുവും രണ്ടാം ഗഡുവും മാത്രം കൈപ്പറ്റി പഠനമുറിയുടെ നിർമ്മാണം പൂർത്തീയാക്കാത്ത ഗുണഭോക്താക്കൾക്ക 2018-19 വർഷം നൽകിയ തുക **₹4,50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** ഈ ഗുണഭോക്താക്കൾക്ക നൽകിയ സബ്സിഡിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക,ബിൽ നം/തീയതി |
|---|---|---|
| 1 | അഭീരാം സുരേഷ് | 50000 (ബിൽ നം.26/KTM /18-19; 22.12.2018) |
| 2 | അർജ്ജുൻ K അഭിലാഷ് | 50,000 (ബിൽ നം.26/KTM /18-19; 22.12.2018 ) |
| 3 | മിനിമോൾ C.M | 50,000 (ബിൽ നം.26/KTM /18-19; 22.12.2018 ) |
| 4 | അനീഷ P.K | 50,000 (ബിൽ നം.26/KTM /18-19; 22.12.2018 ) |
| 5 | അനന്ദു | 50000 (ബിൽ നം.26/KTM /18-19; 22.12.2018 ) |
| 6 | ദീപക് ദാസ് | 50,000 (ബിൽ നം.26/KTM /18-19; 22.12.2018 ) |
| 7 | അക്ഷയ | 50000 (ബിൽ നം.26/KTM /18-19; 22.12.2018 ) |
| 8 | നന്ദന P.S | 50,000 (ബിൽ നം.44KTM/18-19; 19.02.2019 ) |

| | | |
|---|---|---|
| 9 | രഞ്ജന രാജു | 50,000 (ബിൽ നം.26/KTM /18-19; 22.12.2018 ) |
| | **ആകെ** | **4,50,000** |

മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം:31/2018-19; 19.11.2019.) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട് (നം:K.M-266/19; 31.12.2019). നടപടിക്രമങ്ങളിലെ കാലതാമസം മൂലമാണ് പദ്ധതി 2018-19 ൽ പൂർത്തിയാക്കാൻ സാധിക്കാതിരുന്ന തെന്നാണ് മറുപടി നൽകിയത് . പഠനമുറി പൂർത്തിയാക്കാൻ ഗുണഭോക്താക്കൾക്ക നിർദ്ദേശം നൽകേണ്ടതാണ്. അല്ലാത്തപക്ഷം അനുവദിച്ച ഗഡുക്കൾ നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 കൃഷിഭവനുകളിലേക്ക ടെണ്ടർ കൂടാതെ ഫർണിച്ചർ വാങ്ങി.

| | |
|---|---|
| പ്രൊജക്റ്റ് നം/പേര് | 574/18-19, കൃഷിഭവനുകളിലേക്ക് ഫർണിച്ചർ വാങ്ങൽ |
| ഫണ്ടിനം,വകയിരുത്തിയ തുക | വികസന ഫണ്ട് (ജനറൽ), 2,84,000 |
| ചെലവഴിച്ചത് | 86140 (ബിൽ നം:44/18-19/ 26.03.19)<br>86140 (ബിൽ നം:45/18-19/ 26.03.19)<br>21240 (ബിൽ നം:47/18-19/ 26.03.19)<br>193520- ആകെ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ, കൃഷി ഭവൻ , നാട്ടകം |

കൃഷിഭവനുകളിലേക്ക ഫർണിച്ചർ വാങ്ങുന്ന പദ്ധതിയിൽ ടെണ്ടർ കൂടാതെഫർണിച്ചർ വാങ്ങി. തിരുവല്ലയിലുള്ള കെയ്ക്കോ (KAICO) എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഫർണിച്ചറുകൾ വാങ്ങിയിട്ടുള്ളത്. Kerala Agro Industries Corporation എന്ന സ്ഥാപനം കാർഷിക യന്ത്രങ്ങൾ മാത്രം ഉല്പാദിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്ന സ്ഥാപനമാണ്. ഈ സ്ഥാപനത്തിൽ ഉദ്പാദിപ്പിക്കാത്ത ഫർണിച്ചറുകൾ ടെണ്ടർ കൂടാതെ വാങ്ങാൻ വ്യവസ്ഥ ഇല്ലായെന്നിരിക്കെ അപ്രകാരം വാങ്ങിയത് ക്രമപ്രകാരമല്ല. സ.ഉ (സാധാ):3299/2016/ത.സ്വ.ഭ.വ,തീയതി: 02.12.2016 പ്രകാരം ടെണ്ടർ കൂടാതെ സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും വാങ്ങുന്ന സാധന

സാമഗ്രികൾ അവ നിർമ്മിക്കുന്ന സ്ഥാപനങ്ങളിൽ നിന്നു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. സ്വന്തമായി നിർമ്മിക്കാതെ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി ഇടനിലക്കാരായി മേൽ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് മേൽ ഉത്തരവ്വ് പുറപ്പെടുവിച്ചിട്ടുള്ളത്.

| ക്രമ നം | ഫർണിച്ചർ ലഭ്യമായ കൃഷി ഓഫീസ് | ഇൻവോയിസ് നം/തീയതി | ഇനം | എണ്ണം | നിരക്ക് | തുക | ആകെ തുക |
|---|---|---|---|---|---|---|---|
| 1 | നാട്ടകം | v-926A/18-19; 28.02.19 | Bookshelf with glass lid | 1 | 8,000 | 8,000 | 86140 (18% GST-13140 incl) |
| | | | Dice | 6 | 10,000 | 60,000 | |
| | | | Podium with mikestand | 1 | 5,000 | 5,000 | |
| 2 | കുമാരനല്ലൂർ | 927A/18-19; 28.02.19 | Bookshelf with glass lid | 1 | 8,000 | 8,000 | 86140 (18% GST-13140 incl) |
| | | | Dice | 6 | 10,000 | 60,000 | |
| | | | Podium with mikestand | 1 | 5,000 | 5,000 | |
| 3 | കോട്ടയം | 928A/18-19; 28.02.19 | Black Chair | 1 | 8,000 | 8,000 | 21240 (18% GST-3240 incl) |
| | | | Table | 2 | 5,000 | 10,000 | |
| | | | | | | **ആകെ** | **1,93,520** |

ഫർണിച്ചറുകൾ ടെണ്ടർ കൂടാതെ വാങ്ങിയതിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (ഓഡിറ്റ് എൻക്വയറി നം:16/2018-19; 28.10.2019.) മറുപടിയായി KAICO യിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങിയത് ശരിയാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ സർക്കാർ ഉത്തരവ്വ് പ്രകാരം ഇത് അംഗീകരിക്കാനാവില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കണമെന്നു ഓഡിറ്റു നിർദ്ദേശിക്കുന്നു. ഭരണസമിതിയും ഈ വിഷയത്തിൽ നിർദ്ദേശം നൽകേണ്ടതാണ്.

## 1-34 ഭവന നിർമ്മാണം - നാട്ടകം മേഖല - രണ്ടാം ഘട്ടം (എസ്.ഒ 632/18-19) – നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| 78/18-19, ഭവന നിർമ്മാണം | |
| ഫണ്ടിനം,വകയിരുത്തിയ തുക | വികസന ഫണ്ട് (SCP), 60,00,000 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | ശ്രീ P.K സജീവ്, ശ്രീ മുഹമ്മദ് ഷാഫി (സെക്രട്ടറിമ്മാർ) |

2018-19 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ഭവന നിർമ്മാണം നാട്ടകം മേഖല - രണ്ടാം ഘട്ടം എന്ന പ്രോജക്ടിന്റെ ഭാഗമായി വി പി എഫ് II എ യിൽ നിന്ന് തുക പിൻവലിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ചില ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും, മേൽവിലാസവും |
|---|---|
| 1 | വസുമതി സതീഷ്<br>താഴത്ത് വീട്ടിൽ<br>മറിയപ്പള്ളി, കോട്ടയം |
| 2 | മറിയാമ്മ ജോൺ<br>കല്ലുതറയിൽ |
| 3 | സുജ പി എസ്<br>കുറ്റിച്ചേരിൽ<br>പള്ളം പി ഒ |
| 4 | ലീലാമ്മ ജോസ്<br>കൊണ്ടകശ്ശേരിൽ<br>ചിങ്ങവനം |
| 5 | പൊന്നമ്മ രാജു<br>പുളിവേലിപ്പറമ്പ്<br>ചിങ്ങവനം |
| 6 | സണ്ണി പി.ബി<br>പാലത്തിങ്കൽ തോപ്പിൽ<br>പാക്കിൽ പി.ഒ |

| | |
|---|---|
| | |
| 7 | ജാഫിയ സനു<br>പുഴക്കര കൊച്ചുപറമ്പ്<br>ചിങ്ങവനം |
| 8 | സിന്ധു വിജയപ്പൻ<br>തുണ്ടിയിൽ<br>ചിങ്ങവനം |
| 9 | ഓമന ചാക്കോ<br>കളത്തിൽ പറമ്പിൽ<br>ചിങ്ങവനം |
| 10 | സുബദാമോൾ<br>പുളിമൂട്ടിൽ<br>പള്ളം |
| 11 | ശാന്തമ്മ രവീന്ദ്രനാഥ്<br>കുമ്പളശ്ശേരിൽ<br>പാക്കിൽ |
| 12 | ലീലാമ്മ ജെയിംസ്<br>കോനാക്കൽ<br>മറിയപ്പള്ളി |
| | ആകെ |

ഇതിന് മറുപടി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.62) ക്രമനം.8 സിന്ധു വിജയപ്പൻ എന്ന ഗുണഭോക്താവ് വീടിന്റെ തുടർപണി ചെയ്യാൻ നിർവ്വാഹമില്ലാത്തതിനാൽ തുകപലിശ സഹിതം തിരിച്ചടച്ച് കരാറിൽ നിന്നും ഒഴിവാകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും മറ്റ് ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാത്തതിന്റെ കാരണം രേഖാമൂലം അറിയിയ്ക്കുന്നതിനും അവസാനഗഡു കൈപ്പറ്റുന്നതിനുമുള്ള അറിയിപ്പ് നൽകിയിട്ടുള്ളതുമാണെന്ന് അറിയിച്ചു. ഭവന നിർമ്മാണം പൂർത്തീകരി യ്ക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം അടിയന്തരമായി പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ നഗരസഭ ഊർജ്ജിതമാക്കേണ്ടതാണ്.

## 1-35 നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തിയതിനു പിഴ ഈടാക്കിയിട്ടില്ല.

എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി 2018-19 വർഷം കരാറുകാർ മുഖേന നടപ്പാക്കിയ ഏതാനും മരാമത്ത് പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തി കരാറിലേർപ്പെട്ടതിന് പിഴ ഈടാക്കാതിരുന്ന നടപടി ക്രമവിരുദ്ധമാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നുവെങ്കിലും സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന ഏതാനും കരാറുകാർ തുടർന്നുള്ള 10 ദിവസത്തിനകമോ അതിനു ശേഷമോ കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിരുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, കരാറുകാരൻ, കരാർ തുക, എം ബുക്ക് നം | സെലക്ഷൻ നോട്ടീസ് തീയതി | കരാർ ഒപ്പിട്ട തീയതി | ബിൽ തുക, ബിൽ നം/ തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|---|
| 1 | 258/18-19,<br>കല്ലുപാലം പെരുമ്പള്ളി റോഡ് പുനരുദ്ധാരണം.<br>K.S അജയൻ<br>1349112<br>എം ബുക്ക്- 625/18-19 | 29.09.2018 | 11.01.2019 | 940105<br>BRN:81851/ 25.07.2019 | 13,491 |
| 2 | 342/18-19,<br>CMSസ്കൂൾ-ഹൗസിംഗ് കോളനി റോഡ് ഇന്റർലോക്ക്,<br>മനൂപ് വി മാത്യൂ<br>419998<br>എം ബുക്ക്- 310/13-14 | 02.08.2018 | 07-09-2018 | 417898,<br>BRN:63676/ 19.12.2018 | 4,200 |
| 3 | 372/18-19, | 02.08.2018 | 03-09-2018 | 373796 | 3,738 |

| | | | | | |
|---|---|---|---|---|---|
| | മടമ്പ് കടവ് ഒറവക്കര<br>റോഡ് കോൺക്രീറ്റ്.<br>ലിജ്ജ കുര്യാക്കോസ്<br>373833<br>എം ബുക്ക്-61/2017 | | | BRN:63640/<br>19.12.2018 | |
| 4 | 368/18-19,<br>പെരുംതുരുത്തിയിൽ<br>ഇരുപത് റോഡ് റീ<br>കോൺക്രീറ്റിംഗ്<br>ലിജ്ജ കുര്യാക്കോസ്<br>എം ബുക്ക്-894/2018-19<br>324626 | 02.08.2018 | 03-09-2018 | 324587<br>BRN:61793/<br>19.12.2018 | 3,246 |
| 5 | 865/18-19,<br>തോട്ടുങ്കൽ റോഡ് റീ<br>കോൺക്രീറ്റിംഗ്,<br>മനൂപ് വി മാത്യൂ<br>എം ബുക്ക്-139/17-18<br>145794 | 18-12-2017 | 19.01.2018 | 145794<br>BRN:37278/<br>14.08.2018 | 1,458 |
| 6 | 126/18-19,<br>കൊട്ടിപ്പള്ളിപ്പടി<br>എസ്.എൻ.ഡി.പി റോഡ്<br>കോൺക്രീറ്റിംഗ്,<br>K V സ്കറിയ,<br>679/18-19<br>203980 | 30-06-18 | 28-07-18 | 203980<br>BRN:59027/<br>19.12.2018 | 2,040 |
| 7 | 30/18-19,<br>പോട്ടയിൽ ഇടവഴിയും<br>NSS പുന്നയിൽ മാലി<br>റോഡ് കട്ടപാകൽ,<br>ടോമി തോമസ്,<br>528/18-19<br>379452 | 30-06-18 | 28-07-2018 | 379452<br>BRN:59363/<br>19.12.2018 | 3,795 |
| 8 | 66/18-19, | 07.08.2018 | 24.09.2018 | 173987 | 1,740 |

| | | | | | |
|---|---|---|---|---|---|
| | പാലമറ്റം കാട്ടുപറമ്പിൽ റോഡ്<br>കോൺക്രീറ്റിംഗ്,<br>മഹേഷ് പി.പി<br>229/17-18<br>173987 | | | BRN:55808/<br>13.03.2019 | |
| 9 | 64/18-19,<br>നമ്പൂതിരി മുകളേൽ<br>വാഴക്കാല റോഡ്,<br>ബിനോയി<br>758/18-19<br>303853 | 08.08.2018 | 03.09.2018 | 303853<br>BRN:56372/<br>13.03.2019 | 3,039 |
| | **ആകെ** | | | | **36,747** |

അപാകതകളിന്മേൽ അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (ഓഡിറ്റ് എൻക്വയറി നം:52/2018-19; 17.01.2020.) എഞ്ചിനിയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടില്ല. ആയതിനാൽ ബില്ലുകളിൽ നിന്നും ഈടാക്കേണ്ട പിഴ തുക **₹36,747 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** ടി തുക കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ചുമത്തിയില്ല.

കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിൽ കരാർ ദീർഘിപ്പിച്ച് പിഴ ചുമത്താതിരുന്നത് മൂലം പിഴയിനത്തിൽ നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകുകയും ഈ തുക കരാറുകാർക്ക് അധികമായി ലഭ്യമാകുകയും ചെയ്തു.അസി.എഞ്ചിനീയർ/അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ/മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി 2018-19 വർഷം നടപ്പാക്കിയ ഏതാനും മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ കരാർ ദുർബലപ്പെടുത്തുകയോ പിഴ ചുമത്തിക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയോ ചെയ്തില്ല. കരാർ ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. മാന്വൽ അനുശാസിക്കുന്ന തരത്തിൽ പിഴ ചുമത്താതിരുന്നതു മൂലം നഗരസഭയ്ക്ക് നികുതിയേതര ഇനത്തിലുള്ള വരുമാന നഷ്ടവുമുണ്ടായി.

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 25% സമയം അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) ഒരു ശതമാനം പിഴയോടുകൂടിയോ (മിനിമം 1000/- രൂപ, മാക്സിമം 50000/- രൂപ) അതിൽ കൂടുതൽ വരുന്ന 25% വരെ സമയം കരാർ തുകയുടെ 2% പിഴയോടു കൂടിയും (മിനിമം 2000/- രൂപ, മാക്സിമം 100000/- രൂപ) അനുവദിക്കാവുന്നതാണ്. പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന സമയം കരാർ കാലാവധിയുടെ 50% ൽ അധികരിക്കാനും പാടില്ല.

2012 മാന്വൽ അനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് ചുമത്തേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

അപാകതകളിന്മേൽ അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ടു

| ക്രമ നം | പ്രവൃത്തിയുടെ വിശദാംശം | കരാർ തുക | അധികമായി എടുത്ത കാലാവധി | ചുമത്തേണ്ട പിഴ |
|---|---|---|---|---|
| 1 | പ്രൊജക്റ്റ് നം: 874/ 2018-19<br>105 ാം നമ്പർ അങ്കണവാടി പുനരുദ്ധാരണം<br>കരാറുകാരൻ: ലിജ്ജ കുര്യാക്കോസ്<br>എഗ്രിമെന്റ് നം/തീയതി:76/17-18; 18.11.2017<br>പ്രവൃത്തിയുടെ കാലാവധി: 3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി:18.11.2017<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി: 02.05.2018<br>എം ബുക്ക് നം: 583<br>ബിൽ നം/തീയതി: BRN:84602/ 01.09.2018<br>തുക: 159276 | 199311 | 74 ദിവസം | 5,979<br>(199311x1%+199311x2%) |
| 2 | പ്രൊജക്റ്റ് നം: 871/2018-19<br>കണ്ണാടിക്കടവ് കളപ്പുരയ്ക്കൽ റോഡ്<br>അറ്റകുറ്റപ്പണി.<br>കരാറുകാരൻ: K.K അനിരുദ്ധൻ<br>എഗ്രിമെന്റ്നം/തീയതി:115 /17-18;05.12.2017<br>പ്രവൃത്തിയുടെ കാലാവധി:3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി:06.12.2017<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:16.04.2018<br>എം ബുക്ക് നം:47/2017<br>ബിൽ നം/തീയതി:BRN:84628/ 01.09.2018<br>തുക:92432 | 118667 | 42 ദിവസം | 3,244<br>(118667x1%+118667x2%x19.5/22.5) |
| 3 | പ്രൊജക്റ്റ് നം: 255/2018-19<br>ചന്തക്കടവ്-തട്ടുങ്കൽചിറ ഓട അറ്റകുറ്റപ്പണി | 858013 | 28 ദിവസം | 12,775<br>(858013x1%+ 858013x2%x5.5/22.5) |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ:അഭിലാഷ് കെ.ആർ<br>എഗ്രിമെന്റ്നം/തീയതി:228/18-19; 28.09.2018<br>പ്രവൃത്തിയുടെ കാലാവധി:3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി:28.09.2018<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:24.01.2019<br>എം ബുക്ക് നം:886/18-19<br>ബിൽ നം/തീയതി:BRN:42198/ 11.03.2019<br>തുക:858013 | | | |
| 4 | പ്രൊജക്റ്റ് നം: 892/2018-19<br>നേതാജി റോഡിന്റെ റീടാറിംഗ്<br>കരാറുകാരൻ:ബാലചന്ദ്രൻ എം.<br>എഗ്രിമെന്റ്നം/തീയതി:101/17-18; 28.11.2017<br>പ്രവൃത്തിയുടെ കാലാവധി:3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി:28.11.2017<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:25.05.2018<br>എം ബുക്ക് നം:723/14-15<br>ബിൽ നം/തീയതി:BRN:96098 /30.01.2018<br>തുക:97796<br>ബിൽ നം/തീയതി:BRN:80296/ 30.11.2018<br>തുക:192485 | 300000 | 87 ദിവസം | 9,000<br>(300000x1%+30000x2%)<br>പിഴയായി 3,000 രൂപ ഈടാക്കി യിട്ടുണ്ട്. അവശേഷിക്കുന്ന തുക-**6,000 രൂപ** |
| 5 | പ്രൊജക്റ്റ് നം: 888/2018-19<br>കൊപ്രത്ത് കടവ് റോഡ് റീടാറിംഗ്<br>കരാറുകാരൻ:ബാലചന്ദ്രൻ എം.<br>എഗ്രിമെന്റ് നം/തീയതി:45/17-18; 09.11.2017<br>പ്രവൃത്തിയുടെ കാലാവധി:3 മാസം | 414412 | 110 | 12,432<br>(414412x1%+414412x2%)<br>പിഴയായി 4,144 രൂപ ഈടാക്കി<br>യിട്ടുണ്ട്. അവശേഷിക്കുന്ന തുക **8,288**<br>**രൂപ** |

| | | | | |
|---|---|---|---|---|
| | പ്രവൃത്തി ആരംഭിച്ച തീയതി:09.11.2017<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:29.05.2018<br>എം ബുക്ക് നം:4715-16<br>ബിൽ നം/തീയതി:BRN:60804/ 30.01.2018<br>തുക:41006<br>ബിൽ നം/തീയതി:BRN:80309/ 30.11.2018<br>തുക:357189 | | | |
| 6 | പ്രൊജക്റ്റ് നം: 887/2018-19<br>വെടിപ്പുര പാർക്ക് ലൈൻ റോഡ് റീടാറിംഗ്<br>കരാറുകാരൻ:സുനിൽ ഷാ.കെ<br>എഗ്രിമെന്റ് നം/തീയതി:58/17-18; 13.11.2017<br>പ്രവൃത്തിയുടെ കാലാവധി:3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി:13.11.2017<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:28.06.2018<br>എം ബുക്ക് നം:453/17-18<br>ബിൽ നം/തീയതി:BRN:85381/ 19.01.2019<br>തുക:98198<br>ബിൽ നം/തീയതി:BRN:60912/ 30.01.2018<br>തുക:68500 | 202806 | 146 ദിവസം | 6,084<br>(202806x1%+202806x2%)<br>പിഴയായി 2,028 രൂപ ഈടാക്കി യിട്ടുണ്ട്. അവശേഷിക്കുന്ന തുക **4,056 രൂപ** |
| 7 | പ്രൊജക്റ്റ് നം: 434/2018-19<br>തുരുത്തുമേൽച്ചിറ റോഡ് റീടാറിംഗ്<br>കരാറുകാരൻ:അനിരുദ്ധൻ.കെ കെ<br>എഗ്രിമെന്റ് നം/തീയതി:153/17-18; 07.09.2018<br>പ്രവൃത്തിയുടെ കാലാവധി:3 മാസം | 199791 | 15 ദിവസം | 1,332<br>(199791x1%x15/22.5) |

| | | | | |
|---|---|---|---|---|
| | പ്രവൃത്തി ആരംഭിച്ച തീയതി:07.09.2018<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:21.12.2018<br>എം ബുക്ക് നം:930/18-19<br>ബിൽ നം/തീയതി:BRN:80136/ 18.01.2019<br>തുക:199679 | | | |
| 8 | പ്രൊജക്ട് നം: 852/2018-19മറിയപ്പള്ളി-ശ്രീ മഹാദേവ മഹാവിഷ്ണു ക്ഷേത്രം റോഡ്<br>കരാറുകാരൻ:പ്രതീഷ് പ്രകാശ്<br>എഗ്രിമെന്റ് നം/തീയതി:49/17-18; 10.11.2017<br>പ്രവൃത്തിയുടെ കാലാവധി:3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി:10.11.2017<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:04.05.2018<br>എം ബുക്ക് നം:85/16-17<br>ബിൽ നം/തീയതി:BRN:84588/ 01.09.2018<br>തുക:562078 | 571079 | 84 ദിവസം | 1,7132<br>(571079x1%+571079x2%) |
| 9 | പ്രൊജക്ട് നം: 814/2018-19നിർമ്മിതി<br>കോളനി ലക്ഷം വീട് റോഡ് അറ്റകുറ്റപ്പണി<br>കരാറുകാരൻ:റെജീമോൻ ഏലിയാസ്<br>എഗ്രിമെന്റ് നം/തീയതി:119 /16-17;16.02.2017<br>പ്രവൃത്തിയുടെ കാലാവധി:3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി:16.02.2017<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:06.04.2018 | 224060 | 415 ദിവസം | 6,722<br>(224060x1%+224060x2%) |

| | | | | |
|---|---|---|---|---|
| | എം ബുക്ക് നം:579/17-18<br>ബിൽ നം/തീയതി:BRN:84488/ 01.09.2018<br>തുക:183234 | | | |
| 10 | പ്രൊജക്റ്റ് നം: 349/2018-19<br>മുപ്പെക്കാട് പാത്തിൽ റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ:അരുൺ കുമാർ ആർ<br>എഗ്രിമെന്റ് നം/തീയതി:37/18-19; 06.08.2018<br>പ്രവൃത്തിയുടെ കാലാവധി:3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി:06.08.2018<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:27.11.2018<br>എം ബുക്ക് നം:02/10-11<br>ബിൽ നം/തീയതി:BRN:63261/ 19.12.2018<br>തുക:265401 | 265534 | 22 ദിവസം | 2,655<br>(265534x1%) |
| 11 | പ്രൊജക്റ്റ് നം: 466/2018-19,ആശാൻ പടി<br>പെട്രോൾ പമ്പ് റോഡ് ടൈൽ പാകൽ.<br>കരാറുകാരൻ:ജി.പോൾ ദുരൈ<br>എഗ്രിമെന്റ് നം/തീയതി:24/18-19; 02.08.2018<br>പ്രവൃത്തിയുടെ കാലാവധി:3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി:02.08.2018<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:27.11.2018<br>എം ബുക്ക് നം:954/18-19<br>ബിൽ നം/തീയതി:BRN:13429/ 16.02.2019<br>തുക:220747 | 220769 | 26 ദിവസം | 2,551<br>(220769x1%)+<br>(220769x2%x3.5/22.5) |

| | | | | |
|---|---|---|---|---|
| 12 | പ്രൊജക്ട് നം: 62/2018-19കല്ലേപ്പള്ളി<br>മുക്കോണിപ്പടി റോഡ് റീ കോൺക്രീറ്റിംഗ്<br>കരാറുകാരൻ:കെ.വി.സ്കറിയ<br>എഗ്രിമെന്റ് നം/തീയതി:126/18-19;<br>07.09.2018<br>പ്രവൃത്തിയുടെ കാലാവധി:3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി:07.09.2018<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:28.12.2018<br>എം ബുക്ക് നം:228/17-18<br>ബിൽ നം/തീയതി:BRN:35764/ 11.03.2019<br>തുക:622013 | 658046 | 22 ദിവസം | 6,434<br>(658046x1%x22/22.5) |
| 13 | പ്രൊജക്ട് നം: 66/18-19,പാലമറ്റം<br>കാട്ടുപറമ്പിൽ റോഡ് കോൺക്രീറ്റിംഗ്,<br>കരാറുകാരൻ:മഹേഷ് പി.പി<br>എഗ്രിമെന്റ് നം/തീയതി:218/18-19;<br>24.09.2018<br>പ്രവൃത്തിയുടെ കാലാവധി:3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി:24.09.2018<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:10.01.2019<br>എം ബുക്ക് നം:229/17-18<br>ബിൽ നം/തീയതി:BRN:55808/ 13.03.2019<br>തുക:179387 | 179387 | 18 ദിവസം | 1,435<br>(179387x1%x<br>18/22.5) |
| 14 | പ്രൊജക്ട് നം: 114/18-19,പാറക്കണ്ടം<br>ഐക്കരപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ്,<br>കരാറുകാരൻ:കെ.ആർ അഭിലാഷ് | 196045 | 44 ദിവസം | 5,707<br>(196045x1%+196045x2%x21.5/22.5) |

| | | | | |
|---|---|---|---|---|
| | എഗ്രിമെന്റ് നം/തീയതി:68/18-19; 03.09.2018<br>പ്രവൃത്തിയുടെ കാലാവധി:3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി:03.09.2018<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:15.01.2019<br>എം ബുക്ക് നം:716/18-19<br>ബിൽ നം/തീയതി:BRN:87073/ 01.06.2019<br>തുക:195971 | | | |
| 15 | പ്രൊജക്ട് നം: 32/18-19,ഹെൽത്ത് സെന്റർ<br>റോഡ് ദേവീ ക്ഷേത്രം റോഡ് റീടാറിംഗ്<br>കരാറുകാരൻ:ടോമി തോമസ്സ്.<br>എഗ്രിമെന്റ് നം/തീയതി:207/18-19;<br>17.09.2018<br>പ്രവൃത്തിയുടെ കാലാവധി:3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി:17.09.2018<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:05.03.2019<br>(As per SIDCO invoice<br>No:3935/ 05.03.2019)<br>എം ബുക്ക് നം:728/18-19<br>ബിൽ നം/തീയതി:BRN:43480/ 05.04.2019<br>തുക:519024 | 519024 | 2 മാസം<br>20 ദിവസം | 15,571<br>(519024x1%+519024x2%) |
| 16 | പ്രൊജക്ട് നം: 677/18-19, വെള്ളക്കൽ നടപ്പാത<br>പുനരുദ്ധാരണം,<br>കരാറുകാരൻ:കെ.എസ് അജയൻ<br>എഗ്രിമെന്റ് നം/തീയതി:66/17-18; 15.11.2017 | 638707 | 4 മാസം | 19,161<br>(638707x1%+638707x2%)<br>(1% തുകയായ 6387 രൂപ<br>ബില്ലിൽ നിന്നും ഈടാക്കിയിരുന്നു. അവശേഷിക്കു<br>ന്ന തുക **12,774** |

| | | | | |
|---|---|---|---|---|
| | പ്രവൃത്തിയുടെ കാലാവധി:3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി:15.11.2017<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:13.06.2018<br>എം ബുക്ക് നം:83/08<br>ബിൽ നം/തീയതി:BRN:01570/ 05.10.2018<br>തുക:625447 | | | രൂപ) |
| 17 | പ്രൊജക്ട് നം: 702/18-19, ആറ്റുകടവ്-<br>പുളിഞ്ചുവട് റോഡ്<br>കരാറുകാരൻ:കെ.കെ സുനിൽഷാ<br>എഗ്രിമെന്റ് നം/തീയതി:167/17-18;<br>18.12.2017<br>പ്രവൃത്തിയുടെ കാലാവധി:3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി:18.12.2017<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:03.04.2018<br>എം ബുക്ക് നം:270/17-18<br>ബിൽ നം/തീയതി:BRN:06618/ 07.09.2018<br>തുക:964689 | 1058426 | 17 ദിവസം | 7,997<br>(1058426x1%x17/22.5) |
| 18 | പ്രൊജക്ട് നം: 274/18-19, സ്കൈലൈൻ റിവർവാലി റോഡ്<br>കരാറുകാരൻ:ബേബി തോമസ്<br>എഗ്രിമെന്റ്നം/തീയതി:110/18-19; 05.09.2018<br>പ്രവൃത്തിയുടെ കാലാവധി:3 മാസം<br>പ്രവൃത്തി ആരംഭിച്ച തീയതി:05.09.2018<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:16.02.2019<br>എം ബുക്ക് നം:882/18-19 | 580626 | 2 മാസം,12<br>ദിവസം | 17,419<br>(580626x1%=580626x2%) |

| | | | | |
|---|---|---|---|---|
| | ബിൽ നം/തീയതി:BRN:51319/ 12.03.19<br><br>തുക:580626 | | | |
| 19 | പ്രൊജക്ട് നം: 669/18-19, ആസാദ് ലൈൻ<br><br>ശ്രീരംഗം ലൈൻ ടൈൽ ഇടൽ<br><br>കരാറുകാരൻ:ആർക്കൈക്ക് ഹൗസിംഗ് പ്രൈവറ്റ്<br><br>ലിമിറ്റഡ്,കോട്ടയം<br><br>എഗ്രിമെന്റ് നം/തീയതി:387/17-18;<br><br>21.03.2018<br><br>പ്രവൃത്തിയുടെ കാലാവധി:3 മാസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി:21.03.2018<br><br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:14.12.2018<br><br>എം ബുക്ക് നം:877/18-19<br><br>ബിൽ നം/തീയതി:BRN:46641/ 01.02.19<br><br>തുക:819179 | 947078 | 5 മാസം<br><br>24 ദിവസം | 28,413<br><br>(947078x1%+947078x2%)<br><br>(2% തുകയായ<br><br>18,942 രൂപ<br><br>ബില്ലിൽ നിന്നും ഈടാക്കിയിരുന്നു. അവശേഷിക്കുന്ന തുക **9,471**<br><br>**രൂപ)** |
| 20 | പ്രൊജക്ട് നം: 303/18-19, ഗവ: L.P സ്കൂൾ<br><br>അറ്റകുറ്റപ്പണി.<br><br>കരാറുകാരൻ:താജ്ജുദ്ദീൻ<br><br>എഗ്രിമെന്റ്നം/തീയതി:165/18-19; 11.09.2018<br><br>പ്രവൃത്തിയുടെ കാലാവധി:3 മാസം<br><br>പ്രവൃത്തി ആരംഭിച്ച തീയതി:11.09.2018<br><br>പ്രവൃത്തി പൂർത്തീകരിച്ച തീയതി:11.02.2019<br><br>എം ബുക്ക് നം:618/18-19<br><br>ബിൽ നം/തീയതി:BRN:51286/ 12.03.19<br><br>തുക:435765 | 499775 | 62 ദിവസം | 14,994<br><br>(499775x1%+499775x2%) |

| | | | | |
|---|---|---|---|---|
| | **ആകെ** | | | **1,62,536** |

നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (ഓഡിറ്റ് എൻക്വയറി നം:53/2018-19; 17.01.2020.) എഞ്ചിനിയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടില്ല. ആയതിനാൽ ബില്ലുകളിൽ നിന്നും ഈടാക്കേണ്ട പിഴ തുക **₹1,62,536 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** ടി തുക കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലുകൾ ഹാജരാക്കാത്ത കരാറുകാർക്ക് ഫൈനൽ ബിൽ തുക നൽകി.

കേരള സർക്കാർ, ധനകാര്യ വകുപ്പിന്റെ ഉത്തരവു (G.O.(P.)No.96/2016/Fin., dtd. 15.07.2016) പ്രകാരം ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലുകൾ ഹാജരാക്കിയാൽ മാത്രമെ ടാറിംഗ്/റീടാറിംഗ് പ്രവൃത്തിയുടെ ഫൈനൽ ബിൽ തുക നൽകാൻ പാടുള്ളൂ എന്ന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കാത്ത കരാറുകാർക്ക് ഫൈനൽ ബിൽ തുക അനുവദിച്ചു നൽകി. DSR പ്രകാരമുള്ള നിരക്കാണ് കരാറുകാർക്ക് ബിറ്റുമിന് അനുവദിച്ചു നൽകിയത്. ബിറ്റുമിന്റെ DSR നിരക്കായ ₹36.24/കി.ഗ്രാം ബിറ്റുമിന് അനുവദിച്ചു നൽകിയിട്ടുണ്ട്. അത്തരം പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | കരാറുകാരന്റെ പേര്/ എം.ബുക്ക് നമ്പർ | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (Kg) (എം ബുക്ക് പ്രകാരം) | ബിൽ തുക/ ബിൽ നമ്പർ/തീയതി | ബിറ്റുമിനു DSR പ്രകാരം നൽകിയ തുക (Kg*₹36.24) |
|---|---|---|---|---|---|
| 1 | 215/18-19,പള്ളിക്കോണം അങ്കണവാടി റോഡ് സഞ്ചാരയോഗ്യമാക്കൽ (*SIDCO യിൽ നിന്നുള്ള ബിറ്റുമിൻ വാങ്ങിയതിന്റെ ഫോട്ടോകോപ്പി ബില്ലാണ് ഫയലിലുള്ളത്) | M.Tസുരേഷ്, കാണിയിൽ വീട്, വേളൂർ പി.ഒ 835/18-19 | 1266 | 6,16,224 BRN-96375/ 24.08.19 | 45,880 |
| 2 | 241/18-19, ഉപ്പൂട്ടിക്കവല തളിക്കോട്ട് റോഡ് നവീകരണം, (*SIDCO യിൽ നിന്നുള്ള ബിറ്റുമിൻ വാങ്ങിയതിന്റെ ഫോട്ടോകോപ്പി ബില്ലാണ് ഫയലിലുള്ളത്) | താജുദ്ദീൻ റ്റി.എ, താജ് മൻസിൽ, കുമ്മനം. 616/18-19 | 6065 | 7,21,987 BRN-51319/ 12.03.19 | 2,19,795 |
| 3 | പ്രൊജക്ട് നം: 274/18-19, സ്കൈലൈൻ റിവർവാലി റോഡ് (*SIDCO യിൽ നിന്നുള്ള ബിറ്റുമിൻ വാങ്ങിയതിന്റെ ഫോട്ടോകോപ്പി ബില്ലാണ് | ബേബിതോമസ്,കാലപ്പുരയ്ക്കൽ, തെള്ളകം, 882/18-19 | 1408 | 5,80,626 BRN-51324/ 12.03.19 | 51,026 |

| | | | | | |
|---|---|---|---|---|---|
| | ഫയലിലുള്ളത് ) | | | | |
| | **ആകെ** | | | | **3,16,701** |

അപാകതകളിന്മേൽ അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (ഓഡിറ്റ് എൻക്വയറി നം:54/2018-19; 17.01.2020.) എഞ്ചിനിയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടില്ല. ആയതിനാൽ സർക്കാർ ഉത്തരവു ലംഘിച്ചു ടാർ വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കാത്തതിനാൽ ബിറ്റുമിനു ചെലവഴിച്ച ബിൽ തുക **₹3,16,701 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** യഥാർത്ഥ ബില്ലുകൾ കരാറുകാരിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിൽ വിവരം അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-38 പ്രൊജക്ടുകളുടെ ബാഹുല്യം-മരാമത്ത് പ്രവൃത്തികളിൽ 19.97കോടിയുടെ സർക്കാർ ഗ്രാന്റ് ലാപ്സാക്കി.

2018-19 സാമ്പത്തിക വർഷം മുനിസിപ്പൽ എഞ്ചിനിയർ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി 37.34 കോടി രൂപയുടെ 688 പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. ഇതിൽ 429 പദ്ധതികൾക്ക് പൂർണ്ണമായോ ഭാഗികമായോ ചെലവുണ്ടായിട്ടുണ്ട്. 259പദ്ധതികൾക്ക് യാതൊരു ചെലവുമുണ്ടായിട്ടില്ല. ഇതു കാരണം 19.97കോടി രൂപയുടെ സർക്കാർ ഗ്രാന്റുകൾ ചെലവഴിക്കാനാകാതെ ലാപ്സായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | ലാപ്സാക്കിയ തുക |
|---|---|---|---|---|---|---|
| മുനിസിപ്പൽ എഞ്ചിനിയർ | 101 | 7,74,66,457 | 64 | 3,57,86,994 | 37 | 4,16,79,463 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 35 | 8,85,04,106 | 15 | 2,76,44,364 | 20 | 6,08,59,742 |
| അസിസ്റ്റന്റ് എൻജിനീയർ | 552 | 20,75,04,276 | 350 | 11,02,85,327 | 202 | 9,72,18,949 |
| **ആകെ** | **688** | **37,34,74,839** | **429** | **173,71,66,85** | **259** | **19,97,58,154** |

259 പദ്ധതികളാണ് തൻ വർഷം നടപ്പാക്കാതിരുന്നത്.ചെലവായ പദ്ധതിയിൽത്തന്നെ പൂർണ്ണമായും തുക ചെലവഴിച്ചിട്ടില്ലാത്തതിനാൽ അത്തരം തുക ഇവിടെ കണക്കിലെടുത്തിട്ടില്ല.

സർക്കാർ ഗ്രാന്റിൽ നിന്നും വൻ തുക വകയിരുത്തി പദ്ധതികൾ നടപ്പാക്കാതിരിക്കുന്നതു മൂലം വികസനത്തിനായി ചെലവഴിക്കേണ്ട പണത്തിനാണ് കുറവുണ്ടായിട്ടുള്ളത്.ചെറിയ ചെയ് നേജിൽ ഒരു വാർഡിൽ തന്നെ അനേകം റോഡ് കോൺക്രീറ്റിംഗ് /റീ-ടാറിംഗ് പ്രവൃത്തികൾ നടത്തുന്നതുമൂലം പദ്ധതികളുടെ ബാഹുല്യത്തിനും അതുവഴി പ്രോജക്ടുകളുടെ പൂർത്തീകരണത്തിനും പദ്ധതിതുക സമയബന്ധിതമായി ചെലവഴിയ്ക്കുന്നതിനും കഴിയാതെ പോയി.വലിയ പദ്ധതികൾക്ക് തുക വകയിരുത്തുന്നുവെങ്കിലും തുക ചെലവഴിച്ചിട്ടില്ലായെന്നു കണ്ടു,വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം/പേര് | ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 534/18-19, കുട്ടികളുടെ പാർക്ക്, കളിയുപകരണങ്ങൾ, കളക്ടേറ്റ് | വികസന ഫണ്ട് | 10,00,000 | 0 |
| 2 | 550/18-19, നാപ്കിൻ വെൻഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ | വികസന ഫണ്ട് | 10,50,000 | 0 |
| 3 | 580/18-19, നഗരസഭയുടെ വൃദ്ധസദനമായ | വികസന ഫണ്ട് | 11,28,285 | 0 |

| | | | | |
|---|---|---|---|---|
| | ശാന്തിഭവനിൽ സോളാർ പാനൽ സ്ഥാപിക്കൽ | | | |
| 4 | 609/18-19, നാഗമ്പടം നെഹ്റു പാർക്കിൽ കുട്ടികൾക്ക് കളിയുപകരണങ്ങൾ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 15,00,000 | 0 |
| 5 | 804/18-19, വനിതകൾക്ക് ക്യാൻസർ ടെസ്റ്റ് നടത്തുന്നതിന് മാമ്മോഗ്രാം മെഷീൻ വാങ്ങൽ | വികസന ഫണ്ട് | 91,00,000 | 0 |
| 6 | 909/18-19, മുള്ളൻകുഴി ഫ്ലാറ്റ് നിർമ്മാണം-രണ്ടാം ഘട്ടം | തനതുഫണ്ട് | 24,00,000 | 0 |
| 7 | 910/18-19, മിനി ഹൈമാസ്റ്റ് ലൈറ്റ് വാങ്ങൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 42,32,000 | 0 |
| 8 | 236/18-19,വാർഡുകളെ (23,25) ബന്ധിപ്പിക്കുന്ന കലുങ്ക നിർമ്മാണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 15,00,000 | 0 |
| 9 | 237/18-19, വാർഡ് 45 ലെ പതിനാറിൽ ചിറ നാടൻകേരി റോഡ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 22,00,000 | 0 |
| 10 | 455/18-19, നാട്ടകം സോണൽ ഓഫീസ് പുനരുദ്ധാരണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 20,00,000 | 0 |
| 11 | 562യ18-19, മറിയപ്പള്ളി ഗവ:VHSS സ്കൂൾ മെയിന്റനൻസ് | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 15,00,000 | 0 |
| 12 | 577/18-19, നാട്ടകം VHSE യിൽ പെൺകുട്ടികൾക്കായി കൌൺസിൽ സെന്റർ. | വികസന ഫണ്ട് | 10,00,000 | 0 |
| 13 | 584/18-19, കരിയം പാടത്ത് പമ്പ് സെറ്റ് സ്ഥാപിക്കൽ | വികസന ഫണ്ട് | 12,00,000 | 0 |
| 14 | 741/18-19, നഗരസഭ റോഡുകളിൽ മൈൽസ്റ്റോൺ സ്ഥാപിക്കൽ | തനതുഫണ്ട് | 10,93,000 | 0 |
| 15 | 421/18-19, കരിയമ്പാടം കളരിക്കവല റോഡ് | വികസന ഫണ്ട് | 24,40,000 | 0 |
| 16 | 422/18-19, വാർഡ് 48 ലെ മുഹമ്മദൻസ് സ്കൂളിനു പുതിയ കെട്ടിട നിർമ്മാണം | വികസന ഫണ്ട് | 15,00,000 | 0 |
| 17 | 525/18-19, സ്വച്ച്ഭാരത് മിഷന്റെ ഭാഗമായി 43 പൊതു ടോയ്‌ലെറ്റ് നിർമ്മാണം. | ധനകാര്യ കമ്മീഷൻ ഗ്രാന്റ്, കേന്ദ്രാവിഷ്കൃത ഫണ്ട് | 42,14,000 | 0 |
| 18 | 527/18-19, ABC പദ്ധതിയ്ക്കു വേണ്ടി കോടിമതയിൽ പുതിയ കെട്ടിടനിർമ്മാണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 30,00,000 | 0 |
| 19 | 530/18-19, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം. | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 30,00,000 | 0 |
| 20 | 533/18-19, കോടിമത മാർക്കറ്റിൽ ഉണക്കമീൻ കെട്ടിട നിർമ്മാണം. | വികസന ഫണ്ട് | 28,22,622 | 0 |
| 21 | 576/18-19, നാഗമ്പടം ബസ് സ്റ്റാന്റിൽ ഫീഡിംഗ് റൂം നിർമ്മാണം. | വികസന ഫണ്ട് | 20,00,000 | 0 |
| 22 | 579/18-19, വയോജനങ്ങൾക്കു വേണ്ടി നഗരത്തിൽ ഭക്ഷണ വിതരണവും അടിസ്ഥാന സൌകര്യം ഒരുക്കലും | വികസന ഫണ്ട് | 20,00,000 | 0 |

| | | | | |
|---|---|---|---|---|
| 23 | 785/18-19, ആധുനിക അറവുശാലയിൽ ETP നിർമ്മാണം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 40,00,000 | 0 |
| 24 | 788/18-19, നഗരസഭയിലെ വിവിധ ഓടകളുടെ അറ്റകുറ്റപ്പണി. | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 21,77,312 | 0 |
| 25 | 792/18-19, കുടിവെള്ള വിതരണത്തിനായി റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ് സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 25,00,000 | 0 |
| 26 | 794/18-19, വിവിധ പ്രദേശങ്ങളിൽ ബയോബിനുകൾ സ്ഥാപിക്കൽ-തുമ്പൂർമുഴി മോഡൽ-രണ്ടാം ഘട്ടം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 48,58,080 | 0 |
| 27 | 929/18-19, നാഗമ്പടം ബസ് സ്റ്റാന്റിനു മുകളിൽ ഷീ ലോഡ്ജ് നിർമ്മാണം. | വികസന ഫണ്ട് | 78,15,380 | 0 |
| | **ആകെ** | | **7,32,30,679** | |

വനിതകൾക്ക് ക്യാൻസർ ടെസ്റ്റ് നടത്തുന്നതിന് മാമ്മോഗ്രാം മെഷീൻ വാങ്ങൽ, ഷീ ലോഡ്ജ് നിർമ്മാണം തുടങ്ങിയ സാമൂഹ്യ പ്രാധാന്യമുള്ള പദ്ധതികൾക്ക് തുക വകയിരുത്തിയെങ്കിലും നടപ്പായില്ല.

പുതുതായി തയ്യാറാക്കിയ പദ്ധതികളിൽ നിരവധി റോഡ് ടാറിംഗ്/റീടാറിംഗ്, കോൺക്രീറ്റിംഗ്, സംരക്ഷണഭിത്തി, ഓട നിർമ്മാണം, സ്റ്റെപ്പ് നിർമ്മാണം പ്രവൃത്തികൾ പൂർത്തിയാക്കാനായില്ല.

പദ്ധതികളുടെ ബാഹുല്യം മരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമതയെ ബാധിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. തൻ വർഷം 2 ലക്ഷം രൂപയോ അതിൽ താഴെയോ മാത്രം തുക വകയിരുത്തിയ 237 പദ്ധതികളുണ്ടായിരുന്നു. ഇതിൽ ഭൂരിഭാഗവും റോഡ് കോൺക്രീറ്റ് പ്രവൃത്തികളുമായിരുന്നു. ഇത് ശരിയായ വികസന കാഴ്ചപ്പാടല്ല. 1 ലക്ഷം രൂപ വകയിരുത്തുമ്പോൾ 26M റോഡ് കോൺക്രീറ്റ് മാത്രമെ ചെയ്യാൻ കഴിയുകയുള്ളൂ. 52വാർഡുകളിൽ ശരാശരി എഴോ എട്ടോ പ്രവൃത്തികൾ പല സ്ഥലത്തായോ ചിലപ്പോൾ ഒരു റോഡിന്റെ തന്നെ വിവിധ റീച്ചുകളിലായി കോൺക്രീറ്റ് ചെയ്തുവരുന്നതായി കാണാറുണ്ട്. ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾ വളരെ കുറവായാണ് നടത്തിയിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളിൽ ചെറിയ അടങ്കൽ തുകയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഇവ ഇ-ടെൻഡറിന്റെ പരിധിയിൽ നിന്നും ഒഴിവാകുകയും അതുവഴി മൽസര സ്വഭാവമുള്ള ടെണ്ടറിന്റെ അഭാവത്തിനും കാരണമാകും. വളരെയധികം ഫയൽ വർക്കും മറ്റു നടപടികളും എഞ്ചിനിയറിംഗ് വിഭാഗത്തിനു ചെയ്യേണ്ടതായും ബില്ലുകൾ സമയബന്ധിതമായി സമർപ്പിയ്ക്കുന്നതിനുള്ള കാലതാമസത്തിനും ഇത് ഇടയാക്കും. മോണിട്ടറിംഗും മറ്റും ഫലപ്രദമായി നടത്തുന്നതിനു സാങ്കേതിക വിഭാഗത്തിനു കഴിയാതെയും വരും. ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകൾ ഒഴിവാക്കുകയും പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണമെന്നും ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഓഡിറ്റ് ചൂണ്ടിക്കാട്ടിയ ന്യൂനതകൾ പരിഹരിക്കുന്നതിന് ഭരണസമിതിയും മുനിസിപ്പൽ എഞ്ചിനീയറും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് (CMDRF) തുക യഥാസമയം ഒടുക്കുന്നതിൽ വീഴ്ച സംഭവിച്ചു.

2018 ആഗസ്റ്റിൽ കേരളത്തിലുണ്ടായ പ്രളയത്തിൽ ദുരിതമനുഭവിക്കുന്നവരുടെ അതിജീവനത്തിനായി സർക്കാർ നിർദ്ദേശിച്ച സാലറി ചലഞ്ചിൽ പങ്കെടുത്ത കോട്ടയം നഗരസഭാ കാര്യാലയത്തിലെ ജീവനക്കാരിൽ നിന്നും 694825 രൂപ മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസനിധിയിലേയ്ക്ക് (CMDRF) സമാഹരിച്ചിരുന്നു. എന്നാൽ ടി തുക CMDRF അക്കൗണ്ടിലേയ്ക്ക് ഒടുക്കുന്നതിനായി ചെക്ക് എഴുതി പേയ്മെന്റ് പാസ്സാക്കിയിരുന്നെങ്കിലും ചെക്ക് ട്രഷറിയിൽ സമർപ്പിക്കാതെ സെക്ഷൻ കൈവശം സൂക്ഷിക്കുകയായിരുന്നു. 2018 സെപ്റ്റംബർ മുതൽ സ്വരൂപിച്ച ടി തുകയിൽ റെഗുലർ ജീവനക്കാരുടേയും കണ്ടിന്റ്ജന്റ് ജീവനക്കാരുടേയും ഉത്സവബത്ത, 6ജീവനക്കാരുടെ ആർജ്ജിതാവധി പണമാക്കിയത് എന്നിവ ഉൾപ്പെടുന്നു. ശമ്പളത്തിൽ നിന്നും ദുരിതാശ്വാസ നിധിയിലേയ്ക്ക് വിഹിതം നൽകുന്നതിനായി ജീവനക്കാരുടെ അനുവാദത്തോടുകൂടി ഓഫീസ് മേലധികാരി തുക മാറ്റിവച്ചതിനാൽ ആദായ നികുതി നൽകുമ്പോൾ ടി തുക നികുതി ഇളവിനായി 80 G പ്രകാരം ജീവനക്കാർ അവകാശ മുന്നയിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇഷ്യൂ ചെയ്ത ചെക്കിന്റെ നമ്പരും തീയതിയും | ബാങ്ക് | വൗച്ചർ നമ്പരും തീയതിയും | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2353766 / 22.08.18 | ട്രഷറി | 21800740/ 11.09.18 | 4,20,500 | റെഗുലർ ജീവനക്കാരുടേയും കണ്ടിൻജന്റ് ജീവനക്കാരുടേയും ഉത്സവബത്ത |
| 2 | 2353776 / 21.11.18 | ട്രഷറി | 21801124/ 30.11.18 | 2,74,325 | 6ജീവനക്കാരുടെ ആർജ്ജിതാവധി പണമാക്കിയത് |
| | ആകെ | | | 6,94,825 | |

അടിയന്തിരമായി ജനങ്ങൾക്ക് സഹായം ലഭ്യമാക്കുന്നതിന് വിനിയോഗിക്കേണ്ടുന്ന തുക ഒരു വർഷത്തോളമായിട്ടും ദുരിതാശ്വാസനിധിയിലേയ്ക്ക് ഒടുക്കാത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ട് 17.08.2019 ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.07), ഉത്സവബത്ത ഇനത്തിൽ സ്വരൂപിച്ച തുകയായ 420500 രൂപയിൽ രണ്ടു ജീവനക്കാരുടെ ബോണസ് തുകയായ 8000 രൂപ കൂടി ഉൾപ്പെട്ടതിനാൽ തുകയിൽ മാറ്റം വരുത്തേണ്ടതിനാലാണ് ചെക്ക് യഥാസമയം നൽകാൻ സാധിക്കാതിരുന്നതെന്നാണ് നൽകിയ വിശദീകരണം. 2018 - 19 സാമ്പത്തിക വർഷം ക്യാഷ് ബുക്കിൽ ചെലവു ചെയ്തതായി രേഖപ്പെടുത്തിയെങ്കിലും ചെക്കിൽ പിശകുള്ളതിനാൽ തുക ചെലവഴിക്കാൻ സാധിക്കാതെ വന്നപ്പോൾ ആവശ്യമായ മാറ്റങ്ങൾ വരുത്തി തുക ഒടുക്കുകയോ അല്ലെങ്കിൽ ചെക്കും ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലുകളും ക്യാൻസൽ ചെയ്യേണ്ടതുമായിരുന്നു. അധികമായി ഈടാക്കിയ ഉത്സവബത്ത 8000 രൂപ കിഴിച്ച് 412500 രൂപയും 6ജീവനക്കാരുടെ ആർജ്ജിതാവധി പണമാക്കിയ തുക 274325 രൂപയും CMDRF അക്കൗണ്ടിൽ ഒടുക്കുന്നതിന് ഒരുവർഷത്തോളം കാലതാമസം വരുത്തിയത് ഗൗരവതരമായ മേൽനോട്ടപ്പിശകാണ്. ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ ഫലമായി 20.08.19 ന് തുക ദുരിതാശ്വാസനിധിയിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 നഗരസഭയുടെ പിരിവ് തുകകൾ അക്കൗണ്ടുകൾ മാറ്റി ഒടുക്കുന്നു.

കോട്ടയം നഗരസഭാ കാര്യാലയത്തിലെ സാംഖ്യാ രസീതു മുഖേനയുള്ള പിരിവ് ബാങ്ക് ഓഫ് മഹാരാഷ്ട്ര അക്കൗണ്ടുകളിലും (തനത് ഫണ്ട് അക്കൗണ്ട് നം. 20142500058, ലൈബ്രറി സെസ്സ് അക്കൗണ്ട് നം. - 60018694479, സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ട് നം. 20142500309) മേഖല കാര്യാലയത്തിലെ രസീതു മുഖേനയുള്ള പിരിവ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ടുകളിലുമാണ് ( തനത് ഫണ്ട് അക്കൗണ്ട് നം. 67164393008, ലൈബ്രറി സെസ്സ് അക്കൗണ്ട് നം. - 67164399339, സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ട് നം. 67164392786 ) ഒടുക്കുന്നത്. മേഖലാ ഓഫീസുകൾ ഉൾപ്പെടെയുള്ള കോട്ടയം നഗരസഭയിലെ സാംഖ്യ, മാനവൽ രസീതുകൾ മുഖേനയുള്ള പണം പിരിവും അവയുടെ ഒടുക്കും പരിശോധിച്ചതിൽ തുകകൾ അക്കൗണ്ടുകൾ മാറ്റി അടവാക്കുന്നതായി കാണുന്നു. നഗരസഭയുടെ പണമിടപാടുരേഖകളും ബാങ്ക് പത്രികകളും പരിശോധിച്ച് അക്കൗണ്ട് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തുന്നതിൽ വീഴ്ച സംഭവിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **കാര്യാലയം** | **നഗരസഭ തുക പിരിച്ച തീയതി** | **തുക** | **തുക ബാങ്കിൽ നിക്ഷേപിച്ച തീയതി** | **റിമാർക്സ്** |
|---|---|---|---|---|---|
| 1 | നഗരസഭ കാര്യാലയം | 29.06.18 | 2,45,960 | 29.06.18 | ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ തനത് ഫണ്ട് അക്കൗണ്ടിൽ (നം. 20142500058) നിക്ഷേപിക്കുന്നതിന് പകരം സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ടിൽ (നം. 20142500309) നിക്ഷേപിച്ചു. |
| 2 | നഗരസഭ കാര്യാലയം | 03.11.18 | 2,05,631 | 05.11.18 | ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ തനത് ഫണ്ട് അക്കൗണ്ടിൽ (നം. 20142500058) |

| | | | | | |
|---|---|---|---|---|---|
| | | | | | നിക്ഷേപിക്കുന്നതിന് പകരം സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ടിൽ (നം. 20142500309) നിക്ഷേപിച്ചു. |
| 3 | നാട്ടകം മേഖല കാര്യാലയം | 31.01.19 | 1,934 | 31.01.19 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലൈബ്രറി സെസ്സ് അക്കൗണ്ടിൽ (നം. 67164399339) നിക്ഷേപിക്കുന്നതിന് പകരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തനത് ഫണ്ട് അക്കൗണ്ടിൽ (നം.67164393008) നിക്ഷേപിച്ചു. |
| 4 | കുമാരനെല്ലൂർ മേഖല കാര്യാലയം | 12.06.19 | 33,378 | 12.06.19 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തനത് ഫണ്ട് അക്കൗണ്ടിൽ (നം.67164393008) നിക്ഷേപിക്കുന്നതിന് പകരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലൈബ്രറി സെസ്സ് അക്കൗണ്ടിൽ (നം. 67164399339) നിക്ഷേപിച്ചു. |
| 5 | നഗരസഭ കാര്യാലയം | 24.06.19 | 1,04,771 | 24.06.19 | ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ തനത് ഫണ്ട് അക്കൗണ്ടിൽ (നം. 20142500058) നിക്ഷേപിക്കുന്നതിന് പകരം സെക്യൂരിറ്റി ഡെപ്പോസിറ്റ് അക്കൗണ്ടിൽ (നം. 20142500309) നിക്ഷേപിച്ചു. |

26.05.2011ലെ 58725/FM3/2008 തസ്വഭവ സർക്കുലർ പ്രകാരം തനതുഫണ്ട് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമേ ഒരു ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഈ ആവശ്യത്തിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുതെന്നും സർക്കാർ നിർദ്ദേശമുണ്ട്. നഗരസഭ തനതുഫണ്ട് സൂക്ഷിക്കുന്നതിനായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ടി അപാകത ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ നാളിതുവരെ ടി പരാമർശങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല.

കൂടാതെ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക ഓരോ അർദ്ധ വർഷവും കഴിഞ്ഞ് മുപ്പത് ദിവസത്തിനുള്ളിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടയ്ക്കണമെന്ന് 1989 ലെ കേരള പബ്ലിക് ലൈബ്രറി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം അത് ബന്ധപ്പെട്ട സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയാകുമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.9.2005 ലെ 10088/എൽ3/05 സർക്കുലറിലും വ്യക്തമാക്കിയിരുന്നു. ലൈബ്രറി സെസ്സ് ഇനത്തിൽ അടവാക്കേണ്ടുന്ന തുക നഗരസഭയുടെ അക്കൗണ്ടിൽ ഒടുക്കിയതിനും നഗരസഭയുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ട തുക മറ്റ് അക്കൗണ്ടുകളിൽ ഒടുക്കിയതിനും വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ എൻക്വയറിക്ക് (നം. 1/12.07.2019) അതത് അക്കൗണ്ടുകളിൽ തിരികെ ഒടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ടി തുകകൾ അതത് അക്കൗണ്ടുകളിൽ തിരികെ ഒടുക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതാണ്.

## 1-41 നഗരസഭയിലെ ഓൺലൈൻ പണമിടപാടുകൾ സംബന്ധിച്ച അപാകതകൾ.

**1.എല്ലാ ഓൺലൈൻ പണമിടപാടുകൾക്കും രസീത് നൽകുന്നില്ല.**

കോട്ടയം നഗരസഭാ കാര്യാലയത്തിലെ ഓൺലൈൻ പണമിടപാടുകളുടെ കൃത്യത ഓഡിറ്റ് ചെയ്യാൻ സാധിക്കുന്നില്ല. ചെക്ക്/ട്രാൻസാക്ഷൻ റിസീവിങ് രജിസ്റ്ററിൽ ട്രാൻസാക്ഷൻ റഫറൻസ് നമ്പരുകളും വിശദാംശങ്ങളും കൃത്യമായി രേഖപ്പെടുത്താത്തതിനാലും ഒരേ തുക വിഭജിച്ച് ഡിമാന്റ് ചെയ്യുന്നതിനാലും NEFT/RTGS ട്രാൻസാക്ഷൻ മുഖേനയുള്ള പണമിടപാടുകൾകളുടെ ആധികാരികത പരിശോധിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നു. ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് NEFT/RTGS ട്രാൻസാക്ഷനുകൾ മുഖാന്തിരം നടത്തിയ എല്ലാ പണമിടപാടുകൾക്കും സാംഖ്യാ രസീത് നൽകിയിട്ടില്ല. ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ അക്കൗണ്ട് പത്രികകളിൽ

നിന്നും ഇപ്രകാരം വ്യക്തത ഇല്ലാത്ത ചില NEFT/RTGS ട്രാൻസാക്ഷനുകളുടെ നമ്പരും തീയതിയും തുകയും ചുവടെയുള്ള പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നമ്പർ | NEFT /RTGSട്രാൻസാക്ഷൻ നമ്പരും തീയതിയും (ബാങ്ക് പത്രിക പ്രകാരം) | തുക |
|---|---|---|
| 1 | U000000416112494/25.05.18 | 1,250 |
| 2 | U000000416112496/ 25.05.18 | 1,250 |
| 3 | U000000502068864/ 05.10.18 | 32,750 |
| 4 | U000000503152794/ 08.10.18 | 1,250 |
| 5 | U000000503152800/ 08.10.18 | 1,250 |
| 6 | U000000503152912/ 08.10.18 | 2,500 |
| 7 | U000000503152798/ 08.10.18 | 1,250 |
| 8 | U000000503152910/ 08.10.18 | 2,500 |
| 9 | U000000511732204/ 24.10.18 | 2,500 |
| 10 | U000000515007766/ 31.10.18 | 12,000 |
| 11 | U000000554635592/ 29.12.18 | 7,72,237 |
| 12 | U000000566378638/ 10.01.19 | 4,234 |
| 13 | U000000567195802/ 11.01.19 | 1,250 |
| 14 | U000000569538686/ 18.01.19 | 1,11,279 |
| 15 | U000000584973834/ 06.02.19 | 1,250 |
| 16 | U000000585432252/ 07.02.19 | 27,000 |
| 17 | U000000588800752/12.02.19 | 70,750 |
| 18 | U000000589451840/12.02.19 | 7,500 |
| 19 | U000000591571358/ 16.02.19 | 12,500 |
| 20 | U000000596365830/ 23.02.19 | 28,350 |
| 21 | U000000599452862/ 27.02.19 | 20,497 |
| 22 | SBIC300048290968/ 28.02.19 | 3,750 |
| 23 | U000000619825934/ 18.03.19 | 2,034 |
| 24 | U000000622748044/ 20.03.19 | 865 |
| 25 | U000000628153138/ 26.03.19 | 1,250 |
| 26 | U000000629977736/ 27.03.19 | 16,183 |
| 27 | SBIN019089025004/ 30.03.19 | 468 |

ടി പട്ടികയിൽ ഉൾപ്പെട്ടവയുടെ രസീത് നമ്പരും തീയതിയും ഏത് ഇനത്തിലാണ് തുക ഒടുക്കിയിരിക്കുന്നത് തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06 / 02.08.2019) NEFT/RTGS ട്രാൻസ്ഫർ വഴി തൊഴിൽ നികുതി, വസ്തു നികുതി മുതലായവ ഒടുക്കു വരുത്തുന്ന സ്ഥാപനങ്ങൾ രസീത് ആവശ്യപ്പെടുന്ന മുറയ്ക്ക് മാത്രമേ രസീത് നൽകുന്നുള്ളൂ. വസ്തു നികുതി ഓൺലൈനായി ട്രാൻസ്ഫർ നടത്തുമ്പോൾ ലൈബ്രറി സെസ്സ് ഉൾപ്പെടെയുള്ള തുക തനതു ഫണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നുണ്ടെങ്കിലും സ്ഥാപനങ്ങൾ ആവശ്യപ്പെടുമ്പോൾ മാത്രമേ ഇനം തിരിച്ച് ഡിമാന്റ് രേഖപ്പെടുത്താൻ സാധിക്കുകയുള്ളൂയെന്നും അല്ലാത്ത തുകകൾ ഔൺലൈൻ പേയ്മെന്റ് ആയി തനതു ഫണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നുവെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. സ്ഥാപനങ്ങൾ ആവശ്യപ്പെടുമ്പോൾ മാത്രമേ NEFT/RTGS ട്രാൻസാക്ഷനുകൾക്ക് രസീത് നൽകുന്നുള്ളൂ എന്നത് തെറ്റായ പ്രവണതയാണ്. കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിംഗ് ചട്ടങ്ങൾ 2007 ചട്ടം 18 പ്രകാരം നഗരസഭയുടെ അക്കൗണ്ടിലേക്ക് വരുന്ന ഓരോ രൂപയും സാംഖ്യാ രസീത് മുഖേന അക്കൗണ്ട് ചെയ്യപ്പെടേണ്ടതാണ്. കണക്കിൽപ്പെടാത്ത തുകകൾ അക്കൗണ്ടിൽ ഉണ്ടാകുന്നത് നഗരസഭയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. അക്കൗണ്ടിലേയ്ക്ക് വരുന്ന തുകയുടെ ഉറവിടം അറിയേണ്ടത് അക്കൗണ്ട് ഹോൾഡറുടെ അവകാശമാണ്. ഇത്തരത്തിലുള്ള തുകകളുടെ കൃത്യമായ ഉറവിടം ബാങ്ക് മുഖേന കണ്ടെത്തി അതാത് ശീർഷകങ്ങളിൽ സാംഖ്യാ രസീതുപയോഗിച്ച് ഒടുക്കുവരുത്തേണ്ടതാണ്. കൂടാതെ വസ്തു നികുതി ഓൺലൈനായി ട്രാൻസ്ഫർ നടത്തുമ്പോൾ ലൈബ്രറി സെസ്സ് ഉൾപ്പെടെയുള്ള തുക നേരിട്ട് മുനിസിപ്പൽ അക്കൗണ്ടിലേക്ക് ക്രെഡിറ്റാകുന്നു. സ്ഥാപനങ്ങൾ/വ്യക്തി രസീത് ആവശ്യപ്പെട്ടു വരാത്ത സാഹചര്യത്തിൽ ഈ തുക ലൈബ്രറി സെസ്സിന്റെ ഹെഡ്ഡിലേക്ക് അക്കൗണ്ട് ചെയ്യപ്പെടാതെ തനതു ഫണ്ടിൽ അവശേഷിക്കുകയാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക ഓരോ അർദ്ധ വർഷവും കഴിഞ്ഞ് മുപ്പത് ദിവസത്തിനുള്ളിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടയ്ക്കണമെന്ന് 1989 ലെ കേരള പബ്ളിക് ലൈബ്രറി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം അത് ബന്ധപ്പെട്ട സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയാകുമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.9.2005 ലെ 10088/എൽ3/05 സർക്കുലറിലും വ്യക്തമാക്കിയിരുന്നു. എല്ലാ പണമിടപാടുകൾക്കും സാംഖ്യാ രസീത് നൽകേണ്ടതും ട്രാൻസാക്ഷനുകളുടെ റഫറൻസ് നമ്പരുകളും ഉൾപ്പെടെ ഏത് ഇനത്തിലാണ് തുക ഒടുക്കിയിരിക്കുന്നത് തുടങ്ങിയ വിശദാംശങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതും നഗരസഭയുടെ ഉത്തരവാദിത്വമാണ്.

**2.ഒരു ട്രാൻസാക്ഷന് ഒന്നിൽ കൂടുതൽ രസീതുകൾ നൽകുന്നു.**

കോട്ടയം നഗരസഭാ കാര്യാലയത്തിലെ 2018-19 സാമ്പത്തിക വർഷത്തെ ചെക്ക് റിസീവിങ്ങ് രജിസ്റ്ററും ബാങ്ക് പത്രികകളും പരിശോധിച്ചതിൽ ഒരു ട്രാൻസാക്ഷന് ഒന്നിൽ കൂടുതൽ രസീതുകൾ നൽകുന്നതായി കാണുന്നു. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് /ട്രാൻസാക്ഷൻ നമ്പരും തീയതിയും | ബാങ്ക് | രസീത് നമ്പരും തീയതിയും | പണമാക്കിയ തീയതി | തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 590235920 / 14.02.19 | Treasury | 10069 / 27.02.19 | 12.02.19 | 75,000 | 10089 / 27.02.19,<br>10090 / 27.02.19 എന്നീ രസീത് നമ്പരുകളായി വീണ്ടും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നു |
| | 590235920 / 14.02.19 | Treasury | 10070 / 27.02.19 | 12.02.19 | 750 | |
| 2 | 590235030 / 14.02.19 | Treasury | 10071 / 23.02.19 | 25.02.19 | 1,250 | 10091 / 23.02.19,<br>10092 / 23.02.19<br>എന്നീ രസീത് നമ്പരുകളായി വീണ്ടും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| | 590235030 / 14.02.19 | Treasury | 10072 / 23.02.19 | 25.02.19 | 11,250 | |

| | | | | | | |
|---|---|---|---|---|---|---|
| 3 | 595012090 / 15.02.19 | Treasury | 100082 / 26.02.19 | - | 98,250 | 100093 / 27.02.19,<br>100094 / 27.02.19,<br>100095 / 27.02.19<br>എന്നീ രസീത് നമ്പരുകളായി വീണ്ടും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| 4 | 256538 / 22.03.19 | HDFC | 101513 / 31.03.19 | - | 1,250 | 101521/ 31.03.19<br>രസീത് നമ്പരായി വീണ്ടും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നു |
| 5 | 015250 / 25.09.18 | HDFC | 100639 / 01.10.18 | 08.10.18 | 3,730 | 1250 രൂപ<br>100675 / 01.10.18<br>രസീത് നമ്പരായി വീണ്ടും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |

ഇത്തരത്തിൽ ഒരു ട്രാൻസാക്ഷന് ഒന്നിൽ കൂടുതൽ രസീതുകൾ നൽകുന്നത് തെറ്റായ പ്രവണതയാണ്. ഇത് വരുമാനത്തിന്റെ കൃത്യതയെ ബാധിക്കുകയും വാർഷിക ധനകാര്യപത്രികയിൽ വരുമാനം തെറ്റായി കണക്കാക്കുകയും ചെയ്യുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04 / 22.07.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-42 നഗരസഭയുടെ പേ ആൻഡ് പാർക്ക് സംവിധാനത്തിൽ വരുമാന നഷ്ടം.

കോട്ടയം നഗരസഭയുടെ നിയന്ത്രണത്തിൽ പഴയ പോലീസ് സ്റ്റേഷൻ മൈതാനം, തിരുനക്കര മൈതാനം എന്നിവിടങ്ങളിൽ രാവിലെ 8 മണി മുതൽ വൈകിട്ട് 8 മണി വരെ പേ ആൻഡ് പാർക്ക് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. നഗരത്തിന്റെ ഹൃദയഭാഗത്തുള്ള പാർക്കിംഗ് സംവിധാനമായതിനാൽ രണ്ടു മൈതാനങ്ങളിലായി ദിവസേന 250 മുതൽ 300 വരെ വാഹനങ്ങൾ ഈ സംവിധാനം ഉപയോഗപ്പെടുത്താറുണ്ട്. ടി സംവിധാനത്തിൽ നിലവിൽ ഒരു വാഹനം പാർക്ക് ചെയ്യുന്നതിന് ഒരു മണിക്കൂറിന് 26 രൂപയും (പ്രളയസെസ്സ് 1 രൂപ ഉൾപ്പെടെ) പിന്നീടുള്ള ഓരോ മണിക്കൂറിനും 5രൂപ എന്ന നിരക്കിൽ വാടക ഈടാക്കുമെന്ന് മൈതാനത്തിന് പുറത്ത് സ്ഥാപിച്ചിരിക്കുന്ന നോട്ടീസ് ബോർഡിലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു മണിക്കൂറിനു ശേഷവും പാർക്കു ചെയ്യുന്ന വാഹനങ്ങളിൽ നിന്ന് ഓരോ മണിക്കൂറിനും 5 രൂപ വീതം ഈടാക്കുന്നതിനായി 5രൂപയുടെ കൂപ്പൺ നഗരസഭ അനുവദിച്ചിട്ടില്ലാത്തതിനാൽ തുടർന്നുള്ള ഓരോ മണിക്കൂറിനും തുക ഈടാക്കാൻ സാധിക്കുന്നില്ലായെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ഇത് നഗരസഭക്ക് വരുമാന നഷ്ടമുണ്ടാക്കുന്നു. കൂടാതെ വാടക പിരിക്കുന്നതിനായി നഗരസഭ ചുമതലപ്പെടുത്തിയ ജീവനക്കാർ പരിശോധനക്കായി ഹാജരാക്കുന്ന കൂപ്പണുകളുടെ കൗണ്ടർ ഫോയിലിലോ രജിസ്റ്ററുകളിലോ വാഹനങ്ങളുടെ നമ്പർ രേഖപ്പെടുത്തുന്നില്ല. പേ ആൻഡ് പാർക്ക് സംവിധാനത്തിൽ നിന്നുള്ള വരുമാനത്തിന്റെ കൃത്യത നഗരസഭ പരിശോധിക്കുന്നില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ടി അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ എൻക്വയറിക്ക് (നം.20 / 08.11.19) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് വരുമാന നഷ്ടം ഒഴിവാക്കാനാവശ്യമായ നടപടികൾ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും സ്വീകരിക്കേണ്ടതാണ്.

## 1-43 ചെക്കുകൾ മടങ്ങുന്നത് തനത് ഫണ്ടിനു നഷ്ടമുണ്ടാക്കുന്നു.

2018-19 സാമ്പത്തിക വർഷത്തെ കോട്ടയം നഗരസഭാ കാര്യാലയത്തിലെ ചെക്ക് റിസീവിങ്ങ് രജിസ്റ്ററും ബാങ്ക് ഓഫ് മഹാരാഷ്ട്ര തനത് ഫണ്ട് അക്കൗണ്ട് (നം. 20142500058) പത്രികകളും ബാങ്ക് ബുക്കുകളും പരിശോധിച്ചതിൽ ബാങ്കിൽ സമർപ്പിച്ച ചെക്കുകൾ മടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടു. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്ക് റിട്ടേൺ ചെയ്ത തീയതി | ചെക്ക് തുക | ബാങ്ക് ഈടാക്കുന്ന പിഴ | | | ചെക്ക് നമ്പരും വിശദാംശങ്ങളും |
|---|---|---|---|---|---|---|
| | | | ചെക്ക് റിട്ടേൺ ചാർജ്ജ് | ജി.എസ്.ടി | ആകെ | |
| 1 | 21.04.18 | 4,313 | 200 | 36 | 236 | 978465 / 21.04.18<br>സുനിൽ സുകുമാരൻ നായർ |
| 2 | 25.04.18 | 2,450 | 200 | 36 | 236 | 316059 / 25.04.18<br>ജസ്റ്റ് ലൈഫ് സ്റ്റൈൽ പ്രൈവറ്റ് |
| 3 | 30.04.18 | 24,727 | 200 | 36 | 236 | 7832 / 30.04.18<br>പാറയിൽ ഗ്രാനുലാർ ഇൻഡസ്ട്രീസ് |
| 4 | 02.05.18 | 20,000 | 200 | 36 | 236 | 83049 / 02.05.18<br>നിഷ .കെ. ദാസ് |
| 5 | 29.09.18 | 1,250 | 200 | 36 | 236 | വിശദാംശങ്ങൾ ലഭ്യമല്ല |
| 6 | 03.10.18 | 1,500 | 200 | 36 | 236 | വിശദാംശങ്ങൾ ലഭ്യമല്ല |
| 7 | 03.10.18 | 2,400 | 200 | 36 | 236 | വിശദാംശങ്ങൾ ലഭ്യമല്ല |
| 8 | 17.10.18 | 8,000 | 200 | 36 | 236 | 42783/ 27.09.18<br>രാംകോ സിമന്റ്സ് |
| 9 | 24.10.18 | 4,45,499 | 300 | 54 | 354 | 697534 /<br>എ വൺ ലേഡീസ് സ്റ്റോഴ്സ് |
| 10 | 29.10.18 | 55,000 | 200 | 36 | 236 | 407<br>മുത്തൂറ്റ് ക്യാപ്പിറ്റൽ സർവ്വീസ് |
| 11 | 14.11.18 | 20,820 | 200 | 36 | 236 | 308/ 14.11.18<br>മെഡ്ആൾ സ്കാൻസ് |
| 12 | 21.12.18 | 1,250 | 200 | 36 | 236 | 217523 / 21.12.18 |
| 13 | 21.12.18 | 8,750 | 200 | 36 | 236 | 217524 / 13.12.18 |
| 14 | 11.03.19 | 2,94,540 | 300 | 54 | 354 | 39135 / 11.03.19<br>പാരഗൺ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | പോളിമർ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് |
| 15 | 29.03.19 | - | 300 | 54 | 354 | വിശദാംശങ്ങൾ ലഭ്യമല്ല |
| 16 | 29.03.19 | - | 300 | 54 | 354 | വിശദാംശങ്ങൾ ലഭ്യമല്ല |
| 17 | 03.04.19 | 24,629 | 200 | 36 | 236 | 14432<br>പാറയിൽ ഗ്രാനലാർ ഇൻഡസ്ട്രീസ് |
| 18 | 03.05.19 | 5,000 | 300 | 54 | 354 | 968941<br>വിശദാംശങ്ങൾ ലഭ്യമല്ല |
| 19 | 03.07.19 | 2,976 | 300 | 54 | 354 | 775620<br>ഗുഡ് വർക്സ് അസോസിയേറ്റ്സ് |
| **ആകെ** | | | | | **5,192** | |

ചെക്കുകൾ ക്രെഡിറ്റാകാതെ മടങ്ങുന്നതിനാൽ ജി.എസ്.ടി ഉൾപ്പെടെയുള്ള ചെക്ക് റിട്ടേൺ ചാർജ്ജ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ബാങ്ക് ഈടാക്കുന്നുണ്ട്. ടി പട്ടികയിൽ നിന്നുമാത്രം 5192 രൂപയുടെ നഷ്ടം തനത് ഫണ്ടിനുണ്ടായിട്ടുണ്ട്. ഇവയിൽ ചിലത് വീണ്ടും ബാങ്കിൽ സമർപ്പിച്ച് തുക ക്രെഡിറ്റ് ചെയ്തതായും കാണുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/18.07.2019) പിഴ തുക ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുവെന്നാണ് നഗരസഭ മറുപടി നൽകിയത്. തുക ഈടാക്കി തനതുഫണ്ടിൽ ഒടുക്ക് വരുത്തിയ വിവരം ഓഡിറ്റിൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതാണ്.

## 1-44 ടെണ്ടർ നടപടികൾ ലംഘിച്ച് KMSCL ൽ നിന്ന് കമ്പ്യൂട്ടർ വാങ്ങാൻ പർച്ചേസ് ഓർഡർ നൽകി.

സാമ്പത്തികവർഷത്തിൽ നാട്ടകം പി.എച്ച്.സിയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയ്ക്കായി (നം.717) റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും 60000 രൂപ വകയിരുത്തിയിരുന്നു. ടെണ്ടർ ക്ഷണിക്കാതെ KMSCL ൽ നിന്ന് കമ്പ്യൂട്ടർ വാങ്ങുന്നതിനായി 14.05.18ൽ 33584 രൂപ KMSCL ന്റെ അക്കൗണ്ടിലേക്ക് (PUNB0362400) നൽകിയിട്ടുണ്ട്. ഫയലിൽ ലഭ്യമായ പ്രൊഫോർമ ഇൻവോയിസ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No | Item Description | Brand Name | Unit Rate (Rs) | Qty (no's) | Amount (Rs) |
|---|---|---|---|---|---|
| 1 | Desktop Computer<br>Model : HP280 G3 | Ms HP India Sales Pvt Ltd | 31,818.00 | 1 | 31,818.00 |

| | | | | | |
|---|---|---|---|---|---|
| | Micro Tower PC or above<br>Monitor : HP V203P or above<br>OS : Windows 10 Home<br>64 bit OEM | | | | |
| 2 | 600 VA UPS<br>Make : Hykon BIS 600<br>12V or above | Ms Hykon India Pvt Ltd | 1,766.37 | 1 | 1,766.37 |
| | | **Total** | | | **33,584** |

02.12.2016-ലെ സ.ഉ (സാധാ) നം.3299/2016/തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടികൾ കൂടാതെ ചില സർക്കാർ /അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും ( ടി സ്ഥാപനങ്ങൾ നിർമ്മിക്കുന്ന സാധനസാമഗ്രികൾ മാത്രം) വാങ്ങുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ സ്വകാര്യ ഏജൻസിയായ HP India Sales എന്ന സ്ഥാപനം വിതരണം ചെയ്യുന്ന സാധനങ്ങൾ KMSCL ൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങുന്നതിന് തുക അഡ്വാൻസായി നൽകി. ഇത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. 14.05.18 ൽ 33584 രൂപ 3624001800000019 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് (ബിൽ നം. 3/2018-19/17.05.2018) നൽകിയെങ്കിലും നാളിതുവരെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും KMSCL പി.എച്ച്.സിയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടി അപാകത പരാമർശിച്ച നൽകിയ എൻക്വയറിയ്ക്ക് (നം37/28.11.2019) കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിരവധി തവണ KMSCLമായി ബന്ധപ്പെട്ടെങ്കിലും ടി സാധനങ്ങൾ ലഭ്യമാക്കിയിട്ടില്ലായെന്നാണ് മെഡിക്കൽ ഓഫീസർ മറുപടി നൽകിയത്. ഉപകരണങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ **33584 രൂപ തടസ്സത്തിൽ വയ്ക്കുന്നു.** പദ്ധതി പ്രകാരമുള്ള ഉപകരണങ്ങൾ എത്രയും വേഗം ലഭ്യമാക്കുകയോ KMSCL ൽ നിന്നും തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-45 നാട്ടകം പി എച്ച് സി യ്ക്ക് മരുന്നുകളും ഉപകരണങ്ങളും ലഭ്യമാകാനവശേഷിക്കുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ നാട്ടകം പി.എച്ച്.സിയ്ക്ക് മരുന്നുകളും ഉപകരണങ്ങളും രജിസ്റ്ററുകളും വാങ്ങുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നു. എന്നാൽ മരുന്നുകളും ഉപകരണങ്ങളും ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്നതായി മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ വ്യക്തമായി. മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമനം** | **പ്രോജക്ടിന്റെ വിവരങ്ങൾ** | **തുക നല്കിയ സ്ഥാപനം** | **നൽകിയ തുക** | **ബിൽ നം./തീയതി/തുക** | **റിമാർക്സ്** |
|---|---|---|---|---|---|
| 1 | 11 / പാലിയേറ്റീവ് കെയർ | KMSCL | 6,43,738 | ബിൽ നം. 19/2018-19 തീയതി 16.11.2018 -28,982/-<br>ബിൽ നം. 27/2018-19 തീയതി 10.02.2019 – 5,90,675/- | മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | ബിൽ നം. 31/2018-19 തീയതി 27.03.2019 – 24,081/- | |
| 2 | 355/നാട്ടകം പി.എച്ച്.സി മരുന്ന് വാങ്ങൽ | KMSCL | 2,90,001 | ബിൽ നം. 17/2018-19 തീയതി 16.11.2018 – 9,847/- ബിൽ നം. 21/2018-19 തീയതി 19.12.2018 – 19,755/- ബിൽ നം. 25/2018-19 തീയതി 10.02.2019 – 1,99,984/- ബിൽ നം. 28/2018-19 തീയതി 14.03.2019 – 60,415/- | " |
| 3 | 715 / പാലിയേറ്റീവ് കെയർ | KMSCL | 3,20,000 | ബിൽ നം. 1/2018-19 തീയതി 17.05.2018 – 3,20,000/- | " |
| | | KSCAP&T | 61,915 | ബിൽ നം. 5/2018-19 തീയതി 17.05.2018 – 61,915/- | രജിസ്റ്ററുകൾ ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്നു |
| 4 | 716 / മരുന്ന് വാങ്ങൽ | KMSCL | 80,000 | ബിൽ നം. 2/2018-19 തീയതി 17.05.2018 – 80,000/- | മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു |

ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടേയും ഉപകരണങ്ങളുടേയും വിശദാംശങ്ങൾ ആവശ്യപ്പെട്ട് എൻക്വയറി (നം.63 / 17.01.2020) നൽകിയെങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. പി.എച്ച്.സി യുടെ പാലിയേറ്റീവ് കെയറിന്റെയും ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കാത്തത് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ്. ടി വിഷയത്തിലേക്ക് ഭരണസമിതിയും ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും അടിയന്തിരമായി ശ്രദ്ധപതിപ്പിക്കുകയും മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-46 ക്യാൻസൽ ചെയ്ത ചെക്ക് ഹാജരാക്കിയില്ല.

കോട്ടയം നഗരസഭയിലെ 2018–19 സാമ്പത്തിക വർഷത്തെ ക്യാഷ് ബുക്കിൽ ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിരുന്ന ചെക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് 30.10.2019 ലെ 18-ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പ് പ്രകാരം ആവശ്യപ്പെട്ടതിൽ ചെക്ക് നം.847370 ഒഴികെയുള്ള ചെക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു. ടി ചെക്ക് 02.06.2018 ൽ clear ചെയ്തിട്ടുണ്ടെന്നാണ് നഗരസഭ നൽകിയ മറുപടി. എന്നാൽ 2860460 രൂപയുടെ ടി ചെക്ക് ക്യാൻസൽ ചെയ്തതായും പകരം ഇതേ തുകയുടെ 847372 -ാം നമ്പർ (വൗച്ചർ നമ്പർ - 09, 06/18) ചെക്ക് നൽകിയതായും ക്യാഷ്ബുക്ക് വാല്യം 1 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 43 പ്രകാരം ക്യാൻസൽ ചെയ്ത ചെക്കുകൾ കൗണ്ടർ ഫോയിൽ ഉൾപ്പെടെ സൂക്ഷിച്ചുവയ്ക്കേണ്ടതാണ്. ടി ചെക്ക് കൗണ്ടർഫോയിൽ ഉൾപ്പെടെ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകിയെങ്കിലും (64/18.01.2020) നാളിതുവരെ മറുപടി ഹാജരാക്കിയില്ല. ചെക്ക് കൗണ്ടർഫോയിൽ ഉൾപ്പെടെ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-47 ബാങ്കുമായി കരാർ ചെയ്യാതെ നഗരസഭ POS മെഷീനുകൾ വാടകയ്ക്ക് എടുത്തു.

സാമ്പത്തിക വർഷം കോട്ടയം നഗരസഭയിൽ POS മെഷീൻ മുഖേന നികുതി പിരിവ് നടത്തുന്നുണ്ട്. 12 POS മെഷീനുകളാണ് നഗരസഭയുടെ തനതു ഫണ്ട് സൂക്ഷിക്കുന്ന ബാങ്കായ ബാങ്ക് ഓഫ് മഹാരാഷ്ട്ര ഇതിനായി നൽകിയിരിക്കുന്നത്. പണരഹിത ഇടപാടുകൾ ആയതിനാൽ കാർഡ് മുഖേന നേരിട്ട് നഗരസഭയുടെ അക്കൗണ്ടിലേയ്ക്ക് പണം സ്വീകരിക്കാൻ സാധിക്കുന്നതാണ്. നഗരസഭയിലെ ബിൽകളക്ടർമാർ 2019ജൂൺ മാസം മുതലാണ് നികുതി പിരിവിനായി POS മെഷീൻ ഉപയോഗിച്ച് തുടങ്ങിയത്. POS മെഷീൻ മുഖേന നടത്തിയ ഇടപാടുകളുടെ പരിശോധനയിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1.POS മെഷീൻ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് ബാങ്കുമായി ഒരു ഉടമ്പടിയും ഉണ്ടാക്കിയിട്ടില്ല.

POS മെഷീൻ മുഖേന നികുതി പിരിവ് നടത്തുന്നതിനായി 12 മെഷീനുകൾ ബാങ്ക് ഓഫ് മഹാരാഷ്ട്ര നൽകിയിരുന്നെങ്കിലും നഗരസഭ ബാങ്കുമായി ഇത് സംബന്ധിച്ച യാതൊരു ഉടമ്പടിയും ഉണ്ടാക്കിയിട്ടില്ല. ആയതിനാൽ മെഷീൻ വാടക, മറ്റ് ചാർജ്ജുകൾ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ലഭ്യമല്ല. കൂടാതെ ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മെഷീൻ ഉപയോഗത്തിന് യാതൊരു വിധ ചാർജ്ജുകളും ഈടാക്കുന്നതല്ലായെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ടെന്നാണ് നഗരസഭ നൽകിയ മറുപടി. എന്നാൽ ഒരു മെഷീനു 780 രൂപ നിരക്കിൽ പ്രതിമാസ വാടകയും 2000 രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രതിദിന ഇടപാടുകളിൽ നിന്നും ബാങ്ക് കമ്മീഷനും ഈടാക്കിയിട്ടുണ്ട്. ഓരോ തുകയ്ക്കും വ്യത്യസ്തമായ നിരക്കിലാണ് ചാർജ്ജ് ഈടാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | POS മെഷീൻ ഐഡി | പിരിച്ചതുക (സെറ്റിൽമെന്റ് റിപ്പോർട്ട് അനുസരിച്ച്) | അക്കൗണ്ടിൽ ക്രെഡിറ്റായ തുക | വ്യത്യാസം | നിരക്ക് (%) |
|---|---|---|---|---|---|---|
| 1 | 29.06.19 | രേഖപ്പെടുത്തിയിട്ടില്ല | 1,286 | 1,286 | - | - |
| 2 | 03.07.19 | രേഖപ്പെടുത്തിയിട്ടില്ല | 4,074 | 4,032.73 | 41.27 | 1.01 |
| 3 | 05.07.19 | BM104799 | 18,499 | 18,163.28 | 335.72 | 1.81 |
| 4 | 15.07.19 | BM104799 | 5,883 | 5,822.52 | 60.48 | 1.03 |
| 5 | 22.07.19 | രേഖപ്പെടുത്തിയിട്ടില്ല | 3,566 | 3,483.94 | 82.06 | 2.30 |
| 6 | 25.07.19 | രേഖപ്പെടുത്തിയിട്ടില്ല | 25,828 | 25,553.71 | 274.29 | 1.06 |
| 7 | 27.07.19 | രേഖപ്പെടുത്തിയിട്ടില്ല | 1,670 | 1,670 | - | - |
| 8 | 01.08.19 | രേഖപ്പെടുത്തിയിട്ടില്ല | 6,769 | 6,697.10 | 71.9 | 1.06 |
| 9 | 05.08.19 | BM104795 | 11,338 | 11,196.80 | 141.20 | 1.25 |
| 10 | 07.08.19 | BM104800 | 16,848 | 16,669.08 | 178.92 | 1.06 |
| 11 | 13.08.19 | BM104998 | 6,355 | 6,287.50 | 67.5 | 1.06 |
| 12 | 14.08.19 | BM104800 | 6,517 | 6,404.31 | 112.69 | 1.73 |
| 13 | 16.08.19 | BM104798 | 13,598 | 13,453.59 | 144.41 | 1.06 |
| | 17.08.19 | രേഖപ്പെടുത്തിയിട്ടില്ല | 2,967 | 2,935.49 | 31.51 | 1.06 |
| 14 | 19.08.19 | BM104797 | 1,535 | 1,535 | - | - |
| 15 | 20.08.19 | BM104800 | 12,823 | 12,686.82 | 136.18 | 1.06 |
| 16 | 22.08.19 | BM104800<br>BM104788 | 24,381<br>(15170+7086+2125) | 24,034.27 | 346.73 | 1.42 |

| | | | | | | |
|---|---|---|---|---|---|---|
| | | BM104798 | | | | |
| 17 | 28.08.19 | രേഖപ്പെടുത്തിയിട്ടില്ല | 22,343 | 22,108.71 | 234.29 | 1.05 |
| 18 | 29.08.19 | BM104788<br>BM104797 | 3,906<br>(981+2925) | 3,853.35 | 52.65 | 1.35 |
| 19 | 05.09.19 | BM104788 | 1,250 | 1,250 | - | - |
| 20 | 09.09.19 | രേഖപ്പെടുത്തിയിട്ടില്ല | 15,674 | 15,476.34 | 197.66 | 1.26 |
| 21 | 24.09.19 | BM104798 | 1,450 | 1,450 | - | - |
| 22 | 30.09.19 | BM104798 | 3,245 | 3,222.23 | 22.77 | 0.70 |
| | **ആകെ** | | **2,11,805** | **2,09,272.77** | **2,532.23** | |

ഒരു മെഷീന് 780 രൂപ നിരക്കിൽ 12 മെഷീനുകൾക്ക് പ്രതിമാസം 9360രൂപ(12 * 780 = 9360) വാടകയിനത്തിൽ നഗരസഭയുടെ തനതു ഫണ്ട് അക്കൗണ്ടിൽ നിന്നും ബാങ്ക് ഈടാക്കിയിട്ടുണ്ട്. ബാങ്കുമായി കൃത്യമായി കരാർ ചമയ്ക്കാഞ്ഞതിലാണ് വാടക, മറ്റ് ചാർജ്ജുകൾ എന്നീ ഇനത്തിൽ നഗരസഭയ്ക്ക് 11892.23 രൂപ (9360+2532.23) നൽകേണ്ടി വന്നത്.

2.ഉപയോഗയോഗ്യമല്ലാത്ത POS മെഷീനുകൾ വിതരണം ചെയ്തു.

ബാങ്ക് നഗരസഭയ്ക്ക് നൽകിയ 12 മെഷീനുകളും ഉപയോഗിച്ച് പഴക്കംചെന്നവയായതിനാൽ റീ-ചാർജ്ജ് ചെയ്താലും കുറച്ച സമയത്തെ ഉപയോഗത്തോടെ ചാർജ്ജ് പൂർണ്ണമായും തീരുന്നതിനാൽ ഉപയോഗയോഗ്യമല്ലാതാവുന്നു. 12 മെഷീനുകളിൽ ഒരെണ്ണം മാത്രമാണ് പ്രവർത്തനയോഗ്യമായത്. നിലവിൽ ഒരു മെഷീനും നികുതി പിരിവിനായി ഉപയോഗിക്കുന്നില്ല.

3.വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ POS മെഷീനുകളുടെ ഉപയോഗം

POS മെഷീൻ മുഖേന പണപ്പിരിവ് നടത്തുമ്പോൾ പ്രതിദിന കളക്ഷനിൽ നിന്നും ചാർജ്ജിനത്തിൽ ഒരു തുക ബാങ്ക് ഈടാക്കുന്നതിനാൽ നഗരസഭ ഡിമാന്റ് ചെയ്യുന്ന നികുതി ഇനത്തിൽ കുറവ് സംഭവിക്കുന്നുണ്ട്. ഏകീകൃതനിരക്കിലല്ല ചാർജ്ജ് ഈടാക്കുന്നതെന്ന് ടി പട്ടികയിൽ നിന്ന് വ്യക്തമാണ്. ചാർജ്ജ് ഈടാക്കുന്നത് എന്തടിസ്ഥാനപ്പെടുത്തിയാണെന്ന് ആരാഞ്ഞുകൊണ്ട് 26.09.2019 ൽ നഗരസഭയ്ക്ക് ഓഡിറ്റ് അന്വേഷണകുറിപ്പ് (നം.11) നൽകിയതിന്റെ ഫലമായി 20.11.19 ൽ നഗരസഭ ബാങ്ക് അധികൃതർക്ക് ടി വിഷയം പരാമർശിച്ചുകൊണ്ട് കത്ത് നൽകിയെങ്കിലും ഇതു സംബന്ധിച്ച് ബാങ്കിൽ നിന്നും മറുപടി ലഭ്യമാക്കിയിട്ടില്ലായെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്. ഒരു സേവനദാതാവ് എന്ന നിലയിൽ നഗരസഭയ്ക്ക് ജനോപകാരപ്രദമായി പണമിടപാടുകൾ നടത്തുന്നതിനായി POS മെഷീൻ ഉപയോഗിക്കുമ്പോൾ ഇത്തരത്തിൽ നികുതി പിരിവിൽ കുറവുണ്ടാകുന്നത് നഗരസഭ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയോ മാർഗ്ഗനിർദ്ദേശങ്ങൾ ആരായുകയോ ചെയ്തിട്ടില്ലായെന്നത് നഗരസഭയുടെ ഭാഗത്തുണ്ടായ വീഴ്ചയാണ്.

4.ഫയലുകളും രജിസ്റ്ററുകളും ഹാജരാക്കിയില്ല

POS മെഷീനുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും ഹാജരാക്കണമെന്നാവശ്യപ്പെട്ട് 16.12.2019ൽ നഗരസഭയ്ക്ക് കത്തു (നം. കെ.എസ്.എ. കെ.എം.എം.3 /258 /2019) നൽകിയിരുന്നുവെങ്കിലും നാളിതുവരെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടി വിഷയം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട അപാകതകൾ സർക്കാരിന്റെയും ഭരണവകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിച്ച് മെഷീനുപയോഗിച്ചുള്ള നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ ഭരണസമിതി മുൻകൈയെടുക്കണമെന്ന് നിർദ്ദേശിക്കുന്നു.

## 1-48 1986 മുതൽ 1998 വരെ അനുവദിച്ച മുൻകൂർ തുകകൾ ദീർഘകാലങ്ങളായിട്ടും ക്രമീകരിക്കുകയോ തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല.

കോട്ടയം നഗരസഭയിൽ 1986 മുതൽ 1998 വരെ വിവിധ ആവശ്യങ്ങൾക്കായി നൽകിയിട്ടുള്ള മുൻകൂറുകൾ നാളിതുവരെ ക്രമീകരിക്കുകയോ തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല. **കേരള ഫിനാൻഷ്യൽ കോഡ് വോള്യം I അനുച്ഛേദം 99** പ്രകാരം വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന മുൻകൂറുകൾ മൂന്ന് മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലെ 18% പലിശ സഹിതം ഈടാക്കേണ്ടതാണ്. ക്രമീകരിക്കാത്ത മുൻകൂറുകൾ ശമ്പളബില്ലിൽ നിന്നും ഈടാക്കുകയോ റവന്യൂ റിക്കവറിയിലൂടെ ഈടാക്കുകയോ ചെയ്യുവാൻ സർക്കുലർ നം: 43/12/ധനം. തീയതി: 24.07.2012 ൽ നിർദ്ദേശിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ പരിശോധനയിൽ ഇരുപതിലേറെ വർഷങ്ങൾക്ക് മുൻപ് നൽകിയ തുകകളിൽ 1105706 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. മുൻകൂറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ക്രമ നം.* | *മുൻകൂർ നൽകിയ തീയതി* | *മുൻകൂർ സ്വീകരിച്ച ഉദ്യോഗസ്ഥൻ* | *മുൻകൂർ നൽകിയതിന്റെ ഉദ്ദേശ്യം* | *തുക* |
|---|---|---|---|---|
| | | **1986 -87** | | |
| 1 | 09.04.1986 | ശ്രീ.വി.എ.ഫ്രാൻസിസ് | ടി.എ അഡ്വാൻസ് | 150 |
| 2 | 31.07.1986 | ശ്രീ.മധുസൂദനൻ നായർ | ട്രാക്ടർ രജിസ്ട്രേഷൻ | 438 |
| 3 | 25.09.1988 | ശ്രീ.ഹബീബ് മുഹമ്മദ് | സ്കൂട്ടർ അഡ്വാൻസ് | 4,190 |
| 4 | 10.10.1986 | ശ്രീ.എൻ.അപ്പുക്കുട്ടൻ ആചാരി | സൈക്കിൾ അഡ്വാൻസ് | 44 |
| 5 | 12.10.1986 | ശ്രീ.പി.സി.കുര്യൻ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 395 |
| 6 | 12.10.1986 | ശ്രീ.വി.ഒ.ഗോപി | " " | 350 |
| 7 | 24.11.1986 | ശ്രീ.എം.ജെ.ജോസഫ് | ടി.എ അഡ്വാൻസ് | 75 |
| 8 | 16.01.1987 | ശ്രീ.എം.ശശിധരൻ നായർ | റിപ്പബ്ലിക്ക് ദിന പരിപാടി | 500 |
| 9 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.എ.കെ.കുമാരൻ | ടി.എ അഡ്വാൻസ് | 300 |
| 10 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.വി.കെ.വാസന്തി | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 200 |
| 11 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.പി.സി.വർഗ്ഗീസ് | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 275 |
| 12 | 05.03.1987 | ശ്രീ.പി.റ്റി.മാത്യൂ | ടി.എ അഡ്വാൻസ് | 41 |
| 13 | 13.03.1987 | ശ്രീ.വി.എ.ഫ്രാൻസിസ് | സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് | 75 |
| 14 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.മധുസൂദനൻ നായർ | ജീപ്പിന്റെ ഇൻഷുറൻസ് | 3,548 |
| | **ആകെ** | | | **10,581** |
| **1987 - 88** | | | | |
| 15 | 25.05.1987 | ശ്രീ.വി.കൃഷ്ണൻ നായർ | സ്കൂട്ടർ അഡ്വാൻസ് | 5,852 |
| 16 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.കെ.യു.നാരായണൻ നായർ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 2,513 |
| 17 | 09.07.1987 | ശ്രീ.എം.ശശിധരൻ നായർ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 90 |
| | **ആകെ** | | | **8,455** |
| | | **1988 - 89** | | |

| | | | | |
|---|---|---|---|---|
| 18 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.ബേബി | സ്കൂട്ടർ അഡ്വാൻസ് | 4,529 |
| 19 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.വി.എം.വർഗ്ഗീസ് | സ്കൂട്ടർ അഡ്വാൻസ് | 203 |
| 20 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.ഡി.തങ്കപ്പൻ നായർ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 203 |
| 21 | 08.08.1988 | ശ്രീ.പി.എസ്.താരാ ദേവി | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1,100 |
| 22 | 11.11.1988 | ശ്രീ.എൻ.ശശിധരൻ നായർ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1,550 |
| 23 | 14.121988 | ശ്രീ.വി.എൻ. ചന്ദ്രശേഖരൻ നായർ | സാലറി അഡ്വാൻസ് | 977 |
| 24 | 30.12.1988 | ശ്രീ.വി.എം.മോഹൻദാസ് | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 765 |
| 25 | 31.01.1989 | ശ്രീ.സുലൈമാൻ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 147 |
| 26 | 14.03.1989 | ശ്രീ.കെ.പി.കൃഷ്ണൻ നമ്പ്യാതിരി | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 166 |
| | **ആകെ** | | | **9,640** |
| | | **1989 - 90** | | |
| 27 | 08.05.1989 | ശ്രീ.പി.എം.മോഹനൻ | ചപ്പൽ അഡ്വാൻസ് | 6,311 |
| 28 | 01.06.1989 | ശ്രീ.വി.രാജു | ടി.എ അഡ്വാൻസ് | 4,000 |
| 29 | 06.07.1989 | ശ്രീ.എം.ജി.പരമേശ്വരൻ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 500 |
| 30 | 07.07.1989 | മുനിസിപ്പൽ എൻജിനീയർ | സ്പെയർ പാർട്സ് വാങ്ങൽ | 3,650 |
| 31 | 12.02.1989 | ഹെൽത്ത് ഓഫീസർ | കയർ വാങ്ങൽ | 100 |
| 32 | 28.07.1989 | ശ്രീ.കെ.ജെ.ജോസഫ് | സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് | 500 |
| 33 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.സി.ആർ.ചന്ദ്രൻ | ടി.എ അഡ്വാൻസ് | 150 |
| 34 | 31.07.1988 | മുനിസിപ്പൽ എൻജിനീയർ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1,000 |
| 35 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.കെ.ജെ.ജോസഫ് | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 500<br>209 |
| 36 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.മധുസൂദനൻ നായർ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 5,773 |
| 37 | 30.11.1989 | ശ്രീ.കെ.ജെ.ജോസഫ് | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 750 |
| 38 | 15.11.1989 | ശ്രീ.എ.ആർ.കുമാരൻ | സൈക്കിൾ അഡ്വാൻസ് | 194 |
| 39 | 21.12.1989 | ശ്രീ.ലംബോധരൻ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 500 |
| 40 | 19.03.1990 | ശ്രീ.കെ.ജെ.ജോസഫ് | രജിസ്റ്ററിൽ | 1,000 |

| | | | | |
|---|---|---|---|---|
| | | | രേഖപ്പെടുത്തിയിട്ടില്ല | |
| | **ആകെ** | | | **25,137** |
| | | **1991 - 92** | | |
| 41 | 19.03.1991 | ശ്രീ.കെ.ബാലചന്ദ്രൻ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1,000 |
| 42 | 05.06.1991 | ശ്രീ.പി.എൻ.രവീന്ദ്രൻ | സൈക്കിൾ അഡ്വാൻസ് | 44 |
| 43 | 16.12.1991 | ഹിന്ദുസ്ഥാൻ പെട്രോളിയം | ബിറ്റുമിന്റെ വില | 2,764 |
| 44 | 07.12.1991 | ഹിന്ദുസ്ഥാൻ പെട്രോളിയം | ബിറ്റുമിന്റെ വില | 4,898 |
| 45 | 07.12.1991 | സ്റ്റാൾ കോംപ്ലക്സ് | സ്റ്റീലിന്റെ വില | 7,773 |
| 46 | 12.02.1992 | ശ്രീ.പി.ജി.സെബാസ്റ്റ്യൻ | വർക്ക് അഡ്വാൻസ് | രേഖപ്പെടുത്തിയിട്ടില്ല |
| 47 | 25.03.1992 | ശ്രീ.വി.മോഹനൻ നായർ | ടി.എ അഡ്വാൻസ് | 100 |
| | **ആകെ** | | | **16,579** |
| | | **1992 - 93** | | |
| 48 | 01.04.1992 | ശ്രീ.സി.ബാലകൃഷ്ണൻ | ടി.എ അഡ്വാൻസ് | 350 |
| 49 | 07.04.1992 | ശ്രീ.എം.എം. മാത്യു | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 50 | 06.08.1992 | കേരള ഫ്യൂവൽസ് | പെട്രോളിയത്തിന്റെ വില | 15,879 |
| 51 | 17.10.1992 | ശ്രീ.പി.ജി.രാജീവ് | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1,000 |
| 52 | 23.03.1993 | ശ്രീ.സൈനുദ്ദീൻ | സാലറി അഡ്വാൻസ് | 623 |
| | **ആകെ** | | | **17,852** |
| | | **1993 - 94** | | |
| 53 | 12.08.1993 | ശ്രീ.ജി.ആർ.പണിക്കർ | ഓണം അഡ്വാൻസ് | 250 |
| 54 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.തോമസ് വർഗ്ഗീസ് | ഓണം അഡ്വാൻസ് | 1,500 |
| 55 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.എം.കെ.കുരുവിള | ഓണം അഡ്വാൻസ് | 70 |
| 56 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.പി.ചെല്ലൻ | ഓണം അഡ്വാൻസ് | 35 |
| 57 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.എം.ജെ.ദേവസ്യ | ഓണം അഡ്വാൻസ് | 105 |
| 58 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.എ.ചെല്ലപ്പൻ | ഓണം അഡ്വാൻസ് | 105 |
| | **ആകെ** | | | **2,065** |
| | | **1994 -95** | | |
| 59 | 29.04.1994 | ശ്രീ.ജെ.ഗോപിനാഥൻ നായർ | വാട്ടർ കൂളർ അഡ്വാൻസ് | രേഖപ്പെടുത്തിയിട്ടില്ല |
| 60 | 10.06.1994 | ശ്രീ. ജെ.ഗോപിനാഥൻ നായർ | ഇലക്ട്രിക് കണക്ഷൻ | 1,854 |
| 61 | 06.07.1994 | ശ്രീ.ഒ.തങ്കപ്പൻ | ടി.എ അഡ്വാൻസ് | 1,000 |
| 62 | 10.08.1994 | ശ്രീ.ഷിനുകുമാർ | ടർക്കി വാങ്ങുന്നതിന് അഡ്വാൻസ് | 892 |
| 63 | 24.11.1994 | ശ്രീ.ഡി.തോമസ് വർഗ്ഗീസ് | ലാട്രിൻ ക്ലീനിംഗ് | 1,000 |

| | | | | |
|---|---|---|---|---|
| | **ആകെ** | | | **4,746** |
| | | **1995 - 96** | | |
| 64 | 11.12.1995 | ACC സിമന്റ്സ് ലിമിറ്റഡ് | സിമന്റിന്റെ വില | 1,86,499 |
| 65 | 06.02.1996 | ശ്രീ.കെ.കെ.അന്നമ്മ | സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് | 1,093 |
| 66 | 13.03.1996 | അസോസിയേറ്റഡ് സിമന്റ് കമ്പനി | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 2,89,050 |
| 67 | 13.03.1996 | അസോസിയേറ്റഡ് സിമന്റ് കമ്പനി | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 4,33,515 |
| | **ആകെ** | | | **9,10,157** |
| | | **1996 - 97** | | |
| 68 | 03.05.1996 | അസോസിയേറ്റഡ് സിമന്റ് കമ്പനി | സിമന്റ് അഡ്വാൻസ് | 43,057 |
| 69 | 07.11.1996 | ശ്രീ.കെ.സോമൻ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 2,000 |
| | **ആകെ** | | | **45,057** |
| | | **1997 - 98** | | |
| 70 | 10.07.1997 | ശ്രീ.ഡി.തങ്കപ്പൻ | മൈക്ക് അനൗൺസ്മെന്റ് | 1,000 |
| 71 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.എം.കെ.കുഞ്ഞപ്പൻ | ഓണം അഡ്വാൻസ് | 160 |
| 72 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.അബ്ദുൾ അസീസ് | ഓണം അഡ്വാൻസ് | 160 |
| 73 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.കെ.കെ.അന്നമ്മ | ഓണം അഡ്വാൻസ് | 160 |
| 74 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.കെ.കെ.മുഹമ്മദ് കുഞ്ഞ് | ഓണം അഡ്വാൻസ് | 80 |
| 75 | രേഖപ്പെടുത്തിയിട്ടില്ല | ശ്രീ.പി.എസ്.കൃഷ്ണൻകുട്ടി | ഓണം അഡ്വാൻസ് | 80 |
| 76 | 20.04.1997 | ശ്രീ.വി.പി.ശെൽവരാജ് | സൈക്കിൾ അഡ്വാൻസ് | 500 |
| 77 | 23.05.1997 | ശ്രീ.ഡി.ദിനേഷ് കുമാർ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 5,000 |
| 78 | 06.03.1998 | ശ്രീ.ഡി.തങ്കപ്പൻ | മൈക്ക് അനൗൺസ്മെന്റ് | 1,000 |
| | **ആകെ** | | | **8,140** |
| **1998 - 99** | | | | |
| 79 | 01.05.1998 | ശ്രീ.പി.എൻ.സുധാകരൻ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 3,000 |
| 80 | 01.06.1998 | ശ്രീ.പി.എൻ.സുധാകരൻ | കുഷ്ഠരോഗ നിവാരണ പരിപാടി | 30,000 |
| 81 | 31.08.1998 | ശ്രീ.വി.എൻ.മോഹൻദാസ് | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 12,750 |
| 82 | 12.10.1998 | ശ്രീ.വി.ജെ.ജോസഫ് | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1,227 |
| 83 | 12.10.1998 | ശ്രീ.പി.ജി.ശശികുമാർ | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 320 |

| | | |
|---|---|---|
| | **ആകെ** | **47,297** |
| | **ആകെ** (1986 മുതൽ 1998 വരെ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂർ തുക ) | **11,05,706** |

ടി പട്ടികയിലെ ജീവനക്കാരിൽ ഭൂരിഭാഗവും സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ടാവാനും സാധ്യതയേറെയാണ്. മുൻകൂർ തുകകൾ വർഷങ്ങളായി ക്രമീകരിക്കാതെ തുടരുന്ന സാഹചര്യത്തിൽ ആയത് സർക്കാർ ഉത്തരവ് ജി.ഒ (പി) 419/11 ഫിൻ തീ 4-10-2011പ്രകാരം 18% പലിശ സഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ക്രമീകരിക്കുന്നതിന് നിലവിലുള്ള സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. ആയതു പോലെ പ്രസ്തുത വിഷയത്തിൽ നഗരസഭാധികൃതരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ച ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-49 പത്രപരസ്യം- അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല.

കോട്ടയം നഗരസഭയിലെ പൊതുലേലം/പുനർലേലം വിവധ മരാമത്ത് പ്രവർത്തികൾക്കു വേണ്ടിയുള്ള ക്വട്ടേഷൻ എന്നീ ഇനത്തിൽ വീക്ഷണം, കേരളകൗമുദി,ഇന്ത്യൻ എക്സ്പ്രസ്സ് എന്നീ പത്രസ്ഥാപനങ്ങളിൽ നിന്നും സമർപ്പിച്ച ബില്ലുകളിൽ അർഹമായ ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. ജി.ഒ(ആർ.ടി)നം.551/15/I&PRD dated 20.11.15പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് എല്ലാത്തരം പത്രപ്പരസ്യങ്ങൾക്കും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | ബിൽ നം | പരസ്യത്തിന്റെ വലിപ്പം | നിരക്ക് | നൽകിയ തുക (ജി.എസ്.ടി ഉൾപ്പെടെ) | ലഭിക്കേണ്ടിയിരുന്ന ഡിസ്കൗണ്ട് | ചെക്ക് നം/ തീയതി |
|---|---|---|---|---|---|---|---|
| 1 | വീക്ഷണം | 33363 | 72 | 65.6250 | 4,725 | 708 | 4725 രൂപ 021009/ 20.04.18 |
| 2 | കേരള കൗമുദി | BLKTM00069391 | 40 | 135 | 5,670 | 810 | 22680 രൂപ 023348/ 06.10.18 |
| | | KTMSCH070117 | 40 | 135 | 5,670 | 810 | |
| | | KTMSCH070125 | 40 | 135 | 5,670 | 810 | |
| | | KTMSCH070106 | 40 | 135 | 5,670 | 810 | |
| 3 | ഇന്ത്യൻ എക്സ്പ്രസ്സ് | 643559/KOC | 48 | 120 | 5,760 | 864 | 16152 രൂപ 021145/ 23.05.18 |
| 4 | ഇന്ത്യൻ എക്സ്പ്രസ്സ് | 667739/KOC | 32 | 120 | 3,840 | 576 | |
| 5 | ഇന്ത്യൻ എക്സ്പ്രസ്സ് | KOCKL110048235 | 48 | 120 | 6,552 | 936 | |
| 6 | മാധ്യമം | 82891 | 40 | 75 | 3,150 | 450 | 3150 രൂപ 021146/ 23.05.18 |
| | | | | | **ആകെ** | **6,774** | |

സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം പ്രയോജനപ്പെടുത്താഞ്ഞതിനാൽ **6,774 രൂപ** പത്രപരസ്യ

ഇനത്തിൽ തനത് ഫണ്ടിൽ നിന്നും അധികമായി ചെലവായിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും ഇപ്രകാരം അധികച്ചെലവുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-50 ഇൻഷ്വറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തേണ്ടതാണ്.

നഗരസഭ വാഹനങ്ങൾ നാഷണൽ ഇൻഷ്വറൻസ്, ഓറിയന്റൽ ഇൻഷ്വറൻസ്, യുണൈറ്റഡ് ഇൻഷ്വറൻസ് എന്നീ ഇൻഷ്വറൻസ് സ്ഥാപനങ്ങൾ മുഖേനയാണ് ഇൻഷ്വർ ചെയ്തിരിക്കുന്നത്. 18-04-2000 ലെ ജി ഒ(പി) നം 819/2000 ഫിൻ ഉത്തരവ് പ്രകാരം സർക്കാർ വാഹനങ്ങളുടെ എല്ലാ ഇൻഷ്വറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷം നഗരസഭ പ്രസ്തുത ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയല്ല ഇൻഷ്വർ ചെയ്തിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | വാഹന നമ്പർ | വൗച്ചർ നമ്പർ | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | KL – 5AK 3073<br>KL – 5E 3053 | 48 /04.02.19 | 4,9152 | നാഷണൽ ഇൻഷ്വറൻസ് |
| 2 | KL -5M 1767 | 49/ 04.02.19 | 5,882 | ഓറിയന്റൽ ഇൻഷ്വറൻസ് |
| 3 | KL – 5E 272<br>KL – 5T 1633 | 50/ 04.02.19 | 18,206 | യുണൈറ്റഡ് ഇൻഷ്വറൻസ് |

നിലവിലുള്ള ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ലഭിച്ച റിന്യൂവൽ നോട്ടീസിലെ അപാകതകളും രേഖകൾ ലഭിക്കുന്നതിന് ഏർപ്പെട്ട കാലതാമസവും മൂലം നഗരസഭ വാഹനങ്ങളുടെ ഇൻഷ്വറൻസ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലേക്ക് മാറ്റി ഏർപ്പെടുത്താൻ സാധിച്ചില്ലായെന്നും എല്ലാ വാഹനങ്ങളുടേയും ഇൻഷ്വറൻസ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ആരംഭിച്ച് വിവരം അറിയിക്കുന്നതാണെന്നും 05.12.2019 ലെ PW5-15527/14-ാം നമ്പർ കത്ത് പ്രകാരം സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എല്ലാ വാഹനങ്ങളും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ഇൻഷ്വർ ചെയ്ത് രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-51 വാഹനങ്ങളുടെ ലോഗ് ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

എല്ലാ വാഹനങ്ങളുടെയും ലോഗ് ബുക്കുകളും വാഹനങ്ങളിൽ ഇന്ധനം നിറച്ചത് സംബന്ധിച്ച ഫയലും (നം.PW5 /9205/01 vol III) ഹാജരാക്കണമെന്നാവശ്യപ്പെട്ട് 04.12.2019 ൽ ഓഡിറ്റ് റിക്വസിഷനും(നം.21) 11.03.2020 ൽ ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പും(നം.72) നൽകിയിരുന്നുവെങ്കിലും നാളിതുവരെ ഹാജരാക്കിയിട്ടില്ല. 2018 -19 സാമ്പത്തിക വർഷം നഗരസഭ വാഹനങ്ങളിൽ ഇന്ധനം നിറച്ച വകയിൽ വെള്ളാപ്പള്ളിൽ ഏജൻസീസ് എന്ന സ്ഥാപനത്തിന് നൽകിയ **തുക 1302972 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.**

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പരും തീയതിയും | ചെക്ക് നമ്പർ | തുക |
|---|---|---|---|
| 1 | 21/ 07.07.2018 | 2353753 | 1,59,614 |
| 2 | 42/ 09.05.2018 | 2353742 | 2,23,808 |
| 3 | 15/ 03.11.2018 | 023437 | 3,15,540 |
| 4 | 16/ 03.11.2018 | 023437 | 1,75,384 |
| 5 | 111/ 24.09.2018 | 023303 | 1,62,830 |
| 6 | 111/ 16.02.19 | 026283 | 1,38,485 |
| 7 | 247/ 29.03.19 | 026503 | 1,27,311 |
| **ആകെ** | | | **13,02,972** |

## 1-52 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

1997-ലെ കേരള മുനിസിപ്പാലിറ്റി(സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 3(1) പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടെയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതുമാണ്. എന്നാൽ നഗരസഭ പരിധിയിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും 2018-19 സാമ്പത്തിക വർഷം രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | Dr.Sukumaran's Clinic, തിരുനക്കര, കോട്ടയം |
| 2 | Kottayam Speciality Dental Clinic, ശാസ്ത്രി റോഡ്, കോട്ടയം |
| 3 | Lourde Dental Clinic, കെ.കെ. റോഡ്, കോട്ടയം |
| 4 | Dr.Praveen's Dental Cosmentic Center, YMCA building, കോട്ടയം |
| 5 | Dr.Praveen's Dental Cosmentic Center, Near Seematti, കോട്ടയം |
| 6 | Vasan Dental Care, ശാസ്ത്രി റോഡ്, കോട്ടയം |
| 7 | Modern Dental Care, സി.എം.എസ് കോളേജ് റോഡ്, കോട്ടയം |
| 8 | Tooth Place Dental Clinic, ശാസ്ത്രി റോഡ്, കോട്ടയം |

| | |
|---|---|
| 9 | Dr.George Dental Clinic, ബേക്കർ ഹിൽ |
| 10 | Dr. Ben Latif's Dental Clinic, സി.എം.എസ് കോളേജ് റോഡ്, കോട്ടയം |
| 11 | DentSale Dental Clinic, കെ.കെ. റോഡ്, ഈരയിൽ കടവ് |
| 12 | Canan Dental Clinic, ലോഗോസ് ജംഗ്ഷൻ |
| 13 | Oraiso Family Dental Care, കഞ്ഞിക്കുഴി |
| 14 | Dr.Anil's Dental clinic, നാഗമ്പടം |
| 15 | Dr.Mani Dental Clinic, കെ.കെ. റോഡ്, ഈരയിൽ കടവ് |
| 16 | Medivision Dignostic Center, റെഡ് ക്രോസ്സ് ബിൽഡിംഗ്, കോട്ടയം |
| 17 | ThyroCare Medical Laboratory, Temple Road, കോട്ടയം |
| 18 | Sarg Dental Clinic, ശാസ്ത്രി റോഡ്, കോട്ടയം |
| 19 | Diagnostic Med Lab, നാഗമ്പടം |
| 20 | ലൈഫ് ഡയഗ്നോസ്റ്റിക്, കെ.കെ. റോഡ്, കോട്ടയം |
| 21 | Metropolis Health Care, ബേക്കർ ജംഗ്ഷൻ, കോട്ടയം |
| 22 | Dr.Sudheer's Clinic, ബി.സി.എം. കോളേജ്, കോട്ടയം |
| 23 | Doctor's Diagnostic Center, ശാസ്ത്രി റോഡ്, കോട്ടയം |
| 24 | Fathima Matha Physiotherapy Skin Care Center, നാഗമ്പടം |
| 25 | Ancheril Opticals & Eye Clinic, ബേക്കർ ജംഗ്ഷൻ, കോട്ടയം |

രജിസ്ട്രേഷനില്ലാതെയും വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങളിൽ നിന്നും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 314-ാംവകുപ്പ് പ്രകാരം 5000/- രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 1000/- രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നഗരസഭ സെക്രട്ടറിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-53 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നില്ല.

1999 ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ പരിധിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ

സംബന്ധിച്ച വിവരങ്ങൾ 2-ാം നമ്പർ ഫോറത്തിലുള്ള ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. രജിസ്ട്രേഷന് അതാത് സാമ്പത്തിക വർഷം അവസാനം വരെ പ്രാബല്യമുണ്ടായിരിക്കുന്നതും (ചട്ടം 3(10)) ടി രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപായി പുതുക്കേണ്ടതുമാണ് (ചട്ടം 5(1)). എന്നാൽ 2018-19 സാമ്പത്തിക വർഷം നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടില്ലായെന്ന് കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **സ്ഥാപനത്തിന്റെ വിവരങ്ങൾ** |
|---|---|
| 1 | ApTech കംപ്യൂട്ടർ എഡ്യൂക്കേഷൻ, മാർക്കറ്റ് റോഡ്, കോട്ടയം |
| 2 | ALTMS അക്കാദമി ഫോർ ഇൻഫർമേഷൻ ടെക്നോളജി, നസീറ ബിൽഡിംഗ്, കോട്ടയം |
| 3 | Corona ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി , മാർക്കറ്റ് റോഡ്, കോട്ടയം |
| 4 | Prism Infotech, ശാസ്ത്രി റോഡ്, കോട്ടയം |
| 5 | Talley ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേണിങ്ങ്, കഞ്ഞിക്കുഴി |
| 6 | G-Tec കംപ്യൂട്ടർ എഡ്യൂക്കേഷൻ, ബേക്കർ ജംഗ്ഷൻ |
| 7 | ദർശന സ്കൂൾ ഓഫ് കമ്പ്യൂട്ടേഴ്സ് , ശാസ്ത്രി റോഡ്, കോട്ടയം |
| 8 | ദർശന അക്കാദമി, നാഗമ്പടം |
| 9 | JMJ ലോ ഇൻസ്റ്റിറ്റ്യൂട്ട്, സിറിൽ ടവർ, കോട്ടയം |
| 10 | Core ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കളക്ടേറ്റ് |
| 11 | Singularis സോഫ്റ്റ്‌വെയർ ടെക്നോളജീസ്, ആസാദ് ലെയ്ൻ, തിരുനക്കര |
| 12 | Talentഅക്കാദമി, ബേക്കർ ജംഗ്ഷൻ |
| 13 | TRIAD IAS സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ, സി.എം.എസ്. കോളേജ് റോഡ് |
| 14 | ITS ബി.ടെക് ട്യൂഷൻ സെന്റർ, ഗുഡ് ഷെപ്പേർഡ് സ്ട്രീറ്റ്, കോട്ടയം |

| | |
|---|---|
| 15 | Winners – The Engineering Study Center, ചക്കാലയിൽ ബിൽഡിംഗ്, ടി.ബി റോഡ് |
| 16 | ABN global Academy, കഞ്ഞിക്കുഴി |
| 17 | Power On എഡ്യൂക്കേഷൻ, കോട്ടയം |
| 18 | റീജിയണൽ കമ്പ്യൂട്ടർ കോളേജ് & ടെക്നിക്കൽ ട്രെയിനിങ്ങ് സെന്റർ , ബേക്കർ ജംഗ്ഷൻ |
| 19 | Ansons സ്റ്റഡി സെന്റർ, ശാസ്ത്രി റോഡ്, കോട്ടയം |
| 20 | ദ്രോണ എഡ്യൂക്കേഷൻ, ചിറത്തിലാട്ട് ബിൽഡിംഗ്, നാഗമ്പടം |
| 21 | Celebrating Life Academy, കെ.കെ.റോഡ്, കോട്ടയം |
| 22 | ഹൈവേ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ ടെക്നോളജീസ്,എ വി ജി ബിൽഡിംഗ്, ബേക്കർ ജംഗ്ഷൻ |
| 23 | 360* La Excellence I.A.S അക്കാദമി |
| 24 | ഹൊറൈസൺ കോച്ചിംഗ് സെന്റർ |
| 25 | I-GEM സ്കൂൾ ഓഫ് ഫിനാൻസ്, ടി.ബി റോഡ്, കോട്ടയം |
| 26 | Prowise അക്കാദമി, എ.വി.ജി. ബിൽഡിംഗ്,ബേക്കർ ജംഗ്ഷൻ |
| 27 | ഗേറ്റ് വേ കോളേജ് ഓഫ് ഹോട്ടൽ മാനേജ്മെന്റ്, കോട്ടയം |
| 28 | സെന്റ് ജോൺസ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ, സ്റ്റാർ ജംഗ്ഷൻ |
| 29 | Thinc ഇൻസ്റ്റിറ്റ്യൂട്ട്, നാഗമ്പടം |
| 30 | G-Tec കംപ്യൂട്ടർ എഡ്യൂക്കേഷൻ, മനോരമ ജംഗ്ഷൻ |
| 31 | ബ്രില്ല്യന്റ് ട്യൂട്ടോറിയൽസ്, മദീന ആർക്കേർഡ്, സി.എം.എസ് കോളേജ് റോഡ് |
| 32 | ബ്രില്ല്യന്റ് ട്യൂട്ടോറിയൽസ്, ലോഗോസ് ജംഗ്ഷൻ |

| | |
|---|---|
| 33 | ബ്രെയിൻസ്, ബേക്കർ ജംഗ്ഷൻ |
| 34 | കോട്ടയം ഇൻഷുറൻസ് ഇൻസ്റ്റിറ്റ്യൂട്ട്, നാഗമ്പടം |
| 35 | TCIL – IT എഡ്യൂക്കേഷൻ & ട്രെയിനിംഗ് സെന്റർ, ബേക്കർ ഹിൽ കോട്ടയം |
| 36 | അക്വിനാസ് ഗ്ലോബൽ. സി.എസ്.ഐ കൊമേഴ്സ്യൽ സെന്റർ, ബേക്കർ ജംഗ്ഷൻ |
| 37 | റയോ അക്കാദമി, സി.എം.എസ് കോളേജ് റോഡ്, ബേക്കർ ജംഗ്ഷൻ |
| 38 | ആഷാസ് അക്കാദമി ഫോർ നഴ്സസ്, കളക്ട്രേറ്റ് |
| 39 | Learn with Mariam Rauf,english Language School, ലോഗോസ് ജംഗ്ഷൻ |
| 40 | Connect West കോച്ചിംഗ് സെന്റർ, തിരുനക്കര മൈതാനം, കോട്ടയം |

ഫോറം 2 രജിസ്റ്റർ പ്രകാരം ടി സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടുള്ളതായി കാണുന്നില്ല. ചട്ടത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടക്കുന്നു ണ്ടെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-54 ക്രമീകരിക്കുവാൻ ശേഷിക്കുന്ന മുൻകൂർ തുക- 722712 രൂപ.

2018 -19 സാമ്പത്തിക വർഷം കോട്ടയം നഗരസഭയിലെ വിവിധ ആവശ്യങ്ങൾക്ക് മുൻകൂറുകൾ നൽകിയിട്ടുണ്ട്. **കേരള ഫിനാൻഷ്യൽ കോഡ് വോള്യം I അനുച്ഛേദം 99** പ്രകാരം, വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്ന മുൻകൂറുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലെ 18% പലിശ സഹിതം ഈടാക്കേണ്ടതാണ്. ക്രമീകരിക്കാത്ത മുൻകൂറുകൾ ശമ്പളബില്ലിൽ നിന്നും ഈടാക്കുകയോ റവന്യൂ റിക്കവറിയിലൂടെ ഈടാക്കുകയോ ചെയ്യുവാൻ സർക്കുലർ നം: 43/12/ധനം. തീയതി: 24.07.2012 ൽ നിർദ്ദേശിക്കുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ മുൻകൂറായി നൽകിയ തുകകൾ നാളിതുവരെ ക്രമീകരിക്കുകയോ തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ക്രമ നം.* | *മുൻകൂർ നൽകിയ തീയതി/ വൗച്ചർ നം* | *മുൻകൂർ നൽകിയതിന്റെ ഉദ്ദേശ്യം* | *മുൻകൂർ സ്വീകരിച്ച ഉദ്യോഗസ്ഥൻ* | *തുക* | *ചെക്ക് നമ്പർ* |
|---|---|---|---|---|---|
| 1 | 05.05.18/ നം. 30 | മഴക്കാലപൂർവ്വ-ശുചീകരണ പരിശീലന പരിപാടി | ശ്രീ.അനീഷ്, JHI | 30,000 | 021072 |
| 2 | 06.06.18/ നം.66 | ശാസ്ത്രി റോഡിലെ ഓടയിലെ തടസ്സം നീക്കുന്നത് | ശ്രീ.വിശ്വം.പി.എസ്, JHI | 30,000 | 021216 |
| 3 | 18.06.18/ നം. 140 | SSLC, Plus Two അവാർഡ് വിതരണം | ശ്രീ.ജാൻസി വർഗ്ഗീസ്, സീനിയർ ക്ലാർക്ക് | 1,00,000 | 021263 |
| 4 | 12.07.18/ നം. 50 | വാർഡ് സഭ നടത്തുന്നതിന് | ശ്രീ.അരുൺ കുമാർ.ബി സീനിയർ ക്ലാർക്ക് | 1,04,000 | 021315 |

| | | | | | |
|---|---|---|---|---|---|
| 5 | 01.11.18/<br>നം. 136 | വികസന സെമിനാർ 2019 -20 നടത്തുന്നതിന് | ശ്രീ. അരുൺ.ബി.നായർ<br>സീനിയർ ക്ലാർക്ക് | 75,000 | 023506 |
| 6 | 01.12.18/<br>നം. 16 | മുദ്രപത്രം | ശ്രീ.സുജിത് ലക്ഷമൺ<br>PWO III | 400 | 023515 |
| 7 | 12.12.18/<br>നം.57 | ഗ്രാസ് കട്ടർ അറ്റകുറ്റ പ്പണി നടത്തിയതിന് | ശ്രീ.സന്തോഷ്, JHI | 1,455 | 023543 |
| 8 | 24.01.19/<br>നം.149 | 'വിമുക്തി' - ക്വിസ് മത്സരം നടത്തുന്നതിന് | ശ്രീ.രാജേഷ്.പി.ജി<br>JHI | 10,000 | 026209 |
| 9 | 25.01.19/<br>നം. 168 | മാമ്മൻ മാപ്പിള ഹാൾ അറ്റകുറ്റപ്പണികൾ | ശ്രീ.ലാൽകുമാർ.വി.കെ<br>അസിസ്റ്റന്റ് എൻജിനീയർ | 3,09,128 | 026222 |
| 10 | 30.01.19/<br>നം. 162 | റിപ്പബ്ലിക്ക് ദിന പരിപാടി | ശ്രീ.അഞ്ജു.കെ.തമ്പി<br>JHI | 20,000 | 026217 |
| 11 | 16.02.19/<br>നം. 95 | ലോഗ് ബുക്ക് വാങ്ങുന്നതിന് | ശ്രീ.സതീഷ്.പി.എം<br>ക്ലർക്ക് | 7,729 | 026270 |
| 12 | 16.02.19<br>നം. 96 | ആർബിട്രേഷൻ ട്രൈ--ബ്യൂണൽ സിറ്റിംഗിന് | ശ്രീ.വി.എച്ച്.ഷാജി<br>സീനിയർ ക്ലാർക്ക് | 10,000 | 026270 |
| 13 | 16.02.19/<br>നം. 98 | ഓഫീസ് കോമ്പൗണ്ട് പാർക്കിംഗ്ഏരിയ മാർക്കിംഗ് | ശ്രീമതി .സിന്ധു.എം.നായർ<br>PWO II | 15,000 | 026270 |
| 14 | 08.03.19/<br>നം. 55 | നികുതി പിരിവ് മൈക്ക് അനൗൺസ്മെന്റ്. | ശ്രീ.ജിനിരാജ്.റ്റി<br>റവന്യൂ ഇൻസ്പെക്ടർ | 10,000 | 026371 |
| | | | **ആകെ** | **7,22,712** | |

അഡ്വാൻസ് തുകകൾ യഥാസമയം ക്രമീകരിക്കാതിരുന്നവരിൽ നിന്നും തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.39/ 02.12.2019) നൽകിയെങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂർ കൈപ്പറ്റി നാളിതുവരെയും ക്രമീകരിക്കാത്ത തുകകൾ ക്രമീകരിക്കുകയോ പലിശ സഹിതം ഈടാക്കുകയോ ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം മുൻകൂർ കൈപ്പറ്റിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കേണ്ടതും ടി സർക്കാർ ഉത്തരവ് ജി.ഒ.(പി.)419/11/ഫിൻ., തീയതി 04.10.2011പ്രകാരമുള്ള തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-55 സേവനപുസ്തക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

നഗരസഭയിലെ ജീവനക്കാരുടെ സേവന പുസ്തകങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**1.പ്രൊബേഷൻ പിരിയഡ് പൂർത്തിയാക്കി ഉത്തരവാകാതെ സ്ഥാനക്കയറ്റം നൽകി.**

ശ്രീ.സുദർശനൻ.കെ (റവന്യൂ ഓഫീസർ), ശ്യാം.എസ്.കെ (സൂപ്രണ്ട്) എന്നിവർക്ക് പ്രൊബേഷൻ പിരിയഡ് പൂർത്തിയാക്കി ഉത്തരവാകാതെ സ്ഥാനക്കയറ്റം നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | നിലവിലെ ഔദ്യോഗിക | ജോലിയിൽ പ്രവേശിച്ച | റിമാർക്സ് |
|---|---|---|---|---|

| | | സ്ഥാനപ്പേര് | തീയതി / തസ്തിക | |
|---|---|---|---|---|
| 1 | സുദർശനൻ.കെ | റവന്യൂ ഓഫീസർ | 29.01.1990 LDC | പ്രൊബേഷൻ പൂർത്തിയാക്കിയതായി സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിവരം സ്ഥാപനയിൽ ചേർത്തിട്ടുണ്ടോയെന്ന് വ്യക്തമല്ല. 30.04.98 ൽ UDC യായി സ്ഥാനക്കയറ്റം, 30.06.2006 ൽ 16 വർഷത്തെ സമയബന്ധിത ഹയർഗ്രേഡ്. 28.04.2010 ൽ റവന്യൂ ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം, 31.12.12ൽ സൂപ്രണ്ടായി സ്ഥാനക്കയറ്റം. 01.09.2018 ൽ റവന്യൂ ഓഫീസറായി സ്ഥാനക്കയറ്റം. |
| 2 | ശ്യാം.എസ്.കെ | സൂപ്രണ്ട് | 27.09.1999 LDC | പ്രൊബേഷൻ പൂർത്തിയാക്കിയതായി സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. 13.05.2005 ൽ UDC യായി സ്ഥാനക്കയറ്റം,27.09.2014 ൽ 15 വർഷത്തെ സമയബന്ധിത ഹയർഗ്രേഡ്. 11.01.16 ൽ റവന്യൂ ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം, 23.10.17ൽ സൂപ്രണ്ടായി സ്ഥാനക്കയറ്റം. |

KS & SS Rules, ചട്ടം 28 a(i) പ്രകാരം പ്രൊബേഷൻ പൂർത്തിയാക്കാത്തവർക്ക് സ്ഥാനക്കയറ്റം നൽകുന്നത് ചട്ട വിരുദ്ധമാണ്. KS & SS Rules, ചട്ടം 21 പ്രകാരം പ്രൊബേഷൻ പൂർത്തിയാക്കുന്നതുവരെ രണ്ടാമത്തെ ഇൻക്രിമെന്റ് അനുവദിക്കാൻ പാടില്ലാത്തതാകുന്നു. എന്നാൽ ഈ ചട്ടങ്ങൾക്കെല്ലാം വിരുദ്ധമായാണ് സ്ഥാനക്കയറ്റം നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.21/08.11.19) ടി വിഷയത്തിന്മേലുള്ള സ്പഷ്ടീകരണത്തിനായി നഗരകാര്യഡയറക്ടർക്ക് കത്തു നൽകിയിട്ടുണ്ടെന്നാണ് നഗരസഭ മറുപടി നൽകിയിരിക്കുന്നത്.

**2.പ്രൊബേഷൻ പൂർത്തിയാക്കി ഉത്തരവായില്ല.**

ശ്രീ.നിഖിൽ സുദേനൻ, ശ്രീ.ടിൻസ് മോൻ, ശ്രീ.ഗിരീഷ് കുമാർ.ജി, ശ്രീ.കുമാർ.വി എന്നിവരുടെ പ്രൊബേഷൻ

നാളിതുവരെ പൂർത്തിയാക്കി ഉത്തരവായിട്ടില്ല.

| ക്രമ നമ്പർ | പേര് | നിലവിലെ ഔദ്യോഗിക സ്ഥാനപ്പേര് | ജോലിയിൽ പ്രവേശിച്ച തീയതി / തസ്തിക | റിമാർക്സ് |
|---|---|---|---|---|
| 1 | ടിൻസ് മോൻ | ക്ലർക്ക് | 20.07.2009 LDC | 2012 ൽ MOP പാസ്സായിട്ടുണ്ട്. |
| 2 | നിഖിൽ സുദേനൻ | ക്ലർക്ക് | 10.08.2010 LDC | 2013ൽ MOP പാസ്സായിട്ടുണ്ട്. |
| 3 | ഗിരീഷ് കുമാർ.ജി | ഓഫീസ് അറ്റൻഡന്റ് | 12.11.2010 ഓഫീസ് അറ്റൻഡന്റ് | ഇൻക്രിമെന്റ് കണക്കിലെടുത്ത് 2014 ശമ്പള പരിഷ്കരണം നിർണ്ണയിച്ച നൽകിയിരിക്കുന്നു. |
| 4 | കുമാർ.വി | ഓഫീസ് അറ്റൻഡന്റ് | 06.03.2014 ഓഫീസ് അറ്റൻഡന്റ് | - |

പ്രൊബേഷൻ പൂർത്തീകരിക്കുവാൻ ആവശ്യമായ നിബന്ധനകൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രൊബേഷൻ പൂർത്തിയായതായി ഉത്തരവായിട്ടില്ല. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായി നഗരകാര്യ ഡയറക്ടറേറ്റിലേക്ക് അയച്ചിട്ടുണ്ടെന്നാണ് നഗരസഭ വിശദീകരണം നൽകിയത്. പ്രൊബേഷൻ പൂർത്തിയാക്കിയ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിച്ച് പരാമർശം ഒഴിവാക്കാവുന്നതാണ്.

**3.പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ ഇൻക്രിമെന്റ് അനുവദിച്ചു.**

KS & SS Rules ചട്ടം 21 പ്രകാരം പ്രൊബേഷൻ പൂർത്തിയാക്കുന്നതുവരെ ഇൻക്രിമെന്റ് അനുവദിക്കാൻ പാടില്ലാത്തതാകുന്നു. നഗരസഭയിലെ ഓഫീസ് അറ്റൻഡന്ററായ ശ്രീ.ഗിരീഷ് കുമാർ.ജി യുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ ഇൻക്രിമെന്റ് അനുവദിച്ചിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ രണ്ടു വർഷത്തിനുള്ളിൽ ഒരു വർഷമാണ്. KSR ചട്ടം 31 സർക്കാർ തീരുമാനം (2) പ്രകാരം നിരീക്ഷണകാലം പൂർത്തിയാക്കിയ തീയതി മുതൽ മാത്രമേ അടുത്ത ഇൻക്രിമെന്റിന് അർഹതയുള്ളൂ എന്നിരിക്കെ പ്രൊബേഷൻ പൂർത്തീകരിക്കാതെ ഇൻക്രിമെന്റ് അനുവദിച്ചത് ചട്ടവിരുദ്ധമാണ്. ടി അപാകത പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-56 പങ്കാളിത്ത പെൻഷൻ വിഹിതം അടവാക്കുന്നതിൽ വീഴ്ച.

ജി.ഒ (പി)നം - 20/ 2013 /ഫിൻ തീയതി 07-01-2013 പ്രകാരം 01-04-2013 മുതൽ സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനായി അവരുടെ അടിസ്ഥാന ശമ്പളം, ക്ഷാമബത്ത എന്നിവയുടെ 10% തുക ഈടാക്കി പെൻഷൻ ഫണ്ടിലേക്ക് അടവാക്കേണ്ടിയിരുന്നു. ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിട്ടുള്ള നഗരസഭ ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നതിൽ ചില അപാകതകളുള്ളതായി കാണുന്നു.

**1.കുടിശ്ശിക അടവാക്കുന്നതിൽ കാലതാമസം.**

ജി.ഒ(പി)72/2016/ഫിൻ തീയതി 16/05/16 പ്രകാരം നഗരസഭകളിലെ ദേശീയ പെൻഷൻ സമ്പ്രദായം ബാധകമായ ജീവനക്കാരുടെ എൻ.പി.എസ് കുടിശ്ശിക പിടിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ

നൽകിയിട്ടുണ്ട്. പ്രാൺ നമ്പർ ലഭിച്ച ജീവനക്കാരുടെ നഗരസഭയുടെ വിഹിതം ഉൾപ്പടെയുള്ള പെൻഷൻ കുടിശ്ശിക നഗരകാര്യ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (നം. 67308468893) ട്രാൻസ്ഫർ ചെയ്യേണ്ടതും ടി വിവരം സ്ഥാപനം മുഖേന അറിയിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും 05/10/16-ലെ പി6/13617 /14/ഡി.യു.എ നമ്പർ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ നിർദ്ദേശം നൽകിയെങ്കിലും സ്ഥാപന സോഫ്റ്റ്‌വെയറിലെ സാങ്കേതിക തടസ്സങ്ങൾ കാരണം 12 ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക അടവാക്കിയിട്ടില്ലായെന്ന് ഫയൽ പരിശോധനയിൽ വ്യക്തമായി.

| ക്രമ നം | ജീവനക്കാരുടെ വിശദാംശങ്ങൾ | കുടിശ്ശിക കാലയളവ് | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കേണ്ടിയിരുന്ന തുക | നഗരസഭ വിഹിതം ഉൾപ്പെടെയുള്ള കുടിശ്ശിക തുക |
|---|---|---|---|---|
| 1 | അരുൺ പുരുഷോത്തമൻ | 08/2018 മുതൽ 02/2019 വരെ | | 40,572 |
| 2 | ഗീതു.എം | 11/2017 മുതൽ 04/2018 വരെ | 12,996 | 25,992 |
| 3 | കലാ കസ്മേൽ | 08/2016 മുതൽ 03/2018 വരെ | 41,415 | 82,830 |
| 4 | ജി.സൗമ്യ | 01/2018മുതൽ 04/2018വരെ | 9,372 | 18,744 |
| 5 | രാധിക.എസ് | 06/2018മുതൽ 09/2018 വരെ | 6,701 | 13,402 |
| 6 | സഞ്ജിത് .ഇ.ഡി | 07/2018 | 1,030 | 2,060 |
| 7 | സുനിൽ കെ.എസ് | 07/2018 | 1,030 | 2,060 |
| 8 | ലക്ഷ്മി.വി | 09/2019 | 3,102 | 6,204 |
| 9 | മറിയാമ്മ ചാക്കോ | 09/2019 | 3,102 | 6,204 |
| 10 | ശ്യാമ . വി | 09/2019 | 3,102 | 6,204 |
| 11 | ആഷ്‌ലി സലാം | 09/2019 | 3,102 | 6,204 |
| 12 | ശ്രീലാൽ.ടി.എസ് | 09/2019 | 3,102 | 6,204 |
| | **ആകെ** | | **1,08,340** | **2,16,680** |

നഗരസഭയുടെ വിഹിതം ഉൾപ്പെടെയുള്ള കുടിശ്ശിക തുകയായ 216680 രൂപ നഗരകാര്യ

| |
|---|
| 20286 |

ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

**2.ഇൻക്രിമെന്റ് അരിയറിൽ നിന്നും പങ്കാളിത്തപെൻഷൻ വിഹിതം ഈടാക്കിയില്ല.**

ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശമ്പളം പുനർനിർണ്ണയിച്ചതു പ്രകാരം ലഭിച്ച ഇൻക്രിമെന്റ് കുടിശ്ശികയിൽ നിന്നും പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു. പെൻഷൻ വിഹിതമായി ഈടാക്കേണ്ടിയിരുന്ന തുക കൂടി ജീവനക്കാർക്ക് നൽകുകയാണുണ്ടായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | ഉദ്യോഗപ്പേര് | ഇൻക്രിമെന്റ് അരിയർ കാലയളവ് | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കേണ്ടിയിരുന്ന തുക | നഗരസഭ വിഹിതം ഉൾപ്പെടെയുള്ള കുടിശ്ശിക തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സുനിൽ. കെ. എസ് | ഡ്രൈവർ | 08/18 മുതൽ 02/19 വരെ | 434 | 868 |
| 2 | സഞ്ജിത്. ഇ. ഡി | ഡ്രൈവർ | 08/18 മുതൽ 02/19 വരെ | 434 | 868 |
| 3 | മനു.എം.എസ് | ക്ലർക്ക് | 02/19 മുതൽ 03/19 വരെ | 116 | 232 |
| 4 | സ്മിത.ജി.നായർ | ക്ലർക്ക് | 07/17 മുതൽ 05/19വരെ | 2098 | 4196 |
| 5 | ദീപ. ബി | ക്ലർക്ക് | 07/17 മുതൽ 05/19വരെ | 2095 | 4190 |
| 6 | കല കസ്മേൽ | ക്ലർക്ക് | 08/17 മുതൽ 05/19വരെ | 2141 | 4282 |
| 7 | സതീഷ്.പി.എം | ക്ലർക്ക് | 07/17 മുതൽ 05/19വരെ | 2143 | 4286 |
| 8 | റെയ്ഹാനത്ത്. വി.എച്ച് | ക്ലർക്ക് | 08/18 മുതൽ 05/19വരെ | 5757 | 11514 |
| | **ആകെ** | | | **15218** | **30436** |

ജി.ഒ(പി)72/2016/ഫിൻ തീയതി 16/05/16 പ്രകാരം പെൻഷൻ വിഹിതം ജീവനക്കാരിൽ നിന്നും ഈടാക്കി നഗരസഭ വിഹിതം ഉൾപ്പെടെ പെൻഷൻ ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

**3.ഇൻക്രിമെന്റ് അരിയറിൽ നിന്നും ഈടാക്കിയ പങ്കാളിത്തപെൻഷൻ വിഹിതം പെൻഷൻ അക്കൗണ്ടിൽ അടവാക്കിയില്ല.**

ചില ജീവനക്കാരുടെ ഇൻക്രിമെന്റ് കുടിശ്ശികയിൽ നിന്നും പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കിയെങ്കിലും ദേശീയ പെൻഷൻ അക്കൗണ്ടിൽ ഒടുക്കാതെ തനതു ഫണ്ടിൽ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **ജീവനക്കാരന്റെ പേര്** | **ഉദ്യോഗപ്പേര്** | **ഇൻക്രിമെന്റ് കാലയളവ്** | **അടവാക്കേണ്ടിയിരുന്ന പെൻഷൻ വിഹിതം** | **നഗരസഭ വിഹിതം ഉൾപ്പെടെയുള്ള കുടിശ്ശിക തുക** |
|---|---|---|---|---|---|
| 1 | എം.ജി.സതി | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I | 07/15 മുതൽ 03/19വരെ | 26313 | 52626 |
| 2 | സുമിത.എസ് | ക്ലർക്ക് | 10/18 മുതൽ 08/19വരെ | 748 | 1496 |

| | | | |
|---|---|---|---|
| | ആകെ | 27061 | 54122 |

ജീവനക്കാരിൽ നിന്നും ഈടാക്കിയ പെൻഷൻ വിഹിതം ദേശീയ പെൻഷൻ അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

**4.ക്ഷാമബത്ത കുടിശ്ശികയിൽ നിന്നും പെൻഷൻ വിഹിതം ഈടാക്കിയിട്ടില്ല.**

03.04.2017 ലെ ധനവകുപ്പിന്റെ സർക്കാർ ഉത്തരവ് നം 43/2017പ്രകാരം പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കാതെ ജീവനക്കാരന് നേരിട്ട് നൽകുന്ന ശമ്പള – ക്ഷാമബത്ത വർദ്ധനവിന്റെ ഭാഗമായുണ്ടാകുന്ന കുടിശ്ശികയുടെ നിർദ്ദിഷ്ട ആനുപാതിക തുകയും(അടിസ്ഥാനശമ്പളത്തിന്റെ ക്ഷാമബത്തയുടേയും 10%) തത്തുല്യ നഗരസഭാ വിഹിതവും ചേർത്ത് ജീവനക്കാരുടെ പെൻഷൻ അക്കൗണ്ടിൽ അടവാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ടി വിഹിതവും പെൻഷൻ അക്കൗണ്ടിൽ ഒടുക്കാതെ ജീവനക്കാർക്ക് നൽകുകയാണുണ്ടായത്.

പെൻഷൻ ഫണ്ടിലേക്ക് അടവാക്കേണ്ടിയിരുന്ന ടി തുകകൾ ഒടുക്കുന്നതിൽ വരുന്ന കാലതാമസം മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് സെക്രട്ടറി ഉത്തരവാദിയാകുമെന്നതിനാൽ ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-57 പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷം ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തുവാൻ ഉദ്ദേശിച്ച് 13 പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നു എങ്കിലും വെറും 4 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. ആകെ അടങ്കൽ 62197751രൂപ ആയിരുന്നുവെങ്കിലും വെറും 2667790 മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതായത് വകയിരുത്തിയ തുകയുടെ വെറും 4% മാത്രം. നഗരസഭയുടെ ആരോഗ്യവിഭാഗം കാര്യക്ഷമമായി ശ്രദ്ധ പതിപ്പിയ്ക്കേണ്ട മേഖലകളായ ഖരമാലിന്യസംസ്കരണം, കൊതുക് നിവാരണ പ്രവർത്തനങ്ങൾക്കാവശ്യമായ സാധനങ്ങൾ വാങ്ങൽ, ശുചീകരണസാമഗ്രികൾ വാങ്ങൽ എന്നിവയ്ക്കായി വകയിരുത്തിയ തുകയിൽ ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പേ ര് | അടങ്കൽ (രൂപ) | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | എസ്.ഒ.294/18-19, ശുചീകരണസാമഗ്രികൾ വാങ്ങൽ | ധനകാര്യകമ്മിഷൻ - 20,00,000 | 0 | 0 |
| 2 | എസ്.ഒ.295/18-19, കൊതുക് നിവാരണ പ്രവർത്തനങ്ങൾക്കാവശ്യമായ സാധനങ്ങൾ വാങ്ങൽ | ധനകാര്യകമ്മിഷൻ- 10,00,000 | 0 | 0 |
| 3 | എസ്.ഒ.365/18-19, ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | ധനകാര്യകമ്മിഷൻ - 6,24,000<br>മറ്റുള്ളവ-6,24,000<br>ആകെ - 12,48,000 | 0 | 0 |
| 4 | എസ്.ഒ.583/18-19, ഗാർഹിക കമ്പോസ്റ്റിംഗ് | ധനകാര്യകമ്മിഷൻ - 3,90,000<br>മറ്റുള്ളവ-3,90,000<br>ആകെ - 7,80,000 | 0 | 0 |
| 5 | എസ്.ഒ.589/18-19, വാർഡുതല പ്രത്യേക | ധനകാര്യകമ്മിഷൻ - 26,00,000 | 4,41,340 | 17% |

| | | | | |
|---|---|---|---|---|
| | ശുചീകരണപ്രവർത്തനങ്ങൾ | | | |
| 6 | എസ്.ഒ.798/18-19, രോഗപ്രതിരോധപ്രവർത്തനങ്ങൾ, എെ.ഇ.സി ആക്ടിവിറ്റീസ് | ധനകാര്യകമ്മിഷൻ - 23,82,600 | 11,49,300 | 48% |
| 7 | എസ്.ഒ.799/18-19, പകർച്ചവ്യാധി നിയന്ത്രിയ്ക്കൽ | വി.പി.എഫ്.II എ - 2,00,000<br>ധനകാര്യകമ്മിഷൻ - 51,610 | 0 | 0 |
| 8 | എസ്.ഒ.800/18-19,മാലിന്യ സംസ്കരണം (പ്ലാസ്റ്റിക്കേതര അജൈവമാലിന്യങ്ങൾ സംസ്കരിയ്ക്കുന്നതിന് അംഗീകൃത ഏജൻസി നൽകുന്ന ചെലവ്) | ധനകാര്യകമ്മിഷൻ - 20,00,000 | 0 | 0 |
| 9 | എസ്.ഒ.801/18-19,<br>ശുചിത്വകക്കൂസ്(ഇൻ സാനിട്ടറി ടു സാനിട്ടറി) | ധനകാര്യകമ്മിഷൻ - 23,10,000 | 8,23,800 | 36% |
| 10 | എസ്.ഒ.802/18-19, ഗാർഹിക ബയോഗ്യാസ് പ്ലാന്റ്(വ്യക്തിഗതം) | ധനകാര്യകമ്മിഷൻ - 15,00,000<br>മറ്റുള്ളവ-900000<br>ആകെ - 2400000 | 0 | 0 |
| 11 | എസ്.ഒ.926/18-19, ശുചിത്വകക്കൂസ്(ഇൻസാനിട്ടറി ടു സാനിട്ടറി സെക്കന്റ് ഫെയ്സ്) | ധനകാര്യകമ്മിഷൻ - 56,98,000 | 2,53,350 | 4% |
| 12 | എസ്.ഒ.944/18-19, ഹരിതസഹായസ്ഥാപനം നടത്തിപ്പ് ചെലവ് | ധനകാര്യകമ്മിഷൻ - 6,80,900 | 0 | 0 |
| 13 | എസ്.ഒ. 945/18-19, സ്വച്ഛ്ഭാരതമിഷൻ (നഗരം) ഖരമാലിന്യസംസ്കരണം പദ്ധതി | ധനകാര്യകമ്മിഷൻ - 18,89,1 00<br>കേന്ദ്രാവിഷ്കൃതഫണ്ട് - 32988175<br>സംസ്ഥാനാവിഷ്കൃതഫണ്ട് - 21,96,699<br>മറ്റുള്ളവ-17,72,667<br>ആകെ - 3,88,46,641 | 0 | 0 |

ഇതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.68തീയതി 25.02.2020) മറുപടി ലഭിച്ചില്ല. ആയതിനാൽ വരും വർഷങ്ങളിൽ പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ഇത്തരം അപാകതകൾ ആവർത്തിയ്ക്കാതെ ഓരോ പ്രോജക്റ്റുകൾക്കും വകയിരുത്തുന്ന തുക അർഹമായ രീതിയിൽ ചെലവഴിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-58 സേവനപുസ്തക പരിശോധന:-വിരമിക്കൽ തീയതിക്കു ശേഷവും സേവനത്തിൽ തുടർന്നു.

കോട്ടയം നഗരസഭയിൽ ബിൽ കളക്ടർ/ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ജോൺസൺ . സി.സാമുവലിന്റെ ജനനത്തീയതി 01.08.1963 ഉം സൂപ്പർ ആനുവേഷൻ തീയതി 31.07.2019 ഉം ആണ്. എന്നാൽ ടിയാളെ 31.08.2019 തീയതി വരെ സർവ്വീസിൽ തുടരാൻ അനുവദിക്കുകയും ഈ തീയതി കണക്കാക്കി പെൻഷൻ ആനുകൂല്യങ്ങൾ നിജപ്പെടുത്തി ഈ ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കുകയുമുണ്ടായി. മാത്രവുമല്ല 01.08.2019 മുതൽ 31.08.2019 വരെയുള്ള കാലയളവിലേക്കുള്ള ശമ്പളവും അലവൻസുകളും അവധി ശമ്പളമായി നൽകി.(ഈ കാലയളവിൽ ടിയാൾ പരിവർത്തിതാവധിയിലായിരുന്നു). മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി ഈ ഓഫീസിൽനിന്നും 06.02.2020 ലെ കെ.എസ്.എ. കെ.എം.എം.1/31/2020 നമ്പർ കത്ത് പ്രകാരം ഫയൽ തിരികെ നല്കുകയും ചെയ്തു. ഇതേ തുടർന്ന് അപാകതകൾ പരിഹരിക്കുകയും അധികം വാങ്ങിയ ശമ്പളം തിരികെ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. (തുക51,576/- രൂപ, രസീത് നംപർ 01/119010111620 തീയതി 15.02.2020). ഓഫീസ് പ്രവർത്തനങ്ങളിൽ വേണ്ടത്ര മേൽനോട്ടത്തിന്റെയും സൂക്ഷ്മ നിരീക്ഷണത്തിന്റെയും അഭാവമാണ് ഇപ്രകാരം വീഴ്ചവരാൻ കാരണമായതെന്ന് ഓഡിറ്റ് വീക്ഷിക്കുന്നു. ഇപ്രകാരമുള്ള ഗുരുതരമായ വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ സൂപ്പർവൈസറി തലത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-59 സേവനപുസ്തക പരിശോധന:-ശൂന്യവേതനാവധിക്കാലം പരിഗണിക്കാതെ തെറ്റായി ശമ്പളനിർണ്ണയം നടത്തി.

**ശൂന്യവേതനാവധിക്കാലം പരിഗണിക്കാതെ തെറ്റായി ശമ്പളനിർണ്ണയം നടത്തി.**

കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെസേവനപുസ്തകം പരിശോധിച്ചതിൽ ചില ജീവനക്കാർ വിവിധ സമയങ്ങളിൽ എടുത്ത ( മെഡിക്കൽ സർട്ടിഫിക്കറ്റ് കൂടാതെയുള്ള )ശൂന്യവേതനാവധികൾ ശമ്പളപരിഷ്കരണം, സ്ഥാനക്കയറ്റം തുടങ്ങിയവയോടനുബന്ധിച്ചുള്ള ശമ്പള നിർണ്ണയങ്ങൾക്ക് പരിഗണിക്കാതെ കൂടിയനിരക്കിൽ തുക ശമ്പളത്തുക നൽകിയതായി കാണുന്നു. ഇപ്രകാരം ചെയ്തതിൽ നഗരസഭയ്ക്ക് വൻ തുക നഷ്ടമായി വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

**1) ശ്രീ കാളിദാസ്. എം., സാനിട്ടേഷൻ വർക്കർ**

ശ്രീ. കാളിദാസിന്റെ 1.4.1999 വരെ യുള്ള ശമ്പളം നിജപ്പെടുത്തലുകൾക്ക് ഈ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

സേവനത്തിൽ പ്രവേശിച്ച തീയതി-25.1.1990

1.4.1999 -ൽ ശമ്പളം -3095 (സ്കെയിൽ 2735-60-3275-65-3665-70-3945)

25.01.2000-ൽ 10 വർഷം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒന്നാം സമയബന്ധിത ഹയർഗ്രേഡിന് 1.4.2000 പ്രാബല്യത്തീയതിയിൽ ഓപ്ഷൻ നൽകി അനുവദിച്ചു. എന്നാൽ ശ്രീ കാളിദാസ് 10 വർഷത്തെ സേവനകാലം പൂർത്തീകരിക്കുന്നത് 28.8.2000-ൽ ആണ്.(216 ശൂന്യവേതനാവധി എടുത്തു.)

1.4.1999 ന് ശേഷം 45 ശൂന്യവേതനാവധി എടുത്തിട്ടുള്ളതിനാൽ 1.5.2000 ൽ മാത്രമാണ് ഇൻക്രമെന്റിന് അർഹത.

1.5.2000 ൽ ശമ്പളം -3155

10 വർഷത്തെ സമയബന്ധിത ഹയർഗ്രേഡ് ഡ്യൂ ആകുന്ന 28.08.2000-ൽ ശമ്പള നിർണ്ണയം

നിലവിലുള്ള സ്കെയിൽ ( 2735-60-3275-65-3665-70-3945)

ഹയർഗ്രേഡ് ശമ്പള സ്കെയിൽ (2785-60-3085-65-3475-70-3825-75-4200)

28.8.2000-ൽ ശമ്പളം -3155

നോഷണൽ ഇൻക്രിമെന്റ് - 60

ആകെ 3215

ഉയർന്ന സ്കെയിലിൽ അടുത്ത സ്റ്റേജ് -3280

എന്നാൽ 1.4.2000 തീയതി പ്രാബല്യത്തിൽ ശമ്പളം 3280 ആയി നിജപ്പെടുത്തി നൽകി.

28.8.2000 ത്തിനു ശേഷം 159 ദിവസം ശൂന്യവേതനാവധിയും അനധികൃത ഹാജരില്ലായ്മയും മൂലം ഇൻക്രിമെന്റിന് 1.1.2002 ന് ആണ് അർഹത.

1.1.2002 -3345

1.2.2003 -3410(42 ശൂന്യവേതനാവധി)

1.2.2004 -3475

**ശമ്പള പരിഷ്കരണം 2004**

ഓപ്ഷൻ തീയതി -1.7.2004

പൂർത്തീകരിച്ച സേവനം- 13 വർഷം

നിലവിലുള്ള സ്കെയിൽ (2785-60-3085-65-3475-70-3825-75-4200)

പുതിയ സ്കെയിൽ (4750-120-4990-130-5510-140-5930-150-6680-160-7160)

1.7.04-ൽ അടിസ്ഥാന ശമ്പളം -3475

59% ഡി.എ. -2050

ഫിറ്റ്മെന്റ് ബനിഫിറ്റ് -350

ആകെ -5875

പുതിയ സ്കെയിലിൽ അടുത്ത സ്റ്റേജ് -5930

വെയ്റ്റേജ് (13 വർഷത്തിന് 3 ഇൻക്രിമെന്റ്) -150+150+150= 450

ആകെ -6380

എന്നാൽ 1.7.04-ൽ 6530/- രൂപ യായി നിജപ്പെടുത്തി.

1.9.05 ഇൻക്രിമെന്റ് ( 63 ദിവസത്തെ ശൂന്യവേതനാവധി ) 6530 നൽകിയത്-6680 (1.7.05)

1.10.06 ,, (35 ദിവസത്തെ ശൂന്യവേതനാവധി ) 6680 നൽകിയത്-6840(1.7.06)

1.10.07 ,, 6840 നൽകിയത്-7000(1.7.07)

1.10.08 ,, 7000 നൽകിയത്-7160(1.7.08)

16 വർഷത്തെ രണ്ടാം സമയബന്ധിത ഹയർഗ്രേഡ്

നിലവിലുള്ള സ്കെയിൽ (4750-120-4990-130-5510-140-5930-150-6680-160-7160)

പുതിയ സ്കെയിൽ (4870-120-4990-130-5510-140-5930-150-6680-160-7480)

ഓപ്ഷൻ തീയതി -1.7.2008

1.7.08-ൽ ശമ്പളം -6840

നോഷണൽ ഇൻക്രിമെന്റ് -160

ആകെ -7000

ഉയർന്ന സ്കെയിലിൽ അടുത്ത സ്റ്റേജ് -7160/- നൽകിയത് 7480/-

1.7.09 -7320

**ശമ്പള പരിഷ്കരണം 2009**

ഓപ്ഷൻ തീയതി -1.7.2009

നിലവിലുള്ള സ്കെയിൽ (4870-120-4990-130-5510-140-5930-150-6680-160-7480)

പുതിയ സ്കെയിൽ (9190-250-9940-270-11020-300-12220-330-13540-360-14620)

പൂർത്തീകരിച്ച വർഷങ്ങൾ - 17

അടിസ്ഥാന ശമ്പളം -7320

64% ഡി.എ -4685

ഫിറ്റ്മെന്റ് ബനിഫിറ്റ്(10%) -1000

വെയ്റ്റേ ജ്(@1/2%) -622(8.5%)

ആകെ -13627

**പുതിയ സ്കെയിലിൽ അടുത്ത സ്റ്റേജ് -13900** നൽകിയത് -14260

1.7.2010 -14260 നൽകിയത് -14620

1.7.2011 -14620 നൽകിയത് -14620+360

1.7.2012 -14620+360 നൽകിയത് -14620+720

1.7.2013 -14620+720 നൽകിയത് -14620+1080

1.7.2014 -14620+1080 നൽകിയത് -14620+1440

**ശമ്പള പരിഷ്കരണം 2014**

പൂർത്തീകരിച്ച വർഷങ്ങൾ -22

നിലവിലുള്ള സ്കെയിൽ (9190-250-9940-270-11020-300-12220-330-13540-360-14620)

പുതിയ സ്കെയിൽ (18000-500-20000-550-22200-600-25200-650-27800-700-29900-800

-33900-900- 37500-1000-41500)

1.7.2014-ൽ ശമ്പളം -14620+1080

80% ഡി.എ. -12560

ഫിറ്റ്മെന്റ് ബനിഫിറ്റ്(12%) -2000

വെയ്റ്റേജ്(@1/2%) -1727

ആകെ -31987

**പുതിയ സ്കെയിലിൽ അടുത്ത സ്റ്റേജ്--32300** നൽകിയത്-33100

22 വർഷത്തെ 3-ാം സമയബന്ധിത ഹയർഗ്രേഡ്

ഓപ്ഷൻ തീയതി -1.10.2014

നിലവിലുള്ള സ്കെയിൽ (18000-500-20000-550-22200-600-25200-650-27800-700-29900-800

-33900-900- 37500-1000-41500)

പുതിയ സ്കെയിൽ (19000-500-20000-550-22200-600-25200-650-27800-700-29900

-800-33900- 900-37500-1000-42500-1100-43600)

**പുതിയ സ്കെയിലിൽ അടുത്ത സ്റ്റേജ് 33900** നൽകിയത് - 34800

1.12.2015 ഇൻക്രിമെന്റ് 34800 നൽകിയത് -35700(1.10.15 ൽ )
(64 ശൂന്യവേതനാവധി)

1.12.2016 ഇൻക്രിIIമെന്റ് 35700 നൽകിയത് 36600(1.1.2016ൽ)

1.01.2018 ഇൻക്രിമെന്റ് 36600 നൽകിയത് 37500(1.10.2017ൽ)
(32 ശൂന്യവേതനാവധി)

ശ്രീ കാളിദാസ് .എം ന് അർഹതപ്പെട്ടതും നൽകിയതുമായ അടിസ്ഥാന ശമ്പളത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| പ്രാബല്യത്തീയതി | അർഹമായ ശമ്പളം | നൽകിയ ശമ്പളം | അഭിപ്രായം |
|---|---|---|---|

| | | | |
|---|---|---|---|
| 1.4.2000 | 3095 | 3280 | 216 ദിവസത്തെ ശൂന്യവേതനാവധി ഉള്ളതിനാൽ 10 വർഷത്തെ സമയബന്ധിത ഹയർഗ്രേഡിന് 28.8.00 -ന് മാത്രമേ അർഹതയുള്ളൂ |
| 1.5.2000* | 3155 | 3280 | *45 ദിവസത്തെ ശൂന്യവേതനാവധി ഉള്ളതിനാൽ |
| 28.8.2000<br>(I TBHG) | 3280 | 3280 | |
| 1.4.2001 | 3280 | 3345 | തെറ്റായി ഇൻക്രിമെന്റ് നൽകി |
| 1.1.2002* | 3345 | 3345 | *159 ദിവസത്തെ ശൂന്യവേതനാവധി ഉള്ളതിനാൽ |
| 1.4..2002 | 3345 | 3410 | തെറ്റായി ഇൻക്രിമെന്റ് നൽകി |
| 1.2.2003* | 3410 | 3410 | *42 ദിവസത്തെ ശൂന്യവേതനാവധി ഉള്ളതിനാൽ |
| 1.4.2003 | 3410 | 3475 | തെറ്റായി ഇൻക്രിമെന്റ് നൽകി |
| 1.2.2004 | 3475 | 3475 | |
| 20.4.2004 | 3475 | 3545 | തെറ്റായി ഇൻക്രിമെന്റ് നൽകി |
| 1.7.2004 | 6380 | 6530 | ശമ്പളപരിഷ്കരണം |
| 1.7.2005 | 6380 | 6680 | |
| 1.9.2005* | 6530 | 6680 | * 63 ദിവസത്തെ ശൂന്യവേതനാവധി ഉള്ളതിനാൽ |

| | | | |
|---|---|---|---|
| | | | |
| 1.7.2006 | 6530 | 6840 | തെറ്റായി ഇൻക്രിമെന്റ് നൽകി |
| 1.10.2006* | 6680 | 6840 | * 35 ദിവസത്തെ ശൂന്യവേതനാവധി ഉള്ളതിനാൽ |
| 1.7.2007 | 6680 | 7000 | തെറ്റായി ഇൻക്രിമെന്റ് നൽകി |
| 1.10.2007 | 6840 | 7000 | |
| 1.7.2008 | 7160 | 7480 | 16 വർഷത്തെ രണ്ടാമത്തെ സമയബന്ധിത ഹയർഗ്രേഡ് |
| 1.7.2009 | 13900 | 14260 | ശമ്പളപരിഷ്കരണം 2009 |
| 1.7.2010 | 14260 | 14620 | |
| 1.7.2011 | 14620 | 14620+360 | |
| 1.7.2012 | 14620+360 | 14620+720 | |
| 1.7.2013 | 14620+720 | 14620+10808 | |
| 1.7.2014 | 32300 | 33100 | ശമ്പളപരിഷ്കരണം2014 |
| 1.10.2014 | 33900 | 34800 | 22 വർഷത്തെ മൂന്നാമത് സമയബന്ധിത ഹയർഗ്രേഡ് |
| 1.10.2015 | 33900 | 35700 | |
| 1.12.2015* | 34800 | 35700 | * 63 ദിവസത്തെ ശൂന്യവേതനാവധി |

| | | | |
|---|---|---|---|
| | | | |
| 1.10.2016 | 34800 | 36600 | |
| 1.12.2016 | 35700` | 36600 | |
| 1.10.2017 | 35700 | 37500 | |
| 1.1.2018* | 36600 | 37500 | * 32 ദിവസത്തെ ശൂന്യവേതനാവധി |

ശ്രീ കാളിദാസ് എം.അധികമായി കൈപ്പററിയ ശമ്പളം ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കണക്കാക്കി തിരിച്ചീടാക്കണമെന്ന് 2.11.2019 ലെ കെ.എസ്.എ കെ.എം.എം.1/286/2019 നമ്പർ കത്തു മുഖേന അറിയിച്ചിരുന്നുവെങ്കിലും നടപടി എടുത്തതു സംബന്ധിച്ച് യാതൊരു അറിയിപ്പും ലഭിക്കുകയുണ്ടായില്ല.

**II ശ്രീ കറുപ്പ സ്വാമി, സാനിട്ടേഷൻ വർക്കർ**

ശ്രീ. കറുപ്പ സ്വാമി, യുടെ 1.4.1999 വരെ യുള്ള ശമ്പളം നിജപ്പെടുത്തലുകൾക്ക് ഈ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

സേവനത്തിൽ പ്രവേശിച്ച തീയതി-01.07.1992

1.4.1999 -ൽ ശമ്പളം - 2975 (സ്കെയിൽ 2735-60-3275-65-3665-70-3945)

1.4.2000 -3035

1.4.2001 -3095

1.4.2002 -3155

1.07.2002-ൽ 10 വർഷം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒന്നാം സമയബന്ധിത ഹയർഗ്രേഡിന് 27.11.2002(ശൂന്യവേതനാവധി ഉള്ളതിനാൽ) പ്രാബല്യത്തീയതിയിൽ ഓപ്ഷൻ നൽകി അനുവദിച്ചു.

27.11.2002-ൽ ശമ്പളം -3155

നിലവിലുള്ള സ്കെയിൽ ( 2735-60-3275-65-3665-70-3945)

ഹയർഗ്രേഡ് ശമ്പള സ്കെയിൽ (2785-60-3085-65-3475-70-3825-75-4200)

27.11.2002-ൽൽ ശമ്പളം -3155

നോഷണൽ ഇൻക്രിമെന്റ് - 60

3215

ഉയർന്ന സ്കെയിലിൽ അടുത്ത സ്റ്റേജ് -3280

27.11.2002-ൽ ത്തിനു ശേഷം 53ദിവസം ശൂന്യവേതനാവധിയും അനധികൃത ഹാജരില്ലായ്മയും മൂലം ഇൻക്രിമെന്റിന് 19.1.2004 ന് ആണ് അർഹത.

1.1.2004 -3345

1.2.2005 -3410(41 ശൂന്യവേതനാവധി)

**ശമ്പള പരിഷ്കരണം 2004**

ഓപ്ഷൻ തീയതി -1.9.2004

പൂർത്തീകരിച്ച സേവനം- 13 വർഷം. എന്നാൽ 203ദിവസം ശൂന്യവേതനാവധിയും അനധികൃത ഹാജരില്ലായ്മയും മൂലം 1.9.2004-ൽ 11 വർഷം 163 ദിവസം മാത്രമേ സേവനം പൂർത്തീകരിച്ചിട്ടുള്ളൂ.

നിലവിലുള്ള സ്കെയിൽ (2785-60-3085-65-3475-70-3825-75-4200)

പുതിയ സ്കെയിൽ (4750-120-4990-130-5510-140-5930-150-6680-160-7160)

1.9.04-ൽ അടിസ്ഥാന ശമ്പളം -3345

59% ഡി.എ. -1974

ഫിറ്റ്മെന്റ് ബനിഫിറ്റ് -350

ആകെ -5669

പുതിയ സ്കെയിലിൽ അടുത്ത സ്റ്റേജ് -5790

വെയ്റ്റേജ് (11 വർഷത്തിന്
2 ഇൻക്രിമെന്റ്)- -140+150=290

ആകെ -6080

എന്നാൽ 1.9.04-ൽ വെയ്റ്റേജ് ആയി 3ഇൻക്രിമെന്റ് ഉൾപ്പെടുത്തി 6230/- രൂപ യായി നിജപ്പെടുത്തി.

1.9.05 ഇൻക്രിമെന്റ് 6530 നൽകിയത്-6380

1. 09.06 ,, 6380 നൽകിയത് - 6530

1.09.07 ,, 6530 നൽകിയത് - 6680

1. 09.08 ,, 6680 നൽകിയത് - 6840

1.09.09 ,, 6840 നൽകിയത് -7000

16 വർഷത്തെ രണ്ടാം സമയബന്ധിത ഹയർഗ്രേഡ്

സർവ്വീസിൽ പ്രവേശിച്ച തീയതി- 1.07.1992

നിലവിലുള്ള സ്കെയിൽ (4750-120-4990-130-5510-140-5930-150-6680-160-7160)

ഉയർന്ന ശമ്പള സ്കെയിൽ (4870-120-4990-130-5510-140-5930-150-6680-160-7480)

ഓപ്ഷൻ തീയതി 1.9.09 (ശൂന്യവേതനാവധിയും അനധികൃത ഹാജരില്ലായ്മയും മൂലം)

1.9.2009-ൽ ശമ്പളം -6840

നോഷണൽ ഇൻക്രിമെന്റ് -160

ആകെ -7000

ഉയർന്ന സ്കെയിലിൽ അടുത്ത സ്റ്റേജ് -7160/- നൽകിയത് 7320/-

**ശമ്പള പരിഷ്കരണം 2009**

ഓപ്ഷൻ തീയതി -1.9.2009

നിലവിലുള്ള സ്കെയിൽ (4870-120-4990-130-5510-140-5930-150-6680-160-7480)

പുതിയ സ്കെയിൽ (9190-250-9940-270-11020-300-12220-330-13540-360-14620)

പൂർത്തീകരിച്ച വർഷങ്ങൾ- - 16

അടിസ്ഥാന ശമ്പളം - 7160

64% ഡി.എ - 4582

ഫിറ്റ്മെന്റ് ബനിഫിറ്റ്(10%) -1000

വെയ്റ്റേജ്(@1/2%) - 573

ആകെ -13315

**പുതിയ സ്കെയിലിൽ അടുത്ത സ്റ്റേജ് -13540** നൽകിയത് - 13900

1. 2.2011 (ശൂന്യവേതനാവധി150 )- 13900 നൽകിയത് -14260

1. 4.2012(ശൂന്യവേതനാവധി 86) -14 260 നൽകിയത് -14620

1 .5.2013(ശൂന്യവേതനാവധി 30) --14620 നൽകിയത് -14620+ 360

1.6.2014(ശൂന്യവേതനാവധി32 ) -14620+360 നൽകിയത്-14620+360+360

**ശമ്പള പരിഷ്കരണം 2014**

പൂർത്തീകരിച്ച വർഷങ്ങൾ -22
